www.malankaralibrary.com

SMART
Magazine for a better living | Vol. 3 No.7 | October 2010 | ₹. 20

# ഫാമിലി



Family Relation
ആത്മസുഹൃത്തിനെ
ജീവിതപങ്കാളിയാക്കിയാൽ

COVER STORY
## സംഗീതവും കുട്ടികളുടെ വളർച്ചയും

www.malankaralibrary.com


*Your quest for quality health care &*

*value based medical education ends here....*



*The first 150 Seated Private Medical College in Kerala*

## DEPARTMENTS

| | |
|---|---|
| Anatomy | Psychiatry |
| Physiology | Chest & TB |
| Biochemistry | Dermatology |
| Microbiology | Obstetrics & Gynaecology |
| Pathology | E.N.T. |
| Pharmacology | Ophthalmology |
| Forensic Medicine | Orthopaedics |
| Community Medicine | Radiodiagnosis |
| General Medicine | Cardiology |
| General Surgery | Urology |
| Paediatrics | Neurology |

# MALABAR MEDICAL COLLEGE HOSPITAL & RESEARCH CENTRE

Modakkallur, Atholi, Calicut, Ph: 0496 - 2701666, 2701667, 2701668
Website: mmccalicut.com, E-mail: mmccalicut@gmail.com

www.malankaralibrary.com

Mobile Excitement FOR YOU

# ME Laptop better than the best

Your PC, simplified. Windows 7



## ME Laptop AE1V1098-I



- Intel® Core™ i7-620M Processor
- Genuine Windows® Home Basic
- 3 GB DDR3 RAM
- 640 GB HDD
- DVD Super Multi Drive
- 35cm (14") TFT Screen
- Integrated Camera & Bluetooth



## ME Netbook AE1V0914-D

- Intel® Atom™ Processor N450
- Genuine Windows® XP Home
- 1 GB DDR2 RAM
- 250 GB HDD
- 25cm (10.1") TFT Screen
- Integrated Camera & Card Reader


Chat with Experts — World's First One Touch Chat. Direct Lifetime 24x7 Single Key Touch Support

Encrypt ME — Prevents tampering of data when it is in transit

Split Me — Automatically splits heavy files for easy mailing

Lock ME — Secures external ports from unauthorized usage

EC2 — Data recovery in less than 60 seconds




With every HCL Ezeebee
Get a home tutor worth ₹ 14,000/- absolutely Free*

## Say No to Tutor...

### Salient Features of Wizpack*

1. As per latest NCERT/CBSE Syllabus, useful for ICSE and all other state boards
2. Offers Most Comprehensive Curriculum among its peers
3. Text Supported Animation, Photos, Examples
4. 100% Virtual Animated Laboratory Practicals
5. Practice Q & A, Model Test Papers
6. Virtual Classes & 100% Voice over text

Now your HCL Ezeebee comes with Wizpack - a comprehensive education content which makes learning fun and easy, and covers complete CBSE syllabus from Class1 to Class 12.*

Wizpack also incorporates the complete Britannica Student Library, which has all the reference tools a student needs.*



## HCL Ezeebee AC2V0079

- Intel® Pentium® Processor E5500
- 2 GB DDR3 RAM
- 500 GB HDD
- DVD RW
- 46cm (18.5") TFT Monitor
- Free DOS
- 1 Year Warranty

**Contact :**

**ITnet** • COCHIN : 0484 4012999 • ALAPPUZHA : 0477 2243312

**DATACOM** • ANGAMALY : 0484 2456677

**ONE ZERO** • THALASSERY : 98470 21710 • KOOTHUPARAMBA : 98470 41210 • KANNUR : 98475 20510 • PAYYANNUR : 98475 75710 • THALIPARAMBA : 99472 55510 • NILESHWAR : 98479 21810 • KANHANGAD : 98471 43510 • KASARGOD : 98470 21810

**DOTNeT** • CHALAKKUDI : 04802700040

For Trade Enquiries Mr.Prasanth : 9995800720

HCL

*Terms & conditions apply. All logos, trademarks and registered trademarks are properties of respective owners. The products shown here may not be a part of the standard equipment. Prices and offers advertised may vary from model to model. HCL is not responsible for any photographic or typographic error. Errors and omissions exempted. Taxes & octroi extra. Advertisement released through channel partner.

www.malankaralibrary.com

SMART ഫാമിലി Magazine for a better living / Vol. 3 No.7 | October 2010 | Rs. 20

Vol. 3 No.7 October 2010 Rs. 20

Managing editor: Dr. Jacob Naluparayil
Executive Director: James Joseph Panamkuzha
Editor In Charge: Rajesh Thillenkery
Executive Editor: Shajan Scaria
Sub Editors: S. Kalesh, Sruthi K S
Copy Editor: Thomas Joseph
Advertising Manager: Vinodh Mannath, Mob: 93887 59175
Marketing consultant: Edizon G Varghese, Mob: 94477 63922
Circulation In charge: Saji Varghese, Mob: 09446801236

Photography: Nias Marikar
Design: Cibin Moothedam

Editorial office: Kalpaka Bungalow, Perumanoor P O, Cochin 682 015. Ph: +91 484 2663933, Fax:+91 484 2665 433, smartfamily09@gmail.com

Manager Promotions: Thomas Vaniyapurackal
General Manager: Sunny jacob
Board of Directors: George Thomas, Gigy Jacob, Jacob Josephkunju, Lawrence Thomas, Thomaskutty Mathew Srampical
Jeevas Media Pvt. Ltd.: Jacob Christy, Johnson Mavelil, Salichan V J Kalappurackal, Sunny K. Uthuppu, George Velacherry, Biju Manatt, Gregory J. Kalankunnel, Roy Panamthottathil, Joseph N.C., George Kandankulam, Sebastian Jacob, Sunny Jacob
Printed at: Repro India Ltd., Navi Mumbai
Offices: Mumbai: Flat A21, Vineetha Apartments, Dr Charanth Sing Colony Road, 71 Andheri East. Mumbai400093
New Delhi: Christunikethan, C8/271B Lawrence Road, Kesavapuram, Delhi110035
Bangalore: Jeevalaya, Gottigere P O, Bangaloure560083
External: north america: jeevas media usa inc7711castor ave. philadelphia pa19152 tel:+215-742-3841

© Copyright. Jeevas Media Pvt. Ltd.,
All rights reserved. Reproduction, in part or in whole, in print, eletronic or any other form, is strictly prohibited.
Disclaimer: Smart Family is dedicated to providing useful, well researched information on scientific and holistic practices in health, finance, culinary, etc, but its contents are not intended to provide medical / financial advices. Readers are advised to always consult their health care or financial professionals prior to act on it. The views expressed by writers are their own and do not necessarily reflect the views of the managing editor, editor, publisher or Smart Family magazine.
Smart Family magazine is NOT responsible for advertising claims.

## ADVISORY BOARD

Rev. Jose Alex, M.S.W
Educationalist and Director, Rajagiri Group of Educational Institutions, Kochi.

Jose Thomas
President, JT Pac and Choice Group of Educational Institutions, Kochi.

Dr. P.R Venkittaraman, Ph.D
Career consultant; faculty of Science, St Albert's College, Kochi

Dr. MKC Nair,Ph.D, MD,M. Ed,DCH,FIP,FIACAM
Director, Child Development Centre, Medical College, Trivandrum.

Dr. Philip John, MD (NIMHANS)
Director, Peejays Child Guidence Clinic, Kochi.

Dr. C J John, DPM, MD,MNAMS (Psy)
Chief psychiatrist, Medical Trust Hospital, Kochi.

Dr.AnithaVasudevan,DPM,BND(NIMHANS)
Centre for Psychological Studies, Kochi.

Dr. M.Vijayalakshmi, MD(Peds.),MD(USA),FAAP
All For Kids Pediatric Centre, Thripunithura. Kochi.

Dr. Paul Therly Ph.D
Clinical Psychologist, Hamilton, New zeland.

Dr. Mary Joseph, Ph.D,
Rajagiri College of Social Science, Kochi

Dr. K.Pramodu M.Phil, M&S, Ph.D
Dr.Pramodu's Institute,Kochi.

Dr. Annamma Babu, MD, DGO
Medical Trust Hospital Kochi.

Skincare
Dr. Meera James, MD
Beau Aesthetica, Kochi.

Dr. Rehina Khader, Ph.D
Rtd Professor,& HOD, Govt.Women's College, Tvm.

Mumtas Khalid Ismail, M.Sc
Medvista Health Solutions, Kochi

Annamma Kottukappilly
Ann's House of Sweets, Palai.

Anilkumar K
Professional Photographer

KM Roy
Journalist and Media Analyst ,Kochi

Jerri Ameldev MFA (music)
Music Director, Kochi

Dr. PS Easa Ph.D
Wild life Biologist ,Thrissur

Subscription Complaints - Talk to Nisha Binu
at 9995802006 or email: smartfamily09@gmail.com




Cover- Vinu Mohan & Family
Photo: Sreekumar K Pillai

www.malankaralibrary.com

# EDITORIAL

## നമുക്ക് പാട്ട്പാടാം



വിനീത ഗർഭിണിയാണ്. ആദ്യത്തേതായതിനാൽ അതിന്റേതായ എല്ലാ അപരിചിതത്വവും ഉത്കണ്ഠക ളുമുണ്ട്. ചില സമയങ്ങളിൽ 'അവൻ' വയറ്റിൽ കിടന്ന് വലിയ ബഹളം. വിനീത ഒരു കാര്യം പരീക്ഷിച്ചു നോ ക്കി. മകൻ അസ്വസ്ഥനായപ്പോൾ അവൾ താഴ്ന്ന ശബ്ദത്തിൽ പാട്ടുപാടാൻ തുടങ്ങി. പാട്ട് തുടങ്ങിയതേ ഗർഭസ്ഥശിശു ശാന്തനായി!

ഓമനത്തിങ്കൾക്കിടാവോ?
നല്ല കോമളത്താമരപ്പൂവോ?
പൂവിൽ നിറഞ്ഞ മധുവോ?
പരിപൂർണേന്ദു തന്റെ നിലാവോ?

പുത്തൻ പവിഴക്കൊടിയോ?
ചെറു തത്തകൾ കൊഞ്ചും മൊഴിയോ?
ചാഞ്ചാടിയാടും മയിലോ?
മൃദുപഞ്ചമം പാടും കുയിലോ?

തുള്ളുമിളമാൻ കിടാവോ?
ശോഭ കൊള്ളുന്നൊരന്നക്കൊടിയോ?
ഈശ്വരൻ തന്ന നിധിയോ?
പരമേശ്വരിയേന്തും കിളിയോ?

സ്വാതിതിരുന്നാളിനെ പാടിയുറക്കാനായി അദ്ദേഹത്തിന്റെ അമ്മാവൻ ഇരയിമ്മൻ തമ്പി (1783–1856) രചിച്ച താരാട്ടു പാട്ടാണിത്. സ്വാതിതിരുനാളിന്റെ (1813–1846) സംഗീത വാസന ജന്മമെടുത്തത് ഈ താരാട്ടു പാട്ടിൽ നിന്നായിരിക്കാം!

2006ൽ കാനഡയിലെ ഗവേഷകർ വലിയൊരു ഗവേഷണഫലം പുറത്തുവിട്ടു; സംഗീതപരിശീലനം കുട്ടികളുടെ തലച്ചോറിന്റെ വികാസത്തെയും ഓർമ്മശക്തിയെയും ത്വരിതപ്പെടുത്തുമെന്ന്. സംഗീതപരിശീലനം സ്വീകരിച്ച കുട്ടികളുടെ ബുദ്ധിയും ഓർമ്മശക്തിയും മറ്റു കുട്ടികളുടേതിൽ നിന്നും പതിന്മടങ്ങ് കൂടിയിരിക്കുന്നു എന്നതായിരുന്നു അവരുടെ കണ്ടുപിടുത്തം. ഐ.ക്യൂ (IQ) വികസനത്തിന് സംഗീതം സഹായകമാണെന്ന് മുമ്പുതന്നെ തെളിയിക്കപ്പെട്ടിരുന്നു.
എന്തായിരിക്കണം ഗുണപാഠം? നമുക്ക് പാട്ടു പാടാം. കുട്ടികൾ ഗർഭാവസ്ഥയിൽ ആയിരിക്കുമ്പോൾ മുതൽ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും അവരുടെ ജീവിതത്തിൽ സംഗീതം നിറയട്ടെ. എങ്കിൽ നാളെ സംഗീതം അവരുടെ ജീവിതത്തെ നിറവുള്ളതാക്കും.



മാനേജിങ് എഡിറ്റർ
ഡോ. ജേക്കബ്ബ് നാലുപറയിൽ

www.malankaralibrary.com



8 *Ananya*

## Smart Parenting


12 സംഗീതം തന്ന ജീവിതം- മിൻമിനി

15 സംഗീതവും കുട്ടികളുടെ വളർച്ചയും

18 വാസന കണ്ടറിഞ്ഞ് വളർത്തേണ്ടതെങ്ങനെ?

22 അധ്യാപകരും പരിശീലനവും

24 പാട്ടിനൊപ്പം വളർന്ന് അൽക്ക അജിത്


## Parenting Columns


30 സ്മാർട്ട് കിഡ്
കൊച്ചുകള്ളാ...

32 ടീൻസ്
അച്ഛന്റെ സ്വന്തം മോള്

34 പ്രഗ്നൻസി
വന്ധ്യത

ഫാമിലി റിലേഷൻ
56 ആത്മസുഹൃത്തിനെ ജീവിതപങ്കാളിയാക്കിയാൽ


## Regulars


26 സെലിബ്രിറ്റി ഫാമിലി
കൊട്ടാരക്കര ഫാമിലി

46 സ്പോർട്സ് ഫാമിലി
ഗുരുദർശനം

62 നോവൽ
ഫേസ് ബുക്ക്

59 ലൈഫ്
മഞ്ഞിൽ വിരിഞ്ഞ സംഗീതം

82 ഹരിതം


## Family of the Month


38 ഞങ്ങൾ സന്തുഷ്ടരാണ്


## InfoTainment


58 സ്മാർട്ട് ഡ്രൈവ്
ഷവർലെ ബീറ്റ് എൽ ടി

76 ഹോം ലൈബ്രറി
വി. എം. ഗിരിജ

78 ഫാമിലി ടാക്കീസ്

79 Channel view


my home

www.malankaralibrary.com




SMART Magazine for a better living
ഫാമിലി

# contents




















## Food & Health

49 കരുതിയിരിക്കുക ചെങ്കണ്ണ്

66 ഫാമിലി ഡിഷ്
സൂറിച്ച് സ്പെഷ്യൽ

70 Beauty
സുന്ദരമായ നഖങ്ങൾക്ക്

74 സ്മാർട്ട് ലുക്ക്
ഒരു ഗ്രാം തങ്കത്തിൽ പൊതിഞ്ഞ ആഭരണങ്ങൾ

42 Fashion
Partyware

## Inside Outside

72 ഗാർഡനിംഗ്
ഓർക്കിഡ് സുന്ദരിമാർ

www.malankaralibrary.com





Photo Sreekumar

അനന്യ

# പെരുമ്പാവൂരിലെ നാടൻകാറ്റ്

തമിഴിൽ സൂപ്പർ ഹിറ്റായ നാടോടികളിലൂടെ ശ്രദ്ധേയയായ താരം.
മലയാളത്തിൽ ഏറ്റവും ഒടുവിലായി റിലീസ് ചെയ്ത ചിത്രം മോഹൻലാലിന്റെ ശിക്കാർ.
സ്കൂൾ വിദ്യാർത്ഥിയായിരിക്കെ അമ്പെയ്ത്ത് മൽസരത്തിൽ സംസ്ഥാനവിജയി.
നേരത്തെ ആയില്യ ജി നായർ എന്നായിരുന്നു പേര്.

ഞാൻ ജനിച്ചതും വളർന്നതും പെരുമ്പാവൂർ പൂവാനിയിലെ ഈ വീട്ടിലാണ്. ഈ വീട് പുതുക്കിപണിതിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളൂ. നേരത്തെ വീട് ഇന്ന് കാണുന്നത്രയും വലുതായിരുന്നില്ല. എങ്കിലും എന്റെ വീടിനെക്കുറിച്ച് എനിക്കെന്നും അഭിമാനമായിരുന്നു. കാരണം എന്റെ വീടിന്റെ തൊട്ടടുത്താണ് സ്കൂൾ എന്നതാണ് അഭിമാനത്തിനുള്ള പ്രധാന കാരണം. സ്കൂളിലേക്ക് പോവുന്ന മിക്ക കുട്ടികളും എന്റെ വീടിന് മുന്നിലൂടെയാണ് പോയ്ക്കൊണ്ടിരുന്നത്. ഏതാണ്ട് എല്ലാവരും എന്റെ വീട്ടിൽ വരും. ആൺകുട്ടികളൊക്കെ സ്കൂളിൽ നിന്നും കളി കഴിഞ്ഞ് എന്റെ വീട്ടിൽ കയറി വെള്ളം കുടിച്ചാണ് അവരുടെ വീടുകളിലേക്ക് മടങ്ങുക.

ഓണാഘോഷവും മറ്റും നടക്കുമ്പോഴാണ് ഏറെ സന്തോഷം. വീട്ടിൽ നിന്നാണ് നിലവിളക്കും മറ്റും കൊണ്ടുപോവുക. ഹൈസ്കൂൾ പഠനം പെരുമ്പാവൂർ ഗേൾസിലായിരുന്നു. എനിക്ക് വീട് നിൽക്കുന്ന സ്ഥലത്തിനോട് വല്ലാത്തൊരു അടുപ്പമായിരുന്നു. വീടിന് തൊട്ട് മുൻപിൽ വയലും തോടുമൊക്കെയാണ്; പിറകിൽ റബ്ബർതോട്ടവും. എന്റെ കുട്ടിക്കാലത്ത് പാടത്തായിരുന്നു ഞങ്ങളുടെ കളികളെല്ലാം. ഞാൻ അമ്പെയ്ത്ത് പരിശീലനം തുടങ്ങിയത് വീട്ടിന്റെ പിറകിലെ റബർതോട്ടത്തിൽ ഒരു ഭാഗം ഗ്രൗണ്ടാക്കിയായിരുന്നു. റബർതോട്ടമായതിനാൽ അമ്പെയ്ത്ത് പരിശീലനം സെയിഫാണ്. വീട് റോഡിന് അടുത്തായതിനാൽ എനിക്ക് പരിശീലനത്തിന് സൗകര്യമുണ്ടായിരുന്നില്ല. ആദ്യം എറണാകുളത്ത് പോയാണ് പ്രാക്ടീസ് ചെയ്തിരുന്നത്.

മുനിസിപ്പാലിറ്റിയാണെങ്കിലും ഗ്രാമീണത തുളുമ്പി നിൽക്കുന്ന പ്രദേശമാണ് ഞങ്ങളുടേത്. എയർ പൊലൂഷനില്ല; ദുർഗന്ധമില്ല. വാഹനങ്ങളുടെ പെരുപ്പമില്ലാത്ത ഒരു ദേശം. മഴക്കാലത്താണ് എന്റെ ഓർമ്മയിൽ നിന്നും മായാതെ കിടക്കുന്ന കാഴ്ചകൾ. മഴക്കാലത്ത് വീടിന് മുന്നിലത്തെ തോട് നിറഞ്ഞ് കവിയും. പാടം മുഴുവൻ മഴവെള്ളം കയറും. മഴ വീണ്ടും വർദ്ധിച്ചാൽ പിന്നെ വെള്ളം മുഴുവൻ വീടിനുള്ളിലേക്ക് വരും. അതൊക്കെ ഓർക്കുമ്പോൾ ഇപ്പോഴും തമാശയാണ്. വെള്ളത്തോടൊപ്പം ആമയും പാമ്പും, മീനും എല്ലാം കയറി വരും. വീടിനുള്ളിൽ വെള്ളം കയറുന്ന ദിവസം പാമ്പുകളെ

www.malayalamlibrary.com




കൊല്ലുകയെന്നതായിരിക്കും അച്ഛന്റെ ജോലി. ഇങ്ങനെ ഒരു ദിവസം കയറിവന്ന ആമക്കുഞ്ഞിനെ ഞാൻ വളർത്താൻ തീരുമാനിച്ചു. അതിനെ വീടിനുള്ളിൽ അടച്ചുവച്ചു. രാവിലെയായപ്പോൾ അതിനെ കാണാനില്ല. ഞാൻ ആകെ സങ്കടത്തിലായി. ഇനിയും മഴവരുമെന്നും അപ്പോൾ ആമക്കുഞ്ഞുങ്ങൾ വീട്ടിലേക്ക് അതിഥികളായി എത്തുമെന്നുമുള്ള പ്രതീക്ഷയിലാണ് അന്നത്തെ സങ്കടം മാറ്റിയത്.

മഴക്കാലത്ത് പാടത്തെ വെള്ളത്തിൽ താറാവുകൂട്ടം കൂട്ടമായി നീന്തുന്ന കാഴ്ചയാണ് എന്നെ ആകർഷിച്ചിരുന്നത്. മഴക്കാലത്ത് വീടിനടുത്തുള്ള എൽദോസ് ചേട്ടൻ മീൻപിടിക്കാൻ ഇറങ്ങും. ഇപ്പോൾ പാടത്ത് വെള്ളം കയറുന്ന കാഴ്ചയില്ലാതായി. റോഡ് ഉയർത്തിയതോടെ വെള്ളം വീട്ടിലേക്കു കയറില്ല. മഴക്കാലത്ത് അതിഥികളായി എത്താറുള്ള ആമയും ഇല്ലാതായി.

എന്റെ വീടായിരുന്നു കുറേ കുട്ടികളുടെ ഇടത്താവളം. സ്കൂൾ വീടിനടുത്തായിരുന്നതിനാൽ എന്റെ ഫ്രണ്ട്സ് അല്ലാത്തവർ പോലും വീടിന് പരിസരത്ത് കൂടി നിൽക്കും. എല്ലാവരും പരസ്പരം കാണുകയും സംസാരിക്കുകയും ചെയ്യുന്നത് ഞങ്ങളുടെ വീടിന്റെ പരിസരത്തായിരുന്നു. എന്റെ നാട്ടിൽ പെൺകുട്ടികൾ കുറവായിരുന്നു. അതിനാൽ ആൺകുട്ടികളായ ഫ്രണ്ട്സായിരുന്നു കൂടുതൽ.

എസ് എസ് എൽ സി പഠനകാലത്ത് സുഹൃത്തുകളായ അഞ്ജു , അഞ്ജലി എന്നിവരൊടപ്പമാണ് പഠനം. അവരുടെ വീട്ടിൽ കൂടിയിരുന്ന് പഠനം കഴിഞ്ഞ് രാത്രി വൈകിയാലും ഞാൻ വീട്ടിലേക്ക് മടങ്ങും. എനിക്ക് എന്റെ വീട് വിട്ടു പുറത്തു പോയാൽ വല്ലാത്തൊരു ആകുലതയാണ്. സിനിമയിൽ വരുന്നതിനും മുൻപ് ഞാൻ സ്പോർട്സിൽ സജീവമായിരുന്ന സമയത്ത് ക്യാമ്പിനും ചാമ്പ്യൻഷിപ്പിനും മറ്റും പങ്കെടുക്കാൻ ദൂരെപ്പോയി തിരിച്ച് വീട്ടിലെത്തുമ്പോൾ വല്ലാത്ത ആശ്വാസമാണ്.

> **മഴ വീണ്ടും വർദ്ധിച്ചാൽ പിന്നെ വെള്ളം മുഴുവൻ വീടിനുള്ളിലേക്ക് വരും. അതൊക്കെ ഓർക്കുമ്പോൾ ഇപ്പോഴും തമാശയാണ്. വെള്ളത്തോടൊപ്പം ആമയും പാമ്പും, മീനും എല്ലാം കയറി വരും. വീടിനുള്ളിൽ വെള്ളം കയറുന്ന ദിവസം പാമ്പുകളെ കൊല്ലുകയെന്നതായിരിക്കും അച്ഛന്റെ ജോലി.**

ഒരു ദേശീയ ചാമ്പ്യൻ ഷിപ്പിൽ പങ്കെടുക്കാൻ പഞ്ചാബിൽ പോയിരുന്നു. എന്റെ മനസ്സിനെ വല്ലാതെ ആകർഷിച്ച പ്രദേശമായിരുന്നു അത്. നല്ല മഞ്ഞുള്ള ആ ഗ്രാമത്തിൽ നിറയെ ഓറഞ്ച് പഴുത്ത് തൂങ്ങിക്കിടക്കുന്ന കാഴ്ച. കാഴ്ചകൾ സുന്ദരമാണെങ്കിലും പെരുമ്പാവൂരിനെക്കാൾ വരുമോ പഞ്ചാബ് എന്നായിരുന്നു എന്റെ മനസ് ചോദിച്ചത്. സ്പോർട്ട്സിൽ നിന്നും സിനിമയിലേക്ക് വഴിമാറിയപ്പോഴേക്കും വീടും നാടും എനിക്ക് കുറേ മിസ് ചെയ്യുന്നുണ്ട്. ആദ്യമായി തമിഴ് പടം ചെയ്യാൻ ചെന്നൈയിലേക്ക് പോയി തിരിച്ചെത്തിയ ദിവസം എനിക്കിപ്പോഴും മറക്കാൻ പറ്റില്ല. യാത്രകഴിഞ്ഞ് പെരുമ്പാവൂരിലെത്തിയപ്പോഴേക്കും എനിക്ക് എന്തെന്നില്ലാത്ത സന്തോഷമായിരുന്നു. ജന്മനാടിന്റെ കാറ്റും വെളിച്ചവും ലഭിച്ചപ്പോൾ ഉണ്ടായ ആശ്വാസം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു.

വയലും പാടവും കണ്ട് ജീവിച്ച, നല്ല തണുപ്പുള്ള കാലാവസ്ഥയിൽ കഴിഞ്ഞ എനിക്ക് തമിഴ് നാട്ടിലെ ചൂടും വരണ്ട കാലാവസ്ഥയും അസഹനീയമായിരുന്നു. ഫ്രീയായി നാട്ടിലൂടെ നടന്ന നല്ല കാലമാണ് എന്നും ഓർമ്മയിൽ. പ്ലസ് ടു കാലം തൊട്ട് ഒരു ടൂ വീലറിൽ കയറി ഫ്രണ്ട്സിനോടൊപ്പം കറങ്ങുമായിരുന്നു. അമ്പലങ്ങളിൽ പോവുന്നതും മറ്റും അതിലായിരുന്നു.

ഫെസ്റ്റിവൽ നഷ്ടമാവുന്നുവെന്നതാണ് മറ്റൊരു സങ്കടം. ദീപാവലിയൊക്കെ നേരത്തെ വലിയ ആഘോഷമായിരുന്നു. പാടത്ത് പടക്കം പൊട്ടിക്കും. പടക്കം എന്നു പറഞ്ഞാൽ വലിയ അമിട്ടായിരുന്നു. വലിയ പിരിവൊക്കെ എടുത്താണ് ദീപാവലിയാഘോഷം. ഇപ്പോൾ ഷൂട്ടിങ് കഴിഞ്ഞുള്ള ഇടവേളകളിൽ ഞാൻ വീട്ടിലെത്തുന്നത് വലിയ സന്തോഷത്തോടെയാണ്. നല്ല പച്ചപ്പും തണുപ്പുമുള്ള വീട്ടിലെത്തിയാലുടനെ എന്റെ എല്ലാ ക്ഷീണവും ഓടിയൊളിക്കും. അച്ഛനും അമ്മയും അനുജനും എന്നു പറയുന്നത് പോലെ അത്രയും പ്രിയപ്പെട്ടതാണ് എനിക്കെന്റെ വീട്. എന്റെ പേരാണ് വീടിന് നൽകിയിരിക്കുന്നത്. ആയില്യ എന്നത് എന്റെ പേരും ആയില്യം എന്ന് വീടിന്റെ പേരും.

*തയാറാക്കിയത്:* **സി. ഷീല കൈപ്പിള്ളി**

SFM

smartfamily09@gmail.com

www.malankaralibrary.com

SMART Magazine for a better living

# ഫാമിലി

# SUBSCRIPTION FORM

മലയാളത്തിലെ
ഏക പാരന്റിംഗ് മാസിക
സ്വന്തമാക്കാനുള്ള സുവർണ്ണാവസരം

പേര്.......................................................................................
വിലാസം.................................................................................
..............................................................................................
..............................................................................................
..........................................................പിൻ......................................
Phone..............................................................................................
Email................................................................................................

വാർഷിക വരിസംഖ്യ
₹. 220

സ്മാർട്ട് ഫാമിലി വാർഷിക വരിക്കാരാകുന്നതിനുള്ള ☐ ഡി.ഡി/ ☐ എം.ഒ ഇതോടൊപ്പം അയക്കുന്നു.
നമ്പർ.........................................തീയതി.............................
രൂപ..........................ബാങ്ക്....................................................................

Cheque / DD may be drawn in favour of
M/S Jevas Media (P) LTD

വരിസംഖ്യാകൂപ്പണുകൾ അയക്കേണ്ട വിലാസം
സർക്കുലേഷൻ മാനേജർ,
സ്മാർട്ട് ഫാമിലി മാസിക, പെരുമാനൂർ പി.ഒ, കൊച്ചി–15

**3 years**
(36 issues) at ₹640




**2 years**
(24 issues) at ₹ 420




**1 year**
(12 issues) at ₹ 220



www.malankaralibrary.com



# MUSIC & CHILDREN

സംഗീതം നമ്മുടെ ജീവിതത്തിന്റെ ഭാഗം തന്നെയാണ്. വെറുതേയെങ്കിലും ഒരു പാട്ട് മൂളാത്തവരായി ആരുമുണ്ടാവില്ല. സന്തോഷങ്ങളിലേക്കും ഓർമ്മകളിലേക്കും കൈപിടിച്ചുകൊണ്ടുപോകുന്ന പാട്ടുകളെത്ര, മധുരശബ്ദത്തിനുടമകളായ ഗായകരെത്ര. കുട്ടികളിലെ സംഗീത വാസന കണ്ടറിഞ്ഞ് വളർത്തേണ്ട ഒട്ടേറെ വഴികളാണ് ഇക്കുറി ഉൾപ്പെടുത്തിയിരിക്കുന്നത്. ഒപ്പം സംഗീതാഭിരുചി ബാല്യത്തിലേ തിരിച്ചറിഞ്ഞ് പരിപോഷിപ്പിച്ചതിനാൽ ഉയരങ്ങളിലെത്തിയ രണ്ട് ഗായികമാരുടെ സംഗീതവഴികളിലെ ഓർമ്മകളും.

സങ്കലനം: ബിജുരാജ്

Guest Editor



Berny Ignatius
(Music Directors)

കടപ്പാട് : കലാഗ്രാമം, പട്ടം, തിരുവനന്തപുരം,
കൊച്ചിൻ ആർട്സ് & കമ്യൂണിക്കേഷൻസ്, എറണാകുളം.
ചേതന മ്യൂസിക് അക്കാദമി, തൃശ്ശൂർ

www.malankaralibrary.com



Photo A.S, Satheesh

മിൻമിനി

# സംഗീതം തന്ന ജീവിതം

## പ്രശസ്ത ഗായിക മിൻമിനിയുടെ സംഗീതവഴികളിലൂടെ....

*1970 ൽ ജനിച്ചു. 1988ൽ 'സ്വാഗതം' എന്ന മലയാള ചിത്രത്തിലൂടെ സിനിമാസംഗീതലോകത്തെത്തി. 1992ൽ 'റോജ' എന്ന ചിത്രത്തിൽ ഏ. ആർ റഹ്മാൻ സംഗീതം നിർവ്വഹിച്ച 'ചിന്ന ചിന്ന ആശൈ' എന്ന പാട്ടിലൂടെ ലോകമറിയുന്ന ഗായികയായി മാറി. 1995ൽ കീബോർഡിസ്റ്റായ ജോയ് മാത്യുവിനെ വിവാഹം കഴിച്ചു. ഇപ്പോൾ എറണാകുളം വാഴക്കാലയിൽ ഇരുവരും ചേർന്ന് മ്യൂസിക് സ്കൂൾ നടത്തുകയാണ്. സൗപർണികാമൃത... (കിഴക്കുണരും പക്ഷി), ഊഞ്ഞാലുറങ്ങി..., നീലരാവിൽ...(കുടുംബസമേതം), കാക്കാ പൂച്ച...(പപ്പയുടെ സ്വന്തം അപ്പൂസ്), പാതിരാവായി നേരം...(വിയറ്റ്നാം കോളനി), വെള്ളിത്തിങ്കൾ...(മേലേപ്പറമ്പിൽ ആൺവീട്), ആരു നീ ജിൻമകളേ പേരുചൊല്ലാമോ...(ഗസൽ) തുടങ്ങിയവയാണ് മിൻമിനിയുടെ ശ്രദ്ധേയമായ മലയാളം പാട്ടുകൾ*

www.malankaralibrary.com

> വൈകിട്ട് ജോലി കഴിഞ്ഞെത്തിയാൽ അപ്പച്ചൻ എന്നെയും മൂന്ന് ചേച്ചിമാരെയും വിളിച്ചടുത്തിരുത്തും. പിന്നെ പാട്ട് തുടങ്ങുകയായി. ചേച്ചിമാരെല്ലാം നല്ല പാട്ടുകാർ. അപ്പച്ചനാകട്ടെ, നാടകവും സിനിമയും സംഗീതവുമെല്ലാം ഹൃദയത്തിൽ കൊണ്ടുനടക്കുന്ന ഒരു തികഞ്ഞ കലാകാരൻ.

എസ്. കലേഷ്

1973ലെ ഒരു സായാഹ്നം, ആലുവയിലെ കീഴ്മാട് ഗ്രാമത്തിലെ ഒരു സാധാരണവേദിയിൽ ഒരു സംഗീത പരിപാടി നടക്കുകയാണ്. ഇനി അടുത്ത പാട്ട് പാടുന്നത് പി. ജെ. റോസിലി എന്ന് മൈക്കിലൂടെ അനൗൺസ് മുഴങ്ങി. ഉടൻ ചെറിയ ഫ്രോക്കും തിളങ്ങുന്ന ബ്ളൗസുമിട്ട് ഒരു കൊച്ചുമിടുക്കി വേദിയിലെത്തി കുഞ്ഞിക്കൈകൊണ്ട് മൈക്കെടുത്തു. അക്കാലത്ത് പി. സുശീല പാടി ഹിറ്റാക്കിയ '*ദ്വാരകേ...ദ്വാരകേ*' എന്ന പാട്ട് പെൺകുട്ടി പാടിത്തുടങ്ങി. പാടിത്തീർന്നതോടെ ഈ മൂന്നുവയസുകാരിയെ കൈപിടിച്ചിറക്കി നാട്ടുകാർ വാത്സല്യത്തോടെ പൊതിഞ്ഞു. ചെറിയഗ്രാമം അന്ന് കാതോർത്ത് മനസ്സിലേറ്റിയ കൊച്ചുഗായികയുടെ ശബ്ദം പില്ക്കാലത്ത് സംഗീതലോകം ഹൃദയത്തിലേറ്റി. കീഴ്മാടുകാരുടെ മനസ്സിലിന്നും ഈ പാട്ടുകാരിയുടെ പേര് പൂയ്യപ്പിള്ളി വീട്ടിൽ പി. എ. ജോസഫിന്റെ മകൾ റോസിലിയെന്നാണ്. എന്നാൽ സംഗീതലോകത്ത് മറ്റൊരു പേരാണ് ഈ ഗായികയ്ക്ക്. '*ചിന്ന ചിന്ന ആശൈ... ചിറകടിക്കും ആശൈ...*'*ഒന്നു മൂളിയാൽ പോരേ...* എങ്ങനെ മറക്കാനാകും മിൻമിനി എന്ന ഗായികയെ.

ചെറുപ്പത്തിലേ പാട്ടിന്റെ വഴിയിലേക്ക് പിച്ചവച്ചു. കളമശ്ശേരിയിലെ ഇന്ത്യൻ അലൂമിനിയം കമ്പനിയിലെ ജീവനക്കാരനായ ജോസഫിന് നാലു പെൺമക്കളായിരുന്നു. ''വൈകിട്ട് ജോലി കഴിഞ്ഞെത്തിയാൽ അപ്പച്ചൻ എന്നെയും മൂന്ന് ചേച്ചിമാരെയും വിളിച്ചടുത്തിരുത്തും. പിന്നെ പാട്ട് തുടങ്ങുകയായി. ചേച്ചിമാരെല്ലാം നല്ല പാട്ടുകാർ. അപ്പച്ചനാകട്ടെ, നാടകവും സിനിമയും സംഗീതവുമെല്ലാം ഹൃദയത്തിൽ കൊണ്ടുനടക്കുന്ന ഒരു തികഞ്ഞ കലാകാരൻ. ഞങ്ങൾ സിനിമാപാട്ടുകളും ഭക്തിഗാനങ്ങളും പാടിത്തുടങ്ങുന്നതോടെ അടുക്കളയിൽ നിന്ന് അമ്മച്ചി ട്രീസയുമെത്തും. അന്നൊക്കെ എല്ലാദിവസവും അയൽപക്കക്കാർ ഉറങ്ങിയിരുന്നത് ഞങ്ങളുടെ പാട്ട് കേട്ടായിരുന്നു. അതൊക്കെ ഓർക്കുമ്പോൾ നല്ലൊരു പാട്ട് കേട്ടപോലുള്ള സന്തോഷം ഇന്നും തോന്നാറുണ്ട്''- മിൻമിനി പറഞ്ഞു.

കീഴ്മാട് ഗ്രാമത്തിൽ സംഗീതാധ്യാപകരാരും ഇല്ലായിരുന്നു. ആലുവ ടാസ് ഹാളിൽ ഒരു സംഗീത ക്ളാസ് നടക്കുന്നുണ്ടായിരുന്നു. എന്നാൽ അവിടെ ക്ളാസ് രാവിലെ ആറുമണിക്ക് തുടങ്ങും. അതിനാൽ ക്ളാസിനു പോകാനൊന്നും മിൻമിനിക്ക് കഴിഞ്ഞിരുന്നില്ല. പാടാനുള്ള കഴിവ് കണ്ടെത്തിയ വീട്ടുകാരും നാട്ടുകാരും സ്കൂളിലെ അധ്യാപകരുമാണ് പ്രോത്സാഹിപ്പിച്ചിരുന്നത്. അപ്പച്ചൻ ജോസഫ് അന്ന് നാട്ടിലെ ചെറുപ്പക്കാരെയെല്ലാം സംഘടിപ്പിച്ച് എച്ച്. സി എന്നൊരു ക്ളബ് രൂപീകരിച്ചു. ക്ളബിന്റെ എല്ലാ പരിപാടിക്കും മിൻമിനിയുടെയും ചേച്ചിമാരുടെയും പാട്ടും അപ്പച്ചന്റെ നാടകവും പതിവായിരുന്നു.

## പാട്ടുകൾ കൂട്ടുകാരായ കുട്ടിക്കാലം

ഒരു പാട്ട് കേട്ടിഷ്ടപ്പെട്ടാൽ അത് പാടിപ്പഠിക്കും. നഴ്സറി ക്ളാസ് മുതൽ ഈ ശീലം മിൻമിനിക്കുണ്ടായിരുന്നു. അപ്പച്ചന്റെ കമ്പനിയിൽ ആനുവൽ ഡേ നടക്കുകയാണ്. അവിടത്തെ സംഗീത മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് പിന്നീടവിടെ നടക്കുന്ന കലാഭവന്റെ ഓർക്കസ്ട്രയിൽ പാടാനുള്ള അവസരം ലഭിക്കുമെന്നറിഞ്ഞു. '' ആനുവൽ ഡേയ്ക്ക് ഇതൊക്കെ മനസിലുറപ്പിച്ച് വേദിയിലെത്തി നന്നായി പാടി. '*സീമന്ത രേഖയിൽ ചന്ദനം ചാർത്തിയ....*' എന്ന വാണിയമ്മ(വാണി ജയറാം)യുടെ പാട്ടാണ് പാടിയത്. ഒന്നാംസ്ഥാനം എനിക്കായിരുന്നു. അങ്ങനെ കലാഭവന്റെ ഓർക്കസ്ട്രയിൽ പാടാൻ അവസരം ലഭിച്ചു. '*തിരയും തീരവും ചുംബിച്ചുറങ്ങും....*' എന്ന പാട്ടാണ് ഓർക്കസ്ട്രയിൽ പാടിയത്'' ഈ വരികൾ മൂളിക്കൊണ്ട് മിൻമിനി പറഞ്ഞു.

നഴ്സറി സ്കൂൾ തൊട്ട് സംഗീതത്തിന് കൈനിറയെ സമ്മാനങ്ങളും ലഭിച്ചിരുന്നു. 1985- 86 കാലത്ത് പത്താംക്ളാസിൽ പഠിക്കുമ്പോൾ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ലളിതഗാനത്തിന് ഒന്നാംസ്ഥാനം നേടിയതാണ് ആദ്യത്തെ ശ്രദ്ധേയനേട്ടം. '*വലംപിരി ശംഖിൽ...*' എന്നു തുടങ്ങുന്ന ഗാനം പാടിയാണ് സമ്മാനം നേടിയത്. സമ്മാനം ലഭിച്ചതോടെ പത്രങ്ങളിലെല്ലാം വാർത്തകൾ വന്നു. ''ഞാനാണെങ്കിൽ നാട്ടിലെ പരിപാടികളിലും ഗാനമേളകളിലുമെല്ലാം ഓടിനടന്ന് പാടുകയാണ്. ഒരു ദിവസം പ്രമുഖ സംഗീത ഗ്രൂപ്പായ സി. എ. സി(കൊച്ചിൻ ആർട്ട്സ് ആൻഡ് കമ്മ്യൂണിക്കേഷൻ)യിൽ നിന്ന് ജോർജ്മാഷും (ജോബ് ആൻഡ് ജോർജ്) ഫാ. മൈക്കിൾ പനക്കലും ആലുവ സെന്റ് ഫ്രാൻസിസ് സ്കൂളിൽ എന്നെ തേടിയെത്തി. പത്താംക്ളാസ് കഴിഞ്ഞാലുടൻ സി. എ. സി യിൽ ജോയിൻ ചെയ്യണമെന്നു പറഞ്ഞു. ഞാനാകെ സന്തോഷത്തിലായി''- മിൻമിനി ഓർക്കുന്നു.

## ഗായികയായി തിരക്കേറുന്നു

പ്രീഡിഗ്രിക്ക് മിൻമിനി ആലുവ സെന്റ് സേവ്യേഴ്സ് കോളേജിലാണ് ചേർന്നത്. അക്കാലത്ത് കലാഭവൻ, തൊടുപുഴ സരിഗ തുടങ്ങി പ്രമുഖ ഗാനമേള ട്രൂപ്പുകളുടെയെല്ലാം പ്രധാന ഫീമെയിൽ വോയ്സ് മിൻമിനിയുടേതായിരുന്നു. നല്ലൊരു കലാകാരനായിട്ടും അപ്പച്ചന് കഴിവിനനുസരിച്ച് ഉയരാനായില്ല. ആ സങ്കടം എപ്പോഴും ഉണ്ടായിരുന്നു. മകളെ കലാകാരിയായി വളർത്തണമെന്ന ആഗ്രഹത്തോടെ തന്റെ സംഗീതവഴിയിൽ അപ്പച്ചന്റെ പൂർണപിന്തുണയുണ്ടായിരുന്നെന്ന് മിൻമിനി പറഞ്ഞു.

സി. എ. സിയിൽ പ്രവർത്തിക്കുന്ന കാലത്ത് അവിടത്തെ ഗിറ്റാറിസ്റ്റായ ലിപ്സൺ വഴിയാണ് ആദ്യമായി കാസറ്റിൽ പാടാൻ അവസരം ലഭിച്ചത്. '*മാണിക്യത്തേരിലേറി... മണവാളൻ വരണല്ലേ....*' എന്നുള്ള ഒരു മാപ്പിളപ്പാട്ടാണ് പാടിയത്. ഈ പാട്ട് ശ്രദ്ധിക്കപ്പെട്ടതോടെ ഒട്ടേറെ അവസരങ്ങൾ ലഭിച്ചുതുടങ്ങി. പ്രീഡിഗ്രി കഴിഞ്ഞതോടെ തൃപ്പൂണിത്തുറ ആർ. എൽ. വി കോളേജിൽ ഗാനഭൂഷണം ബിരുദ കോഴ്സിനു ചേർന്നു. കൈനിറയെ സംഗീതപരിപാടികളുള്ള കാലം. ഇക്കാലത്ത് ജെറി അമൽദേവ്, പെരുമ്പാവൂർ രവീന്ദ്രനാഥ്, ബേണി ഇഗ്നേഷ്യസ്, കലവൂർ ബാലൻ, രാഘവൻ മാഷ്, ചിദംബരനാഥ് തുടങ്ങിയവർ സംഗീതം നിർവ്വഹിച്ച പാട്ടുകളും കാസറ്റിൽ പാടാനായി. മാസത്തിൽ രണ്ടുക്ളാസിനൊക്കെയേ പോകാനായുള്ളു. പഠനം മുറിയുമ്പോഴും സംഗീതത്തെ ചേർത്തുപിടിച്ചു. പ്രഗല്ഭരായ സംഗീത സംവിധായകരുടെ പാട്ടുകളാണല്ലോ താൻ പാടുന്നത് എന്നോർത്തപ്പോൾ ഗായികയുടെ സങ്കടം പോയ്മറഞ്ഞു. ''അവരുടെ പാട്ടുകൾ പാടിയത് സംഗീതപഠനത്തേക്കാൾ വിലമതിക്കുന്ന ക്ളാസുകളായി മാറി''- മിൻമിനി

www.malankaralibrary.com



**ഇളയരാജയ്ക്കു മുന്നിൽ വലംപിരി ശംഖിൽ എന്ന ലളിത ഗാനം പാടി. ഒരു പാട്ടുകൂടി പാടണമെ ന്നായി അദ്ദേഹം. അരുന്ധതി പാടി ഹിറ്റാക്കിയ എത്ര പൂക്കാലം.... എന്ന പാട്ട് കൂടി മിൻമിനി പാടി. പാടിമുഴുമി ച്ചതോടെ ഇളയരാജ പറഞ്ഞു: 'നാട്ടിലേക്ക് തിരിച്ചു പോകേണ്ട, ഇവിടെ വർക്കുകളു ണ്ടാകും...**

പറഞ്ഞു.

### സിനിമാസംഗീത ലോകത്തേക്ക്....

ഒരിക്കൽ കൊച്ചി സി എ സി സ്റ്റുഡിയോയിൽ ചിത്ര പാടേണ്ട 10 പാട്ടുകളുടെ ട്രാക്ക് പാടിയത് മിൻമിനിയായിരുന്നു. ആറ്റുകാലമ്മയെക്കുറിച്ചുള്ള ആ ഭക്തിഗാനങ്ങളുടെ സംഗീതം രാജാമണിയായിരുന്നു. പാടിയത് കേട്ടിഷ്ടപ്പെട്ട് ''മോളേ, തിരുവനന്തപുരത്തേക്ക് ട്രാക്ക് പാടാൻ വരുമോ''യെന്ന് രാജാമണി ചോദിച്ചു. എന്നാൽ കൊച്ചിയിൽ തന്നെ നല്ല തിരക്കായതിനാൽ ക്ഷണം മിൻമിനിയുടെ പിതാവ് സ്നേഹപൂർവ്വം നിരസിച്ചു. എന്നാൽ മ്യൂസിഷ്യന്മാരായ ചിറ്റൂർ ഗോപി, പി. ആർ. മുരളി എന്നിവരുടെ നിർബ ന്ധത്തെ തുടർന്ന് അപ്പച്ചനും മകളും തിരുവനന്തപുരത്തേക്ക് പോയി. 1988 ലായിരുന്നു കരിയറിനെ മാറ്റിമറിച്ച ആ യാത്ര.

വേണുനാഗവള്ളി സംവിധാനം ചെയ്ത '*സ്വാഗതം* എന്ന ചിത്രത്തിന്റെ റിക്കാർഡിംഗ് തരംഗിണി സ്റ്റുഡിയോയിൽ നടക്കുകയായിരുന്നു. ഇതിൽ ചിത്രയുടെ മൂന്ന് പാട്ടുകളുടെ ട്രാക്കാണ് മിൻമിനി പാടിയത്. ചിത്രയ്ക്ക് നല്ല തിരക്കായതിനാൽ പാടാനെത്തിയില്ല. ട്രാക്കെല്ലാം പാടി തീർത്ത് പോകാനൊരുങ്ങിയപ്പോൾ മിൻമിനിയേയും അപ്പച്ചനെ യും കൺസോളിംഗ് റൂമിലേക്ക് *സ്വാഗത*ത്തിന്റെ സംവിധായകനായ വേണുനാഗവള്ളി വിളിച്ചു കയറ്റി ഇങ്ങനെ പറഞ്ഞു: ''അപ്പച്ചാ, സിനിമയിലും മോളുടെ ശബ്ദം തന്നെയാ വരുന്നത്. ഇവളുടെ ശബ്ദം ഞങ്ങൾ മാറ്റുന്നില്ല. ഇതുകേട്ട് അപ്പച്ചന് വല്ല്യസന്തോ ഷമായി. എനിക്കാകട്ടെ ഒന്നും മനസിലായുമില്ല. പ്രഗല്ഭരായ ഗായകരുള്ള സിനിമാഗാന രംഗ ത്തേക്ക് എന്റെയും പാട്ടെത്തുന്നു എന്നൊക്കെ ചിന്തിച്ച് ഒന്നു ഞെട്ടാൻ പോലുമുള്ള അറിവെനിക്ക് അന്നില്ലായിരുന്നു''– ചിരിച്ചുകൊണ്ട് മിൻമിനി കൂട്ടിച്ചേർത്തു.

*'അക്കരെ നിന്നൊരു.....,' 'ഫീഫീ ഫീഫീ ലൗവ്ലീ....,' 'മഞ്ഞിൻ ചിറകുള്ള വെള്ളരിപ്രാവേ....'* എന്നിങ്ങനെ മൂന്ന് പാട്ടുകളാണ് *സ്വാഗത*ത്തിൽ പാടിയത്. തുടർന്ന് രവീന്ദ്രൻ, ജോൺസൺ. എസ്. ബാലകൃഷ്ണൻ, ജെറി അമൽദേവ്, പെരുമ്പാവൂർ രവീന്ദ്രനാഥ്, മോഹൻസിത്താര എന്നിവരുടെ സിനിമാപാട്ടുകളും ഈ ഗായികയെ തേടിയെത്തി.

### ഇളയരാജയുടെ പാട്ടിനായ് മദ്രാസിലേക്ക്...

1989 ൽ ആദ്യമായി ഗൾഫിൽ ഒരു പരിപാടിക്ക് പോകേണ്ടിവന്നു. നെടുമുടി വേണു, ഇന്നസെന്റ്, ഗീത തുടങ്ങി പ്രമുഖ താരങ്ങളടങ്ങിയ ഒരു ഗ്രൂപ്പിനൊപ്പമായിരുന്നു ട്രിപ്പ്. ഈ പ്രോഗ്രാമിന്റെ കാസറ്റ് ഗായകൻ പി. ജയചന്ദ്രൻ കണ്ട് അതിലെ പാട്ട് ഇഷ്ടപ്പെട്ടു. പിന്നീട് അദ്ദേഹം മദ്രാസിലേക്ക് പോയപ്പോൾ ചിത്രയ്ക്ക് തിരക്കായതിനാൽ ഇളയരാജ ഒരു ഗായികയെ തേടിയിരിക്കുകയായിരുന്നു. ജയചന്ദ്രനാണ് മിൻമിനിയെക്കുറിച്ച് ഇളയരാജയോട് പറഞ്ഞത്. തുടർന്ന് ഗായകൻ കൃഷ്ണചന്ദ്രൻ മുഖേന മദ്രാസിലേക്ക് വിളിച്ചു. അങ്ങനെ മദ്രാസിലെത്തി. ഇളയരാജയ്ക്കു മുന്നിൽ *'വലംപിരി ശംഖിൽ...'* എന്ന ലളിത ഗാനം പാടി. ഒരു പാട്ടുകൂടി പാടണമെന്നായി അദ്ദേഹം. അരുന്ധതി പാടി ഹിറ്റാക്കിയ *'എത്രപൂക്കാലം...'* എന്ന പാട്ട് കൂടി മിൻമിനി പാടി. പാടിമുഴുമിച്ചതോടെ ഇളയരാജ പറഞ്ഞു: ''നാട്ടിലേക്ക് തിരിച്ചുപോകേണ്ട, ഇവിടെ വർക്കുകളുണ്ടാകും...ഇത് കേട്ടപ്പോൾ കൊച്ചിയിൽ നിന്ന് മദ്രാസ് വരെ എന്റെയൊപ്പം യാത്രചെയ്ത് ക്ഷീണിച്ച അപ്പച്ചന്റെ മുഖമൊന്നു കാണേണ്ടതായിരുന്നു''– ആ നിമിഷമോർത്ത് മിൻമിനി പറഞ്ഞു. മദ്രാസിലെത്തിയ ദിവസംതന്നെ മീര എന്ന തമിഴ് സിനിമയിലെ *'ലവ്വുണ്ണാ ലവ്വ്....'* എന്ന പാട്ട് ഇളയരാജ പാടിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ദേവ, രാജ്കോട്ടി, വിദ്യാസാഗർ, എസ്. എ രാജ്കുമാർ, ശങ്കർഗണേഷ് എന്നിവരുടെ പാട്ടുകൾ കിട്ടി.

### പാട്ടിന്റെ ചിറകടിക്കും ആശൈകളുമായി..

രാജ്കോട്ടി സംഗീതം നൽകിയ പാട്ടുകളുടെ റിക്കോർഡിംഗ് വേളയിലാണ് ഏ. ആർ. റഹ്മാനെ ആദ്യമായി പരിചയപ്പെടുന്നത്. രണ്ടു മൂന്ന് ജിംഗിൾസ് പാടാനും അദ്ദേഹം മിൻമിനിയെ വിളിച്ചിരുന്നു. 1992ലായിരുന്നു ഏ. ആർ റഹ്മാൻ സംഗീതം നിർവ്വഹിച്ച റോജയുടെ റിക്കോർഡിംഗ്. ഇതിൽ ഒരു പാട്ട് പാടാൻ അർജ്ജുനൻ മാഷാണ് മിൻമിനിയെ വിളിക്കുന്നത്. *'ചിന്ന ചിന്ന ആശൈ...'* എന്ന ആ പാട്ട് ഞാൻ പാടി. പ്രമുഖരുടെ നല്ല പാട്ടുകളടക്കം 182 പാട്ടുകൾ വിവിധ ഭാഷകളിൽ അതിനകം പാടിയിരുന്നെങ്കിലും റോജയിലെ പാട്ട് നല്ല ബ്രേക്ക് തന്നു. സിനിമയോടൊപ്പം പാട്ടും വമ്പൻ ഹിറ്റായി. 18 വർഷം കഴിഞ്ഞിട്ടും ആ പാട്ട് തന്ന സന്തോഷം ഇന്നുമെ നിക്കുണ്ട്, *'ചിന്ന ചിന്ന ആശൈ, ചിറകടിക്കും ആശൈ.....'* വരികൾ ഒരിക്കൽ കൂടി മൂളിക്കൊണ്ട് മിൻമിനി പറഞ്ഞു.

''പഠിച്ചെടുത്ത സംഗീതമൊന്നും തനിക്കില്ല. ദൈവം തന്ന കഴിവുകൊണ്ടാണ് ഞാൻ പാടുന്നത്. സംഗീതം തന്ന ജീവിതമാണ് എന്റേത്. അതിനാൽ എന്റെ മക്കളെയും സംഗീതത്തിനു ന ടുവിൽ തന്നെയാണ് വളർത്തുന്നത്''– മിൻമിനി പറഞ്ഞു.

രണ്ടു മക്കളാണ് മിൻമിനിക്ക്. മകൻ അലൻ ചിറ്റൂർ എസ്. ബി. ഒ. എ സ്കൂളിലെ ഏഴാംക്ളാസ് വിദ്യാർത്ഥിയാണ്. ലൗഡ് സ്പീക്കർ എന്ന ചിത്രത്തിലെ *'ചങ്ങാഴി മുത്തുമായ്......,' 'മഞ്ഞിന്റെ മാറാല....'* എന്നീ പാട്ടുകൾ പാടിയിരിക്കുന്നത് ഈ കൊച്ചുഗായകനാണ്. യു. കെ. ജി യിൽ പഠിക്കുന്ന മകൾ കീർത്തന യും പിച്ചവയ്ക്കുന്നത് പാട്ടുകളുടെ വഴിയിൽ തന്നെയാണ്.

സംഗീതത്തിൽ താല്പ്പര്യമുള്ളവർ ഈ മേഖലയെ സീരിയസായി കാണണമെന്നാണ് പാട്ടുപഠിക്കാൻ താല്പ്പര്യമുള്ള കുട്ടികളോട് മിൻമി നിക്ക് പറയാനുള്ളത്. പാട്ടുകളാ കണം കൂട്ടുകാർ. അപ്പോൾ സംഗീതം നമ്മളെ ഒരിക്കലും വിട്ടുപോകില്ല. ജോയ്സ് അക്കാഡമി ഒഫ് പെ ർഫോർമിംഗ് ആർട്ട്സിലിരുന്ന് ഇങ്ങനെ പറഞ്ഞവസാ നിപ്പിക്കുമ്പോൾ ഗായികയുടെ മുഖത്ത് ഒരു സംഗീത അധ്യാ പികയുടെ നേർത്തഭാവം കൂടി തെളിഞ്ഞു. SFM

smartfamily09@gmail.com

www.malankaralibrary.com



# സംഗീതവും കുട്ടികളുടെ വളർച്ചയും

**വിവേക് വി എസ്**
എം എ മ്യൂസിക്, LPCL
ചേതന. തൃശ്ശൂർ

ഒരു ഹോട്ടൽ, ആരാധനാലയം, ക്ലബ്, ഫോൺ എന്നിവയിലെല്ലാം അടങ്ങിയിരിക്കുന്ന പൊതുവായ ഘടകമേതാണ്? തല പുകയ്ക്കേണ്ട. ഉത്തരം: സംഗീതം.

നിങ്ങൾ എവിടെയൊക്കെ പോകുന്നോ, തങ്ങുന്നോ, അവിടെയൊക്കെ, നിങ്ങളുടെ ഉള്ളിലും പുറത്തുമായി സംഗീതമുണ്ട്. അത് നിങ്ങളെ സന്തോഷിപ്പിക്കും. അനായാസത പകരും. സംഗീതം ഏതൊരു രാജ്യത്തിന്റെയും സംസ്കാരത്തിന്റെയും ജീവിതത്തിന്റേയും ഭാഗമാണ്. നമ്മുടെ ആഘോഷങ്ങൾ, ഒഴിവുവേളകൾ, മതപരവും

www.malankaralibrary.com





**സംഗീതത്തിന് കുട്ടികളെ ആശ്വസിപ്പിക്കാനും സന്തോഷം പകരാനും കഴിവുണ്ട്. സ്വയം സമാധാനിക്കാൻ കുട്ടികൾ സ്വയം പാടും. നിങ്ങൾക്കു കുട്ടിയെ ശാന്തനാക്കാൻ സംഗീതമുപയോഗിക്കാം.**

ആരാധനാപരവുമായ അനുഭവങ്ങൾ, വിനോദം എന്നിവയിലെല്ലാം സംഗീതമുണ്ട്. എന്നാൽ എന്തുകൊണ്ടാണ് സംഗീതത്തിന് നമ്മുടെ ജീവിതത്തിൽ ഇത്രമാത്രം പ്രാധാന്യം എന്നതിന് ആർക്കും വ്യക്തമായ ഒരു കാരണം പറയാനാവില്ല. എല്ലാതരം പ്രായക്കാരെയും എല്ലാത്തരം വ്യക്തികളെയും സംഗീതം സന്തോഷിപ്പിക്കുകയും ചലിപ്പിക്കുകയും ചെയ്യുന്നു.

ഒരു കുട്ടി ജനിച്ചാൽ അതിനുവേണ്ടി നമ്മൾ താരാട്ടു പാടുന്നു. കുട്ടി ഉറക്കത്തിലേക്ക് വഴുതിവീഴാൻ നമ്മൾ പതിയേ, മൃദുവായി പാടുന്നു. തങ്ങളുടെ കുരുന്നുകൾക്ക് വേണ്ടി എന്താണ് അച്ഛനമ്മമാരെ പാടാൻ പ്രേരിപ്പിക്കുന്നത്? സംഗീതം ഒരു ബന്ധമാണ്. അത് കുട്ടിയുടെ തലച്ചോറും നമ്മളുമായും ബന്ധിപ്പിക്കുന്നു. സംഗീതം ഒരു കുട്ടിയുടെ സാമൂഹികവും, വൈകാരികവും, ശാരീരികവും, നൈസർഗികവുമായ വളർച്ചയെ എല്ലാതലത്തിലും ബാധിക്കുന്നു.

## സംഗീതത്തിലൂടെ വളരുന്ന ബന്ധം

സംഗീതമെന്നത് സ്വാഭാവികമായി ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ഉപകരണമാണ് (ടൂൾ). അത് ആളുകളെ ഒരുമിച്ചുകൊണ്ടുവരികയും പരസ്പരം പ്രതിവർത്തിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. അതിനാൽ സംഗീതം പല സാമൂഹ്യ പരിപാടികളുടെയും ഒഴിവാക്കാനാവാത്ത ഭാഗമാണ്.

ഇതുപോലെ തന്നെയുള്ള ബന്ധമാണ് നിങ്ങളും കുട്ടികൾക്കുമിടയിൽ സംഗീതം സാധ്യമാക്കുന്നത്. നിങ്ങൾ പാട്ടുപാടുകയോ സംഗീതം കേൾപ്പിക്കുകയോ ചെയ്യുക. കുട്ടികൾ അതിനോട് പ്രതികരിക്കുന്നത് കാണാനാവും. കുട്ടികൾ ചാഞ്ചാടുകയും ചലിക്കുകയും മേശമേൽ താളം പിടിക്കുന്നതും തലകുലുക്കുന്നതുമൊക്കെ കാണാം. മാതാപിതാക്കൾക്ക് കുട്ടികളുമായി എളുപ്പം ബന്ധപ്പെടാനുള്ള ഉപകരണമാണ് സംഗീതം. ഒരു കുട്ടി നിങ്ങൾ അവർക്കുവേണ്ടി പാടുന്നത് കേൾക്കുമ്പോൾ അറിയാതെ തന്നെ നിങ്ങളുമായി ഒരുതരം ബന്ധംരൂപപ്പെടുത്തുന്നു. നിങ്ങൾ എന്താണ് പാടുന്നത് എന്നത് കുട്ടിക്ക് വിഷയമല്ല. പാടുക, പാടിക്കൊണ്ടിരിക്കുക.

## വൈകാരിക വളർച്ചയ്ക്ക്

സംഗീതം നമ്മുടെ ആദ്യ ഓർമകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ഓർമകൾ നമ്മുടെ ജീവിതമാകെ നിറഞ്ഞുനിൽക്കുന്നുണ്ട്. അതിന് വൈകാരികമായ തലവുമുണ്ട്. നമ്മുടെ വൈകാരിക ഭാവങ്ങളെയും താൽപര്യങ്ങളെയും രൂപപ്പെടുത്തുന്നതിൽ സംഗീതത്തിനുള്ള പങ്ക് ശ്രദ്ധിച്ചാൽ മനസിലാകും. ചില പാട്ടുകൾ നമ്മെ സമാശ്വസിപ്പിക്കുന്നു, മറ്റ് ചിലത് ആത്മവിശ്വാസം പകരുന്നു.

സംഗീതത്തിന് കുട്ടികളെ ആശ്വസിപ്പിക്കാനും സന്തോഷം പകരാനും കഴിവുണ്ട്. സ്വയം സമാധാനിക്കാൻ കുട്ടികൾ സ്വയം പാടും. നിങ്ങൾക്കു കുട്ടിയെ ശാന്തനാക്കാൻ സംഗീതമുപയോഗിക്കാം. പാട്ടിലൂടെ അവനെ ഉറക്കത്തിലേക്ക് നയിക്കാനാവും. കുട്ടി ഉറക്കച്ചടവിലായിരിക്കുമ്പോഴും ദുഃഖിതനായിരിക്കുമ്പോഴും അവനുവേണ്ടി ഒരു പാട്ടുപാടുകയേ വേണ്ടൂ. അല്ലെങ്കിൽ അൽപം സംഗീതം കേൾപ്പിച്ചാൽ മതിയാകും. കുട്ടി ഉത്സാഹവാനാകും.

## ഭൗതിക വികാസത്തിന്

പിച്ചവച്ചു നടക്കുന്ന കുരുന്നുകൾക്കും അഞ്ചുവയസിൽ താഴെയുള്ളവർക്കും സംഗീതവും അവർക്കുവേണ്ടിയുള്ള കുട്ടിപ്പാട്ടുകളും ഇഷ്ടമാണ്. അവർ അത് കേട്ട് സന്തോഷിക്കും. മാത്രമല്ല കുട്ടികൾക്ക് അക്ഷരങ്ങൾ, അക്കങ്ങൾ, ശബ്ദങ്ങൾ എന്നിവ പഠിക്കാനും സഹായിക്കും. കുട്ടികളുടെ തലച്ചോറ് വികസിക്കുന്നത് അവർ കുട്ടിയായിരിക്കുമ്പോഴാണ്. തലച്ചോറിന്റെ 80 ശതമാനം വികാസവും മൂന്നുവയസ്സിനുമുമ്പാണ് നടക്കുക. 90 ശതമാനം വികാസവും അഞ്ചു വയസിനു മുമ്പും.

സംഗീത പരിശീലനം ലഭിച്ച കുട്ടികൾക്ക് വ്യത്യസ്തമായ ബുദ്ധിവികാസവും വർധിച്ച ഓർമശക്തിയും മറ്റ് കുട്ടികളേക്കാൾ കാണിക്കുന്നതായാണ് ഗവേഷണങ്ങൾ പറയുന്നത്.

കുട്ടികൾ സർഗാത്മക കഴിവുള്ളവരാണെങ്കിൽ അവർ തന്നെ പുതിയ ഈണവും താളവും പാട്ടുകളും സൃഷ്ടിക്കും. ഇതുവഴി വാക്കുകൾ, ശബ്ദങ്ങൾ എന്നിവകൊണ്ടുള്ള അറിവ് വർദ്ധിപ്പിക്കുക കൂടിയാണ് കുട്ടി ചെയ്യുന്നത്. എന്തുതരം സംഗീതമാണ് അവർ കേൾക്കുന്നത് അല്ലെങ്കിൽ സൃഷ്ടിക്കുന്നത് എന്നത് പ്രധാനമല്ല. എല്ലാ സംഗീതവും പ്രധാനമാണ്.

സംഗീതം കുട്ടിയെ തീർച്ചയായും സ്മാർട്ടാക്കും. ഒരു പാട്ട് പഠിക്കുമ്പോൾ, വാദ്യോപകരണം കൈകാര്യം ചെയ്യുമ്പോൾ, അല്ലെങ്കിൽ നൃത്തച്ചുവടുകൾ വയ്ക്കുമ്പോൾ ശരീരവും മനസും ഉണരും. ബോധതലങ്ങൾ വികസിക്കും. വായിക്കുക, എഴുതുക, കണക്കുകൂട്ടുക എന്നിവപോലെ പ്രധാനമാണ് ബോധതലവികാസവും. കുട്ടിയുടെ വികാസകാലം മുഴുവൻ സംഗീതം കേൾപ്പിക്കുകയും പഠിക്കുകയും ചെയ്യണം.

## ശാരീരിക വളർച്ചയ്ക്ക്

നിങ്ങൾക്ക് സംഗീതമില്ലാതെ നൃത്തം ചെയ്യാനാവില്ല. സംഗീതമാണ് നൃത്തത്തെ കൂടുതൽ രസകരമാക്കുന്നത്. മ്യൂസിക്കും ചലനവും ഒരുമിച്ച് തന്നെ പോകുന്നു. കുട്ടികൾ സംഗീതത്തോട് സ്വാഭാവികമായി പ്രതികരിക്കുന്നത് അതനുസരിച്ച് ശരീരം ചലിപ്പിച്ചുകൊണ്ടോ, അനങ്ങിക്കൊണ്ടോ ആണ്. കുട്ടിയെ ഈണം, സമയം, ശ്രദ്ധ തുടങ്ങിയ പല കാര്യങ്ങളും മനസ്സിലാക്കാൻ സംഗീതം സഹായിക്കും. കുട്ടികളെ അണിയണിയായി നടത്താൻ, ചാടിക്കാൻ, പ്രതീക്ഷ നൽകാൻ എല്ലാം സംഗീതത്തിനു കഴിയും. ഇത്തരം കാര്യങ്ങളെല്ലാം ശാരീരിക വളർച്ചയെ സഹായിക്കും.

www.malankaralibrary.com



## പഠനപ്രവർത്തനവുമായി സംഗീതം ഒന്നിപ്പിക്കുക

നിങ്ങൾക്ക് ഒരു കാര്യത്തിൽ താൽപര്യമുണ്ടെങ്കിൽ നിങ്ങൾ അത് പഠിക്കാൻ ശ്രമിക്കും. കുട്ടികൾ മ്യൂസിക്ക് ആസ്വദിക്കുന്നു. കുട്ടികളുടെ വീട്ടിലെ പ്രവർത്തനങ്ങളും പഠനങ്ങളുമെല്ലാം സംഗീതവുമായി ബന്ധപ്പെടുത്തിയാൽ മുഷിപ്പില്ലാതെ അവർക്കത് ചെയ്യാനാവും.

സ്വയംവൃത്തിയാക്കാനും, കളിപ്പാട്ടങ്ങൾ പെറുക്കിവയ്ക്കാനും ഒരു പാട്ട് ഉണ്ടെന്ന് കരുതുക, കുട്ടികൾ അത് ആസ്വദിച്ച് ചെയ്യും. പല്ല് തേക്കുന്നതിന് പ്രത്യേക പാട്ട് ഉണ്ടെങ്കിൽ കുട്ടികൾ അതിനനുസരിച്ച് സ്വാഭാവികമായി തന്നെ പല്ല് തേക്കും.

കുട്ടികളെനോക്കുന്നവർക്ക് (ഡേ കെയർ പോലുള്ള സ്ഥലങ്ങൾ) അവിടെ കുട്ടികളോട് തങ്ങളുടെ പ്രിയപ്പെട്ട ഉപകരണങ്ങളുമായി വരാൻ പറയുക. ഉദാഹരണത്തിന് ചെറിയ ഡപ്പ, കുടങ്ങൾ, കപ്പ് എന്നിവ. എന്നിട്ട് എല്ലാവരും കൂടി ചേർന്ന് അതിൽ താളവും മറ്റും ഇട്ടാൽ അത് ആസ്വദിച്ച് കുട്ടികൾ എത്രനേരവും ഇരിക്കും.

കുറച്ചു കൂടി മുതിർന്ന കുട്ടികളെ സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ അനുവദിക്കണം. ബാൻഡ്, ഓർക്കസ്ട്ര തുടങ്ങിയവയിൽ ചേരുന്നത് കുട്ടികളുടെ സാമൂഹികവും വൈകാരികവുമായ വികാസം സാധ്യമാക്കും. സംഗീതം കുട്ടികളെക്കൊണ്ട് വ്യത്യസ്തമായി ചിന്തിപ്പിക്കും.

കുട്ടികൾക്ക് തങ്ങളുടെ തന്നെ ശബ്ദം റെക്കോഡ് ചെയ്ത് വീണ്ടും കേൾക്കുന്നത് ഇഷ്ടമാണ്. കുട്ടികൾ പാടുന്നത് റെക്കോർഡ് ചെയ്ത് അവരെ കേൾപ്പിക്കുക. അല്ലെങ്കിൽ ഒരു കൂട്ടം കുട്ടികളെക്കൊണ്ട് ഒരു പാട്ട് പാടിച്ചശേഷം അത് വീണ്ടും കേൾപ്പിക്കുക. ഓരോരുത്തരും ആരാണ് ഓരോ ഭാഗവും പാടിയതെന്ന് തിരിച്ച റിയാൻ ആവശ്യപ്പെടുക. ഇത് കുട്ടികളുടെ കേൾവി/മനസ്സിലാക്കാനുള്ള കഴിവിനെ വർധിപ്പിക്കും.

സംഗീതത്തിന് മനുഷ്യജീവിതത്തിൽ വലിയ പങ്കുണ്ട്. അത് വളരെസർഗാത്മകമായ മാധ്യമമാണ്. കുട്ടികൾക്ക് സ്വയം ആവിഷ്കരിക്കാനാവും. അത് അവരുടെ മൊത്തത്തിലുള്ള വളർച്ചയെ വലിയ തോതിൽ സഹായിക്കും. കുട്ടികളുടെ വളർച്ചയിൽ സംഗീതത്തെ എങ്ങനെയെല്ലാം ഉപയോഗിക്കാമെന്ന് തുടർച്ചയായി അന്വേഷിക്കണം. വിനോദവും പഠനവും ഒരുമിച്ചുകൊണ്ടുപോകാൻ സംഗീതമാണ് ഏറ്റവും നല്ല മാധ്യമം. SFM

smartfamily09@gmail.com

# വാദ്യോപകരണ പഠനം 5 നേട്ടങ്ങൾ



സംഗീതപഠനം പോലെ തന്നെ വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യാൻ മികവ് നേടുന്നതും കുട്ടികൾക്ക് ഏറെ ഗുണകരമാണ്. വ്യക്തിപരമായ വളർച്ചയ്ക്ക് അത് സഹായകരമാകും. വിദഗ്ധർ വാദ്യോപകരണ പഠനത്തിന് അനുകൂലമായി മുന്നോട്ട് വയ്ക്കുന്ന അഞ്ച് കാരണങ്ങൾ ഇവയാണ്.

**1. കൂടുതൽ പ്രസരിപ്പും ചുറുചുറുക്കും നൽകും:**

സംഗീതവും തലച്ചോറുമായുള്ള ബന്ധത്തെപ്പറ്റി പല പഠനങ്ങളും നടന്നിട്ടുണ്ട്. സംഗീതവുമായി പരിചിതരും, വാദ്യോപ കരണം കൈകാര്യം ചെയ്യാൻ കഴിവുള്ളവരുമായ കുട്ടികൾ, വിദ്യാലയങ്ങളിൽ മറ്റുള്ള കുട്ടികളേക്കാൾ പ്രസരിപ്പും ചുറുചുറുക്കും മികവും കാട്ടുന്നതായിട്ടാണ് ശാസ്ത്രജ്ഞർ പറയുന്നത്. പുതിയ പഠനങ്ങൾ പറയുന്നത് കുട്ടികളുടെ ബുദ്ധിശക്തി, ഐക്യു വികാസം, തലച്ചോറിന്റെ ചില ഭാഗങ്ങളുടെ വളർച്ച എന്നിവയ്ക്ക് വാദ്യോപകരണങ്ങളുടെ പഠനം ഗുണകരമാകും എന്നാണ്. കാരണം ഇത് മനസിനെ ജാഗരൂകമായി നിർത്തുകയും സജീവമാക്കുകയും ചെയ്യും. ഇത് ഓർമയെ ശക്തിപ്പെടുത്തും.

**2. ജീവിതത്തിൽ അച്ചടക്കം കൊണ്ടുവരും:**

സംഗീത ഉപകരണം കൈകാര്യം ചെയ്യാൻ പഠിക്കുന്നത് മറ്റൊരു ഭാഷ സംസാരിക്കാൻ പഠിക്കുന്നതുപോലെ തന്നെയാണ്. അതിൽ ചില വെല്ലുവിളികളുണ്ട്. സംഗീതകാരൻ സ്വായത്തമാക്കുന്ന ആദ്യ ഗുണവിശേഷം അച്ചടക്കമാണ്. അച്ചടക്കമില്ലാതെ ഒരിക്കലും സംഗീതഉപകരണത്തിൽ മികവ് തെളിയിക്കാനാവില്ല. ഓരോ ദിവസവും പരിശീലനത്തിന് സമയം നിശ്ചയിക്കുകയും അതിനായി കൂടുതൽ സമയം ചിലവഴിക്കുകയും വേണം.

**3. മാനസിക സമ്മർദ്ദം കുറയ്ക്കും:**

എല്ലാവരും ഏതെങ്കിലും തരത്തിൽ മാനസിക സമ്മർദങ്ങൾ നേരിടുന്നുണ്ട്. നേർത്തതും മൃദുവായതുമായ സംഗീതം കേൾക്കുമ്പോൾ വളരെ അനായാസത നിങ്ങൾക്ക് തോന്നാറില്ലേ? അതിനേക്കാൾ അനായാസതയും ശാന്തതയും ഒരു സംഗീതഉപകരണം കൈകാര്യം ചെയ്യുമ്പോൾ നിങ്ങൾക്കു ലഭിക്കും.

**4. വിജയമനോഭാവം:**

തുടക്കക്കാരൻ എന്ന നിലയിൽ ഒരാൾക്ക് ആദ്യം സംഗീതഉപകരണം വായിക്കുമ്പോൾ നിരാശയാവും തോന്നുക. പക്ഷേ അതിൽ ആദ്യവിജയം നേടുമ്പോൾ മാനസിക സംതൃപ്തി ലഭ്യമാകും. ഒരു സംഗീതശകലം വായിക്കാനാകുമ്പോൾ ലക്ഷ്യത്തിലേക്ക് അടുക്കുന്നതായ തോന്നൽ മനസ്സിൽ ഉണർത്തും. അത് അഭിമാനവും വിജയിയുടെ മനോഭാവവും നൽകും.

**5. വിനോദം:**

സംഗീത ഉപകരണം കൈകാര്യം ചെയ്യുന്നത് രസകരമായ അനുഭവമാണ്. നിങ്ങളുടെ കുടുംബസദസ്സുകളിലും കൂട്ടുകാർക്കു മുന്നിലും വാദ്യസംഗീതം മീട്ടുകയും അവരുടെ അഭിനന്ദനങ്ങൾ നേടുന്നതും രസം നിറഞ്ഞ അനുഭവമാണ്. അത് ഭാവിയിൽ നിങ്ങളെ വളരെ പ്രൊഫഷണൽ സംഗീതകാരനായി മാറ്റിക്കൂടെന്നില്ല. ഒരു സംഗീത ഉപകരണം കൈകാര്യം ചെയ്യാനുള്ള കഴിവ് ഭാവി സമ്പുഷ്ടമാക്കാനുള്ള നിരവധി അവസരങ്ങൾകൂടി മുന്നോട്ട് വയ്ക്കുന്നുണ്ട്.

www.malankaralibrary.com





# വാസന കണ്ടറിഞ്ഞ് വളർത്തേണ്ടതെങ്ങനെ?

സംഗീതമിഷ്ടപ്പെടുന്നവരെല്ലാം നാളെ സംഗീതകാരന്മാരാകില്ല. പക്ഷേ നിങ്ങളുടെ കുട്ടിക്ക് സംഗീത വാസനയുണ്ടോ എന്ന് അറിയണം. അത് പ്രോത്സാഹിപ്പിക്കുകയും വേണം.

www.malankaralibrary.com

# കൊച്ചു കുട്ടികളിലെ സംഗീതാഭിരുചി : 7 വഴികൾ



എല്ലാ കുട്ടികളും ചില കഴിവുകളും വരദാനങ്ങളുമായിട്ടാണ് ജനിക്കുന്നത്. മാതാപിതാക്കൾക്കാണ് ഈ അനുഗൃഹീതമായ കഴിവുകളെ വികസിപ്പിക്കുന്നതിൽ മുഖ്യപങ്ക്. തീർച്ചയായും സംഗീതമിഷ്ടപ്പെടുന്ന വരെല്ലാം നാളെ സംഗീതകാര ന്മാരാകില്ല. പക്ഷേ നിങ്ങളുടെ കുട്ടിക്ക് സംഗീത വാസനയുണ്ടോ എന്ന് അറിയണം. അത് പ്രോത്സാഹി പ്പിക്കുകയും വേണം.

## നിരീക്ഷിക്കൂ,താൽപര്യം അറിയൂ

നിങ്ങളുടെ കുട്ടികളെ നിരീക്ഷിക്കുക. അവർ പറയുന്നത്/പാടുന്നത് ശ്രദ്ധയോടെ കേൾക്കുക. പ്രശസ്തനായ ഒരു പിയാനിസ്റ്റ് പറയുന്ന അനുഭവം ശ്രദ്ധിക്കൂ: ''ഒരു ദിവസം ഒരു വലിയ ട്രക്ക് എന്റെ വീടിന്റെ മുന്നിൽ നിന്നു. അവർ ഒരു വലിയ ഫർണിച്ചർ താഴെയിറക്കാൻ തുടങ്ങി. അച്ഛൻ ഒരു സുഹൃത്തിൽ നിന്ന് മേടിച്ചതാണ് ആ ഫർണിച്ചർ. ശരിക്കുമത് ഫർണിച്ചറല്ല പിയാനോ ആയിരുന്നു. കൊണ്ടുവന്ന ശേഷമാണ് ഞാനത് തിരിച്ചറിയുന്നത്. അഞ്ചുവയസുകാരനായ എന്നെ പിയാനോ ആകർഷിക്കുകയും പ്ര ചോദിപ്പിക്കുകയും ചെയ്തു. ഞാൻ പിയാനോയ്ക്ക് മുമ്പിൽ ധൈര്യ പൂർവം ഇരുന്ന് അതിന്റെ കട്ടകളിൽ വിരലമർത്തി. നല്ല ശബ്ദം വരുന്നു. അച്ഛനുമമ്മയ്ക്കും പിയാ നോയി ലുള്ള എന്റെ താൽപര്യം മന സിലാകുകയും ഒരു അധ്യാപ കനെ ഏർപ്പാടാക്കുകയും ചെയ്തു. അതാണ് എന്റെ തുടക്കം''.

അതുകൊണ്ട് കുട്ടിക്ക് സംഗീതമഭ്യസിക്കുന്നതിൽ താൽപര്യമുണ്ടോ ഇല്ലയോ എന്ന് അറിയണം. ചില താൽപര്യങ്ങൾ കുറേക്കഴിയുമ്പോൾ നഷ്ടമാകും. കുട്ടിക്ക് അത്തരത്തിലാണോ സംഗീതത്തോടുള്ള താൽപ ര്യമെന്ന് നിരീക്ഷിക്കണം. അങ്ങനെ അല്ലെങ്കിൽ അത് പ്രോത്സാഹി പ്പിക്കണം.

പിയാനിസ്റ്റ് പറയുന്നത് വീണ്ടും കേൾക്കൂ: ''എനിക്കും സഹോദരന്മാർക്കും പിയാനോ പഠിപ്പിക്കാൻ ഒരു അധ്യാപകനെ ഏർപ്പെടുത്തിയിരുന്നു. എന്റെ മൂത്ത ചേട്ടന്മാർ 7,10,14 വയസുള്ള വരായിരുന്നു. എനിക്ക് അഞ്ചു വയസ്. കുറച്ചു കാലം കഴിഞ്ഞപ്പോൾ എല്ലാ ചേട്ടന്മാർക്കും പിയാനോയി ലുള്ള താൽപര്യം നഷ്ടമായി. പക്ഷേ പിയാനോ എന്നെ ഭ്രമിപ്പിച്ചും മോഹിപ്പിച്ചും കൊണ്ടിരുന്നു. ആ ഇഷ്ടം ഇപ്പോഴും തുടരുന്നു''.

## സംഗീതവാസന വളർത്താനുള്ള വഴികൾ

എല്ലാ കുട്ടികൾക്കും സംഗീത വളരെ ചെറിയ കുരുന്നായിരിക്കു മ്പോൾ തന്നെ കുട്ടികൾക്ക് സംഗീതതാൽപര്യം പകർന്നു നൽകണം. അത് എല്ലാവർക്കും സാധ്യമാകും. കുട്ടികളിൽ സംഗീതതാൽപര്യം പകരുക എന്നത് എളുപ്പമായ കാര്യമാണ്. കുട്ടികൾ സംഗീത താൽപ ര്യം കാട്ടുന്നുണ്ടെങ്കിൽ അത് പ്രോത്സാഹിപ്പിക്കാൻ ചില എളുപ്പവഴികളുണ്ട്.

### 1. കുട്ടികൾക്ക് വേണ്ടി പാടുക:

നിങ്ങൾക്ക് നല്ല ഈണമില്ലെങ്കിലും നിങ്ങളുടെ ശബ്ദം സുന്ദരമാണ് എന്നാണ് കുട്ടികൾ കരുതുക. കുട്ടി ഗർഭാവസ്ഥയിലായിരിക്കുമ്പോൾ തന്നെ സംഗീതം കേൾപ്പിക്കുകയും അവർക്കു വേണ്ടി പാടുന്നതും നല്ലതാണ്.

### 2. കുട്ടിക്കൊപ്പം നൃത്തം വയ്ക്കുക:

കുട്ടികൾക്കൊപ്പം പാട്ടി നൊപ്പിച്ച് ചില ചുവടുകൾ വയ്ക്കുക.
നിങ്ങൾക്ക് ഡാൻസ് അറിയില്ലെന്ന് കരുതി വിഷമിക്കേണ്ടതില്ല. നിങ്ങൾ ഡാൻസ് കളിക്കുന്നത് കുട്ടിയെ രസിപ്പിക്കും. നിങ്ങളുടെ പ്രിയസംഗീതം ഓൺ ചെയ്ത് കുട്ടിക്കൊപ്പം ചുവടുകൾ വയ്ക്കുക. അത് പിന്നീട് കുട്ടിയിൽ സുന്ദരമായ ഓർമകളായി ജീവിതകാലം മുഴുവൻ നിൽക്കുകയും ചെയ്യും.

### 3. ആക്ഷൻ സോംഗുകൾ പഠിപ്പിക്കുക:

കൈയും ശരീരവു മൊക്കെ ചലിപ്പിച്ചു കൊണ്ടുള്ള പാട്ടുകൾ പഠിപ്പിക്കുക. അതായത് നഴ്സറി കുട്ടികളുടെ അധ്യാപകർ ചെയ്യുന്നതുപോലെ.
പാട്ടിലെ വരികൾ തന്നെയാവും കുട്ടികൾ ചലനത്തിലൂടെ കാണിക്കുക.

### 4. ഇഷ്ടപ്പെട്ട പാട്ടുകൾ കുട്ടികളുമായി പങ്കിടുക:

നിങ്ങളുടെ ഇഷ്ടപ്പെട്ട പ ാട്ടുകളും/സംഗീതവും കുട്ടിക്ക് കൂടി കേൾപ്പിച്ചു കൊടുക്കുക. ആ പാട്ടിന്റെ പ്രത്യേകതകൾ കുട്ടികൾക്ക് പറഞ്ഞുകൊ ടുക്കുകയും വേണം.

### 5. സംഗീത സിഡികളും പുസ്തകങ്ങളും നൽകുക:

കുട്ടികളിൽ സംഗീത താൽപ ര്യം വർധിപ്പിക്കുന്നതിന് സംഗീത സീഡികളും പാട്ടുപുസ്തകങ്ങളും ഉപകരിക്കും. അത്മേടിച്ചുകൊടുക്കു കയോ മറ്റുള്ളവരിൽ നിന്ന് കടമായി മേടിച്ച് എത്തിച്ചുകൊ ടുക്കുകയോ ചെയ്യുക. അതു പോലെ തന്നെ ടിവിയിലെ കുട്ടികളുടെ സംഗീത പരിപാടികൾ ഒപ്പമിരുന്ന് കാണുക.

### 6. അവധിക്കാല സംഗീത ക്ലാസുകൾ:

പൊതുവിൽ അവധിക്കാല സംഗീതപരിശീലന ക്ലാസുകൾ കുട്ടികളിൽ സംഗീതതാൽപര്യം വളർത്തും. അതായത് അവിടുത്തെ രസകരമായ അനുഭവങ്ങൾ, ചങ്ങാത്തം എന്നിവ കുട്ടിയിൽ വളരെയധികം താൽപര്യം വളർത്തുമെന്നാണ് അനുഭവങ്ങൾ കാണിക്കുന്നത്.

### 7. സംഗീതപരിപാടികൾ കേൾക്കാൻ കൊണ്ടുപോവുക:

കുട്ടികൾ സംഗീതത്തിൽ അഭിരുചിയും താൽപര്യവും പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ പ്രാദേശികമായി നടക്കുന്ന സംഗീത പരിപാടികൾ, കച്ചേരികൾ എന്നിവയ്ക്ക് കൊണ്ടുപോവുക. ബഹളമയത്തിൽ നിന്ന് ഒഴിഞ്ഞ് സംഗീതം ആസ്വദിക്കാൻ അവസരം ഉണ്ടാവണം. ഇത്തരം പരിപാടികൾ സംഗീതകാരന്മാർ, സംഗീതഉപ കരണങ്ങൾ എന്നിവയെ കുട്ടിക്ക് പരിചിതമാക്കും.

www.malankaralibrary.com



# കൗമാരക്കാരുടെ സംഗീത താൽപര്യം പ്രോത്സാഹിപ്പിക്കാൻ

സംഗീതത്തിൽ മികവ് കാണിക്കുന്നവരിൽ പിന്നീട് നടത്തിയപഠനങ്ങൾ തെളിയിക്കുന്നത് അവരുടെ വളർച്ചയിൽ രക്ഷകർത്താക്കളുടെ പങ്കാണ്. അതായത് മിടുക്കരായ സംഗീതകാരന്മാരുടെ രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികൾ വളരെ ചെറുതായിരുന്നപ്പോൾ പാട്ടുകൾ പാടിക്കൊടുത്തിരുന്നു.

കഴിവുകളുണ്ട്. ചിലർക്ക് കൂടുതലായിരിക്കും. ചിലർക്കു കുറവും. അതെന്തായാലും സംഗീതം എല്ലാവർക്കും ജീവിതത്തിൽ നേട്ടമേ നൽകൂ. സംഗീതത്തിൽ കുറഞ്ഞ കഴിവുള്ള കുട്ടികളിലും രക്ഷകർത്താക്കളുടെ പങ്കാളിത്തം മൂലം വ്യത്യാസങ്ങൾ വരും. പ്രത്യേകിച്ച് നന്നേ ചെറുപ്പമായിരിക്കുമ്പോൾ രക്ഷകർത്താക്കളുടെ ഇടപെടൽ കുട്ടികളെ നിർണായകമായി സ്വാധീനിക്കും. കുട്ടികളെ സംഗീത തൽപരരാക്കാൻ രക്ഷകർത്താക്കൾക്ക് പ്രത്യേക പരിശീലനമോ സംഗീതകഴിവോ ആവശ്യമില്ല.

സംഗീതത്തിൽ മികവ് കാണിക്കുന്നവരിൽ പിന്നീട് നടത്തിയപഠനങ്ങൾ തെളിയിക്കുന്നത് അവരുടെ വളർച്ചയിൽ രക്ഷകർത്താക്കളുടെ പങ്കാണ്. അതായത് മിടുക്കരായ സംഗീതകാരന്മാരുടെ രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികൾ വളരെ ചെറുതായിരുന്നപ്പോൾ പാട്ടുകൾ പാടിക്കൊടുത്തിരുന്നു. കുട്ടികളെ അവരുടെ ശബ്ദം റെക്കോഡ് ചെയ്ത് കേൾപ്പിച്ചുകൊടുത്തിരുന്നു. കുടുംബം ഒന്നടങ്കം കച്ചേരി, സംഗീത പരിപാടികൾ എന്നിവയ്ക്ക് പോയിരുന്നു. കുട്ടിയായിരുന്നപ്പോൾ സംഗീതകളിപ്പാട്ടങ്ങൾ നൽകി. വ്യത്യസ്തമായ സംഗീതം, സംഗീത ഉപകരണങ്ങൾ എന്നിവയുമായി പരിചയപ്പെടുത്തിക്കൊടുത്തു.

## വാദ്യോപകരണങ്ങൾ പഠിക്കുന്നതിൽ

വാദ്യോപകരണങ്ങൾ തിരഞ്ഞെടുക്കുന്നതിലും പഠിക്കുന്നതിലും മാതാപിതാക്കൾക്ക് കുട്ടികളെ സഹായിക്കാനാവും. ഇഷ്ടപ്പെടുന്ന് ശബ്ദം, ഈണം എന്നിവയ്ക്ക് അനുസരിച്ച്

നിങ്ങളുടെ കൗമാര പ്രായക്കാരനായ മകനോ മകളോ സംഗീതത്തിൽ അത്യധികം താൽപര്യം കാണിക്കാറുണ്ടോ? ഉണ്ടെങ്കിൽ അവരുടെ സംഗീതവാസനയും താൽപര്യവും പ്രോത്സാഹിപ്പിക്കുക തന്നെ വേണം. അവരുടെ താൽപര്യവും കഴിവും വികസിപ്പിക്കാനുള്ള ചില വഴികൾ:

**1. എല്ലാത്തരം സംഗീതവുമായി പരിചിതരാക്കുക:**

നമ്മുടെ പരിചിതവൃത്തത്തിനു പുറത്തുള്ള എല്ലാത്തരം സംഗീതവും കേൾക്കാൻ നിർബന്ധിക്കുക. ക്ലാസിക്, കർണാടിക്, പോപ്പ്, നാടൻപാട്ടുകൾ, ജാസ്, പാശ്ചാത്യം എന്നിങ്ങനെ എന്തുമാവട്ടെ, കൗമാരക്കാർക്ക് അത് പരിചിതമാക്കുക.

**2. ലൈവ് സംഗീത പരിപാടിയിൽ പങ്കെടുപ്പിക്കുക:**

മകനെ/മകളെ ലൈവ് സംഗീതപരിപാടി ആസ്വദിക്കാനായി പുറത്തുകൊണ്ടുപോവുക. അവരോട് തന്നെ പരിപാടികൾ തെരഞ്ഞെടുക്കാൻ ആവശ്യപ്പെടുക.

**3. പങ്കെടുപ്പിക്കുക:**

കുട്ടികളോട് സ്കൂൾ കോറസിലോ ബാൻഡിലോ പങ്കെടുപ്പിക്കാൻ ആവശ്യപ്പെടുക. പള്ളികളിലുള്ള സംഗീത കൂട്ടായ്മ, ഭജനകൾ എന്നിവയിൽ പങ്കെടുക്കുന്നതിൽ നിന്ന് കുട്ടികളെ നിരുത്സാഹപ്പെടുത്തുകയല്ല വേണ്ടത്. അത് അവരുടെ ഇഷ്ടങ്ങളെ ബലപ്പെടുത്തും. ഒപ്പം കഴിവ് പരീക്ഷിക്കാൻ അവസരം നൽകും.

**4. യാത്രയ്ക്ക് സംഗീതം:**

നിങ്ങൾ കാറിൽ യാത്ര ചെയ്യുകയാണെങ്കിൽ കേൾക്കാനുള്ള സംഗീതം തിരഞ്ഞെടുക്കാൻ കുട്ടികൾക്ക് അവസരം കൊടുക്കുക.

**5. കൊച്ചു സംഗീതാധ്യാപകർ:**

നിങ്ങളുടെ കൗമാരക്കാരനായ മകനെ/മകളെ വളരെ കൊച്ചു കുട്ടികളെ സംഗീതം പഠിപ്പിക്കാനും അത് പറഞ്ഞുകൊടുക്കാനുമുള്ള അവസരം നൽകണം. ഉദാഹരണത്തിന് അവധിക്കാല ക്ലാസുകൾ, പള്ളിയിലെ സംഗീതം എന്നിവ പഠിപ്പിക്കാൻ അല്ലെങ്കിൽ ഒരു കൊച്ചുകൂട്ടുകാരുടെ സംഘത്തെ നയിക്കാൻ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**6. സംഗീതകേന്ദ്രങ്ങൾ/ സ്ഥാപനങ്ങൾ സന്ദർശിക്കുക:**

നിങ്ങളുടെ സ്ഥലത്തുള്ള സംഗീത സ്ഥാപനങ്ങൾ, സംഗീത മ്യൂസിയങ്ങൾ എന്നിവയിൽ മക്കളെ കൂട്ടിക്കൊണ്ടു പോവുക. പുരാതന, മധ്യകാല സംഗീതഉപകരണങ്ങൾക്കൊപ്പം ആധുനികമായതും കാണിച്ചുകൊടുക്കുകയും അതിന്റെ ഉപയോഗം മനസിലാക്കികൊടുക്കുകയും ചെയ്യണം.

**7. സംഗീതഅധ്യാപകരുടെ നിലവാരം:**

നിങ്ങളുടെ കുട്ടി/ കൗമാരക്കാരൻ അവരുടെ സംഗീത അധ്യാപകരിൽ സംതൃപ്തരാണോ എന്ന് അന്വേഷിക്കണം. നിങ്ങളുടെ കുട്ടിയുടെ താൽപര്യവും കഴിവും മനസ്സിലാക്കാനും പ്രോത്സാഹിപ്പിക്കാനും പറ്റുന്നയാളാകണം അധ്യാപകൻ.

**8. അഭിപ്രായം ചോദിക്കുക:**

നിങ്ങളുടെ മകൻ/മകളോട് അവർ കണ്ട സംഗീത പരിപാടിയെപ്പറ്റിയും പുതുതായി ഇറങ്ങിയ സീഡികളെപ്പറ്റിയും അഭിപ്രായം ആരായുക. അതുപോലെ തന്നെ തങ്ങൾക്ക് പരിചിതമായ മ്യൂസിക്, സംഗീത പരിപാടി, സിഡികൾ എന്നിവയെപ്പറ്റി പത്രങ്ങളിലും ആനുകാലികങ്ങളിലും വരുന്ന വിമർശനം/റിവ്യൂ എന്നിവ വായിക്കാൻ ആവശ്യപ്പെടുക. അതിലെ നിലപാടുമായി മക്കൾ യോജിക്കുന്നുവോ എന്ന് ആരായുക.

**9. സ്കൂൾ പഠനം:**

നിങ്ങളുടെ കുട്ടിയുടെ സംഗീതാഭിരുചി വികസിപ്പിക്കാനുള്ള അവസരം സ്കൂളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം. ഇതിനായി സ്കൂൾ അധികൃതരുമായി ചർച്ചയും സഹകരണവും വേണം. അത്തരം അവസരമുണ്ടെങ്കിൽ സ്കൂൾ പഠനം സന്തോഷകരമായ അനുഭവമായി മാറും.

www.malankaralibrary.com

വാദ്യോപകരണങ്ങൾ തിരഞ്ഞെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം (ഇഷ്ടപ്പെട്ട ശബ്ദം പുറപ്പെടുവിക്കുന്ന ഉപകരണ ങ്ങളിലാണ് കൂടുതൽ പേരും വൈദഗ്ധ്യം തെളിയിക്കുക എന്നതാണ് ഗവേഷണങ്ങൾ കാണിക്കുന്നത്).

അവരുടെ പരിശീലനവും പ്രകടനവും റെക്കോർഡ് ചെയ്യുകയും അത് കാണുകയും ചെയ്യണം. ഗൃഹപാഠങ്ങൾ ചെയ്യുന്നതിലും പരിശീലിക്കുന്നതിലും മേൽനോട്ടവും മാർഗനിർദ്ദേശവും നൽകണം.

## ആശയവിനിമയവും പിന്തുണയും

നിങ്ങളുടെ കുട്ടികളോട് സംഗീതത്തെപ്പറ്റി സംസാരിക്കുക. സംഗീതാഭിരുചി വളർത്തണമെങ്കിൽ പഠിക്കാനും പരിശീലിക്കാനും തയ്യാറാകണമെന്ന് ബോധ്യപ്പെടുത്തുക. അതിന്റെ ഗുണങ്ങൾ വിശദീകരിച്ചുകൊടുക്കുക. അധ്യാപകർ വരുമ്പോൾ കുട്ടികൾ ഒഴിഞ്ഞുമാറാനുള്ള പ്രവണത കാട്ടുന്നുണ്ടോയെന്ന് നിരീക്ഷിക്കണം. ഇതിലൂടെ കുട്ടിയുടെ താൽപര്യം മനസ്സിലാക്കാനാവും.

എന്നാൽ കൂടുതൽ പരിശീലനം നൽകുന്നത് കുട്ടികളെ മടുപ്പിക്കും. പക്ഷേ പരിശീലനം മാത്രമേ നിങ്ങളെ മികവുള്ളതാക്കൂ എന്ന് പറഞ്ഞ് കുട്ടിയെ പ്രോത്സാഹിപ്പിക്കണം. കുട്ടിക്ക് സ്വന്തം കഴിവിൽ ആത്മവിശ്വാസക്കുറവ് തോന്നുന്ന അവസരങ്ങളിൽ അത് വീണ്ടെടുക്കാൻ സഹായിക്കണം. ഈ അവസരത്തിൽ നിങ്ങളുടെ പിന്തുണ വളരെ പ്രധാനമാണ്.

## സംഗീതം നൽകുന്ന സന്തോഷം

ഒരിക്കലും സംഗീതപഠനത്തിന് കുട്ടിയെ നിർബന്ധിക്കരുത്. കുട്ടിക്ക് താൽപര്യമില്ലാത്ത അവസ്ഥയിൽ സംഗീത പഠനത്തിന് അമിതമായി നിർബന്ധിക്കുന്നത് വിപരീതഫലമേ ഉളവാക്കൂ. സംഗീത ഉപകരണം അഭ്യസിക്കുക എന്നത് പ്രാഥമികമായി ആഹ്ലാദകരമായ അനുഭവമായിരിക്കണം. കുട്ടിയെ സംഗീതം സന്തോഷിപ്പിക്കുന്നില്ലെങ്കിൽ ചിലപ്പോൾ സംഗീതം കുട്ടിയുടെ വഴിയായിരിക്കില്ല.

സംഗീതപഠനം തുടങ്ങുന്നതിന് കുട്ടികൾക്ക് കൃത്യമായ പ്രായമില്ല. രക്ഷകർത്താക്കളെന്ന നിലയിൽ കുട്ടി സംഗീതം അഭ്യസിക്കാറായോ എന്ന് നിങ്ങൾ തന്നെയാണ് തീരുമാനിക്കേണ്ടത്. ഈ തീരുമാനമെടുക്കുന്നതിന് മുമ്പ് കുട്ടിയെ നന്നായി നിരീക്ഷിക്കുകയും മനസ്സിലാക്കുകയും വേണം.

*തയാറാക്കിയത്:* **ജാസ്മിൻ ജേക്കബ്**

SFM

smartfamily09@gmail.com



# സംഗീതഉപകരണങ്ങൾ തെരഞ്ഞെടുക്കുമ്പോൾ

സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യാനാവുക സംതൃപ്തിതരുന്ന കാര്യമാണ്. അത് മികവിന്റെ ലക്ഷണവുമാണ്. പക്ഷേ, കുട്ടിക്ക് സംഗീത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് മുമ്പ് ചില കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ട്. കുട്ടിയുടെ താൽപര്യം അറിയുകയാണ് അതിൽ ഏറ്റവും പ്രധാനം.

*വിവിധ തരം സംഗീത ഉപകരണങ്ങൾ പരിചയപ്പെടുത്തുക. അതായത് ഓടക്കുഴൽ, ഹാർമോണിയം, വീണ, ഗിറ്റാർ എന്നിങ്ങനെ വിവിധതരം സംഗീത ഉപകരണങ്ങൾ കുട്ടിക്ക് പരിചയപ്പെടുത്തണം.

* പ്രാദേശിക സംഗീത സംഘങ്ങൾ, ഗാനമേള, ഓർക്കസ്ട്ര എന്നിവയ്ക്ക് സംഗീതത്തെക്കുറിച്ച് അറിവുള്ള സുഹൃത്തിനൊപ്പം വിടുക. അവിടെ കണ്ടതും കേട്ടതുമായ കാര്യങ്ങളെപ്പറ്റി കുട്ടിയോട്സംസാരിക്കുകയും ചോദിച്ചറിയുകയും ചെയ്യുക.

*ഓരോ സംഗീതഉപകരണത്തിൽ നിന്നും പൊഴിയുന്ന സംഗീതം എങ്ങനെയുള്ളതാണെന്ന് വ്യക്തമാക്കണം. ഒപ്പം അതിൽ ചില ശകലങ്ങൾ കേൾപ്പിച്ച് കൊടുക്കുകയും ചെയ്യുക.

*കുട്ടിയുടെ ശാരീരികമായ പരിമിതികൾ അറിഞ്ഞുവേണം സംഗീത ഉപകരണങ്ങൾ പരിചയപ്പെടുത്താൻ. പല കുട്ടികൾക്കും ശാരീരികമായ ചില പരിമിതികളുണ്ടായിരിക്കും. ഉദാഹരണത്തിന് വളരെ പൊക്കം കുറഞ്ഞ ഒരു കുട്ടിക്ക് ചെണ്ട പോലുള്ള വാദ്യോപകരണം വായിക്കുക എളുപ്പമാവില്ല. സാക്സോഫോൺ പോലുള്ള ഒരു സംഗീത ഉപകരണം എടുത്തുയർത്താനുള്ള ശാരീരികശേഷി ചിലർക്കുണ്ടാവില്ല. അത് കൃത്യമായി തിരിച്ചറിഞ്ഞുവേണം സംഗീത ഉപകരണങ്ങൾ തെരഞ്ഞെടുത്തു നൽകേണ്ടത്.

*ഒരു നല്ല പ്രൊഫഷണൽ സംഗീതകാരന് കഴിവ് എളുപ്പം മനസ്സിലാകും. അതുകൊണ്ട് തന്നെ കുട്ടിയുടെ താൽപര്യത്തെപ്പറ്റി പ്രൊഫഷണൽ സംഗീതകാരനോട് അഭിപ്രായങ്ങൾ തേടുക.

*സംഗീത ഉപകരണങ്ങൾക്ക് ഒരു ബജറ്റ് നിശ്ചയിക്കണം. എല്ലാവർക്കും എല്ലാ സംഗീത ഉപകരണങ്ങളും മേടിക്കാനാവില്ല. ചിലതിന് വലിയ തുകയാവും. ചില സംഗീത ഉപകരണത്തിൽ പരിശീലിക്കാനും കൂടുതൽ പണം ആവശ്യമായി വരും. അതുകൊണ്ട് തന്നെ ഇക്കാര്യത്തിൽ തങ്ങളുടെ സാമ്പത്തിക സ്ഥിതിയുമായി ഒത്തുപോകുന്ന ഒരു ബജറ്റ് നിശ്ചയിക്കുക. സ്കൂളിലും മറ്റും ആവശ്യത്തിന് സംഗീത ഉപകരണങ്ങൾ ഉണ്ടായിക്കൊള്ളണമെന്നില്ല. ഇത്തരം സാഹചര്യത്തിൽ നമ്മൾ അത് മേടിച്ചുകൊടുക്കേണ്ടി വരും. അതിനുള്ള സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണവേണം.

*നിങ്ങളുടെ ജീവിതസാഹചര്യങ്ങൾക്കനുസരിച്ചുള്ളതാവണം സംഗീത ഉപകരണങ്ങൾ. നിങ്ങൾ ഇടുങ്ങിയ മുറിയിലും സൗകര്യത്തിലും ജീവിക്കുന്ന ഒരാളാണെന്ന് കരുതുക. ഗ്രാൻഡ് പിയാനോ പോലുള്ള വലിയ സംഗീത ഉപകരണങ്ങൾ അവിടെ സ്ഥാപിക്കുക സാധ്യമാവില്ല. ഇവിടെ ഓടക്കുഴൽ, ഗിറ്റാർ എന്നിവയാകും ഉപയോഗപ്രദം.

*സാമൂഹ്യമായ തലം പരിഗണിക്കണം. ബാൻഡ്, ഓർക്കസ്ട്ര എന്നിവ പലർ ചേർന്ന്, ഒരുമിച്ച് നടത്തുന്നവയാണ്. ഇവിടെ സാമൂഹികമായ ഒരുമയും പങ്കാളിത്തവും സാധ്യമാകും. എന്നാൽ പിയാനോ പോലുള്ള സംഗീത ഉപകരണങ്ങൾക്ക് സാമൂഹികമായ കൂട്ടായ്മ ആവശ്യമില്ല. ഒരാൾ തനിച്ചാണ് ഇത് വായിക്കുക. പലർക്കൊപ്പം ഇടപഴകുന്നതാണ് കുട്ടിയുടെ മാനസിക വളർച്ചയ്ക്ക് നല്ലതെങ്കിൽ കൂട്ടായ്മ സാധ്യമാകുന്ന സംഗീത സംവിധാനത്തിൽ പങ്കെടുപ്പിക്കുകയാണ് നല്ലത്. തിരഞ്ഞെടുക്കേണ്ടത് കുട്ടിയ്ക്ക് ആനന്ദം നൽകുന്നതായിരിക്കണം.

www.malankaralibrary.com





# അധ്യാപകരും പരിശീലനവും

**സെബി നായരമ്പലം**
സി എ സി കൊച്ചി

**കുട്ടികൾക്കായി നല്ല സംഗീതഅധ്യാപകരെ തെരഞ്ഞെടുക്കാം. അധ്യാപകനുമായി വിശദമായി അഭിമുഖം നടത്തണം. അവരുടെ യോഗ്യതകൾ, പരിചയസമ്പത്ത്, ഫീസ്, നയങ്ങൾ, പഠനരീതികൾ മറ്റ് സേവനങ്ങൾ എന്നിവയെപ്പറ്റി വിശദമായി ചോദിച്ചറിയാം.**

സംഗീതം പഠിക്കുന്നതിൽ രണ്ട് പ്രധാന ഘടകങ്ങളുണ്ട്. അതിൽ ആദ്യത്തേത് ഒരു നല്ല സംഗീത അധ്യാപകനെ തെരഞ്ഞെടുക്കലാണ്. രണ്ടാമത്തേത് പരിശീലനവും.

ഒരു സംഗീതഅധ്യാപകനെ തെരഞ്ഞെടുക്കുക എന്നത് ഒരു സംഗീത ഉപകരണം തെരഞ്ഞെടുക്കുന്നതുപോലെയുള്ള കൃത്യമാണ്. അവിടെ നല്ലതും ചീത്തയുമുണ്ടാകും. ഏതാണ്ട് ഉചിതമായതെന്ന് നിങ്ങൾക്ക് സ്വയം അറിയില്ല.

നല്ല അധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള ചില മാർഗനിർദ്ദേശങ്ങൾ ഇതാണ്.

**അഭിപ്രായങ്ങൾ ആരായുക:**

നിങ്ങൾക്ക് വിശ്വസിക്കാനാവുന്ന കുടുംബാംഗങ്ങൾ സുഹൃത്തുക്കൾ എന്നിവരോട് വേണം നല്ല സംഗീത അധ്യാപകനെപ്പറ്റി അന്വേഷിക്കേണ്ടത്.

**അധ്യാപകനുമായി കൂടിക്കാണുക:**

അധ്യാപകനുമായി വിശദമായി അഭിമുഖം നടത്തണം. അവരുടെ യോഗ്യതകൾ, പരിചയസമ്പത്ത്, ഫീസ്, നയങ്ങൾ, പഠനരീതികൾ മറ്റ് സേവനങ്ങൾ എന്നിവയെപ്പറ്റി വിശദമായി ചോദിച്ചറിയാം.

**കുട്ടിക്കൊപ്പം ഇരിക്കുക:**

പഠനസമയത്ത് കുട്ടിക്കൊപ്പം ഇരിക്കുന്നത് അധ്യാപകനും കുട്ടിയുമായുള്ള ബന്ധവും, അവരുടെ പരിശീലനം എങ്ങനെയുള്ളതാണെന്നും മനസ്സിലാക്കാൻ സഹായകമാകും.

**ബജറ്റിനെപ്പറ്റിചിന്തിക്കുക:**

ചില അധ്യാപകർ കുറഞ്ഞ ഫീസേ മേടിക്കൂ. എന്നാൽ നല്ല അധ്യാപകർ ഉയർന്ന നിരക്ക് ആവശ്യപ്പെടും.
നിങ്ങളുടെ സാമ്പത്തിക സ്ഥിതിയും വാർഷിക ബജറ്റും നോക്കി വേണം

www.malankaralibrary.com



# മ്യൂസിക്: ജോലി സാധ്യതകൾ

വളരെ ചെറുപ്പത്തിലെ കുട്ടികളുടെ ഭാവി കരിയറിനെക്കുറിച്ച് ചിന്തിക്കുന്നതും ചർച്ചചെയ്യുന്നതും നല്ലതാണ്. എന്നാൽ അവരുടെ കഴിവുകളും കരിയറുമായി ചെറുപ്പത്തിലെ തന്നെ ബന്ധിപ്പിക്കണമെന്നില്ല. കുട്ടിയുടെ താൽപര്യം എന്താണെന്നറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. അവരുടെ ഓരോ കഴിവിനനുസരിച്ചുള്ള കരിയറുകളെ അവർക്ക് പരിചയപ്പെടുത്തുകയാണ് വേണ്ടത്. പലപ്പോഴും ഒരു ജോലി വിജയപ്രദമായി നടത്താൻ ഒന്നിലേറെ കഴിവുകൾ ആവശ്യമായി വരും. ഓരോ കരിയറിനും ആവശ്യമായ കഴിവുകളെക്കുറിച്ച് അവരോട് ചർച്ചചെയ്യുന്നതും നല്ലതാണ്. കുട്ടി സംഗീതത്തിൽ താൽപര്യം കാണിക്കുന്നു എങ്കിൽ സന്തോഷിക്കുക. കാരണം സംഗീതതൽ പരരായവർക്ക് മുന്നിൽ ഒത്തിരിയേറെ അവസരങ്ങൾ കിടപ്പുണ്ട്. മറ്റേതൊരു തൊഴിൽമേഖലയിലേതിനേക്കാൾ പണവും പ്രശസ്തിയും സംഗീതത്തിലൂടെ നേടാനാവും.

**പ്രധാന തൊഴിൽ അവസരങ്ങൾ:**

.മ്യൂസിഷ്യൻ
.സംഗീത സംവിധായകൻ
.ഗായകൻ
.സംഗീത അധ്യാപകൻ
.സംഗീത വിമർശകൻ
.പിയാനോ ട്യൂണർ
.സംഗീത ഉപകരണങ്ങൾ നിർമിക്കുന്നയാൾ
.ഗാനരചയിതാവ്
.സൗണ്ട് റെക്കോഡിസ്റ്റ്
.മ്യൂസിക് കണ്ടക്ടർ
.മ്യൂസിക് തെറാപിസ്റ്റ്
.ഡിസ്ക് ജോക്കി

ചെറുപ്പത്തിലേ സംഗീത അഭിരുചി കാട്ടിയ മകന് സംഗീത സംവിധായകനായ ആർ.കെ.ശേഖർ കീബോർഡ് നൽകി പരിശീലനം നൽകിയതാണ് എ.ആർ.റഹ്മാൻ എന്ന വലിയ സംഗീതകാരന്റെ വളർച്ചയുടെ തുടക്കം എന്നത് എല്ലാവരും ഓർമിക്കേണ്ടതുണ്ട്.

അധ്യാപകനെ നിയോഗിക്കാൻ.

## പരിശീലനം ആസ്വാദ്യകരമാക്കാൻ

സത്യത്തിൽ മിക്കവർക്കും 'എല്ലാ ദിവസവും സംഗീത ഉപകരണം പരിശീലിക്കുക' എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായി തോന്നും. 'പരിശീലനം' എന്ന വാക്കിനോട് പോലും പലർക്ക് ഇഷ്ടക്കേടുണ്ട്. എന്നാൽ, പല അധ്യാപകർക്കും വിരസത മാറ്റി പഠനം സന്തോഷകരമാക്കാനുള്ള വിദ്യകൾ അറിയാം. അധ്യാപകനെകൂടാതെ രക്ഷകർത്താവിനും മാതാപിതാക്കൾക്കും കുട്ടിയുടെ സംഗീത ഭാവി നിശ്ചയിക്കുന്നതിൽ നിർണ്ണായക പങ്കുണ്ട്.

പരിശീലനസമയം കൂടുതൽ രസകരമാക്കാൻ ചില നടപടികളിലൂടെ കഴിയും.

**1. പരിശീലനം ദിനചര്യയുടെ ഭാഗം.**

കുട്ടിക്കൊപ്പമിരുന്ന് എപ്പോഴാണ് സംഗിത പരിശീലനത്തിന് പറ്റിയ സമയമെന്ന് അറിയുക. കുട്ടിയുടെ താൽപര്യത്തിന് തന്നെ മുൻതൂക്കം നൽകുക. അവരെ നിർബന്ധിച്ച് ചെയ്യിക്കുന്നതായി തോന്നരുത്. പരിശീലനത്തിനുശേഷം അൽപം നേരം കളിക്കാനും വിശ്രമിക്കാനും അനുവദിക്കുന്നത് നല്ലതായിരിക്കും.

**2. ദൈർഘ്യമരുത്:**

വളരെ ചെറിയ കുട്ടികളെ സംബന്ധിച്ച് അരമണിക്കൂറിൽ താഴെമാത്രം മതി ദിവസമുള്ള പരിശീലന സമയം. ചെറിയ കുട്ടികൾക്ക് ദീർഘനേരം ക്ഷമയോടെ ഇരുന്ന് ഒരു കാര്യത്തിൽ മാത്രം ശ്രദ്ധചെലുത്താൻ സാധ്യമല്ല. അതേ സമയം കുട്ടികൾ സംഗീതത്തിൽ കൂടുതൽ താൽപര്യം കാട്ടുന്നുവെങ്കിൽ കൂടുതൽ സമയം നൽകുന്നത് നല്ലതാണ്.

**3. അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം**

അഭിനന്ദന വാക്കുകൾ കുട്ടികളെ പ്രചോദിപ്പിക്കും. നന്നായി ചെയ്തു എന്ന അർത്ഥത്തിൽ ഒരു ചെറിയ പുഞ്ചിരിയും കെട്ടിപ്പിടുത്തവും എന്നിവയൊക്കെ കുട്ടിയെ സംബന്ധിച്ച് വലിയ കാര്യങ്ങളാണ്.

**4. പരിശീലനം ആഹ്ലാദകരമാക്കുക**

ഒരിക്കലും പരിശീലന സമയം ശിക്ഷയായി കുട്ടിക്ക് തോന്നരുത്. അത് സംഗീതത്തെ വെറുക്കുന്നതിലേക്ക് കുട്ടിയെ നയിക്കും. പകരം നിങ്ങൾ നൽകുന്ന പിന്തുണയും ഉത്സാഹവും കൊണ്ട് പരിശീലന സമയം രസകരമാക്കണം. സംഗീതമെന്നത് സന്തോഷിക്കാനുള്ളതാണ്.

**5. പരിശീലനത്തിന് പറ്റിയ ഇടം കണ്ടെത്തുക**

കുട്ടിയുടെ ഇരിപ്പിടം നല്ലതാണോ? മുറിയിൽ ആവശ്യത്തിന് വെളിച്ചമുണ്ടോ? ആവശ്യത്തിന് ജനലുകളും വാതിലുകളുമുണ്ടോ? കുട്ടിക്ക് സംഗീതം അഭ്യസിക്കുന്ന ഇടം സുഖകരമായ അനുഭവവും സ്വാസ്ഥ്യവും പകരുന്നുണ്ടോ? തുടങ്ങിയ കാര്യങ്ങൾ നിങ്ങൾ അന്വേഷിച്ചറിയണം. കുട്ടിയുടെ സംഗീതാഭ്യസനം തടസ്സപ്പെടുത്തുന്ന ഒന്നും അവിടെ ഉണ്ടാകരുത്.

അതുപോലെ കാലാവസ്ഥകളുടെ വ്യത്യാസവും തിരിച്ചറിയണം. വേനൽക്കാലത്ത് അന്തരീക്ഷത്തിന്റെ ചൂട് കൂടുതലായിരിക്കും. ഈ സമയത്ത് ചൂട് കുറഞ്ഞിരിക്കുന്ന രാവിലെയും വൈകിട്ടും സംഗീതപരിശീലന സമയം നിശ്ചയിക്കുന്നതാവും നല്ലത്. തണുപ്പ് കാലത്ത് അന്തരീക്ഷം ചൂടുള്ളതായിരിക്കുന്ന ഉച്ചതിരിഞ്ഞ നേരമാവും പരിശീലനത്തിനു നല്ലത്.

**6. സംഗീത അധ്യാപകനോട് സംസാരിക്കുക.**

നിങ്ങളുടെ കുട്ടിക്ക് തനിച്ചുള്ള പരിശീലനമാകാം. അല്ലെങ്കിൽ ഗ്രൂപ്പിലുള്ള പരിശീലനമാകാം അധ്യാപകൻ നൽകുന്നത്. എന്തായാലും അധ്യാപകരുമായി സംസാരിക്കണം. ഏതൊക്കെ മേഖലയിലാണ് കുട്ടി മെച്ചപ്പെടേണ്ടത് എന്നറിയണം. അവരുടെ രീതികളും താൽപര്യങ്ങളും അധ്യാപകരോട് ചോദിച്ച് മനസ്സിലാക്കണം. SFM

smartfamily09@gmail.com

www.malankaralibrary.com



# പാട്ടിനൊപ്പം വളർന്ന് അൽക്ക അജിത്

അൽക്കാ അജിത്ത്

Photo - Sasi Kayyur

www.malankaralibrary.com



രണ്ടരവയസ്സുമുതൽ പാടിത്തുടങ്ങി. പത്താം വയസ്സിനുള്ളിൽ അയ്യായിരത്തോളം പാട്ടുകൾ പാടി ലിംകാ ബുക്ക് ഓഫ് റിക്കോർഡിൽ ഇടം നേടി. 10 ഭാഷകളിലായി 500ൽ പരം സ്റ്റേജുകളിൽ പാടിയ പ്രായം കുറഞ്ഞ ഗായികയെന്ന നേട്ടവും ഈ പതിനാലുകാരിക്ക് സ്വന്തം. വിജയ് ടി. വി 15 വയസിൽ താഴെയുള്ള ഗായകരെ കണ്ടെത്താൻ നടത്തിയ എയർടെൽ സ്റ്റാർസിംഗർ 2010 റിയാലിറ്റി ഷോയിൽ ഒന്നാം സ്ഥാനം നേടിയതാണ് ഒടുവിലത്തെ നേട്ടം.

ഷിജിത്ത് കാട്ടൂർ

പാട്ടിനോട് എന്നുമുതൽ താൽപര്യം തോന്നിയെന്ന ചോദ്യം അൽക്കാഅജിത്തിനെ സംബന്ധിച്ച് അപ്രസക്തമാണ്. മറിച്ച് പാട്ട് അൽക്കയുടെ ശരീരത്തിന്റെ ഏത് ഭാഗമാണെന്ന് ചോദിക്കുന്നതായിരിക്കും കൂടുതൽ നല്ലത്. കാരണം തലശ്ശേരി സ്വദേശിനിയായ അൽക്കക്ക് സംഗീതം മനസ് പോലെയോ ശരീരത്തിന്റെ ഒരു ഭാഗം പോലെയോ ആണ്. അതുകൊണ്ട് തന്നെ എന്നു മുതലാണ് സംഗീതത്തെ സ്നേഹിച്ച് തുടങ്ങിയതെന്ന് അൽക്കക്ക് അറിയില്ല. ചെറിയ കുഞ്ഞായിരിക്കുമ്പോൾ തന്നെ പാട്ട് കേട്ട് വളർന്ന അൽക്കയിൽ സംഗീതം ഒപ്പമുണ്ടായിരുന്നു.

കരയുമ്പോൾ കരച്ചിലടക്കാൻ മാതാപിതാക്കൾ പാട്ട് കേൾപ്പിച്ചു കൊടുക്കും. പിന്നീട് അത് ശീലമായി. പാട്ടിനൊപ്പം വളർന്ന അൽക്ക സംഗീത ലോകത്ത് രണ്ടര വയസിൽ അരങ്ങേറ്റം കുറിച്ചു. കാർഗിൽ ജവാൻമാരുടെ സ്മരണക്കായി തലശ്ശേരി ഐ.എം.എ ഹാളിൽ സംഘടിപ്പിച്ച ഒരു സംഗീത പരിപാടിയിലായിരുന്നു അത്.

അൽക്കയിൽ ഒരു ഗായികയുണ്ടെന്ന് പലർക്കും ബോധ്യപ്പെട്ടത് അന്നായിരുന്നു. അന്ന് തന്നെ തന്റെ ആദ്യഗാനത്തിലൂടെ സംഗീതമാണ് തന്റെ മേഖലയെന്ന് ഈ കൊച്ചുമിടുക്കി തെളിയിച്ചു. ആദ്യം പാടിയ ഹിന്ദി ഗാനത്തിനുശേഷം, പത്തു വയസിനുള്ളിൽ അയ്യായിരത്തോളം പാട്ടുകൾ പാടി ലിംകാ ബുക് ഓഫ് വേൾഡ് റിക്കോർഡിൽ സ്ഥാനം നേടുകയും ചെയ്തു.

സംഗീതം ആസ്വദിക്കുന്നതിന് ഭാഷ ഒരു തടസമേയല്ലെന്ന് അൽക്ക തെളിയിക്കുന്നത് അനുഭവത്തിലൂടെയാണ്. കാരണം ബംഗാളി, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ, മലയാളം, ഉറുദു, ഇംഗ്ലീഷ്, ഫ്രഞ്ച്, അറബിക്, ചൈനീസ് ഭാഷകളിലായി അയ്യായിരത്തിൽപ്പരം ഗാനങ്ങളാണ് അൽക്ക ആലപിച്ചത്. ഈ ഗാനങ്ങൾ മന:പാഠമാക്കിയാണ് ആലപിച്ചതെന്ന പ്രത്യേകതയുമുണ്ട്. അച്ഛന്റെ ശിക്ഷണത്തിലാണ് അൽക്ക ആദ്യമായി സംഗീതത്തെ അറിഞ്ഞതും പഠിച്ചതും. 10 ഭാഷകളിൽ 500ൽ പരം സ്റ്റേജുകളിൽപാടിയ ഏറ്റവും പ്രായം കുറഞ്ഞ ഗായികയെന്ന അപൂർവ നേട്ടവും അൽക്കയ്ക്ക് സ്വന്തം.

ചലചിത്രപിന്നണി ഗായിക ചിത്രയുടെ ട്രൂപ്പിൽ ആറ് വർഷത്തോളം ഓർഗൻ വായിച്ചിരുന്ന അച്ഛൻ എം പി അജിത്ത് കുമാർ ഇപ്പോൾ വീട്ടിൽ തന്നെ അൽക്കാസ് ഡിജിറ്റൽ സ്റ്റുഡിയോ നടത്തുകയാണ്. അതിനാൽ തന്നെ സംഗീതത്തിൽ നിന്നുംമാറി നിൽക്കാൻ അൽക്കക്ക് കഴിയില്ലെന്നത് സ്വാഭാവികം. സംഗീത് സാഗർ എന്ന ഓർക്കസ്ട്രയുടെ സാരഥ്യവും നന്നേ ചെറുപ്പം മുതൽ തന്നെ അൽക്ക വഹിക്കുന്നുണ്ട്. അച്ഛൻ എം പി അജിത്ത് കുമാർ നാല് ഭാഷകളിലായി കമ്പോസ് ചെയ്ത ദേശഭക്തി ഗാനം അൽക്കയുടെ സംഗീത വഴിയിൽ ഏറെ തിളക്കം നൽകുന്നതായി. അൽക്ക തന്നെ പാടി അഭിനയിച്ച അയ്യപ്പ ഭക്തിഗാനവും പുറത്തിറങ്ങിയിട്ടുണ്ട്.

അന്തർദേശീയ തലത്തിൽ ഇതിനോടകം പതിനൊന്ന് അംഗീകാരങ്ങൾ നേടിയ അൽക്കക്ക് ഈ മേഖലയിൽ ഇനിയും ഉയരത്തിലെത്തണമെന്ന് തന്നെയാണ് ആഗ്രഹം. അന്തർദേശീയ അംഗീകാരങ്ങൾക്ക് പുറമെ ചെറുതും വലുതുമായ അഞ്ഞൂറിലേറെ അംഗീകാരങ്ങളും ഇതിനകം ലഭിച്ചിട്ടുണ്ട്.

യുനസ്കോയാണ് ആദ്യമായി അൽക്കയെ ഗോൾഡ്മെഡൽ നൽകി ആദരിച്ചത്. അപേക്ഷിക്കാതെ ക്ലബ് അധികൃതർ അൽക്കയെക്കുറിച്ച് അറിഞ്ഞ് അവാർഡിനായി തിരഞ്ഞെടുക്കുകയായിരുന്നു. ആദ്യം ലഭിച്ച ഈ പുരസ്കാരത്തിന് ഇരട്ടിമധുരമാണെന്നാണ് അൽക്കയുടെ അഭിപ്രായം.

ഏഷ്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ഗായികക്കുള്ള സ്റ്റേജ് പെർഫോമൻസ് അവാർഡും 2003ൽ രാഷ്ട്രപതിയുടെ സാന്നിധ്യത്തിൽ ഭാരതീയ ഗൗരവ് പുരസ്ക്കാരവും അൽക്ക കരസ്ഥമാക്കിയിട്ടുണ്ട്. 2003ലെ സൗപർണ്ണികാ തീരം മിനി സ്ക്രീൻ അവാർഡ്, മികച്ച ബാല ഗായികക്കുള്ള 2004ലെ എ.ടി ഉമ്മർ അവാർഡ്, ഇന്റർനാഷണൽ പോഗോ അമേസിങ്ങ് കിഡ്സ് അവാർഡ് തുടങ്ങി വിവിധങ്ങളായ നിരവധി അവാർഡുകൾ കരസ്ഥമാക്കിയ അൽക്ക സ്കൂൾ കലോൽസവങ്ങളിൽ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. അമ്മ സജിതയും സഹോദരനും കലാരംഗത്ത് പ്രവർത്തിക്കുന്നവരാണ്.

തമിഴ്നാട്ടിലെ ജനപ്രിയ ചാനലായ വിജയ് ടിവി 15 വയസിൽ താഴെയുള്ള ഗായകരെ കണ്ടെത്തുന്നതിനായി നടത്തിയ എയർടെൽ സ്റ്റാർസിംഗർ 2010 റിയാലിറ്റിഷോയിൽ ഒന്നാംസ്ഥാനം നേടിയതാണ് അൽക്കയുടെ സംഗീത ജീവിതത്തിലെ മറ്റൊരു പ്രധാന സംഭവം. തമിഴ് നാടിന് പുറമെ കേരളം, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നായി പതിനായിരത്തിൽപരം മത്സരാർത്ഥികളാണ് ഈ റിയാലിറ്റി ഷോയുടെ ടെസ്റ്റ് റൗണ്ടിൽ പങ്കെടുക്കാനെത്തിയത്. ഒരു വർഷം നീണ്ടുനിന്ന റിയാലിറ്റി ഷോയിൽ അൽക്ക എല്ലാവരെയും പിൻതള്ളി തമിഴ് മക്കളുടെ പ്രിയഗായികയായി മാറി.

ഇന്ന് തമിഴ് നാട്ടിൽ പതിനായിരക്കണക്കിന് ആരാധകരുള്ള കൊച്ചു പാട്ടുകാരിയാണ് അൽക്ക അജിത് എന്ന ഈ പതിനാല് വയസ്സുകാരി. സംഗീതത്തിൽ ഇനിയും ഉയരങ്ങൾ കീഴടക്കണമെന്നാണ് അൽക്കയുടെ ആഗ്രഹം. SFM

smartfamily09@gmail.com

www.malankaralibrary.com






Photo - Sreekumar

# കൊട്ടാരക്കര ഫാമിലി

ഒക്ടോബർ 18 കൊട്ടാരക്കര ശ്രീധരൻ നായരുടെ ചരമദിനം



കൊട്ടാരക്കര ശ്രീധരൻനായർ

മലയാള സിനിമാ ചരിത്രത്തിൽ ഒഴിച്ചുകൂടാനാവാത്ത പേരാണ് കൊട്ടാരക്കര ശ്രീധരൻനായരുടേത്. സിനിമയിലും നാടകത്തിലും ഒരുപോലെ പ്രാഗൽഭ്യം തെളിയിച്ച അഭിനയപ്രതിഭ. ചരിത്ര പുരുഷൻമാരെ മലയാളി പ്രേക്ഷകർക്കുമുന്നിൽ അനശ്വരനാക്കിയ അഭിനയചക്രവർത്തി. വേലുത്തമ്പി ദളവ, പഴശ്ശിരാജ പോലുള്ള കഥാപാത്രങ്ങളിലൂടെ എന്നും മലയാള മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ കൊട്ടാരക്കര ശ്രീധരൻനായർ. മകളും അഭിനേത്രിയുമായ ശോഭ മോഹനും ചെറുമകൻ വിനു മോഹനും അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകളിലൂടെ നടത്തുന്ന യാത്ര...

www.malankaralibrary.com



മോഹനൻ, വിനു മോഹൻ, ശോഭ മോഹൻ, അനു മോഹൻ

ഞങ്ങളുടെ ചെറുപ്പകാലത്തെ ഓർമ്മകളെല്ലാം അച്ഛനുമായി ബന്ധപ്പെട്ടായിരുന്നു. അച്ഛന്റെ സിനിമകളും സിനിമയിലെ കഥാപാത്രങ്ങളും എല്ലാം എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. സിനിമയെന്ന മായിക ലോകത്തിന് അപ്പുറം അച്ഛന് സിനിമയിൽ ലഭിച്ചിരുന്ന വേഷവും അതിനോട് അച്ഛൻ കാണിച്ചിരുന്ന വല്ലാത്ത അടുപ്പവുമൊക്കെയാണ് എന്നെ ആകർഷിച്ചിരുന്നത്. ചെറുപ്പത്തിൽ സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്കൂളിൽ വേലുത്തമ്പി ദളവ, പഴശ്ശിരാജ തുടങ്ങിയ ചരിത്ര പുരുഷൻമാരെക്കുറിച്ച് പഠിക്കുമ്പോൾ ഞങ്ങൾ സഹോദരിമാരുടെയൊക്കെ മനസ്സിൽ എന്നും ഓർമ്മ വരുന്ന രൂപം അച്ഛന്റേതായിരുന്നു. മറ്റ് കുട്ടികൾക്കും അറിയാവുന്ന വേലുത്തമ്പിദളവ അച്ഛൻ തന്നെയായിരുന്നു. ഇതിലൊക്കെ ഞങ്ങൾക്ക് വലിയ ആഹ്ലാദം ഉണ്ടായിരുന്നു.

അച്ഛൻ വീട്ടിലുണ്ടാവുന്നത് വലിയ ആഹ്ലാദമായിരുന്നു. സിനിമാ ഷൂട്ടിങ് കഴിഞ്ഞാൽ അച്ഛൻ നേരെ കൊട്ടാരക്കരയിലെ വീട്ടിലെത്തും. ചിലപ്പോൾ സിനിമയിലെ കഥാപാത്രത്തിന്റെ അതേ വേഷത്തിലൊക്കെ അച്ഛൻ വീട്ടിലേക്ക് വരുമായിരുന്നു. ഞാൻ തീരെ കുഞ്ഞായിരുന്ന സമയം ഒരു ദിവസം അച്ഛൻ യാചകൻ എന്ന സിനിമയുടെ ചിത്രീകരണത്തിനിടയിൽ വീട്ടിലെത്തി. വീട്ടിലെത്തിയത് അച്ഛനാണെന്ന് തിരിച്ചറിഞ്ഞില്ല. വഴിയിലെ കടയിലൊക്കെ കയറി പണം വാങ്ങിയാണ് അച്ഛൻ വീട്ടിലേക്ക് വരുന്നത്, വീട്ടിലെത്തി അമ്മയ്ക്കുമുന്നിൽ പണത്തിന് കൈനീട്ടി. കൈ കണ്ട് അമ്മ അച്ഛനെ തിരിച്ചറിഞ്ഞു. സിനിമയിൽ ഒരു വേഷം ചെയ്യുമ്പോൾ നൂറുശതമാനം ആ കഥാപാത്രമായി തീരാൻ അച്ഛനിലെ കലാകാരന് സാധിച്ചിരുന്നു. അതുപോലെ നാട്ടുകാരുമായി അദ്ദേഹം സ്ഥാപിച്ചിരുന്ന ബന്ധമാണ് എടുത്തുപറയേണ്ടത്. പണ്ടൊക്കെ ട്രെയിനിൽ കിടക്കാൻ കിടക്കയും തലയിണയും കൊണ്ടു പോവുമായിരുന്നു. മദ്രാസിലായിരുന്നല്ലോ മിക്കസിനിമയുടെയും ഷൂട്ടിങ്.

ഷൂട്ടിങ് കഴിഞ്ഞ് തിരിച്ചുവരുന്ന അച്ഛൻ റെയിൽവേ സ്റ്റേഷനിൽ എത്തിയാൽ പോർട്ടർമാർ പെട്ടിയും കിടക്കയും നേരത്തെ വീട്ടിലെത്തിക്കും. അച്ഛൻ അവിടെ സുഹൃത്തുക്കളുമായും നാട്ടുകാരുമായും ഒക്കെ വർത്തമാനം പറഞ്ഞ് പിന്നെയും രണ്ട് മണിക്കൂറെങ്കിലും കഴിഞ്ഞു മാത്രമേ വീട്ടിലെത്തുകയുള്ളൂ. കശുവണ്ടി ഫാക്ടറിയിൽ പോവുന്ന സ്ത്രീകളൊക്കെ അച്ഛൻ വീട്ടിലുണ്ടെങ്കിൽ വഴിമാറി പോവുന്നത് രസകരമായ സംഭവമാണ്. അച്ഛൻ സിനിമയിൽ വില്ലൻ വേഷങ്ങളായിരുന്നല്ലോ ആദ്യമൊക്കെ ചെയ്തിരുന്നത്. അതിനാൽ നാട്ടിലെ മിക്ക സ്ത്രീകൾക്കും അച്ഛനെ പേടിയായിരുന്നു.

അച്ഛൻ രാത്രി ഏറെവൈകി വീട്ടിലെത്തിയാലും ആഹാരം കഴിക്കുന്ന പതിവുണ്ടായിരുന്നു. അതുമാത്രമല്ല അച്ഛനിൽ നിന്നും എല്ലാ മക്കളും ഒരു ഉരുള ചോറെങ്കിലും വാങ്ങി കഴിക്കണം. രാത്രി നല്ല ഉറക്കത്തിലായാലും ആ പതിവ് തെറ്റില്ല. അച്ഛനോടൊപ്പമുള്ള യാത്രയൊക്കെ എന്നും നിറമുള്ള ഓർമ്മകളാണ്. അച്ഛൻ മദ്രാസിൽ ഷൂട്ടിങ്ങിനായി പോവുമ്പോൾ വെക്കേഷനാണെങ്കിൽ ഞങ്ങളെയും കൊണ്ടു പോവുമായിരുന്നു. അച്ഛൻ ലൊക്കേഷനിലേക്ക് പോയിക്കഴിഞ്ഞാൽ ഞങ്ങളെ വിളിച്ചോണ്ട് പോവാൻ ഒരു വണ്ടിവരും. അതിൽ കയറി ഞങ്ങൾ ലൊക്കേഷനിൽ എത്തും.

അക്കാലത്ത് സിനിമയിലെ എല്ലാ നടീ-നടൻമാരുമായും അച്ഛൻ നല്ല അടുപ്പവും സൗഹൃദവും സൂക്ഷിച്ചിരുന്നു. പ്രേംനസീർ, റാണിചന്ദ്ര, എസ് പി പിള്ള, തിക്കുറിശ്ശി, അടൂർ ഭാസി, അടൂർ പങ്കജം, ശാരദ, ഷീല തുടങ്ങിയവരൊക്കെ ഞങ്ങളുടെ വീട്ടിൽ വന്നിട്ടുണ്ട്. സാഹിത്യകാരനായ കാക്കനാടനും കാമ്പിശ്ശേരിയും അച്ഛന്റെ അടുത്തസുഹൃത്തുക്കളായിരുന്നു. റാണിചന്ദ്ര മരിക്കുന്നതിന് ഒരാഴ്ചമുൻപ് വീട്ടിൽ വന്നതും അമ്മ ചീനി പുഴുങ്ങി നൽകിയതുമൊക്കെ നല്ല ഓർമ്മയായി സൂക്ഷിക്കുന്നുണ്ട്.

അടൂർ ഭാസി, തിക്കുറിശ്ശി എന്നിവ

www.malankaralibrary.com



രുമായും ഞങ്ങൾക്ക് കുറച്ചധികം ബന്ധക്കൂടുതലുണ്ടായിരുന്നു. ഭാസി മാമനും തിക്കുറിശ്ശിമാമനനും അച്ഛന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളായിരുന്നു. ഞാനും മോഹനൻ ചേട്ടനുമായുള്ള വിവാഹം തീരുമാനിച്ചത് തിക്കുറിശി മാമനായിരുന്നു. ഏറെകാത്തിരിപ്പിനുശേഷം വീട്ടിൽ ഒരു ആൺകുഞ്ഞ് ജനിച്ചപ്പോൾ ആ കുഞ്ഞിന് പേരിടാൻ അച്ഛൻ തിക്കുറിശ്ശി മാമനെയാണ് ചുമതലപ്പെടുത്തിയത്. സായ്കുമാറിന് സായി എന്ന് പേരിട്ടതും തിക്കുറിശ്ശി മാമനായിരുന്നു. അച്ഛൻ അഭിനയിച്ച എല്ലാ സിനിമയും ഞങ്ങൾ കാണുമായിരുന്നു. 'വേലുത്തമ്പിദളവ'യും മറ്റും പലതവണ കണ്ട ചിത്രങ്ങളാണ്. കാട്ടുതുളസി, കൊച്ചിൻഎക്സ്പ്രസ്, പേൾവ്യൂ തുടങ്ങിയ ചിത്രങ്ങളാണ് നല്ല ഓർമ്മയിലുള്ള ആദ്യകാല ചിത്രങ്ങൾ. അച്ഛൻ ഞങ്ങളോടൊപ്പം സിനിമ കാണാൻ വന്നാലും തിയറ്ററിൽ ഇരിക്കില്ല. അടുത്തുള്ള കലാ സ്റ്റുഡിയോയിൽ പോയിരിക്കും. സിനിമ തീർന്നാൽ ഞങ്ങളെയും കൂട്ടി തിരികെ വീട്ടിലേക്ക് പോരും. ചെമ്മീനിലെ ചെമ്പൻകുഞ്ഞും മൈഡിയർ കുട്ടിച്ചാത്തനിലെ മന്ത്രവാദിയുമൊക്കെ എത്രയോ തവണ കണ്ടിരിക്കുന്നു. ഞങ്ങൾ കുട്ടിച്ചാത്തൻ കാണാൻ അച്ഛനോടൊപ്പമാണ് പോയത്. ആദ്യത്തെ ത്രീഡി ചിത്രം. അച്ഛൻ നമ്മുടെ അടുത്ത് നിൽക്കുന്നതു പോലുള്ള സന്ദർഭം. വലിയ അഭിമാനത്തോടെയാണ് ഞങ്ങൾ അന്ന് തിയറ്ററിലിരുന്നത്. വലിയ അനുഭവമായിരുന്നു അതൊക്കെ. ആ ചിത്രം പിന്നീട് ചെറിയ മാറ്റങ്ങളോടെ രണ്ടാമത് റിലീസ് ചെയ്തപ്പോഴാണ് മക്കളെയും കൊണ്ട് വീണ്ടും കാണുന്നത്. അമ്മ ഒരിക്കലും അച്ഛനോട് സിനിമയെക്കുറിച്ച് സംസാരിച്ചിരുന്നില്ല. അതുപോലെ ഞങ്ങൾ മക്കളും; ഷൂട്ടിങ് കഴിഞ്ഞ് തരികെ വീട്ടിലെത്തിയാൽ അച്ഛനോട് ഷൂട്ടിങ് വിശേഷമൊന്നും ചോദിക്കില്ല. അമ്മയുണ്ടാക്കുന്ന തീയ്യലും കൊഞ്ച്കറിയുമായിരുന്നു അച്ഛന്റെ ഇഷ്ടവിഭവങ്ങൾ. അക്കാലത്ത് മലയാള സിനിമയിൽ അമ്മയുടെ തിയല് വലിയ പ്രസിദ്ധമായിരുന്നു. അച്ഛൻ ഷൂട്ടിങിന് പോവുമ്പോൾ കൊഞ്ച് കറിയും തീയലും ഉണ്ടാക്കികൊണ്ടുപോവുമായിരുന്നു. കൊട്ടാരക്കരയെന്ന നാടിനോട് അച്ഛന് വല്ലാത്ത ഒരു അടുപ്പം ഉണ്ടായിരുന്നു. സിനിമയും തിരക്കുമൊക്കെ ആയപ്പോൾ പല നടൻമാരും അക്കാലത്ത് മദ്രാസിലേക്ക് താമസം മാറ്റിയെങ്കിലും അച്ഛൻ ഒരിക്കലും അത്തരത്തിലൊരു മാറ്റത്തെക്കുറിച്ച് ആലോചിച്ചിരുന്നില്ല. അച്ഛൻ നാടകത്തിൽ അഭിനയിക്കുന്നതിനോട് അച്ഛന്റെ ചേട്ടന് താൽപ്പര്യം ഉണ്ടായിരുന്നില്ല. നാടകത്തിന് പോയതിന്റെ പേരിൽ



സായ്കുമാർ

**ഏറെ കാത്തിരിപ്പിനുശേഷം വീട്ടിൽ ഒരു ആൺകുഞ്ഞ് ജനിച്ചപ്പോൾ ആകുഞ്ഞിന് പേരിടാൻ അച്ഛൻ തിക്കുറിശ്ശി മാമനെയാണ് ചുമതലപ്പെടുത്തിയത്. സായികുമാറിന് സായി എന്ന് പേരിട്ടതും തിക്കുറിശ്ശി മാമനായിരുന്നു.**

ചേട്ടൻ അച്ഛനെ തെങ്ങേൽ കെട്ടി തല്ലിയിരുന്നു.. ആ തെങ്ങ് അച്ഛൻ മുറിക്കാതെ വീട്ടിൽ സംരക്ഷിച്ചരുന്നു. ഞങ്ങളാരെങ്കിലും സിനിമയിൽ വരണമെന്ന് അച്ഛൻ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ സിനിമയിൽ വരേണ്ടതില്ലെന്നും പറഞ്ഞിരുന്നില്ല. അച്ഛൻ ജീവിച്ചിരിക്കുമ്പോൾ ഞാൻ ഒരു സിനിമയിൽ അഭിനയിച്ചിരുന്നു. 1982ൽ മുകേഷിന്റെ നായികയായി അഭിനയിച്ച ബലൂൺ എന്ന ചിത്രം. മൂത്ത ചേച്ചിയുടെ ഭർത്താവിന്റെ സുഹൃത്തായിരുന്ന പുത്തൂർ പ്രഭാകരൻ എന്നയാളാണ് വീട്ടിൽ വന്ന് ബലൂൺ എന്ന ചിത്രത്തിലെ നായികയാവുന്നതിനെകുറിച്ച് അച്ഛനുമായി സംസാരിച്ചത്. അത് 'നാന' ഗ്രൂപ്പായിരുന്നു നിർമ്മിച്ചിരുന്നത്. അങ്ങിനെയാണ് ഞാൻ ആദ്യമായി ഒരു സിനിമയിൽ അഭിനയിക്കുന്നത്. അച്ഛൻ സിനിമ കണ്ടു; തരക്കേടില്ലെന്ന് അഭിപ്രായവും പറഞ്ഞു. തുടർന്ന് അഭിനയിക്കാനോ എനിക്ക് കൂടുതൽ ചിത്രങ്ങളുണ്ടാവാനുള്ള നീക്കങ്ങളോ അച്ഛൻ നടത്തിയിട്ടില്ല. ഞാൻ സിനിമാഭിനയം തുടരാൻ തീരുമാനിച്ചിരുന്നുമില്ല. ദേവീ കന്യാകുമാരി എന്ന ചിത്രത്തിൽ നായികാവേഷം ചെയ്യാൻ എന്റെ മൂത്ത ചേച്ചിയെ വിളിച്ചതാണ്. അച്ഛൻ ചേച്ചിയോട് ചോദിച്ചു; നിനക്ക് താൽപ്പര്യമുണ്ടോ എന്ന്. ചേച്ചി ഇല്ലെന്ന് പറഞ്ഞു.

## നാടകം

നാടകമായിരുന്നു അച്ഛന് ഏറ്റവും ഇഷ്ടപ്പെട്ട കലാരൂപം. സിനിമയിൽ നല്ല പേരുണ്ടായിരുന്ന കാലത്തും അച്ഛൻ നാടകത്തിൽ അഭിനയിക്കുന്നതിനെക്കുറിച്ച് ചോദിച്ചാൽ പറ്റില്ലെന്ന് പറയില്ല. വേലുത്തമ്പി ദളവായുടെ വേഷം അഭിനയിക്കുന്ന സമയത്ത് മണ്ണടിക്ഷേത്രത്തിൽ പോയി പ്രത്യേക പ്രാർത്ഥനനടത്തി. അവിടെ സൂക്ഷിച്ചിരിക്കുന്ന വാളിന്റെ അതേ മാതൃകയിലുള്ള വാളാണ് നാടകത്തിലും ഉപയോഗിച്ചിരിക്കുന്നത്. വേലുത്തമ്പിനാടകം സിനിമയാക്കാൻ തീരുമാനിച്ചപ്പോൾ അതിൽ ആരാവണം നായകനെന്ന് ചർച്ച വന്നു. അങ്ങിനെ നാടകം കാണാൻ ശിവാജിഗണേശൻ എത്തി.

www.malankaralibrary.com

> മനോജ് വിനോദ് സംവിധാനം ചെയ്യുന്ന -**ഓർമ്മക്കൂട്ടം** എന്ന ചിത്രത്തിലൂടെ എന്റെ രണ്ടാമത്തെ മകൻ അനു, സിനിമയിൽ അരങ്ങേറ്റം കുറിക്കുകയാണ്. സിനിമയിൽ അച്ഛൻ ഉണ്ടാക്കിയെടുത്ത നല്ല പേരാണ് ഞങ്ങൾക്ക് സിനിമ തരുന്നത്. അച്ഛന്റെ സുഹൃത്തുക്കൾ പലരും ഇന്നില്ല. എന്നാൽ അച്ഛൻ ഉണ്ടാക്കിയെടുത്ത എല്ലാ നന്മകളും ഞങ്ങളോടൊപ്പമുണ്ടെന്നതാണ് ഏറെയാശ്വാസം


വിനു മോഹൻ മുത്തശ്ശിക്കൊപ്പം

അച്ഛന്റെ വേലുത്തമ്പിദളവായുടെ വേഷം ശിവാജി ഗണേശൻ കണ്ടതിന് ശേഷമാണ് സിനിമയിലും ശ്രീധരൻ നായർ തന്നെ വേലുത്തമ്പിയുടെ വേഷം ചെയ്യണമെന്ന് പറയുന്നത്. വേലുത്തമ്പിദളവായുടെ വേഷം ചെയ്തതിന് ശേഷം ആ ആകോസ്റ്റ്യൂമും വാളും ഒക്കെ അച്ഛൻ ഒരു നിധിപോലെ കൊട്ടാരക്കരയിലെ വീട്ടിൽ സൂക്ഷിച്ച് വച്ചിരുന്നു. ഇതൊക്കെ ധരിച്ച് വേലുത്തമ്പിയായി ചിലപ്പോൾ അച്ഛൻ നിൽക്കുമായിരുന്നു. എന്റെ വിവാഹശേഷം ഞങ്ങളുടെ നാടക ട്രൂപ്പിൽ അഭിനയിക്കണമെന്ന് അച്ഛൻ ആഗ്രഹിച്ചിരുന്നു. മോഹനൻ ചേട്ടൻ അച്ഛനെ പ്രധാന കഥാപാത്രമാക്കി മുദ്ര എന്നപേരിൽ ഒരു നാടകവും എഴുതി. എന്നാൽ അതിന്റെ റിഹേഴസൽ തുടങ്ങുന്നതിന് മുൻപ് അച്ഛൻ യാത്രയായി.

കെ പി ഏ സിയിൽ ഞാൻ അഭിനയിക്കുന്നത് അച്ഛൻ ജീവിച്ചിരിക്കുന്ന കാലത്താണ്. അവിടെ വച്ചാണ് മോഹനൻ ചേട്ടനെ പരിചയപ്പെടുന്നത്. അച്ഛന് നേരത്തെ മോഹനൻ ചേട്ടനെ അറിയാം. നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി, ഭഗവാൻ കാലുമാറുന്നു തുടങ്ങിയ മൂന്ന് നാടകങ്ങളിൽ ഞാൻ മോഹനൻ ചേട്ടന്റെ കൂടെ അഭിനയിച്ചിരുന്നു. അന്ന് എന്നെ കെ പി എസിയിൽ കൊണ്ടുവിടാനായി കൂടെ വന്നിരുന്നത് സായിയായിരുന്നു. മോഹനൻ ചേട്ടൻ കെ പി എ സി യിൽ നിന്നും മാറിയപ്പോൾ ചേട്ടൻ ചെയ്തവേഷം ഏറ്റെടുത്തുകൊണ്ടാണ് സായി അഭിനയലോകത്തേക്ക് വരുന്നത്. സായി പിന്നീട് സിനിമയിലെത്തി വലിയനടനായി. മകൻ വിനു ലോഹിസാറിന്റെ 'നിവേദ്യം' എന്ന ചിത്രത്തിലൂടെ മലയാള സിനിമയിലെത്തി. മനോജ്-വിനോദ് സംവിധാനം ചെയ്യുന്ന -ഓർമ്മക്കൂട്ടം എന്ന ചിത്രത്തിലൂടെ എന്റെ രണ്ടാമത്തെ മകൻ അനു സിനിമയിൽ അരങ്ങേറ്റം കുറിക്കുകയാണ്. സിനിമയിൽ അച്ഛൻ ഉണ്ടാക്കിയെടുത്ത നല്ല പേരാണ് ഞങ്ങൾക്ക് സിനിമ തരുന്നത്. അച്ഛന്റെ സുഹൃത്തുക്കൾ പലരും ഇന്നില്ല. എന്നാൽ അച്ഛൻ ഉണ്ടാക്കിയെടുത്ത എല്ലാ നന്മകളും ഞങ്ങളോടൊപ്പമുണ്ടെന്നതാണ് ഏറെ യാശ്വാസം.

### മോഹനൻ

എനിക്ക് കൊട്ടാരക്കര ശ്രീധരൻ നായരുമായി ബന്ധമുണ്ടാവുന്നത് കോളജ് പഠനകാലത്താണ്. ഞാൻ കോളജിൽ ആർട്സ് ക്ലബ്ബ് സെക്രട്ടറിയായിരുന്നു. അന്ന് ബാലചന്ദ്രമേനോനും മറ്റും അവിടെ പഠിക്കുന്നുണ്ട്. ഞാൻ ശ്രീധരൻനായരെ ആർട്സ് ക്ലബ്ബ് ഉദ്ഘാടനത്തിന് വിളിച്ചു. അദ്ദേഹം കോളജിൽ വന്നു. ഞങ്ങളുടെ കുടുംബ സുഹൃത്തായിരുന്നു തിക്കുറിശ്ശി ചേട്ടൻ. എനിക്കുവേണ്ടി ശോഭയെ പെണ്ണുചോദിക്കാൻ പോയത് തിക്കുറിശ്ശി ചേട്ടനായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ മരുമകനായി വരുന്നതിൽ വലിയ സന്തോഷമായിരുന്നു. എന്നാൽ ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടതിനെ തുടർന്ന് ഹൈദരാബാദിലായിരുന്ന അദ്ദേഹത്തിന് ഞങ്ങളുടെ വിവാഹത്തിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല.

വിവാഹ ശേഷം എന്നോട് വല്ലാത്ത അടുപ്പമുണ്ടായിരുന്നു. ഞങ്ങളുടെ നാടക സമിതിയുടെ നാടകത്തിൽ പ്രധാന വേഷത്തിൽ അഭിനയിക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു.

### വിനു മോഹൻ

അപ്പൂപ്പനെ ഞാൻ കണ്ടിട്ടില്ല, എന്നാൽ അപ്പൂപ്പന്റെ എല്ലാ സിനിമകളും ഞാൻ കണ്ടിട്ടുണ്ട്. ഓരോ കഥാപാത്രത്തിനും ഉണ്ടാവുന്ന വ്യത്യാസം എന്നെ അൽഭുതപ്പെടുത്തിയിട്ടുണ്ട്. സിനിമയിലേക്ക് എന്നെ നയിച്ചത് ആ മഹാന്റെ കൊച്ചു മകനായതിനാലായിരിക്കാം. അഭിനയം എന്തെന്ന് ഞാൻ അറിയുന്നത് അപ്പൂപ്പന്റെ സിനിമകളിലൂടെയാണ്. എന്റെ ശക്തിയും അതാണ്.

രാജേഷ് തില്ലങ്കേരി

SFM

smartfamily09@gmail.com

www.malankaralibrary.com





# കൊച്ചുകള്ളാ....

**തെറ്റുചെയ്യാത്ത കുട്ടികളില്ല. അവർ ചെയ്യുന്ന ചെറിയ തെറ്റുകളിലൊന്നുമാത്രമാണ് മോഷണം. മാതാപിതാക്കൾ പ്രശ്നത്തെ ശരിയായി സമീപിച്ച് ഇടപെട്ടാൽ ഈ ബാഡ്ഹാബിറ്റിനെ കുട്ടിമനസിന്റെ പടിക്ക് പുറത്താക്കാം.**

ചോദ്യം: എന്റെ പേര് ദിവ്യ. എന്റെ മകൻ ആറാംക്ളാസിലാണ് പഠിക്കുന്നത്. കഴിഞ്ഞ ദിവസം അവനേയും കൂട്ടി ബന്ധുവീട്ടിൽ കല്യാണത്തിന് പോയി. തിരിച്ചുവന്നപ്പോൾ അവന്റെ കൈവശം ഒരു ചെറിയ ഡിജിറ്റൽ ക്യാമറ കണ്ടു. കൂട്ടുകാരന്റെ കൈയ്യിൽ നിന്ന് ഫോട്ടോയെടുക്കാൻ വാങ്ങിയതെന്നാണ് അവൻ പറഞ്ഞത്. ഫോട്ടോഗ്രഫിയിൽ അവന് നല്ല കമ്പം ഉണ്ട്. വൈകാതെ കല്യാണവീട്ടിൽ നിന്ന് ഒരു ബന്ധു എന്റെ വീട്ടിലെത്തിയപ്പോഴാണ് കാര്യം ഞാനറിഞ്ഞത്. ആ ക്യാമറ അവിടെ നിന്ന് അവൻ അടിച്ചുമാറ്റിയതായിരുന്നു. ചോദിച്ചപ്പോൾ ഇക്കാര്യം ശരിയാണെന്ന് സമ്മതിച്ചു. ആവശ്യമുള്ളതെല്ലാം അവന് ഞങ്ങൾ വാങ്ങിക്കൊടുക്കാറുണ്ട്. എന്നിട്ടും ഈ ദുശ്ശീലം അവനെങ്ങനെ കിട്ടി? ഞാനും ഭർത്താവും ആകെ നിരാശയിലും സങ്കടത്തിലുമാണ്. ഈ സ്വഭാവം അവൻ തുടരുകയാണെങ്കിൽ ഞങ്ങളെന്തു ചെയ്യും?

ഉത്തരം– മാതാപിതാക്കൾക്ക് ടെൻഷന് വഴിവെക്കുന്ന പ്രധാനപ്രശ്നമാണ് കുട്ടികളിലെ മോഷണശീലം. എന്നാൽ ഒരച്ഛനുമമ്മയും സ്വന്തം കുട്ടിക്ക് മോഷണശീലമുണ്ടെന്ന് പറയാനിഷ്ടപ്പെടുന്നില്ല. കുട്ടിമോഷ്ടാക്കൾ ജനിക്കുന്നതിനു പിന്നിൽ ഒട്ടനവധികാരണങ്ങളുണ്ട്. ഈ ശീലം സമയോചിതമായി കണ്ടെത്തി നേർവഴി കാണിക്കാൻ അനേകം പോംവഴികളുമുണ്ട്.

ആകർഷകമായ ഒരു കളിപ്പാട്ടം കണ്ടെന്നിരിക്കട്ടെ, അഞ്ച് വയസിൽ താഴെയുള്ള ഒരു കുട്ടി ഓടിച്ചെന്നതെടുക്കാൻ ശ്രമിക്കും. കളിപ്പാട്ടം മറ്റാരുടെയെങ്കിലുമാണെന്ന തോന്നൽ കുട്ടിമനസിൽ ഉണ്ടാകില്ല. എന്നാൽ പ്രൈമറിക്ളാസുകളിലെത്തുന്നതോടെ അടിച്ചുമാറ്റൽ തെറ്റാണെന്ന് കുട്ടികൾ മനസിലാക്കണം. സ്വയമുള്ള നിയന്ത്രണം ഇടയ്ക്കിടെ വിട്ടുപോകുന്നതോടെയാണ് ഈ പ്രായത്തിലെ കുട്ടികൾ മോഷ്ടാക്കളാകുന്നത്. മോഷണശീലം മാതാപിതാക്കൾ തിരിച്ചറിഞ്ഞാൽ ബുദ്ധിപരമായി കൈകാര്യംചെയ്യണം. അല്ലാതെ, ചൂരൽപ്രയോഗം പോലുള്ള ദേഷ്യ പ്രതികരണങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാകാതെ ശ്രദ്ധിക്കണം. ഇത് പ്രശ്നം വഷളാക്കാനേ ഇടയാക്കൂ.

## എന്തുകൊണ്ട് കുട്ടികൾ മോഷ്ടിക്കുന്നു?

### കുട്ടികൾക്ക് ആഗ്രഹങ്ങളെ സ്വയം നിയന്ത്രിക്കാനാകില്ല

ഒരു കുട്ടി ഗമയോടെ ക്ളാസിൽ നല്ലൊരുപേന കൊണ്ടുവന്നാൽ അടുത്തിരിക്കുന്ന കുട്ടി അത് വേണമെന്നാഗ്രഹിക്കുന്നത് സ്വാഭാവികമാണ്. ആഗ്രഹങ്ങൾ സ്വയം നിയന്ത്രിക്കാൻ കുട്ടികൾക്ക് കഴിയില്ല. അതിനാൽ കുട്ടി പേന അടിച്ചുമാറ്റി സ്വന്തമാക്കാൻ ശ്രമിക്കും. ചില മുതിർന്ന കുട്ടികൾക്കും മനസിനെ സ്വയം നിയന്ത്രിക്കാൻ ബുദ്ധിമുട്ടാണ്. പ്രിയപ്പെട്ടത് കണ്ടാൽ അത് അടിച്ചുമാറ്റാനുള്ള ത്വര കുട്ടികൾക്ക് നിയന്ത്രിക്കാനാകില്ല. ആഗ്രഹങ്ങൾ നേരായവഴിയിലൂടെ സാധിക്കാനുള്ള കഴിവ് കുട്ടികളിൽ വളർത്തണം. അമിത ആഗ്രഹങ്ങൾ വേണ്ടേ..വേണ്ട എന്ന ബോധവും വളർത്തണം.

### ആവശ്യങ്ങൾ അറിയണം

കുട്ടികൾ എല്ലാ ആവശ്യങ്ങൾക്കും മാതാപിതാക്കളെയാണ് ആശ്രയിക്കുക. മാതാപിതാക്കൾ ആവശ്യങ്ങളറിഞ്ഞ് സാധിച്ചു നൽകിയില്ലെങ്കിലോ?, അവൻ അതിനുള്ള മറ്റ് വഴികൾ തേടും.

കുട്ടിയുടെ ആവശ്യം മാതാപിതാക്കൾ മനസിലാക്കുന്നില്ല എന്നിരിക്കട്ടെ. ചിലപ്പോൾ അവന്റെ ശരിയായ ആവശ്യം ആയിരിക്കാം അത്. ദിവ്യയുടെ മകൻ ഫോട്ടോഗ്രഫി ഇഷ്ടപ്പെട്ടിരുന്നതിനാൽ ഡിജിറ്റൽ ക്യാമറ സ്വന്തമാക്കാൻ ആഗ്രഹിച്ചിരുന്നു. ക്യാമറ സ്വന്തമാക്കാനായി മോഷണവഴിയിൽ എത്തപ്പെടു

www.malankaralibrary.com

കയായിരുന്നു.

**വേണം, കൂടുതൽ ശ്രദ്ധ**

മാതാപിതാക്കളുമായുള്ള വൈകാരികഅടുപ്പത്തിന്റെ അഭാവം കുട്ടികളെ മോഷ്ടാക്കളാക്കി മാറ്റും. സ്കൂളിലോ, കൂട്ടുകാരുമായോ ഉണ്ടാകുന്ന പ്രശ്നങ്ങളും ഏകാന്തതയും മറ്റ് കാരണങ്ങളാണ്. കുട്ടിയുടെ മനോവികാരങ്ങൾ പ്രകടിപ്പിക്കാൻ മാർഗങ്ങൾ ഇല്ലാതാകുന്നത് മോഷണത്തിലേക്ക് നയിക്കും.

ചില കുട്ടികൾക്ക് അവർക്കാവശ്യമായ ശ്രദ്ധയും പരിചരണവും ലഭിക്കാറില്ല. മാതാപിതാക്കൾക്ക് തങ്ങളോട് സ്നേഹവും താല്പ്പര്യവുമില്ല എന്ന തോന്നലിന് ഇത് വഴിവെക്കും. ഈ തോന്നൽ ചിലപ്പോൾ ശരിയോ തെറ്റോ ആയേക്കാം. വൈകാരിക അടുപ്പങ്ങളുടെ അഭാവത്താൽ കുട്ടികളുടെ മനസ് ഇഷ്ടമുള്ള മറ്റ് മേഖലകളിലേക്ക് മാറിയേക്കാം. ചിലപ്പോൾ അത് കളിപ്പാട്ടങ്ങളോടോ, പണത്തോടോ ആകാം. അവ മോഷണത്തിലൂടെ സ്വന്തമാക്കിയാകും മനസിലെ അസംതൃപ്തി കുട്ടി സ്വയം പരിഹരിക്കുക.

**സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കാനും മോഷണം**

സ്വന്തം കാലിൽ നിൽക്കാൻ കഴിയില്ലെന്ന് കുട്ടികൾക്കറിയാം. ചില കുട്ടികൾക്കാകട്ടെ എല്ലാ ആവശ്യങ്ങളും നേടാൻ മറ്റുള്ളവരുടെ സഹായം കൂടിയേ തീരൂ. ഇത്തരം കുട്ടികൾ മനസിലെ സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുന്നത് മോഷണം നടത്തിക്കൊണ്ടാകാം. എന്തിനും ഏതിനും മറ്റുള്ളവരെ ആശ്രയിക്കേണ്ടതിലുള്ള പ്രതിഷേധമായാകാം മോഷണം നടത്തുക.

**കൂട്ടുകാരുടെ സ്വാധീനം**

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നൊരു പഴഞ്ചൊല്ലുണ്ട്. കൂട്ടുകാരുടെ ശീലങ്ങൾ അനുകരിക്കാനുള്ള പ്രവണത മുതിർന്ന കുട്ടികൾക്കുണ്ട്. മോഷണം 'വല്ല്യകാര്യ'മായി കരുതുന്ന സുഹൃത്ത്സംഘത്തിൽ പെട്ടാൽ കുട്ടിയും മോഷ്ടാവാകും. മോഷണം നടത്തിക്കാണിച്ചാകും സുഹൃത്തുക്കൾക്കിടയിൽ അവൻ മിടുക്ക് പ്രകടിപ്പിക്കുക.

## ബാഡ്ഹാബിറ്റ് തിരിച്ചറിഞ്ഞാൽ എന്തു ചെയ്യണം?

**ശാന്തമായി ഇടപെടുക**

കുട്ടി മോഷണം നടത്തിയെന്നറിഞ്ഞാൽ ദേഷ്യത്തോടെ പൊട്ടിത്തെറിക്കരുത്. കുട്ടി മോഷണം നടത്തിയതിനാൽ അവൻ മോഷ്ടാവാണെന്നും, കുറ്റവാളിയാണെന്നും കരുതുന്നതിൽ അർത്ഥമില്ല. അവർ ചെയ്യുന്ന ചെറിയ തെറ്റുകളിലൊന്നായി ഇത് കാണണം. ക്യാമറ എടുത്തെന്ന



**ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നൊരു പഴഞ്ചൊല്ലുണ്ട്. നല്ല കൂട്ടുകാരുണ്ടായാൽ കുട്ടികൾ നേർവഴിക്കു പോകും. മോഷണശീലമുള്ളവരുമായി കൂട്ടുകൂടിയാലോ, ആ ശീലം കുട്ടിക്കുമുണ്ടായേക്കാം.**

പേരിൽ ദിവ്യ മകനോട് ദേഷ്യത്തോടെ പ്രതികരിക്കാൻ ശ്രമിക്കരുത്. ശാന്തമായി സംസാരിച്ച് മോഷണം തെറ്റെന്ന് ബോധ്യപ്പെടുത്തണം.

**പ്രശ്നത്തെ വ്യക്തിപരമായി സമീപിക്കരുത്**

മാതാപിതാക്കളുടെ ശ്രദ്ധകിട്ടാനായും കുട്ടികൾ മോഷണം നടത്താം. നിങ്ങളോടുള്ള വ്യക്തിപരമായ പ്രതിഷേധമായി സംഭവത്തെ കാണരുത്. മോഷണത്തിലേക്ക് കുട്ടിയെ കൊണ്ടെത്തിച്ച കാരണങ്ങൾ കണ്ടെത്താൻ ശ്രമിക്കണം.

**കുറ്റവാളിയായി ചിത്രീകരിക്കരുത്**

മോഷണം നടത്തിയെന്ന സാഹചര്യത്തെളിവ് ലഭിച്ചാലും കുട്ടിയെ കുറ്റപ്പെടുത്താതിരിക്കാൻ ശ്രമിക്കണം. ഇത് സംബന്ധിച്ച് കുത്തിക്കുത്തി ചോദിച്ച് മോഷണം തെളിയിക്കാൻ ശ്രമിക്കരുത്. അടി പേടിച്ച് കുട്ടി മോഷണം നടത്തിയിട്ടില്ലെന്ന് കളവ് പറഞ്ഞേക്കാം. അത് വിപരീതഫലമേ ഉളവാക്കൂ. അങ്ങനെ സത്യസന്ധതയില്ലായ്മ രൂഢമൂലമാക്കാൻ ഓരോ ചോദ്യംചെയ്യലും കാരണമാകും. ഇനി കുട്ടി സത്യം പറഞ്ഞെന്നിരിക്കട്ടെ, നിങ്ങൾ എന്തു ചെയ്യും? മോഷ്ടിച്ചതിന് അവനെ ശിക്ഷിച്ചെന്നിരിക്കും. അതിലൂടെ സത്യം പറഞ്ഞാൽ ശിക്ഷ കിട്ടും എന്ന ബോധം കുട്ടിയിലുണ്ടാകാൻ സാധ്യതയുണ്ട്.

**മോഷണം തെറ്റെന്ന് കുട്ടിക്ക് ബോധ്യപ്പെട്ടെന്ന് ഉറപ്പാക്കണം**

മുതിർന്ന കുട്ടികളുടെ കാര്യത്തിൽ ഇത് ഉറപ്പാക്കണം. മോഷണം ഗുരുതരമായ കുറ്റമാണെന്ന് ദേഷ്യപ്പെടാതെ പറഞ്ഞ് മനസിലാക്കണം. നിന്റെ പോക്കറ്റ്മണി മറ്റൊരുകുട്ടി മോഷ്ടിച്ചാൽ നീ സഹിക്കുമോ...? അതു പോലെതന്നെ മറ്റൊരാളുടെ പണം നീയെടുത്താൽ അവർക്ക് ഇഷ്ടപ്പെടുമോ... എന്ന രീതിയിൽ ലളിതമായ ഉദാഹരണങ്ങളും ചൂണ്ടിക്കാട്ടാം.

## എങ്ങനെ തിരുത്താം?

നിങ്ങളുടെ കുട്ടി കടയിൽ നിന്ന് ഒരു ബുക്ക് മോഷ്ടിച്ചെന്നറിഞ്ഞാൽ എന്തുചെയ്യും? കുട്ടിയെ കൂട്ടിക്കൊണ്ട് കടയിലെത്തി ബുക്ക് തിരികെ നല്കണം. ചെയ്ത തെറ്റ് ആവർത്തിക്കില്ലെന്നും കടക്കാരനോട് പറയണം. കുട്ടിയെകൊണ്ട് സോറി പറയിപ്പിച്ച് തെറ്റ് പരിഹരിക്കാൻ മാതാപിതാക്കൾ പ്രേരിപ്പിക്കണം.

**മോഷണസാഹചര്യങ്ങൾ ഒഴിവാക്കുക**

മോഷണത്തിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക പ്രധാനകാര്യമാണ്. കല്യാണത്തിനോ, വിരുന്നിനോ കുട്ടികളെ വീട്ടിലിരുത്തി പോകേണ്ടി വന്നാലോ? അലമാരയിൽ പണം ഇരിപ്പുണ്ട്, ഞങ്ങൾ തിരിച്ചെത്തുംവരെ അത് സൂക്ഷിക്കണമെന്ന് മകന്റൊപ്പം കളിക്കുന്ന മകളോട് രഹസ്യമായി പറയണം. മോഷണതാല്പ്പര്യമുള്ള കുട്ടികളെ കടകളിലേക്ക് ധാരാളം പണം നല്കി സാധനങ്ങൾ വാങ്ങാൻ അയയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**എന്തുകൊണ്ട് മോഷണം നടത്തിയെന്ന് കണ്ടെത്തുക**

മാതാപിതാക്കളുടെ പ്രത്യേകശ്രദ്ധയും പരിചരണവും കുട്ടിക്ക് ആവശ്യമെങ്കിൽ നൽകാൻ മടിക്കരുത്.

**കുട്ടികളോടുള്ള വിശ്വാസം തുടരുക**

ഒരു തവണ മോഷണം നടത്തിയെന്നു വച്ച് നിങ്ങളുടെ കുട്ടി ഒരു മോഷ്ടാവായി മാറില്ല. പഴയതുപോലെ മാതാപിതാക്കൾ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടെന്ന് കുട്ടികൾക്ക് തോന്നണം.

**മാതാപിതാക്കൾ മാതൃകയാവണം**

മാതാപിതാക്കളെ കണ്ടാണ് കുട്ടികൾ വളരുക. സത്യസന്ധത ശീലമാക്കാൻ മാതാപിതാക്കൾ കുട്ടികൾക്ക് മാതൃകയാകണം. ഓഫീസിൽ നിന്ന് പേനയും പേപ്പറുമൊക്കെ അടിച്ചുമാറ്റി വീട്ടിലെത്തിക്കുന്ന ഒരു അച്ഛനോ, അമ്മയോ ആയാൽ കുട്ടികളും നിങ്ങളെപ്പോലെ ആയേക്കാം. മാതാപിതാക്കൾക്ക് ആകാമെങ്കിൽ തങ്ങൾക്കും മോഷണം നടത്താമെന്ന നിലയിലേക്ക് കുട്ടികൾ മാറും. കുട്ടികൾ ചെയ്യുന്ന മറ്റ് തെറ്റുകൾ പോലെ മോഷണത്തെയും കാണാവൂ. തിരുത്താൻ കഴിയുന്ന ഒരു തെറ്റ് മാത്രമാണ് കുട്ടികളിലെ മോഷണം. പ്രശ്നത്തെ ശരിയായി സമീപിച്ചാൽ വേഗത്തിൽ അനയാസേന ഈ ബാഡ്ഹാബിറ്റിനെ കുട്ടിമനസ്സിന്റെ പടിക്ക് പുറത്താക്കാം.

SFM

smartfamily09@gmail.com

www.malankaralibrary.com



# അച്ഛന്റെ സ്വന്തം മോള്

ശ്രദ്ധയും കരുതലും കൂടുതൽവേണ്ട കൗമാരത്തിൽ മകൾക്ക് പ്രിയപ്പെട്ട അച്ഛനാകാം...

**അഭിലാഷ് ബാലൻ** msw
അലൈവ് , തലശ്ശേരി

പപ്പയുടെ നിഴലായാണ് നിമ്മി വളർന്നത്. ബാല്യത്തിൽ പല്ലുതേപ്പിച്ച് സോപ്പുതേച്ച് കുളിപ്പിച്ച്, ഉടുപ്പ് ധരിപ്പിച്ച് സ്കൂളിൽ കൊണ്ടുവിടാൻവരെ പപ്പതന്നെ വേണമായിരുന്നു . ഈ അച്ഛന്റെയും മകളുടെയും അടുപ്പം കണ്ട് വീട്ടിൽ നിമ്മിക്ക് ഒരു വിളിപ്പേര് അന്നുണ്ടായിരുന്നു. പപ്പയുടെ സ്വന്തം നിമ്മിയെന്ന്. നിമ്മിക്ക് ഇപ്പോൾ വയസ് പതിമൂന്നായി. പഴയ കുട്ടിയല്ല ഇന്നിവൾ. പപ്പയോട് മന സുതുറന്ന് മിണ്ടാറില്ല. പപ്പയാകട്ടെ, നിമ്മിയോട് ചെറുപ്പത്തിലുള്ള അടുപ്പം പുലർത്തുന്നുമില്ല. ഫലമോ, കൂട്ടുകാരെപ്പോലെ കഴിഞ്ഞ ഈ അച്ഛനും മകളും വീട്ടിലിന്ന് അപ രിചിതരെപ്പോലെയായി.

മാനസികമായും ശാരീരികമായുമുള്ള വളർച്ചയുടെ പ്ര ധാനപ്രായമാണ് കൗമാരം. മാതാ പിതാക്കളുമായി കുട്ടികൾക്കുള്ള ആത്മബന്ധവും വിശ്വാസവും കൗമാരത്തോടെ കുറയാനിടയുണ്ട്. അച്ഛനും മകളും തമ്മിലുള്ള

**എല്ലാ ദിവസവും മകളോട് തുറന്ന് സംസാരിക്കാനായി കുറേനേരം മാറ്റിവയ്ക്കണം. എന്തൊക്കെ സംസാരിക്കാം? മനസിനെ അലട്ടുന്ന പ്രശ്നങ്ങൾ, കൂട്ടുകാർ, സ്കൂൾജീവിതം തുടങ്ങി എന്തും സംസാരവിഷയമാക്കാം. മകൾ തുറന്ന മനസോടെ മറുപടി പറയട്ടെ. അനാവശ്യ ഉപദേശങ്ങൾ നൽകാത്ത നല്ലൊരു കേൾവിക്കാരനായി മാറുക. അപ്പോൾ മകളുടെ മനസറിയുന്ന നല്ലൊരു അച്ഛനായി നിങ്ങൾ മാറിക്കഴിഞ്ഞിരിക്കും.**

ബന്ധത്തിലാണ് കോട്ടം തട്ടാൻ സാധ്യതയുള്ളത്. പെൺകുട്ടികൾ ഋതുമതിയാകുന്നതോടെ മാറ്റങ്ങൾ തുടങ്ങും. സ്വതന്ത്രമായി ചിന്തിച്ചുതുടങ്ങുന്ന ഈ പ്രായത്തിൽ കൗമാരക്കാർ സ്വാതന്ത്ര്യബോധം പ്ര കടിപ്പിക്കും. ബാല്യത്തിൽ എന്തിനുമേതിനും പിന്നാലെ നടന്ന മകളുടെ സ്വഭാവമാറ്റം മന സിലാകുന്നതോടെ ഒട്ടുമിക്ക അച്ഛന്മാരും പിൻവലിഞ്ഞുതുടങ്ങും. ഇതോടെ അച്ഛൻ- മകൾ ബ ന്ധത്തിൽ ചെറിയ വിള്ളലുകൾ വീഴാനിടയുണ്ട്. മകൾ കൊച്ചുകുട്ടിയല്ല, വയസ്സറിയിച്ച ഒരു പെൺകുട്ടിയാണ്. ഇനി പഴയപോലെ അടുപ്പം വേണ്ട എന്ന അച്ഛന്മാരുടെ തോന്നലുകൾ അകൽച്ചയുടെ തീവ്രതകൂട്ടും.

മകളോട് തുറന്ന് സംസാരിക്കാനും സന്തോഷത്തോടെ ആശ്ലേഷിക്കാനും ഇവർ മടിക്കും. തന്നെ ഉൾക്കൊള്ളാനും മന സിലാക്കാനും അച്ഛന് കഴിയുന്നില്ല എന്ന തോന്നൽ മകൾക്കുമുണ്ടാകും. ഇതോടെ കഴിവതും പിതാവിന്റെ നിഴലിൽ പോലും വരാതെ മകളും ഉൾവലിയും.

പെൺമക്കളുടെ മനസിലെ സ്വാതന്ത്ര്യബോധം അച്ഛന്മാർ അറിയാൻ ശ്രമിക്കണം. സാമീ പ്യവും സാന്നിദ്ധ്യവും കരുതലും അവരാഗ്രഹിക്കുന്ന രീതിയിൽ നൽകണം. അച്ഛൻ ഒരു വിദൂരസാന്നിദ്ധ്യമാണെന്ന് ഒരിക്കലും അവർക്ക് തോന്നരുത് . അമ്മ- മകൾ ബന്ധത്തിൽ പൊതുവേ ഇത്തരം ഉലച്ചിലുകൾ തട്ടാറില്ല.

കൊച്ചിയിലെ ഒരു ഫ്ളാറ്റിലാണ് രാജീവും ഭാര്യ രേവതിയും 14 വയസുള്ള മകൾ രാജിയും അടങ്ങുന്ന കുടുംബം താമസി ക്കുന്നത്. ഒരു ദിവസം വൈകിട്ട് വിഷാദഭാവത്തിൽ കണ്ട രാജിയോട് രാജീവ് വിവരമന്വേഷിച്ചു.

''എന്റെ കൂട്ടുകാരി പ്രിയ നാളെ നഗരത്തിൽ ഷോപ്പിംഗിന് പോകുന്നുണ്ട്. ഞങ്ങളൊരുമിച്ചാണ്

www.malankaralibrary.com

ഷോപ്പിംഗിന് പോകാൻ പ്ലാനിട്ടത്. എന്നാൽ അവളെന്നെ കൂട്ടാതെ ക്ലാസിലെ ജിബിയോടൊപ്പം നാളെ ഷോപ്പിംഗിന് പോകും. ജിബിയാണ് എന്നോടിത് പറഞ്ഞത് . ഇക്കാര്യം അവളെന്നോടു മറച്ചുവച്ചതിൽ ദേഷ്യവും സങ്കടവും വരുന്നു. പ്രിയയോട് ഇന്നുവരെ ഞാനൊന്നും മറച്ചുവച്ചിട്ടില്ല. പിന്നെന്തിന് അവളെന്നോട് ഇങ്ങനെ ചെയ്തു''-

സങ്കടത്തോടെ രാജി പറഞ്ഞു. ഇത് കേട്ട് രാജീവ് പറഞ്ഞു:

''പ്രിയയെക്കുറിച്ച് പറയുമ്പോൾ നിനക്ക് നൂറുനാവല്ലായിരുന്നോ, ഇപ്പോൾ മനസിലായില്ലേ അവൾ നല്ല ഫ്രണ്ടല്ലെന്ന്.''

ഇത് കേട്ട് രാജിയുടെ സങ്കടവും ദേഷ്യവും ഇരട്ടിച്ചു. അവൾ തിരിച്ചടിച്ചു:

''പ്രിയ എന്റെ ബെസ്റ്റ് ഫ്രണ്ട് തന്നെയാ...പപ്പയ്ക്കെങ്ങനെ അല്ലെന്ന് പറയാനാകും...?''.

താൻ പറഞ്ഞത് മകൾക്ക് ഇഷ്ടപ്പെട്ടില്ലെന്ന് മനസിലായതോടെ രാജീവ് സംസാരത്തിന്റെ ടോൺ മാറ്റി പറഞ്ഞു:

''എന്തെങ്കിലും മിസ് അണ്ടർസ്റ്റാൻഡിംഗ് നിങ്ങൾക്കിടയിലുണ്ടായിട്ടുണ്ടോ? അവളുറപ്പായിട്ടും ഷോപ്പിംഗിന് പോകുന്നുണ്ടോയെന്ന് നീയൊന്നന്വേഷിക്ക്.''

ഉടൻ രാജി പറഞ്ഞു:

''ഞാനറിഞ്ഞത് ശരിയാണ്, ഷോപ്പിംഗിന് പോകുന്ന കാര്യം എന്നോടവൾ മറച്ചുവച്ചിരിക്കയാണ്.''

''രാജീ, എങ്കിൽ നീയവളോടു ഇപ്പോൾതന്നെ വിളിച്ചുചോദിക്ക്, എന്തിനാണ് ഇതവൾ മറച്ചുവച്ചതെന്ന്? അവളെന്താ പറയുന്നതെന്ന് നമുക്ക് അറിയാമല്ലോ, എന്തെങ്കിലും കാരണം കൊണ്ടാകാം പ്രിയ നിന്നോടിത് മറച്ചുവച്ചത്.''

ഇത് കേട്ട് വീണ്ടും മകളുടെ മുഖത്ത് സങ്കടവും ദേഷ്യവുമേറി.

''പപ്പ പറയുന്ന പോലല്ല കാര്യങ്ങൾ. എന്നെ മനസിലാക്കാൻ പപ്പയ്ക്ക് കഴിയുന്നില്ല. അതുകൊണ്ടാ ഇങ്ങനൊക്കെ സംസാരിക്കുന്നത്''-

ഇത്രയും പറഞ്ഞ് രാജി മുറിക്കുള്ളിലേക്ക് ഓടിക്കയറി കതകുവലിച്ചടച്ചു.

ബഹളം കേട്ടാണ് അടുക്കളയിൽ നിന്ന് രേവതിയെത്തിയത്. ''എന്താ ഇവിടെ പ്രശ്നം''-അവർ ചോദിച്ചു. നടന്ന സംഭവം അപ്പാടെ രാജീവ് ഭാര്യയോടു വെളിപ്പെടുത്തി: ''ഞാൻ പ്രശ്നം പരിഹരിക്കാനാണ് ശ്രമിച്ചത്, പക്ഷെ അത് കൂടുതൽ വഷളായി, ഇപ്പോൾ അവൾ മുറിക്കുള്ളിൽ കയറി കതകടച്ചു.''

> **ഭൂരിഭാഗം അച്ഛന്മാരെയും ടീനേജിലെത്തുന്ന മകളിൽ നിന്നകറ്റുന്നത് അവരുടെ സെക്സ് ആണ്. മകളുടെ അടുത്തുപോയിരിക്കാമോ, കുട്ടിക്കാലത്തിലെപ്പോലെ കെട്ടിപ്പിടിക്കാമോ, മടിയിലിരുത്തി കൊഞ്ചിക്കാമോ എന്നിങ്ങനെ ഒരുപാട് ആശങ്കകൾക്ക് നടുവിലാകും അച്ഛന്മാർ. ഒടുവിൽ അവർ മക്കളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനായി തീരുമാനിക്കും.**

''ഞാനൊന്നു നോക്കട്ടെ'' എന്നു പറഞ്ഞ് രേവതി മുറിക്കുള്ളിലേക്ക് പോയി.

കുറച്ചുനേരം കഴിഞ്ഞ് അവർ മകളെയും കൂട്ടിയിറങ്ങിവന്നു. രേവതിയുടെ തോളിൽ തൂങ്ങിയിറങ്ങി വന്ന രാജിയുടെ മുഖത്ത് ദേഷ്യമോ സങ്കടമോ ലേശംപോലും ഇല്ലായിരുന്നു. ഒരു സൗമ്യമായ ചിരിമാത്രം തെളിഞ്ഞിരുന്നു.

''എവരിതിംഗ് ഒ.കെ''- രാജീവ് ചോദിച്ചു. ''നോ പ്രോബ്ളം, ഞങ്ങളൊരുമിച്ചാ ഇന്ന് ഭക്ഷണം ഉണ്ടാക്കുന്നത്'' -രേവതിപറഞ്ഞു.

''പപ്പാ, ഞാനും മമ്മിയും അടുക്കളയിലേക്ക് പോകുവാ... പപ്പയ്ക്കെന്താ സ്പെഷ്യൽ വേണ്ടത്''- മമ്മിയുടെ തോളിൽ തൂങ്ങി രാജി ഇങ്ങനെ പറഞ്ഞു.

പിന്നീട് രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോൾ രാജീവ് ഭാര്യയോട് ചോദിച്ചു: ''എങ്ങനെയാണ് നീയവളെ സമാധാനിപ്പിച്ചത്?''.

രേവതി ചിരിച്ചുകൊണ്ട് പറഞ്ഞു:

''ഞാനവളോട് ചോദിച്ചു. മോളേ, പ്രിയ ഷോപ്പിംഗിന് പോകുന്ന കാര്യം മറച്ചുവച്ചത് നിനക്കൊരുപാട് സങ്കടമായല്ലേ. ഇതു കേട്ടപാടെ കൊച്ചുകുട്ടിയെപ്പോലെ എന്നെ കെട്ടിപ്പിടിച്ച് രാജി പൊട്ടിക്കരഞ്ഞു. സത്യത്തിൽ ഞാനധികമൊന്നും പറഞ്ഞില്ല. എല്ലാം ശരിയായി വരുമെന്ന് ഞാനവൾക്ക് ഉറപ്പുകൊടുക്കുക മാത്രമേ ചെയ്തുള്ളൂ.''

കൂട്ടുകാരിയോടുള്ള ബന്ധം അപകടത്തിലായപ്പോൾ മകൾ മാതാപിതാക്കളുടെ സ്നേഹപൂർണമായ പിന്തുണയും സ്നേഹവുമാണ് പ്രതീക്ഷിച്ചത്. എന്നാൽ പിതാവ് പ്രശ്നം പരിഹരിക്കാനാണ് ശ്രമിച്ചത്. അവളുടെ മനസിനോടു ചേർന്നു നിൽക്കുന്ന ഒരു വാക്ക് പറഞ്ഞിരുന്നെങ്കിൽ പ്രശ്നം നേരത്തെ പരിഹരിക്കപ്പെട്ടേനേ. ഉപദേശങ്ങൾ നൽകാതെ, വൈകാരിക അടുപ്പങ്ങളുടെ വാതിൽ തുറന്നിടാൻ ഇവിടെ മാതാവിന് കഴിഞ്ഞു. അതോടെ മകളുടെ സങ്കടം പോയ്മറഞ്ഞു.

ഭൂരിഭാഗം അച്ഛന്മാരെയും ടീനേജിലെത്തുന്ന മകളിൽ നിന്നകറ്റുന്നത് അവരുടെ സെക്സ് ആണ്. മകളുടെ അടുത്തുപോയിരിക്കാമോ, കുട്ടിക്കാലത്തിലെപ്പോലെ കെട്ടിപ്പിടിക്കാമോ, മടിയിലിരുത്തി കൊഞ്ചിക്കാമോ എന്നിങ്ങനെ ഒരുപാട് ആശങ്കകൾക്ക് നടുവിലാകും അച്ഛന്മാർ. ഒടുവിൽ അവർ മക്കളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനായി തീരുമാനിക്കും. മാതാപിതാക്കളുടെ കെയറിംഗ് പെൺമക്കൾ കൂടുതൽ ആഗ്രഹിക്കുന്ന പ്രായമാണ് ടീനേജ്. തന്റെ സങ്കടങ്ങളും പ്രശ്നങ്ങളും പങ്കുവയ്ക്കാൻ മാതാപിതാക്കളുടെ സാന്നിദ്ധ്യം ഇവർ കൊതിക്കും. ഈ അവസരത്തിൽ അച്ഛന്റെ അടുപ്പക്കുറവ് മകളെ മുറിക്കുള്ളിലേക്കൊതുങ്ങാൻ പ്രേരിപ്പിക്കും.

ബാല്യത്തിൽ കണക്ക് പരീക്ഷയ്ക്ക് നൂറിൽ നൂറുമാർക്കും വാങ്ങിയെത്തിയ മകളെ കെട്ടിപ്പിടിച്ച് കവിളിൽ മുത്തം കൊടുക്കുന്ന അച്ഛന്മാരുണ്ട്. എന്നാൽ പ്ളെസ്വൺ എ പ്ളെസോടെ പാസായി വീട്ടിലെത്തിയ മകളുടെ സന്തോഷത്തിൽ ഈ പിതാവ് പങ്കുചേർന്നത് പണ്ട് സന്തോഷം പ്രകടിപ്പിച്ചതുപോലെയാകില്ല. മകൾക്ക് നല്ലൊരു ഷേക്ക് ഹാൻഡ് പോലും അച്ഛൻ കൊടുത്തെന്ന് വരില്ല. ഉന്നതവിജയം നേടിയ മകളുടെ തോളിൽ ഒരു തലോടൽ കൊണ്ടും, നീയെന്റെ മിടുക്കി കുട്ടിയല്ലേ, പിന്നെങ്ങനെ റാങ്ക് കിട്ടാതിരിക്കും എന്നൊക്കെയുള്ള വാക്കുകൾ കൊണ്ടും അടുപ്പം പുലർത്താം.

ബാല്യത്തിൽ തലയിലും താഴത്തും വയ്ക്കാതെ വളർത്തിയ പോലെ അമിതമായ സ്നേഹപ്രകടനങ്ങൾ ഒഴിവാക്കണം. മുതിർന്നിട്ടും കൊച്ചുകുട്ടിയെന്ന മട്ടിൽ ലാളിച്ചാൽ അവർക്കത് ഇഷ്ടപ്പെട്ടെന്നു വരില്ല. അച്ഛന്മാർ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം ശാരീരികഅടുപ്പം അമിതമാകാതെ എങ്ങനെ പെൺമക്കളുമായി വൈകാരിക അടുപ്പം വളർത്തിയെടുക്കാമെന്നതാണ്. ദിവസവും മകളോട് തുറന്ന് സംസാരിക്കാനായി കുറേനേരം മാറ്റിവയ്ക്കണം. എന്തൊക്കെ സംസാരിക്കാം? മനസിനെ അലട്ടുന്ന പ്രശ്നങ്ങൾ, കൂട്ടുകാർ, സ്കൂൾജീവിതം തുടങ്ങി എന്തും സംസാരവിഷയമാക്കാം. മകൾ തുറന്ന മനസോടെ മറുപടി പറയട്ടെ. അനാവശ്യ ഉപദേശങ്ങൾ നൽകാത്ത നല്ലൊരു കേൾവിക്കാരനായി മാറുക. അപ്പോൾ മകളുടെ മനസറിയുന്ന നല്ലൊരു അച്ഛനായി നിങ്ങൾ മാറിക്കഴിഞ്ഞിരിക്കും. SFM

smartfamily09@gmail.com

www.malankaralibrary.com






# വന്ധ്യത
# കാരണങ്ങളും, ചികിത്സയും

www.malankaralibrary.com





**Dr. Gopinathan DGO,MD**
Head of the Department,
Obstetrics & Gynaecology,Edappal
Hospitals, Unit Director, CIMAR

# സ്ത്രീകളിലെ വന്ധ്യത

നീണ്ടനാൾ കാത്തിരുന്നിട്ടും വീട്ടിലേക്ക് കുഞ്ഞതിഥി വരാനെന്തേ വൈകുന്നത്...? എല്ലാ ദമ്പതിമാരുടെയും സ്വപ്നമാണ് പൊന്നോമനയുടെ പിറവി. എന്നാൽ ഏറെ കാത്തിട്ടും ഗർഭധാരണം നടക്കുന്നില്ലെങ്കിൽ പിന്നെ ഡോക്ടറെ കാണാൻ വൈകരുത്. നിങ്ങളുടെ സ്വപ്നങ്ങളെ വിഫലമാക്കുന്നത് വന്ധത്യയാ കാം. ഗർഭം ധരിച്ചാലും അബോർഷ നുണ്ടാകുന്നത് വന്ധ്യത തന്നെയാണ്. സങ്കീർണ്ണമായ പ്രത്യുല്പ്പാദന പ്രവർത്തനങ്ങളിലൂടെയാണ് കുഞ്ഞുങ്ങൾ പിറക്കുന്നത്. സ്ത്രീകളിലെ അണ്ഡവിസർജനം, ഗർഭാശയപ്രശ്നങ്ങൾ എന്നിവ വന്ധ്യതയിലേക്ക് നയിക്കാം. പുതിയ കാലഘട്ടത്തിലെ ജീവിതശൈലിയിൽ വന്ധ്യത ഉണ്ടാകാനുള്ള സാധ്യതകളുമേറെയാണ്. നേരത്തെ തിരിച്ചറിഞ്ഞ് വിദഗ്ധ ചികിത്സ തേടിയാൽ വന്ധ്യത ഒരു പരിധി വരെ ഒഴിവാക്കാം.

## വന്ധ്യത ഉണ്ടാകുന്നത് ആർക്ക്?

സ്ത്രീക്കും പുരുഷനും വന്ധ്യത ഉണ്ടാകാം. സ്ത്രീകൾക്കും പുരുഷന്മാർക്കും വന്ധ്യത ഉണ്ടാകാൻ തുല്യസാധ്യതയുണ്ട്. രണ്ടുപേരുടെയും പ്രശ്നങ്ങൾ കൊണ്ടും വന്ധ്യതയുണ്ടാകാം.

## പുരുഷന്മാരിലെ വന്ധ്യത

ബീജത്തിലെ കൗണ്ട് കുറവാണ് പുരുഷവന്ധ്യതയുടെ പ്രധാന കാരണം. ജന്മനായുണ്ടാകുന്ന പ്രശ്നങ്ങളും അപകടങ്ങളും മുറിവുകളും വന്ധ്യതയിലേക്ക് നയിച്ചേക്കാം.

## കാരണങ്ങൾ

പുരുഷബീജത്തിന്റെ ഉല്പ്പാദന ത്തെ പ്രതികൂലമായി ബാധിക്കുന്ന നിരവധി വസ്തുതകളുണ്ട്. മാറിയ ജീവിതസാഹചര്യവും പുത്തൻ ജീവിതശൈലിയും പ്രധാന കാരണങ്ങളാണ്.

ബീജത്തിലെ കൗണ്ടും ശേഷിയും കുറയ്ക്കുന്ന കാരണങ്ങൾ ഇവയാണ്

- ആൽക്കഹോൾ, മയക്കുമരുന്ന്, സിഗരറ്റ് എന്നിവയുടെ ഉപയോഗം
- ആരോഗ്യപ്രശ്നങ്ങൾ
- മരുന്നുകളുടെ പാർശ്വഫലങ്ങൾ
- റേഡിയേഷൻ ചികിത്സയുടെ പാർശ്വഫലങ്ങൾ
- പ്രായം

അണ്ഡോത്പാദന വുമായി ബന്ധപ്പെട്ട തകരാറുകളാണ് സ്ത്രീകളിലെ വന്ധ്യതയുണ്ടാക്കുന്നത്. ക്രമം തെറ്റിയ ആർത്തവം പിന്നീട് അണ്ഡോത്പാദനത്തിലെ തകരാറുകളുടെ സൂചന യാണ്. ഗർഭാശയത്തിലേക്കുള്ള അണ്ഡവാഹിനിക്കുഴലിൽ ഉണ്ടാകുന്ന തടസവും ഗർഭ പാത്രത്തിന്റെ തകരാറും വന്ധ്യതയിലേക്ക് നയിച്ചേക്കാം.

## കാരണങ്ങൾ

- പ്രായം
- മാനസിക സമ്മർദ്ദം
- പോഷകാഹാര കുറവ്
- അമിതമായ വ്യായാമം
- പൊണ്ണത്തടി, മെലിച്ചിൽ
- ലൈംഗിക രോഗങ്ങൾ
- ഹോർമോൺ വ്യതിയാനം

സ്ത്രീകളിലെ വന്ധ്യതയ്ക്ക് പ്രായം പ്രധാന കാരണമാണ്. പ്രായമേറുന്തോറും ഗർഭം ധാരണ സാധ്യത കുറയുന്നു. പ്രായമായ സ്ത്രീകളിൽ(വയസ് 30 മുതൽ ) ബീജസംയോജനത്തിൽ ഏർപ്പെടാൻ അണ്ഡത്തിന് ശേഷികുറഞ്ഞ് വരുന്നതായി വിദഗ്ധ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. മറ്റ് ആരോഗ്യപ്രശ്നങ്ങൾ കൂടിയുണ്ടെങ്കിൽ ശേഷി വീണ്ടും കുറയും. ഗർഭം ധരിച്ചാലും ഇവരിൽ അബോർഷന് സാധ്യത കൂടും. 30 വയസിൽ താഴെയുള്ള സ്ത്രീകൾ ഒരു വർഷം ശ്രമിച്ചിട്ടും ഗർഭധാരണം നടക്കുന്നില്ലെങ്കിൽ ഡോക്ടറെ സമീപിക്കണം. മുപ്പതുവയസായ സ്തീകളിൽ ആറുമാസം ശ്രമിച്ചിട്ടും ഗർഭധാരണം നടക്കുന്നില്ലെങ്കിൽ ഡോക്ടറെ കാണാൻ വൈകരുത്. സമയോചിതമായി ചികിത്സ തേടിയാൽ വന്ധ്യതയ്ക്കുള്ള സാധ്യത കുറയ്ക്കാം. ആർത്തവ കാലത്തെ അതിയായ വേദന, അടിവയറ്റിലെ വേദന, ഗർഭമലസൽ എന്നിവയുണ്ടായാൽ വന്ധ്യതാ പരിശോധനയ്ക്ക് വിധേയയാകണം

## ചികിത്സാരീതികൾ

ആധുനിക വൈദ്യശാസ്ത്ര രംഗത്ത് അനേകം ചികിത്സാരീതികൾ നിലവിലുണ്ട്. മരുന്ന്, സർജറി, ക്രിത്രിമ ബീജസങ്കലനം തുടങ്ങിയ മാർഗങ്ങളാണ് അവയിൽ പ്രധാനം. ദമ്പതികളുടെ പ്രായം, പരിശോധന ഫലങ്ങൾ, ആരോഗ്യനില എന്നിവയുടെ അടിസ്ഥാനത്തിലാണ് ചികിത്സ നൽകുന്നത്. SFM

smartfamily09@gmail.com

www.malankaralibrary.com





ഡോ കെ കെ ഗോപിനാഥും പത്നി ചിത്രാ ഗോപിനാഥും

# വന്ധ്യത: മൂന്നരപതിറ്റാണ്ടിന്റെ അനുഭവസമ്പത്തുമായി...

വന്ധ്യത ശാപമല്ലെന്നും പലപ്പോഴും അതു പരിഹരിക്കാൻ കഴിയുന്ന വൈകല്യം മാത്രമാണെന്നുമുള്ള തിരിച്ചറിവാണ് നമുക്കു വേണ്ടത്. ലൈംഗികത, ശരീരശാസ്ത്രം, മനഃശാസ്ത്രം ശരിയായ വന്ധ്യതാ പരിഹാരമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയ വിജ്ഞാനം ആർജിക്കുന്നതിലൂടെ മാത്രമേ ആ തിരിച്ചറിവ് നേടാൻ കഴിയൂ.

**ആത്മജൻ**
പി ആർ ഒ. സൈമർ കൊച്ചി

മുപ്പത്തിയഞ്ച് വർഷത്തെ വന്ധ്യതാ ചികിത്സാ പാരമ്പര്യവും അസിസ്റ്റഡ് റീ പ്രൊഡക്ഷൻ ടെക്നോളജിയിൽ 16 വർഷത്തെ പരിചയസമ്പത്തുമുള്ള സൈമർ കൊച്ചിൻ ലോകത്തിലെ മികച്ച വന്ധ്യതാ ചികിത്സാകേന്ദ്രങ്ങളിലൊന്നാണ്.കൊച്ചിയുടെ ഹൃദയഭാഗത്ത് അമൃത ഹോസ്പിറ്റലിനടുത്താണ് സൈമർ കൊച്ചിൻ 40,000 ചതുരശ്ര അടിയിൽ കേന്ദ്രീകൃത ശീതീകരണത്തോടുകൂടി വളരെ ശുചിത്വത്തോടും, ശാന്തമായ അന്തരീക്ഷത്തിൽ പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്നതും അന്തരീക്ഷ മലിനീകരണം പ്രത്യേകിച്ച് ശബ്ദവും, പൊടിപടലങ്ങളും ഇല്ലാത്ത NH17 നിന്ന് 150 മീറ്റർ മാത്രം ദൂരത്താണ് സൈമർ കൊച്ചിൻ. സാധാരണ പൈപ്പിലെ ജലം പോലും അത്യാധുനിക രീതിയിൽ ശുദ്ധീകരിച്ചാണ് ഉപയോഗിക്കുന്നത്. വന്ധ്യതാ ചികിത്സയ്ക്ക് ഏറെ പ്രധാനപ്പെട്ടതാണ് ശുചിത്വം. പ്രത്യേകിച്ച് ടെസ്റ്റ്യൂബ് പോലുള്ള ചികിത്സകൾക്ക്. സൈമറിലെ ഈ അന്തരീക്ഷം തീർച്ചയായും ചികിത്സകളുടെ വിജയശതമാനം വർദ്ധിപ്പിക്കാനുതകുന്നതാണ്. സൈമറിലെ മൈന്റ് ബോഡി മെഡിസിൻ വിഭാഗം ദമ്പതികളിലെ അനാവശ്യ ഉത്കണ്ഠകളും, ടെൻഷനും അകറ്റി അവർക്ക് ധാർമ്മിക പിന്തുണനൽകുന്നു. വന്ധ്യതാ ചികിത്സയിൽ ഇന്ന് ലോകത്ത് ലഭ്യമായ എല്ലാ സാങ്കേതിക വിദ്യകളും ചികിത്സാരീതികളും സൈമർ കൊച്ചിനിൽ ലഭ്യമാണ് (ഉദാ:IVM/IMSI/PGD). വന്ധ്യതാ ചികിത്സ ഫലപ്രാപ്തിയായവർക്കും സാധാരണ ഗർഭധാരണത്തിൽ പ്രശ്നങ്ങളുള്ളവർക്കുമായി അവരുടെ ഗർഭസംരക്ഷണത്തിനായി ഫിറ്റോമെറ്റേണൽ മെഡിസിൻ ആന്റ് ജനിറ്റിക്സ് വിഭാഗം സൈമറിൽ സുസജ്ജമാണ്. നൽകാൻ കഴിയുന്ന ഏറ്റവും നല്ലതും ആധുനികവുമായ രീതിയിൽ ഗർഭ സംരക്ഷണം ഇവിടെ സാധ്യമാണ്. ആയാസരഹിതവും സൗകര്യപ്രദവുമായ പ്രസവം സാധ്യമാക്കാനും നവജാത ശിശു സംരക്ഷണത്തിനും പ്രത്യേക സൗകര്യങ്ങൾ ലഭ്യമാണ്. സൈമറിനെക്കുറിച്ച് കൂടുതലറിയാനും അന്വേഷണങ്ങൾക്കും വെബ്സൈറ്റ് www.cimarindia.org കൂടാതെ നിങ്ങളുടെ എല്ലാ അന്വേഷണത്തിനും കൃത്യമായി മറുപടി എത്രയും വേഗം ഇ-മെയിൽ വഴിനൽകുന്നതാണ്. cimarcochin@gmail.com രോഗികൾക്ക് പരമാവധി പരിരക്ഷയും ക്ഷേമവുമാണ് സൈമറിന്റെ ലക്ഷ്യം.

## ചിത്ര ഗോപിനാഥൻ

(എം.ഡി എടപ്പാൾ ഹോസ്പിറ്റൽസ് സൈമർ )

ഹോസ്പിറ്റൽസിന്റെ ദൈനംദിന കാര്യങ്ങൾ ക്രമീകരിക്കുന്നതും ആയിരത്തിനടുത്തുവരുന്ന സ്റ്റാഫുകളെ നിയന്ത്രിക്കുന്നതും ഒരു സ്ത്രീയാണ് എന്നതാണ് എടപ്പാൾ ഹോസ്പിറ്റലിനെ സംബന്ധിക്കുന്ന കൗതുകകരമായ മറ്റൊരു വസ്തുത. മാനേജിംഗ് ഡയറക്ടറും ഡോ. കെ. കെ. ഗോപിനാഥിന്റെ പത്നിയുമായ ചിത്രഗോപിനാഥാണ് എടപ്പാൾ ഹോസ്പിറ്റലിന്റെ മാസ്റ്റർ ബ്രെയിനും ജീവനാഡിയും. ബാംഗ്ലൂരിലെ ഓൾ സീസൺ ഹെർബൽ

www.malankaralibrary.com

ലിമിറ്റഡിന്റെ ഡയറക്ടർ കൂടിയാണ് ചിത്ര ഗോപിനാഥൻ. അസാമാന്യമായ കാര്യപ്രാപ്തിയും കഴിവും ആത്മവിശ്വാസവും ചിത്ര ഗോപിനാഥനെ വ്യത്യസ്തയാക്കുന്ന ഘടകങ്ങളാണ്.

എറണാകുളം ജില്ലയിൽ ചേരാനല്ലൂരിലാണ് എടപ്പാൾ ഹോസ്പിറ്റലിന്റെ ഇൻഫെർട്ടിലിറ്റി സെന്ററായ സൈമർ സ്ഥിതിചെയ്യുന്നത്. ഇടപ്പള്ളിയിൽ നിന്ന് നാലുകിലോമീറ്റർ അകലെയാണ് സൈമർ. സെൻട്രൽ എയർകണ്ടീഷണിങ് സിസ്റ്റത്തോടുകൂടിയതാണ് സൈമർ. രോഗികളുടെ മനസ്സിനു ശാന്തിയും സമാധാനവും നൽകുന്ന അന്തരീക്ഷമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. നൂറുശതമാനം ഹൈജീനിക് കൂടിയായ സൈമർ ചേരാനല്ലൂർ പുഴയുടെ തീരത്താണ് സ്ഥിതിചെയ്യുന്നത്.

## ഗർഭിണികളും ചികിത്സാരീതികളും

ക്രോമോസോമിനെ സംബന്ധിക്കുന്ന രോഗ പരിശോധനയ്ക്കായി എല്ലാ ഗർഭിണികളിലും ആദ്യ മൂന്ന് മാസങ്ങൾക്കുള്ളിൽ ഒരു സ്ക്രീനിംഗ് ടെസ്റ്റ് നടത്തും. കുഞ്ഞുങ്ങൾക്ക് ഉണ്ടായേക്കാവുന്ന വൈകല്യങ്ങളെ ഗർഭാവസ്ഥയിൽ തന്നെ തിരിച്ചറിയാൻ കൂടിയാണ് ഈ ടെസ്റ്റ്. യു. കെ യിലെ Fetal Medicine Foundation (FMF) സാക്ഷ്യപ്പെടുത്തിയ അന്താരാഷ്ട്ര നിലവാരമുള്ള സ്കാനിങ്ങാണ് സൈമറിൽ രോഗികൾക്ക് ലഭിക്കുന്നത്. ഇതിനു പുറമെ Karyotype, FISH, PCR തുടങ്ങിയ നൂതന സൗകര്യങ്ങളോട് കൂടിയ ഒരു സൈക്കോജനിറ്റിക് ലാബും ഇവിടുണ്ട്. Fetal Therapy, ആധുനിക ഉപകരണങ്ങളോട് കൂടിയ 3D/4D സ്കാൻ, കുഞ്ഞിന്റെ വളർച്ചയുടെ ഓരോ ഘട്ടങ്ങൾ തിരിച്ചറിയുന്നതിനുള്ള Growth Scan എന്നിവയും സൈമറിന്റെ പ്രത്യേകതയാണ്. ഗർഭിണികൾക്കായി ഒരു കൗൺസലിങ്ങ് സെന്ററും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഗർഭിണികൾക്ക് പ്രസവസമയത്തെ പേടി അകറ്റുന്നതിനും ഭാവിയിൽ കുഞ്ഞിനുനൽകേണ്ട സുരക്ഷാകാര്യങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു.

## മൂന്നരപതിറ്റാണ്ടിന്റെ അനുഭവസമ്പത്ത്

വന്ധ്യതാ ചിതിത്സാരംഗത്ത് പ്രതീക്ഷാഭരിതമായ ചികിത്സ നൽകി പുതിയൊരു യുഗത്തിന് നാന്ദികുറിച്ച ഡോ.ഗോപിനാഥൻ 35 വർഷമായി ഈ ചികിത്സാരംഗത്ത് സജീവസാന്നിധ്യമാണ്. സംസ്ഥാന ആരോഗ്യവകുപ്പിലെ ആദ്യത്തെ ലാപ്രോസ്കോപിക് സർജനായ ഡോ. ഗോപിനാഥൻ കേരളത്തിൽ ഉടനീളം ലാപ്രോസ്കോപ്പിക്സ് സ്റ്റെറിലൈസേഷൻ ക്യാമ്പുകൾ


സൈമർ കൊച്ചി ഹോസ്പിറ്റൽ





നടത്തിയിട്ടുണ്ട്. മൂന്നര പതിറ്റാണ്ടിനിടെ ഏകദേശം ഒരുലക്ഷത്തിലേറെ വന്ധ്യതാ പ്രശ്നമുള്ള ദമ്പതികളെ ചികിത്സിക്കാനും വന്ധ്യതയിൽ നിന്ന് ശാപമോക്ഷം നൽകാനും ഉള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

1974ൽ കർണാടക യൂണിവേഴ്സിറ്റിയിൽ നിന്നാണ് ഡോ. ഗോപിനാഥൻ എം.ബി. ബി. എസ് ബിരുദം നേടിയത്. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും 1978ൽ എം.ഡി ബിരുദവും നേടി. പിന്നീട് 13 വർഷം സംസ്ഥാന ആരോഗ്യവകുപ്പിൽ പ്രവർത്തിച്ചു. അന്നു തന്നെ വന്ധ്യതാ ചികിത്സയിൽ ഡോ. ഗോപിനാഥൻ അതീവ താൽപര്യം കാണിച്ചിരുന്നു. ആ താൽപര്യമാണ് 1990 ൽ എടപ്പാളിൽ, എടപ്പാൾ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നൊരു ഹോസ്പിറ്റൽ സുഹൃത്തുക്കളുടെ സഹായത്തോടെ തുടങ്ങാൻ അദ്ദേഹത്തിന് പ്രചോദനമായത്.

1996ൽ വന്ധ്യതാ ചികിത്സയ്ക്ക് മാത്രമായി സൈമർ എന്നൊരു വിഭാഗം കൂടി എടപ്പാളിൽ സ്ഥാപിച്ചു. 1997ൽ കേരളത്തിൽ ആദ്യത്തെ ഇക്സി ടെസ്റ്റ്ട്യൂബ് കുഞ്ഞുങ്ങൾക്ക് ജന്മംനൽകാനും അതിന് സാക്ഷ്യം വഹിക്കാനും സൈമറിന് കഴിഞ്ഞു. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ ഇക്സി ചികിത്സ നടത്തുന്ന സ്ഥാപനങ്ങളിൽ ഒന്നായി സൈമർ മാറി.

ഇൻഫെർട്ടിലിറ്റി വിദഗ്ദൻ എന്ന നിലയിൽ ലോകത്താകമാനം പ്രശസ്തി പിടിച്ചുപറ്റിയ ഡോ. ഗോപിനാഥനും യൂറോപ്യൻ സൊസൈറ്റി ഫോർ ഹ്യൂമൻ റീപ്രൊഡക്ഷൻ എംബ്രിയോളജി (ESHRE), ഇന്റർനാഷണൽ സൊസൈറ്റി ഫോർ അസിസ്റ്റഡ് റീ പ്രൊഡക്ഷൻ (ISAR) തുടങ്ങിയവയിലും ഇന്ത്യയിലെ തന്നെ ഒട്ടുമിക്ക വന്ധ്യതാ ചികിത്സാ സംഘടനകളിലും സജീവമാണ്. ഒപ്പം ഒ.ബി.ജി സൊസൈറ്റി കേരളയുടെ ഇൻഫെർട്ടിലിറ്റി ചെയർമാൻ പദവിയും അലങ്കരിക്കുന്നു. കേരള അസോസിയേഷൻ ഫോർ ഗൈനക്കോളജിക്കൽ എൻഡോസ്കോപിസ്റ്റിന്റെ സ്ഥാപകാംഗവും മുൻ സംസ്ഥാനപ്രസിഡന്റും കൂടിയാണ് ഡോ.ഗോപിനാഥൻ. 35 വർഷമായി ഒരു തപസ്യപോലെ വന്ധ്യതാ ചികിത്സയെ മനസ്സിൽ കൊണ്ടുനടക്കുകയാണ് ഡോ. ഗോപിനാഥൻ.

### Training at CIMAR

DNB- Obstetric & Gynecology Postgraduate Training Centre
FOGSI- Endoscopic Training Centre
FOGSI- Infertility Training Centre
FOGSI- Ultra Sound Training Centre
Genetics Training Centre
Advanced Infertility Training Centre for IVF/ICSI
Fellowship in Reproductive Medicine conducted by CIMAR

വിലാസം: അമൃത സ്കൂളിന് സമീപം തൈക്കാവ്
ചേരാനല്ലൂർ, ഇടപ്പള്ളി,
കൊച്ചി- 682 034
ഫോൺ: 91 484 4134444,
ഫാക്സ് 91 484 4134455
email: cimarcochin@gmail.com
website:www.cimarindia.org

www.malankaralibrary.com






# ഞങ്ങൾ സന്തുഷ്ടരാണ്!

പുതു തലമുറയുടെ കുടുംബ സങ്കൽപ്പങ്ങളിൽ പഴമയുടെ മാധുര്യം നിറച്ച് ജീവിതം ആഘോഷമാക്കി മാറ്റുന്ന ഒരു കൂട്ടുകുടുംബം. മുപ്പത്തിയാറു പേർക്ക് ഇവിടെ ഒരൊറ്റ ശബ്ദമാണ് – 'ഞങ്ങൾ സന്തുഷ്ടരാണ്.' തലമുറകളായി കൈവന്ന സമ്പത്ത് വരും തലമുറയ്ക്ക് പകർന്നു നൽകിയ ഇവരുടെ സന്തോഷത്തിൽ നമുക്കും പങ്കുചേരാം...

ശ്രുതി കെ. എസ്

സെപ്റ്റംബർ 19 ഞായറാഴ്ച. തൃശ്ശൂരിൽ ചേലക്കോട്ടുകരയിലെ കുണ്ടുകുളം സേവിയറിന്റെ വീട്ടിൽ ബഹളമാണ്. രാവിലെ തുടങ്ങിയ തിരക്ക് വൈകുന്നേരം നാല് മണിയായിട്ടും തീരുന്നില്ല. എന്താണെന്നല്ലേ? ഇന്നവരുടെ കുടുംബസംഗമമാണ്. ഇത്രയും ആളുകളുള്ള വീടോ? ആരും ഒന്ന് അന്തിച്ചു പോകും. സേവിയറിന്റെ 25ാം വിവാഹവാർഷികവും കൂടിയാണ്. ''വിവാഹവാർഷികം എന്നതൊക്കെ ഒന്നിച്ചു കൂടാനുള്ള ഒരു കാരണം മാത്രമാണ് ട്ടൊ. ഞങ്ങൾ എല്ലാ പെരുന്നാളിനും ക്രിസ്തുമസ്സിനും ഈസ്റ്ററിനുമൊക്കെ കൂടും. പിന്നെ ഇതുപോലെ ഓരോ പേരുകൾ കണ്ടെത്തും.'' – സേവിയറിന്റെ അനിയൻ ബെന്നിയുടെ വിശദീകരണമാണ്.

''ഒരുപാട് ആളുകളുള്ള കുടുംബമായതോണ്ട് എപ്പോഴും എന്തെങ്കിലുമൊക്കെ വിശേഷം കാണുമിവിടെ. കല്യാണമോ, വിരുന്നോ അങ്ങനെയെന്തെങ്കിലും.'' കുണ്ടുകുളം ചാക്കുണ്ണിക്കും കൊച്ചമ്മയ്ക്കും ഒമ്പത് മക്കളാണ്. രണ്ട് പെണ്ണും ഏഴ് ആണും. തൃശ്ശൂരിലെ പർപ്പൂരാണ് ഇവരുടെ സ്വദേശം. അപ്പച്ചൻ ഇല്ലെങ്കിലും അമ്മച്ചിയാണ് ഇവിടത്തെ കാരണവർ. മക്കളും, മരുമക്കളും, പതിനേഴ് കൊച്ചുമക്കളും കൂടി ആകെ മുപ്പത്തിയാറ് അംഗങ്ങളാണ് ഈ കുടുംബത്തിൽ. 74 വയസ്സുള്ള അമ്മച്ചി മുതൽ നാല് മാസം പ്രായമുള്ള പേരക്കുട്ടിയും ഇവിടുണ്ട്.


www.malankaralibrary.com

*മക്കൾ, ജോജു, ചാൾസ്, സ്റ്റീഫൻ, ലിസി, ബെന്നി, എൽസി, എബ്രഹാം, സേവിയർ എന്നിവർ അമ്മയ്ക്കൊപ്പം*

മൂന്ന് തലമുറയിലെ അംഗങ്ങൾ. ജോജു, ലിസി, സ്റ്റീഫൻ, എൽസി, സണ്ണി, എബ്രഹാം, ബെന്നി, ചാൾസ് എന്നിവരാണ് സേവിയറിന്റെ മറ്റു സഹോദരീസഹോദരൻമാർ. സൗത്ത് ആഫ്രിക്കയിലുള്ള സണ്ണിയും കുടുംബവും ഒഴിച്ചാൽ ബാക്കിയുള്ള മുപ്പത്തിനാല് പേരും ഇന്നിവിടെ കൂടിയിട്ടുണ്ട്.

## ''നുണ പറയരുത്!''

''അപ്പച്ചനാണ് ഞങ്ങൾ ഒമ്പത് പേരുടേയും ഹീറോ''– മക്കളിൽ മൂത്തമകനായ സേവിയർ ഒരു കഥയ്ക്കുള്ള ഒരുക്കത്തിലാണ്. ''നുണ പറയരുത്!'' ഇതായിരുന്നു അപ്പച്ചന്റെ പോളിസി. ''അതു ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷയും നൽകിയിരുന്നു. തെറ്റു ചെയ്താലല്ല, അത് മറച്ചുവെച്ചാലാണ് അടി. അതുപോലെതന്നെ മറ്റൊരു പ്രത്യേകതയും ഇവിടുണ്ട്. വീട്ടിലെ അലമാരക്കോ മേശക്കോ പൂട്ടും താക്കോലും ഉണ്ടായിരുന്നില്ല. മക്കളിലുള്ള മാതാപിതാക്കളുടെ വിശ്വാസമാണ് ഇത്. മേശയിൽ നിന്ന് കാശെടുത്താൽ കുഴപ്പമില്ല. പക്ഷെ എടുത്തില്ലെന്ന് കളവു പറയാൻ പാടില്ല. അതുകൊണ്ട് തന്നെ ഇവിടത്തെ ആരും കളവു ചെയ്യുകയോ നുണ പറയുകയോ ചെയ്തിരുന്നുമില്ല.'' പത്തു കൽപ്പനകളിൽ എട്ടാമത്തെ ''കള്ള സാക്ഷ്യം പറയരുത്'' എന്ന കൽപ്പന ഒന്നാമതാക്കണമെന്ന അഭിപ്രായമാണ് ഈ ഒമ്പത് പേർക്കും. അപ്പച്ചൻ ശീലിപ്പിച്ച ഇത്തരം മൂല്യങ്ങളാണ് തങ്ങളുടെ ക്യാരക്റ്റർ രൂപപ്പെടുന്നതിൽ സഹായിച്ചിട്ടുള്ളതെന്ന് ഇവർ ഉറച്ച് വിശ്വസിക്കുന്നു.

## ''തന്നത് തിന്നാ, പറഞ്ഞത് കേൾക്കാ, മിണ്ടാതെ പൂവ്വാ.''

അപ്പച്ചന്റെ ഒരു പെങ്ങളും രണ്ട് ചേട്ടൻമാരും ഇവരോടൊപ്പം തന്നെയായിരുന്നു താമസം. അമ്മായിക്കുമുണ്ട് ചില അച്ചടക്കമര്യാദകൾ. അതനുസരിപ്പിക്കാനായി ചില ചൊല്ലുകൾ അവർ സ്വയം ഉണ്ടാക്കിയിരുന്നു. ''തന്നത് തിന്നാ, പറഞ്ഞത് കേൾക്കാ, മിണ്ടാതെ പൂവ്വാ.'' എന്ത് ഭക്ഷണമായാലും വേണ്ടെന്ന് പറയാതെ കഴിക്കണം. വീട്ടിൽ ധാരാളം മാങ്ങയും നെല്ലിയുമൊക്കെ ഉണ്ടായിരുന്നു. എല്ലാം വലിയ ഭരണികളിൽ ഉപ്പിലിട്ട് വെച്ചിട്ടുണ്ടാകും. പക്ഷെ ഭക്ഷണം ഇഷ്ടമില്ലെന്ന് പറഞ്ഞ് അതിൽ നിന്നെടുത്ത് കഴിക്കാൻ സമ്മതമില്ല. പറഞ്ഞത് കേട്ട് മറുത്തൊന്ന് പറയാതെ അനുസരിക്കുകയും വേണം.

അതിനോടൊപ്പം തന്നെ മൂത്തവർ പറയുന്നത് താഴെയുള്ളവർ അനുസരിക്കണം എന്നതും ഇവർ പാലിച്ചു പോന്നിരുന്നു. മൂത്ത കുട്ടിയെ അച്ചടക്കത്തോടെയും അനുസരണയോടെയും വളർത്തിയാൽ മതി. താഴെയുള്ളവർ കൂടെ പോന്നോളും എന്ന ചിന്താഗതിയായിരുന്നു ചാക്കുണ്ണിയുടെ. ഈ തത്വത്തിൽ അപ്പച്ചൻ തന്നെയായിരുന്നു അവർക്ക് മാതൃകയും. മറുത്തൊന്ന് പറയാതെ സ്വന്തം ചേട്ടൻമാരെ അനുസരിച്ചിരുന്ന അപ്പച്ചനെ മക്കൾ ആരാധനയോടെയാണ് നോക്കിക്കണ്ടിരുന്നത്. രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടിയായാലും അവൻ പറഞ്ഞാൽ ഒന്നാം ക്ലാസിൽ പഠിക്കുന്നവൻ കേൾക്കണം. കേൾക്കുകയും ചെയ്യും. ഇത്തരത്തിൽ ഒരു പ്രത്യേക രീതിയിലായിരുന്നു ഇവരുടെ കുട്ടിക്കാലം.

''പക്ഷെ ഇന്ന് തലതിരിഞ്ഞാണ് പോക്ക്. വീട്ടിലെ ഏറ്റവും ചെറിയ കുട്ടി പറയുന്നതാണ് മൂത്ത കുട്ടി കേൾക്കുക. അവൻ പറയുന്നത് അമ്മയും ഭാര്യ പറയുന്നത് ഭർത്താവും കേൾക്കും.'' – സേവിയർ പറയുന്നു. പക്ഷെ ഈ ക്രമമായാലും ഒരു സുഖമുണ്ടെന്ന അഭിപ്രായക്കാരനാണ് സേവിയർ. സ്നേഹത്തിന് മുൻതൂക്കം നൽകുന്നതുകൊണ്ടാണ് ഇത്തരം ചില വിട്ടുവീഴ്ചകൾക്ക് നമ്മൾ നിന്നു കൊടുക്കുന്നത്.

## ശീലിക്കേണ്ട ചിട്ടകൾ

ചില കാര്യങ്ങളിൽ ടൈംടേബിൾ വെക്കുന്ന സ്വഭാവമുണ്ടായിരുന്നു അപ്പച്ചന്. പ്രാർത്ഥനയ്ക്കൊരു സമയം. പഠിക്കാൻ ദിവസവും രണ്ട് മണിക്കൂർ തുടർച്ചയായി ഇരിക്കണം. പക്ഷെ ഇരിക്കണമെന്നേ ഉള്ളൂ; പഠിക്കണമെന്നില്ല. പരീക്ഷയ്ക്ക് രണ്ട് മണിക്കൂർ ക്ലാസ്മുറിയിൽ ഇരിക്കുന്നതിനു വേണ്ടിയുള്ള പരിശീലനമായിരുന്നു അത്. പള്ളിയിലെ ഏഴ് മണിയുടെ മണിയടിക്കുമ്പോൾ കളി നിർത്തി കുട്ടികൾ വീട്ടിലെത്തണം; എട്ട് മണിയുടെ മണിയടിക്കുമ്പോൾ

www.malankaralibrary.com



സേവിയർ കുടുംബാംഗങ്ങൾക്കൊപ്പം

ചാക്കുണ്ണിയും. ഇങ്ങനെ മക്കൾക്ക് മാത്രമല്ല, സ്വന്തം ജീവിതശൈലിയിലും ചില ചിട്ടവട്ടങ്ങൾ പാലിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

അന്ന് നമ്മൾ ചെയ്തിരുന്ന പോലെ ഇന്ന് അനുസരിക്കണമെന്ന് പറഞ്ഞാലൊന്നും കുട്ടികൾക്ക് സ്വീകരിക്കാനാവില്ല. അവരുടെ ഭാഗത്തു നിന്ന് ചിന്തിച്ച് കാര്യങ്ങളവതരിപ്പിച്ചാൽ എല്ലാം റെഡി. പക്ഷെ പുതുതലമുറയ്ക്ക് ഒരു ടൈംടേബിൾ ഇല്ല എന്നാണ് സേവിയറിന്റെ ഭാര്യ ആനിയുടെ പരാതി. കുട്ടികളെ പഠിക്കാനായി ഇരുത്താനൊന്നും പറ്റില്ല. അവർക്കു തോന്നുമ്പോഴാണ് വായന. പിന്നെല്ലാ നേരവും കമ്പ്യൂട്ടറിന്റെ മുന്നിലും. പക്ഷെ അവർക്കു വേണമെന്നു വിചാരിച്ചാൽ പരീക്ഷയുടെ തലേന്നായാലും പഠിക്കും.

എപ്പോഴും സന്തോഷത്തോടെ ഇരിക്കാൻ പറ്റുന്നതിലാണ് ജീവിതവിജയമെന്ന് സേവിയർ. കുട്ടികളുടെ വാസനയ്ക്കനുസരിച്ച് അവരെ മോൾഡ് ചെയ്യണം. കുറേ ഡിഗ്രിയെടുത്തിട്ട് സമാധാനമായ ജീവിതമില്ലെങ്കിൽ എന്തു നേട്ടം. വിദ്യാഭ്യാസത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. പക്ഷെ ഒരിക്കലും അതായിരിക്കരുത് ജീവിത ലക്ഷ്യം. കുട്ടികളാരും ചീത്തയായി വളരുന്നില്ല. എല്ലാ കുട്ടികളും നല്ലവരാണ്. രണ്ട് രീതിയിലാണെന്നു മാത്രം. Obedient and Reasoning. ആദ്യത്തെ ഗണത്തിൽ പെട്ടവർ അനുസരണാ ശീലമുള്ളവരാണ്. എന്തു പറഞ്ഞാലും മറുത്തൊന്ന് പറയാതെ അനുസരിക്കുന്നവർ. രണ്ടാമത്തെ തരം കുട്ടികൾ കുറച്ചുകൂടി അന്വേഷണ ബുദ്ധിയുള്ളവരാണ്. അവർ കാര്യകാരണസഹിതമേ ഏതു കാര്യവും അനുസരിക്കൂ. ഇന്നത്തെ കുട്ടികളിൽ ഭൂരിഭാഗവും രണ്ടാമത്തെ ഇനത്തിൽ പെട്ടവരാണ്.

## സഹോദരങ്ങൾ വഴക്കിടരുത്

ഒമ്പത് പേരും പല സ്ഥലങ്ങളിലായി സെറ്റിൽഡ് ആണ്. എല്ലാവരും ഇലക്ട്രിക്കൽ ബിസിനസ് നടത്തുന്നു. തൃശ്ശൂർ എം. ജി റോഡിലുള്ള Wheel Home Needs, Sales & Service Division ആണ് സേവിയറിന്റെ സ്ഥാപനം. ചങ്ങനാശ്ശേരി, തിരുവല്ല, ചെങ്ങന്നൂർ, പന്തളം, തൃശ്ശൂർ, സൗത്ത് ആഫ്രിക്ക എന്നിവിടങ്ങളിലായി കുണ്ടുകുളംകാരുടെ Wheel Home Needs എന്ന ബിസിനസ് വിജയത്തിനു കാരണം കുട്ടിക്കാലത്ത് മാതാപിതാക്കളിൽ നിന്ന് ലഭിച്ച നല്ല മൂല്യങ്ങളാണെന്ന് ഇവർ വിശ്വസിക്കുന്നു. ചേട്ടാനിയൻമാരുടെ ഈ കൂട്ടായ്മയ്ക്കും കാരണം തങ്ങളുടെ മാതാപിതാക്കളാണെന്ന് ഇവർ പറയുന്നു.

അച്ഛന്റെ പകുതിയും അമ്മയുടെ പകുതിയും ചേർന്നാണ് ഓരോ കുട്ടികളും ഉണ്ടാകുന്നത്. എന്നാൽ താൻ ഉണ്ടായിരിക്കുന്നതു പോലെയാണ് തന്റെ സഹോദരനും. അപ്പോൾ സഹോദരങ്ങൾ ഇരു മെയ്യാണെങ്കിലും ഒരു ആത്മാവാണ്. അതുകൊണ്ട് ഒരാൾ തന്നോടുള്ള സ്നേഹത്തിന്റെ പകുതി അച്ഛനമ്മമാരെയും, തന്നെപോലെ തന്നെ സഹോദരങ്ങളെയും സ്നേഹിക്കണമെന്ന പാഠമാണ് ഇവർ പഠിച്ചിട്ടുള്ളത്. മാതാപിതാക്കൾക്ക് മക്കളുമായി വഴക്കിടാം. എന്നാൽ സഹോദരങ്ങൾ തമ്മിൽ വഴക്കിടാൻ അവകാശമില്ല എന്ന തികച്ചും വ്യത്യസ്തമായ ചിന്തയാണ് ഇവർക്ക് കിട്ടിയിട്ടുള്ളത്. വരും തലമുറയിലും ഈ ആദർശങ്ങൾ കൈവിടാതെ പകർന്നുകൊടുക്കുന്നതിൽ ഇവർ ശ്രദ്ധിക്കുന്നുമുണ്ട്.

## എന്നെ ആന കുത്തില്ല...

കുട്ടികൾക്ക് തെറ്റും ശരിയും പകർന്നു കൊടുക്കുന്നതിലും ഇവർ വ്യത്യസ്തത പുലർത്തുന്നു. ഉപദേശം ഇന്നത്തെ കുട്ടികളിൽ വിലപ്പോവില്ല. കാലത്തിനനുസരിച്ച് മാറ്റങ്ങൾ എല്ലാ കാര്യങ്ങളിലും വേണം. അതു ചെയ്യാൻ പാടില്ല, ഇങ്ങനെ ചെയ്യണം എന്നൊക്കെ പറഞ്ഞ് കുട്ടികളെ മുഷിപ്പിക്കരുത്.

ഒരിക്കൽ സേവിയറിന്റെ മൊബൈലിൽ ഒരു മെസേജ് വന്നു. തുറന്നു വായിച്ചപ്പോൾ ഒന്ന് ഞെട്ടി എന്നതാണ് സത്യം. ഒരു സുഹൃത്തിന്റെ മകളുടെ എസ് എം എസ് ആണ്. ഇതെന്താപ്പൊ കഥ എന്നാലോചിച്ചെങ്കിലും പിന്നെ കാര്യം പിടികിട്ടി. സേവിയർ എന്ന പേരുള്ള അവളുടെ ബോയ് ഫ്രണ്ടിനയച്ച മെസേജ് മാറി സേവിച്ചന്റെ മൊബൈലിൽ കിട്ടിയതാണ്. അവളെ ചെന്നൊന്ന് കാണാൻ തീരുമാനിച്ചു. വീട്ടിൽ പറഞ്ഞ് പ്രശ്നമുണ്ടാക്കുമോ എന്ന പേടിയിലാണ് കുട്ടി. അവളെ അടുത്ത് വിളിച്ച് സേവിയർ പറഞ്ഞു: ''എന്നെ ആന കുത്തില്ല.'' ''അതെന്താ?'' അവൾ ചോദിച്ചു. ''കുത്തില്ല, അതു തന്നെ.'' സേവിയറിന്റെ മറുപടി. അതിന്റെ കാരണം അവൾക്ക് അറിഞ്ഞേ പറ്റൂ. ''അതെന്താ സേവിച്ചാ ആന സേവിച്ചനെ കുത്താത്തെ?'' അതിനുള്ള മറുപടി കൃത്യമായിരുന്നു. ''കാരണം ഞാൻ ആനേടടുത്ത് പോവില്ല.'' ഇത്രയും പറഞ്ഞ് സേവിച്ചൻ അവിടുന്നിറങ്ങി. അവിടെ ഉണ്ടായിരുന്നവർ വാ പൊളിച്ചെങ്കിലും അവൾക്ക് കാര്യം പിടികിട്ടി. പിന്നീട് സേവിയറിനോട് വന്ന് ക്ഷമ ചോദിച്ച് ഇനി അത്തരം കൂട്ടുകെട്ട് ഉണ്ടാകില്ലെന്ന് ഉറപ്പും കൊടുത്തു.

## തിരഞ്ഞെടുക്കേണ്ട രീതികൾ

അണുകുടുംബമായാലും കൂട്ടുകുടുംബമായാലും സന്തോഷത്തോടെ ഇരിക്കുകയാണ് വേണ്ടത്. റോൾ മോഡൽ എന്നതിൽ സേവിയർ വിശ്വസിക്കുന്നില്ല. റോൾ മോഡലില്ല, റോൾ സെലക്ഷനിലാണ് പ്രാധാന്യം. കുടിയനായ അച്ഛന്റെ രണ്ടു മക്കളിൽ ഒരാൾ അച്ഛനെ കണ്ട് അതുപോലെ കുടിയനാകുകയും മറ്റയാൾ അതുപോലെയാകാതിരിക്കാൻ ശ്രമിച്ച് ജീവിതത്തിൽ ഉന്നതവിജയം നേടുകയും ചെയ്തു. ഇതിൽ റോൾ മോഡൽ രണ്ട് പേർക്കും ഒരാൾ തന്നെയാണ്. പക്ഷെ അവരത് എങ്ങനെ ഉപയോഗപ്പെടുത്തി എന്നതിലാണ് മൂല്യമെന്ന് സേവിച്ചൻ പറയുന്നു. ഏത് കാര്യത്തിനായാലും നമ്മൾ തിരഞ്ഞെടുക്കുന്ന രീതിയാണ് (Style of Approach) വ്യത്യാസപ്പെടേണ്ടത്.

സേവിയർ - ആനി ദമ്പതികൾക്ക് രണ്ട് ആൺ മക്കളാണ്. മൂത്ത മകൻ ആൽഫിൻ, ബാംഗ്ലൂർ ITC ഹോട്ടലിൽ സെയിൽസ് ആന്റ് മാർക്കറ്റിംഗ് സെക്ഷനിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൻ മാത്തച്ചൻ പ്ലസ് വണ്ണിന് പഠിക്കുന്നു. മക്കളുടെ സ്നേഹം കാണുമ്പോഴൊക്കെ അപ്പച്ചനെ ഓർമ്മവരുമെന്ന് സേവിയർ. ഈ വീട്ടിൽ അപ്പനും അമ്മയും മക്കളും സുഹൃത്തുക്കളെപ്പോലെയാണ്. എന്തും ചിന്തിക്കാം. എന്തും പറയാം. നുണ ഒഴികെ... SFM


smartfamily09@gmail.com

www.malankaralibrary.com



# കരുതിയിരിക്കുക





**ഡോ. അഭിലാഷ് നായർ**
ചൈതന്യ ഐ ഹോസ്പിറ്റൽ &
റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചി
ഫോൺ: 0484-2357135

# ചെങ്കണ്ണ്

ചെങ്കണ്ണിനെക്കുറിച്ചു പരക്കെയുള്ള ഒരു തെറ്റിദ്ധാരണയാണ് രോഗിയുടെ കണ്ണിൽ നോക്കിയാൽ രോഗം പകരും എന്നത്.

പണ്ടേ വില്ലനാണ് ചെങ്കണ്ണ് എന്ന പേരിലറിയപ്പെടുന്ന കൺജംക്ടിവൈറ്റിസ് . ഈ രോഗം ബാധിച്ചവരുടെ കൺവെട്ടത്ത് ആരും അടുക്കില്ല. കണ്ണിൽ നോക്കിയാൽ മതി പകരും എന്നുള്ള അബദ്ധധാരണയും രോഗത്തെ ചുറ്റിപ്പറ്റിയുണ്ട് .

നേത്രഗോളങ്ങൾക്ക് പുറത്തും കൺപോളകൾക്കുള്ളിലുമായി കാണപ്പെടുന്ന നേത്ര ആവരണമായ കൺജംക്ടിവ (Conjenetiva) യിലുണ്ടാകുന്ന നീർക്കെട്ടാണ് ചെങ്കണ്ണ് (കൺജംക്ടീവൈറ്റിസ് ).

അണുബാധ, അലർജി, രാസവസ്തുക്കളുടെ സാന്നിദ്ധ്യം എന്നിവയാണ് ചെങ്കണ്ണിനുള്ള പ്രധാന കാരണങ്ങൾ . അണുബാധ മൂലമുള്ള ചെങ്കണ്ണു മാത്രമേ മറ്റൊരാളിലേക്ക് പകരുകയുള്ളൂ. കാലാവസ്ഥ വ്യതിയാനം മൂലം ചെങ്കണ്ണ് കാണാറുണ്ടെങ്കിലും അത് രോഗമല്ല.

വൈറൽ കൺജംക്ടീവൈറ്റിസിനുള്ള പ്രധാന കാരണം adino , Dw itupus എന്നീ വൈറസുകളാണ്. അണുബാധ മൂലമുണ്ടാകുന്ന ചെങ്കണ്ണ് 65 ശതമാനത്തോളം രോഗികളിൽ രണ്ടു മുതൽ അഞ്ചു ദിവസത്തിനകം ഭേദമാകും.

അലർജി മൂലം ചെങ്കണ്ണ് ബാധിച്ചാൽ കണ്ണിൽ നിന്ന് വെള്ളമെടുപ്പും, അസഹ്യമായ ചൊറിച്ചിലും ഉണ്ടാകും. അന്തരീക്ഷ മലിനീകരണം, പൂമ്പൊടി, സൗന്ദര്യ വർദ്ധക വസ്തുക്കൾ തുടങ്ങിയവ അലർജിക് കൺജംക്ടി വൈറ്റിസിന് കാരണമാണ്.

### രോഗ ലക്ഷണങ്ങൾ

ചെങ്കണ്ണ് ബാധിച്ച രോഗികളിൽ ചിലപ്പോൾ നേരിയ പനിയോ, തൊണ്ടവേദനയോ ഉണ്ടാകാം. കണ്ണിൽ നിന്നുള്ള വെള്ളമെടുപ്പ്, ചുവപ്പ്, കണ്ണിൽ പൊടിവീണതു പോലുള്ള തോന്നൽ, പോളകളുടെ തടിപ്പ് എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. ചിലപ്പോൾ കാതുകൾക്ക് മുന്നിലായി കഴലവീക്കവും ഉണ്ടായേക്കാം. വേദന, കാഴ്ച്ചക്കുറവ് എന്നിവ സാധാരണ ചെങ്കണ്ണ് ബാധിച്ചാൽ ഉണ്ടാകാറില്ല. എന്നാൽ രോഗം മൂർഛിച്ച് കൺജംക്ടിവയിൽ നിന്നും കോർണിയയിലേക്ക് (കണ്ണിന്റെ കറുപ്പിലേക്ക്) ബാധിച്ചാൽ ഇവ രണ്ടും ഉണ്ടാകാം.

### രോഗം വരുന്ന വഴികൾ

♦ രോഗിയുടെ കണ്ണുനീർ നേരിട്ടോ അല്ലാതേയോ മറ്റൊരാളുടെ കണ്ണിൽ വീണാൽ രോഗം പകരും.

പ്രതിരോധ മാർഗങ്ങൾ

♦ രോഗിയോട് സഹവസിക്കേണ്ട സാഹചര്യങ്ങളിൽ
ഇടയ്ക്കിടെ കൈ സോപ്പ് ഉപയോഗിച്ച് കഴുകുക

♦ കണ്ണുകളെ സ്പർശിക്കുന്നത് ഒഴിവാക്കുക

♦ രോഗിയുടെ ടൗവ്വൽ, ബാത്ത് ടവ്വൽ തുടങ്ങിയവ മറ്റുള്ളവർ ഉപയോഗിക്കരുത്.

### മരുന്നുകൾ

വൈറൽകൺജംക്ടിവൈറ്റിസിൽ പ്രത്യേക മരുന്നുകൾ സാധാരണയായി ആവശ്യമില്ലെങ്കിലും ബാക്ടീരിയൽ കൺജംക്ടിവൈറ്റിസിൽ ആന്റി ബയോട്ടിക് തുള്ളി മരുന്നുകൾ ഡോക്ടർ നിർദ്ദേശത്തോടെ കണ്ണിൽ ഒഴിക്കണം.

കെമിക്കൽ കൺജംക്ടിവൈറ്റിസ് പ്രത്യേകിച്ച് ക്ഷാര (ആൽക്കലി) സ്വഭാവമുള്ള രാസപദാർത്ഥങ്ങൾ കണ്ണിൽ വീണാൽ അത് ഗുരുതരമായ പ്രശ്നമുണ്ടാക്കും. ഉടൻ ചികിത്സിച്ചില്ലെങ്കിൽ കാഴ്ച്ചക്കുറവിനുവരെ കാരണമാകും. SFM

smartfamily09@gmail.com

FASHION

Introducing Exclusive Partyware In Yavonne

## Enchanting Black-Red Combination

Black brocade material with work on sleeves and full neem jerry work on double side border of dupatta.



www.malankaralibrary.com

# FASHION



**Chiffon Blue-Pink Combination**

Multi colour slanding strips with sequence work and chudi bottom.

www.malankaralibrary.com

FASHION




## Pink Beauty

Pink butter crape material with Silver embroidery work on top and dupatta.

## Fancy Net Partyware

Net top with Shimmer inner filled with ribbon work on neck and aplic work on daman and dupatta full embroidery.



യൗവ്വൻ
Yavonne®

Liberty Marketers,
44/356, Liberty Towers
Manappatti Parambu Road,
Kaloor, Ernakulam-17
Tel: 0484 2400844
Mob: 9349947225



രാജു പോൾ

# ഗുരു ദർശനം

**സ്പോർട്ട്സിലൂടെ ഒരു കുടുംബത്തെതന്നെ കരകയറ്റാൻ പറ്റുമെന്ന് തെളിയിച്ച്, അനവധി പേർക്ക് സ്പോർട്ട്സ് വഴി ജോലി നേടികൊടുത്തിട്ടുള്ള അധ്യാപകൻ, രാജു പോൾ. കെ. എം. ബീനാമോൾ, സിനി ജോസ് എന്നീ ഒളിമ്പ്യൻ താരങ്ങളെ നമുക്ക് സമ്മാനിച്ച വ്യക്തി കൂടിയാണ് ഇദ്ദേഹം. അത്‌ലറ്റ്സിലൂടെ ഒരു തലമുറയെതന്നെ വളർത്തിയെടുക്കാൻ ശ്രമിക്കുകയും അതിൽ വിജയം കൈവരിക്കുകയും ചെയ്ത ഒരധ്യാപകന്റെ ജീവിതാനുഭവങ്ങളിലൂടെ...**

ശ്രുതി കെ എസ്

"ഞാനിപ്പോളൊരു വലിയ ത്രില്ലിലാണ്. എന്റെ രണ്ട് വിദ്യാർത്ഥികൾ 2010 കോമൺ വെൽത്ത് ഗെയിംസിൽ പങ്കെടുക്കുന്നു! സിനി ജോസും, ബിനീഷ് വി. ബിയും. 400 മീറ്റർ റിലേ ആണ് അവരുടെ ഇനം. സ്പോർട്ട്സ് രക്തത്തിൽ അലിഞ്ഞു ചേർന്നവരാണ് സിനിയും ബിനീഷും. അവരുടെ ഭാവി ഇപ്പോഴേ എഴുതപ്പെട്ടു കഴിഞ്ഞതാണ്. അടുത്ത ഒളിമ്പിക്സിലെ ഇന്ത്യൻ താരങ്ങളായിരിക്കും ഇവർ"– ഒരു സ്പോർട്ട്സ് അധ്യാപകന്റെ ശക്തമായ വാക്കുകളാണിത്. കഴിഞ്ഞ ഇരുപത്തിയാറ് വർഷമായി സ്പോർട്ട്സ് അധ്യാപകനായി ഒരുപാട് വിദ്യാർത്ഥികളെ കായികലോകത്തിനു സമ്മാനിച്ച വ്യക്തിയാണ് രാജു പോൾ.

അത്‌ലറ്റ്സ് എന്നും രാജുവിന് ഹരമായിരുന്നു. 400 മീറ്ററും 800 മീറ്ററുമായിരുന്നു രാജുവിന്റെ അത്‌ലറ്റിക്സ് ഇനങ്ങൾ. സെന്റ്. ജോർജ് സ്കൂളിലെ പഠനത്തിന് ശേഷം 1984ൽ അവിടെത്തന്നെ അധ്യാപകനായി ചുമതലയേൽക്കുമ്പോൾ മനസ്സിൽ ഒരൊറ്റ ചിന്തയേ ഉണ്ടായിരുന്നുള്ളൂ. തന്റെ വിദ്യാർത്ഥികളെ ലോകമറിയപ്പെടുന്ന താരങ്ങളാക്കുക. ഇതിൽ കവിഞ്ഞ് ഒരു അഭിമാനം ഒരധ്യാപകന് വേറെ കിട്ടാനില്ലെന്ന അഭിപ്രായമാണ് രാജു പോളിന്. കായികാധ്യാപകനായ സി. കെ. പോളിന്റെ ശിക്ഷണത്തിൽ ഉരുത്തിരിഞ്ഞ ആവേശം ഇന്ന് കുട്ടികൾക്ക് പകർന്നു കൊടുക്കാൻ സാധിച്ചതിൽ കൃതാർത്ഥനാണ് രാജു പോൾ.

ലോകമറിയുന്ന ഒരു അത്‌ലറ്റ് ആകണമെന്നായിരുന്നു കുട്ടിക്കാലം മുതൽക്കുള്ള ആഗ്രഹം. നിർഭാഗ്യവശാൽ സംസ്ഥാന തലങ്ങളിൽ പങ്കെടുക്കാനേ അദ്ദേഹത്തിന് കഴിഞ്ഞുള്ളൂ. അന്ന് പ്രാക്ടീസ് നൽകാൻ അധ്യാപകർ കുറവായിരുന്നു. മാത്രമല്ല, ഇന്നത്തെപോലുള്ള അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരുന്നില്ല. പക്ഷെ നിരാശക്ക് പിടികൊടുക്കാതെ രാജുസാർ ഒരു തീരുമാനത്തിലെത്തി. തനിക്ക് കഴിയാഞ്ഞത് വരും തലമുറയിലെ കുട്ടികൾക്ക് നേടിക്കൊടുക്കണം എന്ന ചിന്ത പതിയെ മനസ്സിൽ രൂപപ്പെടാൻ തുടങ്ങി. തുടർന്നാണ് 1984ൽ സ്പോർട്ട്സ് അധ്യാപനമാർഗമായി രാജു പോൾ സ്വീകരിക്കുന്നത്.

സംസ്ഥാനതലത്തിലായാലും, യൂണിവേഴ്സിറ്റി തലത്തിലായാലും, രാജ്യാന്തരതലത്തിലായാലും എവിടേയും ഇന്ന് കോതമംഗലം സെന്റ്. ജോർജിലെ കുട്ടികൾ മുന്നിലാണ്. "എന്റെ വിദ്യാർത്ഥികളെ ലോകമറിയണം. അവരുടെ അധ്യാപകനെന്ന് എനിക്ക് അഭിമാനിക്കണം. കുട്ടികളുടെ കുഞ്ഞു കഴിവുകൾ പോലും അംഗീകരിക്കാൻ അധ്യാപകർക്കു കഴിയണം. അവരെ ശാസിക്കുകയും, ശിക്ഷിക്കുകയും, സ്നേഹിക്കുകയും വേണം. എന്നാൽ എല്ലാം സാധ്യമാകും."– ഇതാണ് രാജുസാറിന്റെ പോളിസി.

"അത്‌ലറ്റ്സിൽ ഇന്ത്യയ്ക്ക് വേണ്ടി ഒളിമ്പിക്സ് നേടണം. ഇനിയുള്ള എല്ലാ ഒളിമ്പിക്സിലും സെന്റ് ജോർജിൽ നിന്ന് ഒരു പ്രതിനിധിയെങ്കിലും ഉണ്ടാകണം എന്നതാണ് ഇപ്പോഴത്തെ ഒരേയൊരു ആഗ്രഹം." – രാജു പോൾ പറയുന്നു.

രാജ്യത്തിന്റെ വിവിധ ഭാഗത്തു നിന്നുള്ള 115 കുട്ടികളാണ് ഇപ്പോൾ സെന്റ്. ജോർജ് ഹയർസെക്കന്ററി സ്കൂളിൽ പരിശീലിക്കപ്പെടുന്നത്. എല്ലാ വർഷവും ഏപ്രിലിലാണ് വിദ്യാർത്ഥികൾക്കുള്ള സെലക്ഷൻ. കളിക്കളത്തിലായാലും അല്ലാത്തപ്പോഴായാലും കുട്ടികൾക്കെന്നും രാജുസാർ ഒരു സുഹൃത്തിനെപ്പോലെയാണ്. കർശനക്കാരനാകാതെ കുട്ടികളോട് സൗമ്യമായി പറഞ്ഞു മനസ്സിലാക്കുകയാണ് വേണ്ടതെന്ന് രാജു പറയുന്നു.

പക്ഷെ പ്രാക്ടീസിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും രാജുസാർ തയ്യാറല്ല. രാവിലെ ആറര മുതൽ എട്ടര വരെയും വൈകുന്നേരം നാലര മുതൽ ആറ് വരെയുമാണ് പരിശീലന സമയം. ഹർത്താലായാലും ഏത് അവധി ദിവസമായാലും ഇതിനൊരു മാറ്റവുമില്ല. ആഴ്ചയിലൊരിക്കൽ

www.malankaralibrary.com

വിദ്യാർത്ഥികൾക്ക് മെഡിറ്റേഷനും നൽകിവരുന്നു.

കഴിഞ്ഞ ആറു വർഷം ഇന്ത്യയിലും അഞ്ച് വർഷം കേരളത്തിലുമായി അത്‌ലറ്റിക്സിൽ ഒന്നാം സ്ഥാനം നേടിക്കൊണ്ട് മുന്നേറുകയാണ് ഈ കായികവിദ്യാർത്ഥികൾ. അവർക്കു സാരഥിയായി അധ്യാപകൻ രാജു പോളും. വിദ്യാർത്ഥികളുടെ കായിക മേഖലയിലെ വളർച്ചയാണ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടമെന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു. പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളാണ് അത്‌ലറ്റിക്സിന് അധികവും വരുന്നത്. ഒരു കുട്ടിയിലൂടെ ഒരു കുടുംബത്തെ കരകയറ്റാൻ പറ്റുന്നതാണ് ഇതിലൂടെ ഉണ്ടാകുന്ന സംതൃപ്തിയെന്ന് രാജുപോൾ. എപ്പോഴും പോസിറ്റീവ് ആയി ചിന്തിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കണം.

''ബീനമോൾ എന്റെ വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ഞാൻ ഇടയ്ക്ക് പറയുമായിരുന്നു. അടുത്ത ഒളിമ്പിക്സിൽ അവളും ഉണ്ടാകുമെന്ന്. ഒരു പ്രവചനം പോലെ അത് സത്യമായിത്തീർന്നു. 2000ത്തിലെ സിഡ്നി ഒളിമ്പിക്സിൽ ബീനാമോൾ പങ്കെടുക്കുന്നുണ്ടെന്ന് ഫോൺ ചെയ്ത് എന്നോട് പറഞ്ഞു. ആ വാർത്തയറിഞ്ഞ് ഒരുപക്ഷെ ഏറ്റവുമധികം സന്തോഷിച്ചത് ഞാനായിരിക്കും. പിന്നീട് അതേപ്പറ്റി ടി. വി യിൽ വന്നിരുന്ന ഓരോ കാര്യവും ഞാൻ ശ്രദ്ധിച്ചിരുന്നു.'' ഇതേപ്പറ്റി പറയുമ്പോൾ പോലും രാജുവിലെ അധ്യാപകൻ അഭിമാനം കൊള്ളുകയാണ്.

ബീനാമോൾ, 2008 ബീജിങ്ങ് ഒളിമ്പിക്സിൽ പങ്കെടുത്ത സിനി ജോസ്, ലോക സ്കൂൾ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ ബിനീഷ് കെ. ഷാജി, ഷലിൻ ജോസഫ്, ജിജിമോൾ ജേക്കബ്, ബിനീഷ് ബി. വി, ഇന്ദുലേഖ തുടങ്ങി രാജുപോളിന്റെ ശിഷ്യഗണങ്ങളുടെ നിര അവസാനിക്കുന്നില്ല.

അപ്പൻ ടി. വി. പൗലോസ്, അമ്മ ബ്രിജിറ്റ് പോൾ, ഭാര്യ ഷിജി, മക്കൾ എന്നിവരോടൊപ്പമാണ് രാജുവിന്റെ ജീവിതം. അലീനയും അലനുമാണ് മക്കൾ. അലീന ഒമ്പതാം ക്ലാസിൽ പഠിക്കുന്നു. അവൾക്ക് സംഗീതത്തോടാണ് താൽപര്യം. അഞ്ചാം ക്ലാസുകാരനായ മകൻ അലന് സ്പോർട്സിൽ താൽപര്യമുണ്ട്. കുറച്ചുകൂടി മുതിർന്ന് അവന് താൽപര്യമുള്ള മേഖല സ്വയം കണ്ടെത്തണമെന്നാണ് രാജുപോളിന്റെ അഭിപ്രായം. കുട്ടികളുടെ താൽപര്യത്തിനനുസരിച്ച് വളർത്തിയാലേ അവർക്ക് ഉയർന്നു വരാൻ സാധിക്കുള്ളൂ. അവർക്കുവേണ്ട സഹായങ്ങൾ നൽകി പ്രോത്സാഹനം നൽകുക എന്നതാണ് മാതാപിതാക്കളുടെയും അധ്യാപകരുടെയും ചുമതല. SFM

smartfamily09@gmail.com




"അത്‌ലറ്റ്സിൽ ഇന്ത്യയ്ക്ക് വേണ്ടി ഒളിമ്പിക്സ് നേടണം. ഇനിയുള്ള എല്ലാ ഒളിമ്പിക്സിലും സെന്റ് ജോർജിൽ നിന്ന് ഒരു പ്രതിനിധിയെങ്കിലും ഉണ്ടാകണം എന്നതാണ് ഇപ്പോഴത്തെ ഒരേയൊരു ആഗ്രഹം. - രാജു പോൾ പറയുന്നു.



രാജു പോൾ, ഭാര്യ ഷിജി, മക്കൾ അലീന, അലൻ

www.malankaralibrary.com





# കാശ്മീർ സെ പ്യാർ സെ

ശ്രീനഗറിൽ വന്നിറങ്ങിയപ്പോൾ മുതൽ കാശ്മീരികൾക്കെല്ലാം 'കുടവയർ' ഉണ്ടെന്ന് തോന്നിയിരുന്നു. പിന്നീടാണു മനസിലായത് തണുപ്പിനെ പ്രതിരോധിക്കാൻ നീളൻകുപ്പായത്തിനകത്ത് തൂക്കിയ കാങ്കടി (കനൽ നിറച്ച കുടം)യാണ് കുടവയറ് പോലെ തോന്നിച്ചതെന്ന്.

സഞ്ചാരികളുടെ കണ്ണിൽ ചുവന്ന കാഴ്ചകൾ പകരുന്ന കുങ്കുമപ്പാടങ്ങൾ, മഞ്ഞുമൂടിയ താഴ്വാരങ്ങളുടെയും പൂന്തോട്ടങ്ങളുടെയും വശ്യത, ഇതിനെല്ലാം പുറമേ, മനസു തണുപ്പിക്കാൻ മഞ്ഞിന്റെ നേർത്ത ശിഖരങ്ങളും. ഞാൻ കണ്ടറിഞ്ഞ കാശ്മീരിനെ ഒറ്റവാചകത്തിൽ ഇങ്ങനെ വിശേഷിപ്പിക്കാം. ഭൂപടത്തിന്റെ നെറ്റിയിൽ സ്ഥിതി ചെയ്യുന്ന കാശ്മീരിൽ ഒന്നു പോകുകയെന്നത് ചെറുപ്പത്തിലെ മനസിലേറ്റിയ മോഹമായിരുന്നു. ആ സ്വപ്നം സഫലമാക്കാൻ ഞങ്ങൾ നടത്തിയ യാത്രയെക്കുറിച്ച് പറഞ്ഞുതുടങ്ങട്ടെ. മക്കളായ അലനും അലോകും ഭാര്യ ജെമിനിയും ഒപ്പം കൂടിയ ഒരു ഫാമിലി കാശ്മീർ ട്രിപ്പ്.

**കാശ്മീരിലേക്ക്...**

ഗുജറാത്തിലെത്തി രണ്ടു നാൾ ചെലവഴിച്ച ശേഷമാണ് കാശ്മീരിലേക്ക് യാത്ര തുടർന്നത്. ജമ്മുതാവി ട്രെയിനിലായിരുന്നു അവിടുന്ന് യാത്ര. സൗരാഷ്ട്രയും രാജസ്ഥാൻ മരുഭൂമിയും കടന്ന് ഇന്ദ്രപ്രസ്ഥാനത്തിന്റെ അരികും മൂലയും ചുറ്റി മലയാളത്തനിമയുള്ള ജലന്ധറും പിന്നിട്ട് മഞ്ഞിനെ വെട്ടി നീക്കി പഞ്ചാബിന്റെ തെക്കുവടക്കൻ മേഖലകളെ കീറിമുറിച്ച് ട്രെയിൻ കുതിക്കുകയാണ്. പിറ്റേദിവസം വൈകിട്ട് ഏഴു മണിയോടെ ട്രെയിൻ ജമ്മു സ്റ്റേഷനിലെത്തി.

**പേടിയോടെ ജമ്മുവിൽ**

സ്റ്റേഷനിൽ വന്നിറങ്ങിയപാടെ മനസ്സിൽ ഭയം ഉരുണ്ടുകയറി തുടങ്ങി. ഭാഷ, ദേശം, വഴി, ഒന്നും അത്ര വശമുണ്ടായിരുന്നില്ല.സംസ്ഥാന നിയമസഭ തിരഞ്ഞെടുപ്പുഫലം വന്ന് ഏതാനും മണിക്കൂറുകളേ ആയിട്ടുമുള്ളൂ. സ്റ്റേഷനുചുറ്റും പീരങ്കികളുടെയും യന്ത്രവൽകൃത തോക്കുധാരികളുടെയും കവചിത വാഹനങ്ങളുടെയും CRPF ന്റെയും പട്ടാളത്തിന്റെയും കൂട്ടങ്ങളെ കണ്ടു. മെറ്റൽ ഡിറ്റക്ടക്ടറിന്റെയും



**ബിജു ഫ്രാൻസീസ്**
ആലപ്പുഴ

www.malankaralibrary.com



**എവിടെ താമസിക്കാം..**
ഡാൽ ലെയ്ക്കിന് സമീപത്തും, ലാൽ ചൗക്ക്, രാജ്ബാഗ് എന്നിവടങ്ങളിലും താമസിക്കാൻ സൗകര്യമുള്ള അനേകം ഹോട്ടലുകളുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക-
Kashmir Hotel & Restaurant Owner's Federation (KHAROF)
Tele: + 91 194 2482695
Fax: + 91 194 2453732, 2455251
Email: kharof@mail.com
Web: www.kharof.com

ബോംബ് സ്ക്വാഡിന്റെയും പരിശോധനകൾക്ക് ശേഷം സ്റ്റേഷന് പുറത്തിറങ്ങി.

**സ്വാഗതം ചെയ്തത് കനത്തമഞ്ഞ്.**

ഡിസംബറിലെ മഞ്ഞുമാത്രം ശീലിച്ചിട്ടുള്ളതിനാൽ കാശ്മീരിലെ കനത്ത മഞ്ഞിൽ കോച്ചിവിറച്ചു. മഞ്ഞും തണുപ്പും പ്രതിരോധങ്ങളെ ഭേദിച്ച് തുളച്ചുകയറിത്തുടങ്ങി. വളരെ ക്ലേശിച്ച് ഓട്ടോക്കാരനെ പറഞ്ഞുമനസ്സിലാക്കി എൽ. ഐ. സി ഗസ്റ്റ് ഹൗസിലെത്തി. ജമ്മുവിലെ Trikuta Nagar എന്ന കുലീനമായ റെസിഡൻഷ്യൽ ഏരിയായിലെ ഒരു ഇരുനില കെട്ടിടമായിരുന്നു അത്. നല്ലൊരു മുറിതന്നെ ഹൗസ്കീപ്പർ രാംഭയ്യ ഞങ്ങൾക്കായി ഒരുക്കിയിരുന്നു.
പിറ്റേന്ന് രാവിലെതന്നെ ജമ്മുന ഗരവും പരിസരവും ചുറ്റാനിറങ്ങി. ബസ് സ്റ്റേഷനുകളും റെയിൽ സ്റ്റേഷനും ജനങ്ങളെക്കൊണ്ടു തിങ്ങി നിറഞ്ഞിരുന്നു. വാണിജ്യാവശ്യങ്ങൾക്കായി ഉത്തരേന്ത്യയിൽ നിന്ന് നിത്യേ ന ധാരാളം ആൾക്കാർ ഇവിടെ വന്നുപോകാറുണ്ട്.
മനോഹര പൂന്തോട്ടങ്ങളും പഴയപ്രൗഢി നിലനിർത്തുന്ന കെട്ടിടങ്ങളും വലിയ അങ്ങാടികളു മൊക്കെയായിരുന്നു പ്രധാന ആകർഷണം.

**ശ്രീനഗറിലേക്ക്...**

അടുത്ത ദിവസം രാവിലെ തന്നെ ബസ് സ്റ്റേഷനടുത്തെത്തി. അവിടെ നിന്നാണ് Share taxi പുറപ്പെടുന്നത്. Tata Sumo, Bolero, Innova വിഭാഗത്തിൽപ്പെടുന്ന വണ്ടികളാണ് കൂടുതലും. RTC യുടെ ബസുകളും സർവ്വീസ് ന ടത്തുന്നുണ്ടായിരുന്നു. എട്ടു മുതൽ 10 മണിക്കൂറാണ് ശ്രീനഗർ വരെയുള്ള യാത്രാസമയം. ഏകദേശം 293 കി.മി ദൂരമുണ്ട്.
9 മണിയോടെ ഒരു ബൊലേറോയിൽ കയറിപ്പറ്റി. സീറ്റൊന്നിന് 400 രൂപയായിരുന്നു ചാർജ്. പത്ത് മണിയോടെ ജമ്മുവിൽ നിന്ന് പുറപ്പെട്ടു.
കര-വ്യോമസേനകളുടെ പ്രധാന താവളമായ ഉധംപൂറും കടന്ന് വണ്ടി പട്നി ടോപ്പിലെത്തി. പൈൻമരങ്ങൾ വളർന്നു നില്ക്കുന്ന താഴ്‌വര. ഇടയ്ക്ക് ഒരു വഴിയോരകേന്ദ്രത്തിൽ കയറി ആഹാരം തരപ്പെടുത്തി. അന്ന് കഴിച്ച ബജിയുടെ സ്വാദ് ഇപ്പോഴും നാവിൻതുമ്പത്തുണ്ട്.
വഴിവക്കിലെല്ലാം പട്ടാളക്കാർ നിലയുറപ്പിച്ചിരിക്കുന്നു.
അഞ്ചു മണിക്കൂർ നീണ്ടയാത്ര. കുന്നുകളും അഗാധഗർത്തങ്ങളും താണ്ടിക്കൊണ്ടിരുന്നു. ഒരു മലയുടെ തുമ്പത്തു ചെന്ന് അടുത്തതിലേക്ക് റോഡുകൾ നീണ്ടുപോയി.
യുദ്ധമുന്നണിയിലേക്കെന്നപോലെ പട്ടാള ബാരക്കുകളുടെയും കവചിത വാഹനങ്ങളുടെയും വൻവ്യൂഹങ്ങൾ വഴിനീളെ കണ്ടു. ഏതോ യുദ്ധഭൂമിയിൽ ചെന്നുപെട്ടതുപോലെ എല്ലാ വണ്ടികളിലും അതിസൂക്ഷ്മ പരിശോധന നടന്നു.

**താഴ്‌വരകളുടെ സൗന്ദര്യം നുകർന്ന്...**

ജവഹർടണലിലെത്തി. രണ്ടു കി.മീ വരും ഇതിന്റെ നീളം. കാശ്മീർ താഴ്‌വരയെ ഭാരതവുമായി ബ ന്ധിപ്പിക്കുന്ന ഏകപാതയാണിത്. അതുകഴിഞ്ഞാൽ ഖാസി കുണ്ഗ്... പിന്നീടങ്ങോട്ട് അതിമനോഹരമായ കാശ്മീർ താഴ്‌വരയാണ്. റോഡി നിരുവശവും പൂമരങ്ങളും കുങ്കുമ പാടങ്ങളും ആപ്പിൾതോട്ടങ്ങളുമാണ്. ബദാം, വാൾനട്ട് എന്നിവയും സുലഭം. ക്രിക്കറ്റ് ബാറ്റുണ്ടാക്കാൻ ഇവിടത്തെ മരങ്ങളും ഉപയോഗി ക്കാറുണ്ട്. ഏഴു മണിയോടെ വണ്ടി ശ്രീനഗറിലെത്തി. പട്ടാളക്കാർ ഓരോ 50 മീറ്ററിലും യന്ത്രത്തോക്കുമായി കാവൽ നിൽക്കുന്നു.
നിരത്തുകളിലധികവും പട്ടാള വണ്ടികൾ. താമസസ്ഥലമായ സന ത്നഗറിലേയ്ക്ക് 4 കി.മീ യാത്ര ചെയ്തു.
ഏഷ്യയിലെ സ്വിറ്റ്സർലന്റ് എന്നറിയപ്പെടുന്ന പഹൽഗാമിലേക്കായിരുന്നു പിറ്റേന്നത്തെ യാത്ര. . അനന്ത്നാഗും



**ശ്രദ്ധിക്കുക**

- സുരക്ഷാഭീഷണി നിലനിൽക്കുന്ന സംസ്ഥാനമായതിനാൽ പരിശോധന ഇവിടെ കർശനമാണ്. ഐഡന്റിറ്റി തെളിയിക്കുന്ന രേഖകൾ കരുതുക
- ശക്തമായ തണുപ്പുള്ളതി നാൽ കമ്പിളിയും, മഞ്ഞിനെ പ്രതിരോധിക്കുന്ന വസ്ത്രങ്ങളും കരുതുക. ആസ്മ, വലിവ് തുടങ്ങിയ രോഗങ്ങളുള്ളവർ യാത്രയിൽ നിന്ന് ഒഴിവാകണം.
- താമസസൗകര്യം-യാത്രാടിക്കറ്റുകൾ എന്നിവ മുൻകൂട്ടി ബുക്ക് ചെയ്യുക

www.malankaralibrary.com





പിന്നിട്ട് ഝലം നദിക്കരയിലൂടെയുള്ള മനോഹരയാത്ര.

### കുടവയറൻ കാശ്മീരികൾ

ശ്രീനഗറിൽ വന്നിറങ്ങിയപ്പോൾ മുതൽ കാശ്മീരികൾക്കെല്ലാം 'കുടവയർ' ഉണ്ടെന്ന് തോന്നിയിരുന്നു. പിന്നീടാണറിഞ്ഞത് തണുപ്പിനെ പ്രതിരോധിക്കാൻ നീളൻകുപ്പായത്തിനകത്ത് തൂക്കിയ കാങ്കടി (കനൽ നിറച്ച കുടം)യാണ് കുടവയറെന്ന്!. കാശ്മീരികളുടെ മുട്ടോളമെത്തുന്ന കുപ്പായവും അതിനുള്ളിലെ കനലോടുകൂടിയ (ആപ്പിൾ ഇല, കൽക്കരി) കാങ്കടിയും കൗതുകമുണർത്തി.

വൈകുന്നേരത്തോടെ തിരിച്ചു പട്ടണത്തിലെത്തി. പലയിടങ്ങളിൽ നിന്നായി കാശ്മീരി കാർപെറ്റുകളും ഷാളുകളും വാങ്ങി ഗസ്റ്റ് ഹൗസിലേയ്ക്ക് മടങ്ങി. തുടർയാത്ര മഞ്ഞിന്റെ സാമ്രാജ്യമായ ഗുൽമാർഗിലേയ്ക്കായിരുന്നു. മഞ്ഞിലിറങ്ങാനുള്ള രോമക്കുപ്പായവും കാലുറകളും നേരത്തെ തരപ്പെടുത്തിയിരുന്നു. മൈലുകളോളം കണ്ണെത്താദൂരത്തോളമുള്ള മഞ്ഞുതാഴ്‌വരയിൽ വിന്റർ സ്പോർട്ട്സ് നടക്കുകയാണ്.

അകലെയുള്ള ചെറിയ പള്ളിയെ ലക്ഷ്യമാക്കി ഞങ്ങൾ നാലുപേരും മഞ്ഞിലൂടെ നടന്നു. 1900 കളിൽ ബ്രിട്ടീഷുകാർ പണിതതാണ് പള്ളി. മുഴുവൻ മഞ്ഞുമൂടിക്കിടക്കുകയാണ്. മൈനസ് ഡിഗ്രി തണുപ്പിലും അതിലെ കടന്നുപോയ പട്ടാളവ്യൂഹത്തെക്കുറിച്ചാരാഞ്ഞു. മലമുകളിലെ മിലിട്ടറി സ്റ്റേഷനിലേയ്ക്ക് ഭക്ഷണവും മറ്റു സാധനസാമഗ്രികളുമായി പോകുകയാണത്രെ!. കൊടുംതണുപ്പത്തും രാജ്യസുരക്ഷയ്ക്കായി ജാഗ്രത പുലർത്തുന്ന ജവാൻമാരെക്കുറിച്ച് ഓർത്തപ്പോൾ അഭിമാനം തോന്നി.

ചാപ്പലിനടുത്തെത്തി. അൽപ്പനേരത്തെ മൗനത്തിനുശേഷം മടക്കം. അപ്പോഴേക്കും എല്ലാവരും വിവശരായിരുന്നു. കാലിന്റെ മുട്ടോളം ഭാഗം മരവിച്ചിരുന്നു. മക്കൾ അലനും അലോകും തളർന്നവശരായി. തണുത്ത് മരവിച്ചിട്ട് ഇനി ഒരടി മുന്നോട്ടുവയ്യ എന്ന സ്ഥിതിയിലായവർ. അവരെ ഡോളിയിൽ കയറ്റിക്കൊണ്ടുവന്ന് വണ്ടിയിൽ കാങ്കടിയുടെ മുകളിലിരുത്തി. യാത്രയെ സ്നേഹിക്കുന്ന എന്റെ ഭാര്യ ജെമിനിക്ക് അപ്പോഴും കൗതുകം മാത്രം...!



## പ്രധാന സ്ഥലങ്ങൾ

- ശ്രീനഗർ- സിറ്റി ഓഫ് ലെയ്ക്ക്സ്
- ദാൽതടാകം
- ഹസറത്ത് ബാൽ പള്ളി
- മുഗൾ ഗാർഡൻസ്
- പഹൽഗാം വാലി
- കാശ്മീർ വാലി
- കാർഗിൽ
- ഗുൽമാർഗ്
- ലെ
- ഷാലിമാർ ഗാർഡൻ

### ദാൽതടാകതീരത്ത്

പിറ്റേന്ന് ശ്രീനഗറിൽ ചുറ്റാനിറങ്ങി. ഏറ്റവും വലിയ പൂന്തോട്ടങ്ങളിലൊന്നായ മുഗൾ ചാർമിനാർ ഗാർഡൻ ആദ്യം സന്ദർശിച്ചു. പിന്നീട് രാജ്ഭവൻ... അതോട് ചേർന്ന്കിടക്കുന്ന നിഷാന്ത്ഗാർഡനും സന്ദർശിച്ചു... ദാൽതടാകം അതീവസുന്ദരിയായി മുന്നിൽ പരന്ന് കിടക്കുന്നു. ചുറ്റും ഹൗസ് ബോട്ടുകളുടെ നീണ്ട നിര. ഒരു ദിവസത്തെ താമസത്തിന് 3500 രൂപ മുതൽ പതിനായിരങ്ങൾ വരെയാണ് ചാർജ്. ഇവിടുത്തെ ഹൗസ് ബോട്ടുകൾ സഞ്ചരിക്കുന്നവയല്ല. അലങ്കരിച്ച ഒരു ഉല്ലാസനൗകയിൽ കയറി ദാൽ തടാകത്തിലൂടെ യാത്ര തുടങ്ങി. യാത്ര നെഹ്റു ഗാർഡൻ വരെയെത്തി. തുളച്ചുകയറുന്ന തണുപ്പിലും അരമണിക്കൂർ നെഹ്റു പാർക്കിൽ ചെലവഴിച്ചു. പിന്നീട് ഒരു കുതിരവണ്ടിയിൽ കയറി നേരെ ഗസ്റ്റ് ഹൗസിലേക്ക് മടങ്ങി.

പിറ്റേന്ന് നേരെ ജമ്മുവിലേയ്ക്ക്... രാത്രി അമൃത്സറിനുള്ള ട്രെയിനിൽ കയറി. രാവിലെ, ജാലിയൻവാലാ ബാഗും, വാഗാതിർത്തിയും പിന്നിട്ട് മടക്കയാത്ര തുടങ്ങി.

### നാവറിയേണ്ട രുചികൾ

വാസ്‌വാൻ- പാർട്ടികളിലും കല്യാണവിരുന്നുകളിലും ഒഴിവാക്കാനാവാത്ത കശ്മീരി ഭക്ഷണമാണിത്. മട്ടൺ, ചിക്കൻ എന്നിവയോടൊപ്പം ഇത് കഴിക്കാം.

- ട്രഡീഷണൽ റൊട്ടികൾ.-
- മുഖ്-മുഖ് ലഡാക്കിലെ ഹോട്ടലുകളിലെ ജനപ്രിയ ഭക്ഷണമാണിത്.
- ഗുർ ഗുർ ചായ്- തണുപ്പകറ്റാൻ കുടിക്കാം ഗുർ ഗുർ ചായ

### കാശ്മീരിലേക്ക് എങ്ങനെ പോകാം?

- ട്രെയിൻ: കന്യാകുമാരി- ജമ്മുതാവി ഹിമസാഗർ എക്സ്പ്രസ് നമ്പർ- 6317, എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് 2 ന് കന്യാകുമാരിയിൽ നിന്ന് ട്രെയിൻ പുറപ്പെട്ട് തിങ്കളാഴ്ച ഉച്ചയ്ക്ക് 1.45ന് എത്തിച്ചേരും. മുംബയ്, ഡെൽഹി തുടങ്ങി പ്രധാന നഗരങ്ങളിൽ നിന്നെല്ലാം ഇവിടേക്ക് ട്രെയിനുണ്ട്.
- വ്യോമമാർഗം: ശ്രീനഗർ, ലെ, ജമ്മു എന്നിങ്ങനെ മൂന്ന് എയർപോർട്ടുകളാണ് ഇവിടുള്ളത്. ന്യൂഡെൽഹിയിൽ നിന്നും മറ്റ് പ്രധാന ഇന്ത്യൻ നഗരങ്ങളിൽ നിന്നും ഇവിടേക്ക് വിമാനങ്ങളുണ്ട്.
- റോഡ്മാർഗം: ജമ്മുവിൽ നിന്നും ഡെൽഹി, അമൃത്സർ,
- അംബാല, ഛണ്ഡീഗഢ്, ലുധിയാന, ജലന്തർ, ഷിംല, മണാലി, ഹരിദ്വാർ എന്നിവടങ്ങളിലേക്ക് ദിവസേന ബസ് സർവ്വീസ് ഉണ്ട്.

Airports contact numbers
Srinagar +91-194- 2303635
Jammu +91-191- 2431917
Leh (Ladakh) +91-1982- 253076
J&K State Road Transport Corporation
Srinagar +91-194- 245510
Jammu +91-191- 2473245
New Delhi +91-11- 23934232 / 32965527
Railway Station Jammu Tawi +91-191- 2476078
Tourist Reception Centers
TRC, Srinagar +91-194- 2452691
TRC, Jammu +91-191- 2548172 /2520432

SFM

smartfamily09@gmail.com

www.malankaralibrary.com

# അമിത രോമവളർച്ചയ്ക്ക് ശാശ്വത പരിഹാരം!!



സിനി പാലത്താസ്
ഇലക്ട്രോളജിസ്റ്റ്

അമിത രോമവളർച്ച സ്ത്രീകളുടെ ഉറക്കം കെടുത്തുന്നുണ്ടോ...? ആഘോഷങ്ങളും ബ്യൂട്ടി പാർലറുകളിൽ കയറിയിറങ്ങി ഒടുവിൽ അവർക്ക് ഒരു സന്തോഷ വാർത്തയുമായി അമേരിക്കൻ ഇലക്ട്രോളൈസിസ്. അമിത രോമ വളർച്ചയ്ക്ക് ശാശ്വത പരിഹാരമാണ് അമേരിക്കൻ ഇലക്ട്രോളൈസിസ് വാഗ്ദാനം ചെയ്യുന്നത്. കടുത്തുരുത്തി ആസ്ഥാനമായി പ്രവർത്തിക്കുന്ന അമേരിക്കൻ ഇലക്ട്രോളൈസിസ് കോഴിക്കോട്, കോട്ടയം, കൊച്ചി, തൃശ്ശൂർ എന്നിവിടങ്ങളിൽ വിജയകരമായശേഷം തലസ്ഥാന നഗരിയിലും പ്രവർത്തനം ആരംഭിച്ചു.

അമേരിക്കയിൽനിന്ന് ഇലക്ട്രോളൈസിസിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയശേഷമാണ് ഇതിന്റെ മാനേജിംഗ് ഡയറക്ടറായ സിനി പാലത്താസ് ക്ലിനിക് ആരംഭിച്ചത്. പാരമ്പര്യമായും ഹോർമോൺ വ്യതിയാനംകൊണ്ടും അമിതരോമ വളർച്ച ഉണ്ടാകാം. ചില മരുന്നുകൾ ഉപയോഗിക്കുന്നതു കൊണ്ടുള്ള പാർശ്വഫലമായും രോഗങ്ങൾ കൊണ്ടും രോമവളർച്ച കൂടാം. എന്താണ് രോമ വളർച്ചയുടെ കാരണമെന്ന് കണ്ടെത്തിയശേഷമാണ് ഇലക്ട്രോളജിസ്റ്റിന്റെ മേൽനോട്ടത്തിൽ ട്രീറ്റ്മെന്റ് തുടങ്ങുക. പ്രമുഖ ഡോക്ടർമാർ പോലും അമേരിക്കൻ ഇലക്ട്രോളൈസിസിലേക്ക് രോഗികളെ റഫർ ചെയ്യുന്നത് ഞങ്ങളുടെ വിശ്വാസ്യതയ്ക്ക് തെളിവായി ഇവർ ചൂണ്ടിക്കാട്ടുന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഉപഭോക്താക്കൾ ക്ലിനിക്കുകളിൽ എത്തുന്നുണ്ട്. അമേരിക്ക ഇൻഡ്യാനയിലുള്ള മുൻ വിദഗ്ദരുമായുള്ള കോസ്മെറ്റിക് ടെക്നോളജി ഇന്ത്യൻ ചർമ്മത്തിന് ചേരുന്ന വിധത്തിൽ പ്രയോജനപ്പെടുത്തി എന്നുള്ളതാണ് ഈ സ്ഥാപനത്തിന്റെ വിജയ രഹസ്യമെന്ന് മാനേജിംഗ് ഡയറക്ടർ സിനി പാലത്താസ് പറയുന്നു.

രോമനിർമാർജനത്തിന് വാക്സിംഗ്, ത്രെഡിംഗ്, ഷേവിംഗ്, റേസറിന്റെ ഉപയോഗം തുടങ്ങി പല മാർഗ്ഗങ്ങൾ ഉണ്ട്. എന്നാൽ ഇത് ഒന്നും ശാശ്വതമല്ല. ലേസർ ട്രീറ്റ്മെന്റിനാകട്ടെ പാർശ്വഫലങ്ങൾ ഏറെയാണ്. ഗർഭിണികളിൽ ഇത് ഒരിക്കലും അഭികാമ്യമല്ല. രോമ നിർമാർജനത്തിൽ പാർശ്വഫലങ്ങൾ ഇല്ലാത്തതും ശാശ്വതവുമായ ഏക മാർഗ്ഗം ഇലക്ട്രോളൈസിസ് മാത്രമാണ്. സാധാരണ മെഷീനിൽ ഇലക്ട്രോളൈസിസ് ട്രീറ്റ്മെന്റ് ചെയ്താൽ രോമത്തിന് ചുറ്റുമുള്ള കോശങ്ങൾക്ക് തകരാറുകൾ വരുവാനും കറുത്ത പാടുകൾ ഉണ്ടാകുവാനും സാധ്യതയുണ്ട്. എന്നാൽ ലോകത്തിലെ ഏറ്റവും നൂതനമായ അമേരിക്കൻ നിർമ്മിത മെഷീനുകളിൽ പ്രത്യേകതരം പ്രോബുകൾ ഉപയോഗിച്ച് പരിചയ സമ്പന്നരായ ഇലക്ട്രോളജിസ്റ്റ് ട്രീറ്റ്മെന്റ് ചെയ്യുമ്പോൾ ചർമ്മത്തിൽ യാതൊരു പാടുകൾ പോലും അവശേഷിക്കുകയില്ല. മാത്രമല്ല ഇലക്ട്രോളജിസ്റ്റിന്റെ നിർദ്ദേശ പ്രകാരം ചികിത്സ പൂർത്തിയാക്കുമ്പോൾ പിന്നീട് ഒരിക്കലും രോമങ്ങൾ വളരുന്നില്ല എന്നുള്ള ഗ്യാരണ്ടിയും നൽകുന്നു. അതി സൂക്ഷ്മമായി പരിശീലനം ലഭിച്ച ഇലക്ട്രോളജിസ്റ്റിന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്യപ്പെടേണ്ട രോമങ്ങളുടെ അടിവേരുകളിലേക്ക് പ്രവേശിപ്പിച്ച് ഉപയോഗിച്ച് നേരിയ താപ ആവേഗങ്ങൾ കടത്തിവിട്ട് പിന്നീട് ഒരിക്കലും വളരാത്തവിധം രോമങ്ങളുടെ അടിവേരുകൾ നശിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

**കൂടുതൽ വിവരങ്ങൾക്ക്:**

**American Electrolysis**

| | | | |
|---|---|---|---|
| H.O. | Kaduthuruthy | Ph: | 04829-282 888 |
| Fr: | Kottayam | Ph: | 0481 2582 888 |
| | Kochi | Ph: | 0484 6452 888 |
| | Thrissur | Ph: | 0487 6562 888 |
| | Trivandrum | Ph: | 0471 6452 888 |
| | Calicut | Ph: | 0495 2762 888 |
| **Helpline** | | **Ph:** | **94478 21 355** |

Opening Shortly at:
**Kannur, Coimbatore & Dubai**

**E-mail:** americanelectrolysis@yahoo.com
**Website: www.american-hair-removal.com**

www.malankaralibrary.com






Photo - Jijo Mannar

# ഇവിടം സ്വർഗ്ഗമാണ്

www.malankaralibrary.com











നൂതനമായൊരു ഭക്ഷ്യസം സ്ക്കാരമാണ് സൂറിച്ച്, നട്ടുപിടിപ്പിച്ചിരിക്കുന്നത്. ഇന്ത്യയിലെ മറ്റു മുന്തിയ നഗരങ്ങളെപ്പോലെ, കുറുപ്പുന്തറയിലും, വിദേശനഗരങ്ങളിലേതുപോലെ ഒരു ഭക്ഷണശാല, ആർക്കും ധൈര്യപൂർവ്വം ഭക്ഷണം കഴിക്കാവുന്നിടം.

'ഹേ... പ്രേമഭാജനമേ , ഈ ഭൂമി എന്റെ ഉള്ളം കൈയ്യിൽ ലഭിച്ചിരുന്നുവെങ്കിൽ തുണ്ടം തുണ്ടമാക്കി ഞാനൊരു പുനഃസൃഷ്ടിനടത്തിയേനെ' എന്ന് പറഞ്ഞത് പാശ്ചാത്യ സാഹിത്യകാരനായിരുന്നു.  ഇരുപത് വർഷത്തിലേറെക്കാലം സ്വിറ്റ്സർലന്റിലെ പ്രകൃതി സുന്ദരമായ സൂറിച്ചിൽ ജീവിച്ച ജോസിയെക്കൊണ്ട് ഇങ്ങനെ ചിന്തിപ്പിച്ചതും പാശ്ചാത്യരായിരുന്നു. വെള്ളക്കാരന്റെ നാട്ടിൽ താൻ കണ്ടതും ശീലിച്ചതുമായ നല്ല ശീലങ്ങളെ എങ്ങിനെ താൻ ജനിച്ച നാട്ടിൽ ഇങ്ങ് ദൈവത്തിന്റെ സ്വന്തം നാട്ടിൽ പ്രാവർത്തികമാക്കാം എന്ന ഒറ്റ ചിന്തയുമായാണ് രണ്ട് വർഷം മുൻപ് ജോസി ഉള്ളാട്ടിൽ എന്ന കുറുപ്പന്തറക്കാരൻ സൂറിച്ചിൽ നിന്നും നാട്ടിലേക്ക് തിരിച്ചത്.

"കൊച്ചിപോലുള്ള കായലാൽ ചുറ്റപ്പെട്ട സുന്ദരമായ സ്ഥലമാണ് സൂറിച്ച് നഗരം.  ഇരുപത് വർഷക്കാലത്തെ അവിടുത്തെ ജീവിതത്തിലൂടെ എന്നെ ഒരുപാട് സ്വപ്നം കാണാൻ ആ നാട് പ്രേരിപ്പിച്ചിരുന്നു. സുന്ദരമായ ഒരു പ്രദേശത്തിന് പിറകെ എന്റെ സ്വപ്നങ്ങൾ സഞ്ചരിക്കാൻ അന്നുമുതൽ തുടങ്ങിയിരുന്നു. എന്നാൽ എന്റെ നാട്ടിൽ അത്രയൊന്നും സുന്ദരമല്ലാതെ കിടന്ന സ്ഥലത്ത് ഞാൻ സൂറിച്ചിൽ കണ്ട സ്വപ്നങ്ങൾ ഇറക്കിവെക്കാൻ തീരുമാനിച്ചു. അങ്ങിനെയാണ് സൂറിച്ച് ഇന്റർനാഷണൽ എന്ന സ്ഥാപനത്തിന്റെ ബീജാവാപം.  സമയത്തിനോട് ഇത്രയേറെ ബഹുമാനം കാണിക്കുന്ന

www.malankaralibrary.com





ജോസി ഉള്ളാട്ടിൽ

ഒരു ജനവിഭാഗത്തെ കാണാൻ കഴിയില്ല. രാവിലെ 10ന് എത്താം എന്ന് പറഞ്ഞാൽ രാവിലെ 10ന് ആ വ്യക്തി അവിടെ കാണും. കൃത്യനിഷ്ഠയിൽ ആ നാട്ടുകാരെ മാതൃകയാക്കണമെന്ന് എനിക്ക് അവിടെ ചെന്ന കാലംതൊട്ടേ തോന്നിയിരുന്നു. എല്ലാ ജോലിയോടും അവിടുത്തുകാർ കാണിക്കുന്ന ബഹുമാന മാണ് എടുത്തുപറയേണ്ടത്. ഞാൻ നാട്ടിൽ എന്തെങ്കിലും ആരംഭിക്കുകയാണെങ്കിൽ വെള്ളക്കാരന്റെ രീതിയിലായിരിക്കുമെന്ന് അന്നുതന്നെ തീരുമാനിച്ചിരുന്നു ''.

## ഹോട്ടൽ സൂറിച്ച്

സ്വിറ്റ്സർലന്റിലെ സൂറിച്ചിൽ ഇരുപത് വർഷമായി ജോലിനോക്കി യിരുന്ന ജോസി ഉള്ളാട്ടിൽ തന്റെ സ്വപ്ന പദ്ധതിക്ക് ഹോട്ടൽ സൂറിച്ച് ഇന്റർ നാഷണൽ എന്നു പേരി ട്ടത് തന്റെ ഗതകാല സ്മരണകൾ അയവിറക്കാനായിരുന്നു.

വിദേശരാജ്യത്ത് അഹോരാത്രം ജോലിചെയ്ത ഇദ്ദേഹം കുറു പ്പന്തറ എന്നഗ്രാമത്തിന്, വ്യത്യ സ്തമായ ഒരു പ്രതിഛായ തന്റെ സൂറിച്ച് ഇന്റർനാഷണലിലൂടെ ന ൽകുകയാണ്. വർഷങ്ങളോളം വിദേ ശത്ത് ജോലിചെയ്തിരുന്ന ജോസി, തികഞ്ഞ ചിന്തകനും, ഒപ്പം കഠി നാദ്ധ്വാനിയുമാണെന്ന് തെളിയിക്കു ന്നതാണ് സൂറിച്ച് ഇന്റർ നാഷണ ലിന്റെ പ്രവർത്തനത്തിലൂടെ വ്യക്ത മാക്കുന്നത്.

പണം ഉണ്ടാക്കുവാൻ അലയുന്ന സമകാലിക സമൂഹം ധനവിനി യോഗത്തെപ്പറ്റി ബോധവാൻമാരല്ല എന്നാണ് ജോസിയുടെ അഭിപ്രായം. പണം നിക്ഷേപിക്കുക എന്നതാണ് പലരുടെയും രീതി. ആദ്യകാലങ്ങ ളിൽ വിദേശിയുടെ പോക്കറ്റ് ലക്ഷ്യ മാക്കി ഇദ്ദേഹത്തെ തേടിയെത്തിയ വർ നിരവധി.

ജന്മനാടായ കുറുപ്പന്തറയ്ക്ക് ജോസി ഉള്ളാട്ടിൽ നൽകുന്ന ഒരു സംഭാവനയാണ് സൂറിച്ച് ഇന്റർ നാഷണൽ 'നാടിന്റെ നന്മയും ദേശ ത്തിന്റെ പുരോഗതിയുമാണ് ഇത്തരം ഒരു സംരഭം ഇവിടെ ആരംഭിക്കു വാൻ പ്രചോദനമായതെന്ന് ജോസി ഉള്ളാട്ടിൽ പറയുന്നു. നഗരത്തിരക്കുകളിൽ നിന്ന് ഒഴിഞ്ഞു മാറി ആഡംബരത്തിന്റെ പരവതാനി വിരിക്കുകയാണ് സൂറിച്ച്. വന്നുചേ രുന്ന ഓരോ അതിഥിയ്ക്കും പുഞ്ചിരിയുടെ വാതായനങ്ങൾ തുറന്നു നൽകുന്ന അന്തരീക്ഷം. ആധുനികതയും, ആഡംബരവും, ഇഴചേർന്നു നിൽക്കുന്ന ഹോട്ടൽ മുറിയുടെ വിശാല സൗകര്യം. ആതി ഥേയത്വത്തിന്റെയും, സേവനത്തി ന്റെയും, രുചിയുൽസവ മേളങ്ങൾ തീർത്തു തരുന്ന വിഭവങ്ങൾ. എഴു പത്തിയഞ്ച് പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാൾ. ഒരു പക്ഷേ കോട്ടയം ജില്ലയ്ക്ക് മാത്രം അഭിമാനിക്കാവുന്ന 1500 സീറ്റോടുകൂ ടിയ ഓഡിറ്റോറിയം; വിവാഹ പാർട്ടിക്കാർക്കും, മറ്റ് പാർട്ടികൾക്കും ഈ ഓഡിറ്റോറിയം തികച്ചും സൗജ ന്യമാണെന്ന് ജോസി പറയുന്നു. വളരെ കുറഞ്ഞ ഒരു ലാഭ വിഹിതമേ പ്രതീക്ഷിക്കുന്നുള്ളൂ. കൂടുതൽ ബിസിനസ്, കുറഞ്ഞ ലാഭവിഹിതം അതാണ് ഞങ്ങളുടെ രീതി.

തികച്ചും ആധുനീകരിച്ച പൂർണ്ണമായും എയർകണ്ടീഷൻ ചെയ്ത ഗസ്റ്റ് റൂമുകളും, വിദേ ശികൾക്ക് എന്നും ഹരമായ ഓപ്പൺ റെസ്റ്റോറന്റും, തട്ടുകട മാതൃകയിലുള്ള ഭക്ഷണശാലയും... സൂറിച്ചിലെ സൗകര്യങ്ങളുടെ നിരനീളുകയാണ്. കോട്ടയം നഗരത്തിൽ നിന്ന് വളരെ മാറി, ഗ്രാമാന്തരീക്ഷത്തിൽ അത്യാ ധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച സൂറിച്ച് ഇന്റർ നാഷണൽ ബിസിന സ് ഹോട്ടൽ രംഗത്ത് ഇപ്പോൾ കുതി പ്പിന്റെ പാതയിലാണ്. വിവാഹ പ ർച്ചയിസിംഗിന് കോട്ടയം നഗരത്തിൽ എത്തുന്നവർപോലും ദൂരം മറന്ന് സൂറിച്ചിൽ എത്തിച്ചേരുന്നുണ്ടെന്ന് ജോസി പറയുന്നു.

ഉള്ളാട്ടിൽ ജോസഫ്, മറിയാമ്മ ദമ്പതികളുടെ മകനായ ജോസി ഉള്ളാട്ടിൽ അഞ്ച് ഏക്കർ സ്ഥലത്ത് ആദ്യം പണിതത് ഒരു വലിയ വീടായിരുന്നു. എന്നാൽ വീടിനോട് കൂടിയുള്ള വിസ്തൃതമായ സ്ഥലത്തെ കൃഷി എന്നും നഷ്ടങ്ങളുടെ കണക്ക് വർദ്ധിപ്പിച്ചതല്ലാതെ

www.malankaralibrary.com


ജോസി ഉള്ളാട്ടിൽ കുടുംബത്തോടൊപ്പം.





ലാഭകരമായിരുന്നില്ല. അങ്ങിനെ യാണ് വീടും സ്ഥലവും കൊമേഷ്സ്യലൈസ് ചെയ്യുകയെന്ന ലക്ഷ്യത്തോടെ വീട് ഹോട്ടൽ ബിസിനസിനായി മാറ്റിയത്.

ജോലിക്കുവേണ്ടി സ്വിറ്റ്സർലൻന്റിൽ എത്തുന്നതിന് മുൻപ് തന്റെ പിതാവിന്റെ പാതയായ കോൺട്രാക്ടർ ബിസിനസ്സിൽ ശ്രദ്ധ ചെലുത്തിയ ജോസി സ്വയം നേരിട്ട് ഡിസൈൻ ചെയ്താണ് ഈ സ്വപ്നസൗധം പണികഴിപ്പിച്ചിരിക്കുന്നത്. ഇവിടെയുള്ള ഓരോ നിർമ്മാണങ്ങളിലും അദ്ദേഹത്തിന്റെ സൂക്ഷ്മമായ ഇടപെടൽ സൂറിച്ചിനെ കൂടുതൽ മനോഹരിയാക്കിത്തീർത്തു.

വിദേശത്ത് നിരവധി വർഷങ്ങൾ ജോലിനോക്കിയ ജോസിക്ക് തന്റെ സ്ഥാപനം വൃത്തിയിലും, ഗുണമേന്മയിലും ഒന്നാമതായിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഈ സ്റ്റാർ ഹോട്ടലിലെ എല്ലാ സൗകര്യങ്ങളിലും, ഒരു യൂറോപ്യൻ ടച്ച് ഉണ്ടാക്കിയെടുത്തിട്ടുണ്ട്. ഓരോ ഹോട്ടലിന്റെയും ഗുണ നിലവാരം നിശ്ചയിക്കുന്നത് അവിടുത്തെ കിച്ചണായിരിക്കും. നല്ല വൃത്തിയും സൗകര്യവുമുള്ള കിച്ചണാവണം എന്റെ ഹോട്ടലിലേതെന്ന് തീരുമാനിച്ചിരുന്നു. സ്വിറ്റ്സർലാൻഡിലെ നിരവധി ഹോട്ടലുകൾ ഞാൻ നേരിട്ട് കണ്ടു. അങ്ങിനെയാണ് കിച്ചണിലേക്കാവശ്യമായ ആധുനിക മെഷിനറികളെല്ലാം വിദേശത്തുനിന്നും കൊണ്ടുവന്നത്.

വിദേശരാജ്യങ്ങളേയും നമ്മുടെ നാടിനേയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ നമ്മൾ നൂറ് വർഷം പിന്നിലാണെന്ന് അദ്ദേഹം പറയുന്നു. നമ്മൾ നമ്മുടെ കുട്ടികൾക്കു വേണ്ടി മാത്രം ജീവിക്കുമ്പോൾ വിദേശികൾ പത്ത് തലമുറയെ മനസിൽ കണ്ട് ജീവിക്കുന്നു. അവിടെ നിർമ്മിക്കുന്ന ഏത് കാര്യങ്ങളും 10 തലമുറയെ ലക്ഷ്യം വെച്ചുകൊണ്ടാണ്. അവിടെ ഒരു സാധനം എടുത്താൽ എടുത്ത യിടത്ത് തന്നെ വെയ്ക്കണമെന്ന കാര്യത്തിൽ വിദേശികൾക്ക് നിർബന്ധമാണ്- അദ്ദേഹം കൂട്ടിച്ചേർത്തു.

സ്കൂൾ വിദ്യാഭ്യാസം കുറുപ്പുന്തറ സെന്റ്. സേവ്യേഴ്സ് ഹൈസ്കൂളിൽ , തുടർ വിദ്യാഭ്യാസം ഉഴവൂർ സെന്റ്സ്റ്റീഫൻ കോളേജിൽ, അതിനു ശേഷം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉന്നത വിദ്യാഭ്യാസം; തുടർന്ന് കോൺട്രാക്ടർ റോളിൽ, അതിനു ശേഷം വിദേശത്ത്.

കേരളത്തിന്റെ അഭിമാനമായി കോട്ടയം വളരുകയാണ്. അതിവേഗത്തിലുള്ള ഈ വളർച്ചയ്ക്കിടയിൽ പൈതൃകമായി കാത്തുസൂക്ഷിക്കേണ്ട പല സംസ്ക്കാരങ്ങളും കൈവിട്ടു പോകുന്നു. ഇതിൽ പ്രധാനമാണ് കോട്ടയത്തെ ഭക്ഷണ സംസ്കാരം; ഇതിനെല്ലാം ശാശ്വത പരിഹാരമാണ് കുറുപ്പുന്തറയിലെ ഹോട്ടൽ സൂറിച്ച്. അടുത്തകാലത്ത് സൂറിച്ചിൽ നാടൻ തട്ടുകട തുടങ്ങി; നാടൻ വിഭവങ്ങൾ എല്ലാം, ദിനം പ്രതി ഇവിടെ നിന്നും സാധാരണയിൽ കുറഞ്ഞ നിരക്കിൽ ലഭിക്കും. കൂടാതെ ഹോംഡെലിവറിയും ഇവിടെ നടത്തിപ്പോകുന്നുണ്ട്.കഞ്ഞിയും കപ്പയും രാവിലെ കുറഞ്ഞ വിലയ്ക്ക് കസ്റ്റമേഴ്സിന് നൽകുന്നുണ്ടെന്ന് ജോസി പറുന്നു.

വെസ്റ്റേൺ, ചൈനീസ്, സൗത്ത്, നോർത്തിന്ത്യൻ ഭക്ഷണം ഇവിടെ ലഭ്യമാണ്.

നൂതനമായൊരു ഭക്ഷ്യസംസ്ക്കാരമാണ് സൂറിച്ച്, നട്ടുപിടിപ്പിച്ചിരിക്കുന്നത്. ഇന്ത്യയിലെ മറ്റു മുന്തിയ നഗരങ്ങളെപ്പോലെ, കുറുപ്പുന്തറയിലും, വിദേശനഗരങ്ങളിലേതു പോലുള്ള ഒരു ഭക്ഷണശാല, ആർക്കും ധൈര്യപൂർവ്വം ഭക്ഷണം കഴിക്കാവുന്നിടം. ഇവിടെ ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾക്കെല്ലാം മറ്റ് സ്റ്റാർ ഹോട്ടലുകളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. പ്രൗഢിയുടെ പ്രതീകമായ ഒരു ഭോജനശാല.

വളർന്നു വരുന്ന ഗ്രാമത്തിന്റെ അന്തസിന് യോജിച്ച ഒരു ഭക്ഷണസംസ്കാരം. മൂന്ന് വർഷം മുൻപ് ജോസി ഉള്ളാട്ടിലിന് മനസ്സിലുദിച്ച ഈ ആശയമാണ് കുറുപ്പന്തറയുടെ അനുഗ്രഹമായി മാറിയത്.

പുതിയൊരു സംസ്ക്കാരം പണിതുയർത്തുക എന്നത് നിസാരകാര്യമല്ല. എന്നിരുന്നാലും സഹോദരങ്ങളുടെ പൂർണ്ണ പിൻതുണ ഇക്കാര്യത്തിൽ തനിക്കുണ്ടായതിൽ ജോസി അഭിമാനിക്കുന്നു. കൂടാതെ നാട്ടുകാരുടെയും, കൂട്ടുകാരുടെയും അകമഴിഞ്ഞ പിന്തുണകൂടി കിട്ടിയപ്പോൾ അദ്ദേഹം സധൈര്യം മുന്നോട്ടുവന്നു. അങ്ങനെ കുറുപ്പന്തറയിൽ സൂറിച്ച് ഇന്റർ നാഷണലിന്റെ ബോർഡ് ഉയർന്നു. നിരവധി പ്രത്യേകതകളോടും, പുതുമകളോടും കൂടിയ സൂറിച്ച് ഇന്റർ നാഷണലിൽ തിരക്കായി. വാഹനങ്ങളിൽ കുടുംബസമേതം ഷോപ്പിങ്ങിനിറങ്ങുന്നവരും, കുടുംബകൂട്ടായ്മയ്ക്കിറങ്ങുന്നവരും, ഈ വഴി കടന്നു പോകുന്ന വിദേശികളും, സ്വദേശികളും സ്ഥിരം സന്ദർശകരായി. കുടുംബസമേതം സ്വസ്ഥമായി ഭക്ഷണം കഴിക്കാം; അതും തികഞ്ഞ വിശ്വസ്ഥതയോടെ, അതീവരുചിയോടെ.

ചെറുപ്പത്തിലെ തന്നെ കൃഷിയിലും, അതോടൊപ്പം തന്നെ വളർത്തുമൃഗങ്ങളെയും പക്ഷികളെയും സംരക്ഷിക്കുന്ന കാര്യത്തിലും ശ്രദ്ധ ചെലുത്തിയ ജോസിയുടെ ഈ ഹോട്ടലിന് സമീപം വൃക്ഷങ്ങളുടെയും, വളർത്തുമൃഗങ്ങളുടെയും , ഒരു വേറിട്ട കാഴ്ച ശ്രദ്ധേയമാണ്. സ്വിറ്റ്സർലാന്റിൽ നഴ്സായി ജോലി നോക്കുന്ന ഭാര്യ ആലീസിന്റെ പിന്തുണയാണ് ജോസിയെ ഈ വേറിട്ട വഴിയിലൂടെ സഞ്ചരിക്കാൻ കരുത്തുപകരുന്നത്. മൂത്തമകൻ ജാക്സ് അമ്മയോടൊപ്പം സ്വിറ്റ്സർലൻന്റിൽ പഠിക്കുന്നു. രണ്ടാമത്തെ മകൻ ജാൻ, മൂന്നാമത്തെ മകൻ ജെൻസെൻ എന്നിവർ എബനൈസർ ഇന്റർ നാഷണൽ സ്കൂളിലെ വിദ്യാർത്ഥികളാണ്.

*തയാറാക്കിയത്:* **ജിമ്മി പൂവാട്ടിൽ**

SFM

smartfamily09@gmail.com

www.malankaralibrary.com





# ആത്മസുഹൃത്തിനെ ജീവിതപങ്കാളിയാക്കിയാൽ...

ഗീതാ ബൽറാം
ഫാമിലി കൗൺസിൽ സെന്റർ
ശാസ്ത്ര
കണ്ണൂർ

കൗമാരക്കാരുടെ ആത്മസൗഹൃദം വളർന്ന് വിവാഹത്തിൽ കലാശിക്കുന്ന കഥപറയുന്ന സിനിമയാണ് നിറം. സൗഹൃദത്തിന്റെ നിരവധി നിമിഷങ്ങൾ പ്രണയത്തിലേക്ക് വഴിമാറി വിവാഹത്തിൽ ചെന്നു നിൽക്കുന്ന ഈ സിനിമ മലയാളികൾ മറന്നിട്ടുണ്ടാകില്ല. പ്രിയപ്പെട്ട സുഹൃത്തിനെ വിവാഹം കഴിക്കാമോ... ജീവിതപങ്കാളിയാക്കിയാലെന്താ, ആകാശം ഇടിഞ്ഞുവീഴുമോയെന്ന് പുതിയ കാലത്തെ ചെറുപ്പക്കാർ മറുചോദ്യം ചോദിക്കുമായിരിക്കും. അവളെ/അവനെ പോലെ എന്നെ മനസിലാക്കുന്ന മറ്റൊരാളില്ല, അതിനാൽ എന്റെ സുഹൃത്ത് തന്നെ മതി ജീവിതപങ്കാളിയെന്ന് തീരുമാനിക്കുന്നവരുണ്ട്. ചിലർക്ക് ഇത് മോഹനമായ ദാമ്പത്യമാകും സമ്മാനിക്കുക, മറ്റു ചിലർക്കാകട്ടെ നിരാശാഭരിതമായ ജീവിതവും. ചങ്ങാതിമാരെ ജീവിതപങ്കാളിയാക്കുന്നവരുടെ ഭാവിയെന്താകും?. സ്വപ്നം

www.malankaralibrary.com



കണ്ട ദാമ്പത്യജീവിതം ഇവർക്ക് ലഭിക്കുമോ?.

### നല്ല സുഹൃത്ത് ചിലപ്പോഴൊക്കെ നല്ല ജീവിതപങ്കാളി തന്നെ!

ഭർത്താവ് നല്ലൊരു മദ്യപാനിയാണെന്ന് ഞാനറിഞ്ഞത് വിവാഹശേഷമാണ് എന്ന് സങ്കടപ്പെടുന്ന സ്ത്രീകൾ നമ്മുടെ നാട്ടിലുണ്ട്. കുട്ടികളായിട്ടും പങ്കാളികളുടെ താല്പ്പര്യങ്ങൾ പോലും മനസിലാക്കാത്ത ദമ്പതികളുമുണ്ട്. അറേൻജ്ഡ് മാര്യേജ് ആയതിനാൽ ജീവിതപങ്കാളിയുടെ വിവരങ്ങളൊന്നും അറിയാനാകാത്തതാണ് പ്രശ്നം. എന്നാൽ അടുത്തറിയുന്ന സുഹൃത്തിനെ കല്യാണം കഴിച്ചാൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകില്ല. സൗഹൃദ നാളുകളിൽ തന്നെ ഇഷ്ടാനിഷ്ടങ്ങൾ പങ്കുവയ്ക്കപ്പെടുന്നതിനാൽ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറയും. ഔപചാരികതകളില്ലാത്തതിനാൽ അടുത്ത് ഇടപഴകി ബന്ധം ഊട്ടിയുറപ്പിക്കാനും സുഹൃത്തിനെ ജീവിതപങ്കാളിയാക്കുന്നതിലൂടെ കഴിയും.

### ചങ്ങാത്തം പോലെയല്ല വിവാഹം

സുഹൃത്തിനെ വിവാഹം ചെയ്താൽ ഭാവി ശോഭനമാകണമെന്നുമില്ല. കൂട്ടുകൂടി നടന്ന കാലത്തെ മനസുമായിട്ടാകാം പലരും വിവാഹം കഴിക്കുന്നത്. ചെറിയ കാര്യങ്ങൾക്കുപോലും കോംപ്രമൈസ് ചെയ്യാതെ പഴയ കുട്ടിക്കളി ഇവർ തുടരും. ഇത് ദാമ്പത്യബന്ധത്തിൽ ഉണ്ടാകേണ്ട പരസ്പര ബഹുമാനവും വിശ്വാസ്യതയും കുറയ്ക്കും. ചെറിയ തെറ്റുകൾ പോലും ക്ഷമിക്കാനോ പൊറുക്കാനോ കഴിയാതാകുന്നതോടെ ബന്ധത്തിൽ വിള്ളൽ വീഴും. പിന്നെ കലഹങ്ങളുടെ പെരുമഴ തുടങ്ങുകയായി.

## കലഹം വരുന്ന വഴികൾ

### ബന്ധത്തിലുള്ള അമിത ആത്മവിശ്വാസം

സൗഹൃദകാലത്തെ നല്ലജീവിതം വിവാഹാനന്തരവും ഉണ്ടാകുമെന്ന ധാരണയിലാണ് വിവാഹങ്ങൾ നടക്കുക. എന്നാൽ സുഹൃത്ത് ബന്ധവും, ദാമ്പത്യജീവിതവും തമ്മിൽ ഏറെ അന്തരമുണ്ട്. വിവാഹശേഷം കുടുംബമായി ജീവിച്ചു തുടങ്ങുന്ന കാലത്താണ് ഇന്നുവരെ അറിയാതിരുന്ന പല സ്വഭാവങ്ങളും പങ്കാളിക്കുണ്ടെന്ന് മനസിലാക്കുക. ഇത് ബന്ധത്തിലുള്ള അമിതവിശ്വാസത്തെ തകർക്കും. സുഹൃത്തുക്കളായിരുന്ന കാലത്ത് ഇതൊന്നും ഞാനറിഞ്ഞിരുന്നില്ലല്ലോ എന്ന ബോധം കലഹങ്ങൾക്ക് വഴിതെളിക്കും. അതിനാൽ പരസ്പരവിശ്വാസം പൂർണമായി പുലർത്താൻ പങ്കാളികൾ ശ്രമിക്കണം. സൗഹൃദകാലത്തെന്നപോലെ തന്നെ തുറന്ന സംസാരവും ഇടപഴകലും വിവാഹശേഷവും തുടരണം.

### പ്രണയത്തിന്റെ അഭാവം

നല്ല സുഹൃത്തുക്കൾ തമ്മിലുള്ള സൗഹൃദത്തിനിടയിൽ പ്രണയം കടന്നുവന്നിട്ടുണ്ടാകില്ല. എന്നാൽ വിവാഹിതരാകുമ്പോൾ ഇവർക്കിടയിൽ പ്രണയം ഉണ്ടായേ തീരൂ. അല്ലെങ്കിൽ ദാമ്പത്യജീവിതം തീർത്തും വിരസമാകും. പ്രണയത്തിന്റെ അഭാവം പ്രശ്നങ്ങളുണ്ടാക്കും. പരസ്പരം സ്നേഹിച്ചും വിശ്വസിച്ചുമുള്ള ജീവിതമാണ് നയിക്കേണ്ടത്. നിങ്ങൾക്ക് ഒരു പ്രശ്നമുണ്ടായെന്നിരിക്കട്ടെ. നേരത്തെ പ്രിയ സുഹൃത്തിനോട് പങ്കുവയ്ക്കാമായിരുന്നു. ഇന്ന് ജീവിതപങ്കാളിയായിട്ടും തന്റെ പ്രശ്നങ്ങൾ ഭാര്യ/ ഭർത്താവ് മനസിലാക്കുന്നില്ല എന്ന ചിന്ത ദാമ്പത്യത്തിൽ കല്ലുകടിയുണ്ടാക്കും.

### സുഹൃത്ത്ബന്ധവുമായി താരതമ്യം ചെയ്യരുത്

സൗഹൃദബന്ധത്തെക്കാൾ ഉയർന്ന തലത്തിലുള്ളതാണ് ഭാര്യാ-ഭർതൃബന്ധം. ദാമ്പത്യജീവിതത്തിലേക്ക് കടക്കുന്നതോടെ ഉത്തരവാദിത്വങ്ങൾ കൂടും. സുഹൃത്തുക്കൾക്കിടയിൽ ഉത്തരവാദിത്തങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ കുടുംബജീവിതത്തിലാകട്ടെ, വീട്, സമ്പാദ്യം , കുട്ടികളുടെ പഠനം എന്നിങ്ങനെ ചുമതലകളേറും. സുഹൃത്തുക്കളായിരുന്ന കാലം വിവാഹാനന്തരകാലത്ത് ഉണ്ടാകുമെന്ന് ഒരിക്കലും പ്രതീക്ഷിക്കരുത്. പണ്ട് കൂട്ടുകാരായിരുന്നപ്പോൾ ജന്മദിനം ഓർത്തുവച്ച് സമ്മാനപ്പൊതി നൽകിയിരുന്നു. ഇന്ന് കുടുംബമായി ഒരുമിച്ച് കഴിയുമ്പോൾ തന്റെ ജന്മദിനം പോലും ഓർക്കാൻ സമയമില്ലെന്ന് നിരാശപ്പെടരുതെന്ന് സാരം.

SFM

smartfamily09@gmail.com



THE DURBAR RESIDENCY
D H Road, Jos Junction, Cochin - 682 016
Ph / Fax : + 91 - 484 - 2376582
E-mail : durbar@md3.vsnl.net.in
Website : www.durbarresidency.com



www.malankaralibrary.com






# ഷവർലെ ബീറ്റ് എൽ ടി



പ്രമുഖ കാർനിർമ്മാതാക്കളായ ഷെവർലെയുടെ പുതിയ കാർ ബീറ്റ് എൽ ടി നിരത്തിലിറങ്ങി. ഒതുക്കമുള്ള രൂപവും നിരവധി മേന്മകളുമുള്ള ഈ മോഡലിനെ ഇരുപത്തിരണ്ടാം നൂറ്റാണ്ടിന്റെ കാറെന്നാണ് നിർമ്മാതാക്കൾ വിശേഷിപ്പിക്കുന്നത്. മികവുറ്റ ഡിസൈനിംഗിലൂടെ വാർത്തെടുത്ത ബോഡി ഇതിനകം കാർ വിപണിയിൽ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. മികച്ച രീതിയിൽ ആസൂത്രണം ചെയ്തിരിക്കുന്ന ഡാഷ്ബോർഡ് ക്യാബിനെ മനോഹരമാക്കുന്ന തരത്തിലുള്ളതാണ്. ചെറിയ കാറുകളെ അപേക്ഷിച്ച് മികച്ച സസ്പെൻഷൻ ബീറ്റ് ഉറപ്പ് തരുന്നു. ആകർഷകമായ ഹെഡ്ലൈറ്റ്, ബോണറ്റിലെ മാസീവ് സ്പ്ളിറ്റ് ഗ്രിൽ, റിട്രോ ടെയിൽ ലാമ്പ്സ്, ക്രോം സറൗണ്ട് ഫോഗ് ലാമ്പ്സ് എന്നീ സവിശേഷതകൾ ഈ മോഡലിന്റെ മേന്മകളാണ്. ഗ്ളാസിനോടു ചേർന്നാണ് പിന്നിലെ ഡോർ ഹാൻഡിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ഒറ്റ നോട്ടത്തിൽ പിന്നിലെ ഹാൻഡിൽ എടുത്തുകാട്ടാത്തത് മോഡലിനെ മറ്റ് കാറുകളിൽ നിന്ന് വേറിട്ട് നിർത്തുന്നു. 14 ഇഞ്ച് വീലുകളും, ശ്രദ്ധേയമായ രീതിയിൽ നിർമ്മിച്ചിട്ടുള്ള വീൽ ആർച്ചുകളും ആകർഷകമാണ്.

സുഗമമായ ഗിയർഷിഫ്റ്റിംഗ് സംവിധാനമാണ് മറ്റൊരു സവിശേഷത. സ്മാർട്ട് എസ് ടി സി സി –2 പെട്രോൾ എൻജിൻ മികച്ച പ്രവർത്തന ക്ഷമത ഉറപ്പുതരുന്നു. ലിറ്ററിന് 18.6 കിലോമീറ്റർ മൈലേജ് ലഭിക്കും. 35 ലിറ്റർ സംഭരണശേഷിയുള്ള ടാങ്കാണ് ഇതിനുള്ളത്. ഓട്ടോമാറ്റിക്ക് ക്ലൈമറ്റ് കൺട്രോൾ സംവിധാനം കാറിനുള്ളിൽ സുഖകരമായ അന്തരീക്ഷം ഒരുക്കുന്നു. ഈ സംവിധാനം എയർകണ്ടീഷനർ തുടർച്ചയായി പ്രവർത്തിപ്പിക്കുന്നത് ഒഴിവാക്കാൻ സഹായിക്കും. നീല എൽ. ഇ. ഡി പ്രകാശമാനമാക്കുന്ന സ്പീഡോ മീറ്ററും, സമയവും ഇന്ധനത്തിന്റെ അളവും കാണിക്കുന്ന ഡിജിറ്റൽ മീറ്ററും ഡ്രൈവിംഗ് സുഗമമാക്കുന്നു. സ്റ്റിയറിംഗിന് താഴെ ഒരുക്കിയിരിക്കുന്ന കബ്ബിഹോൾസ് മൊബൈൽ ഫോണും മറ്റും സൂക്ഷിക്കാൻ സൗകര്യപ്രദമാണ്. കാഴ്ചയിൽ ചെറുതെങ്കിലും 965 കിലോഗ്രാം ഭാരം ഇതിനുണ്ട്. 36 മാസം/ 1,00,000 കി. മി വരെയുള്ള വാറന്റി നിർമ്മാതാക്കൾ ഉറപ്പുതരുന്നു.

**Chevrolet Beat LT**
Showroom Price : 4,11,885
On Road : 4,57,000

**Chevrolet Beat LT optional**
Showroom Price : 4,55,270
On Road : 5,05,000

More Details : Joju
Mobile : 9847406351
GM Motors
Chakkaraparambu,
Ernakulam.

www.malankaralibrary.com




മഞ്ഞിൽ വിരിഞ്ഞ സംഗീതം– 7

# റെക്കോർഡിംഗിൽ ശ്രുതി മുറിയുമ്പോൾ..

പ്രശസ്ത സംഗീത സംവിധായകൻ ജെറി അമൽദേവ് സംഗീതത്തിലെയും ജീവിതത്തിലെയും ഓർമ്മകളിലൂടെ നടത്തുന്ന യാത്ര

സിനിമ ഒരു ദൃശ്യകലയാണ്. ആ നിലയ്ക്ക് ക്യാമറയിലൂടെയാണ് കഥ പറയേണ്ടത്. സംഭാഷണം ആവശ്യത്തിന് മതി. നമ്മുടെ നാട്ടിലെ ആർട്ട്ഫിലിം സംവിധായകരെന്നു മേനിനടിച്ച് നടക്കുന്നവർക്ക് സിനിമ എടുക്കാനറിയില്ല.



ജെറി അമൽദേവ്

അമേരിക്കയിൽ ജോലിചെയ്തിരുന്ന ചെങ്ങന്നൂർ സ്വദേശിയായ ജോൺ പീറ്റർ എന്ന ചെറുപ്പക്കാരന്റെ സ്വപ്നമായിരുന്നു 'സ്വപ്നലോകം' എന്ന സിനിമ. 'മഞ്ഞിൽ വിരിഞ്ഞ പൂക്കൾ' എന്ന സിനിമയിലെ പാട്ട് കേട്ടിഷ്ടപ്പെട്ടതിനാൽ സിനിമ എടുക്കാൻ തീരുമാനിച്ചയുടൻ വിവരം എന്നെ വിളിച്ചറിയിച്ചു.

നല്ല കഴിവും കാര്യശേഷിയുമുള്ള അസിസ്റ്റന്റ് ഡയറക്ടർമാരെയാണ് 'സ്വപ്നലോക' ത്തിന്റെ പിന്നണിയിലേക്ക് അദ്ദേഹം കൊണ്ടുവന്നത്. കൂടാതെ പൂണേ ഫിലിം ഇൻസ്റ്റിസ്റ്റ്യൂട്ടിൽ നിന്ന് ഏ ഗ്രേയ്ഡോടെ ഛായാഗ്രഹണം പഠിച്ചിറങ്ങിയ വസന്ത്കുമാറിനെ ക്യാമറാമാനായും നിയമിച്ചു. സിനിമ പരാജയപ്പെട്ടെങ്കിലും ആ ചിത്രത്തിൽ സംഗീതം നൽകിയത് നല്ലൊര നുഭവമായിരുന്നു. അഞ്ചുപാട്ടുകളാണ് ചിത്രത്തിലുണ്ടായിരുന്നത്. 'മേയ്മാസ സൗവർണ്ണ പുഷ്പങ്ങളോ...' എന്ന പാട്ട് ജയചന്ദ്രനും ഷെറിൻ പീറ്റേഴ്സ് എന്ന പെൺകുട്ടിയുമാണ് പാടിയത്. ഒരു സ്വകാര്യ പരിപാടിയിൽ വച്ചാണ് ഷെറിനെ ഞാൻ പരിചയപ്പെടുന്നത്. ബാല്യത്തിലേ പോളിയോ ബാധിച്ച് ഇരുകാലുകളും തളർന്ന നിലയിലായിരുന്ന ഈ പെൺകുട്ടി നന്നായി പാടുമെന്ന് മാതാപിതാക്കൾ പറഞ്ഞു. അങ്ങനെയാണ് പാടാൻ വിളിക്കുന്നത്. വീൽ ചെയറിലിരുന്ന് ശ്രുതിമധുരമായ ശബ്ദത്തിൽ ഷെറിൻ പാടുന്നത് ഇന്നും ഓർമ്മയിലുണ്ട്.

'സ്വപ്നലോക'ത്തിന്റെ മ്യൂസിക്ക് റെക്കോർഡിംഗ് മദ്രാസിലായിരുന്നു. അതിനാൽ ഓർക്കസ്ട്ര മികച്ചു നിന്നു. 'എന്റെ മാമാട്ടി കുട്ടിയമ്മയ്ക്ക്', 'നോക്കെത്താ ദൂരത്ത് കണ്ണുംനട്ട്' എന്നീ ചിത്രങ്ങളുടെ റിക്കാർഡിംഗ് കേരളത്തിൽ വച്ചായിരുന്നു. കേരളത്തിലെ സ്റ്റുഡിയോകളിലെ മ്യൂസിഷ്യന്മാർ പരിചയസമ്പന്നരല്ലാഞ്ഞതിനാൽ ഓർക്കസ്ട്രയ്ക്ക് പോരായ്മകൾ ഉണ്ടായിരുന്നു. ഇതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. ചലച്ചിത്ര സംബന്ധമായ റിക്കോർഡിംഗ് തുടങ്ങിയിട്ട് 65 വർഷമായ ചെന്നൈ എവിടെ? ആദ്യമായി ഈ സംരംഭത്തിലേർപ്പെടുന്ന തിരുവനന്തപുരം എവിടെ...? യേശുദാസിന്റെ തിരുവനന്തപുരത്തെ തരംഗിണി സ്റ്റുഡിയോയിൽ ആദ്യമായി റിക്കോർഡ് ചെയ്യാൻ ദേവരാജൻ മാസ്റ്റർ ഉപകരണ വിദ്യാന്മാരെ കൊണ്ടുവന്നത് ചെന്നൈയിൽ നിന്നായിരുന്നു.

മികച്ച ക്യാമറാമാനായ വസന്തകുമാർ ജോൺപീറ്ററിന്റെ ആഗ്രഹമനുസരിച്ച് 'സ്വപ്നലോകം'നന്നായി ഷൂട്ട് ചെയ്തു. ഈ ക്യാമറാമാന് ഭരതന്റെ ഓർമ്മയ്ക്കായ് എന്ന ചിത്രത്തിലെ ഛായാഗ്രഹണത്തിന് നേരത്തെ സംസ്ഥാന അവാർഡ് ലഭിച്ചിരുന്നു. അവാർഡിനർഹമായ ചിത്രത്തേക്കാൾ മികച്ച ഛായാഗ്രഹണമാണ് 'സ്വപ്നലോക'ത്തിൽ നിർവ്വഹിച്ചതെന്ന് അദ്ദേഹം എന്നോട് അഭിപ്രായപ്പെട്ടിരുന്നു. എല്ലാ ക്യാമറാമാന്മാരുടെയും മനസിൽ നല്ലൊരു സംവിധായകൻ ഉറങ്ങുന്നുണ്ടെന്ന് എനിക്കന്ന് മനസിലായി.

സിനിമ ഒരു ദൃശ്യകലയാണ്. ആ നിലയ്ക്ക് ക്യാമറയിലൂടെയാണ് കഥ പറയേണ്ടത്. സംഭാഷണം ആവശ്യത്തിന് മതി. നമ്മുടെ നാട്ടിലെ ആർട്ട്ഫിലിം സംവിധായകരെന്നു മേനിനടിച്ച് നടക്കുന്നവർക്ക് സിനിമ എടുക്കാനറിയില്ല. മാധ്യമങ്ങളുടെ പിന്തുണയില്ലെങ്കിൽ ഇൻഡസ്ട്രിയിൽ നിന്ന് ഇവർ ഔട്ടാകും. ഞാൻ ആറാം വയസുമുതൽ സിനിമ കാണാൻ തുടങ്ങിയ ആളാണ്. എന്റെ അമ്മാവന്മാർ ട്ടാട്ടാ കമ്പനിയിലെ ജോലിക്കാരായിരുന്നു. അവർക്ക് ശമ്പളത്തോടൊപ്പം സിനിമാടിക്കറ്റും ലഭിച്ചിരുന്നു. എറണാകുളത്ത് ഇപ്പോൾ പെന്റാമേനക ബിൽഡിംഗ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഉണ്ടായിരുന്ന മേനകതീയറ്ററിലെത്തുന്ന ഹോളിവുഡ് സിനിമകളുടെ സ്ഥിരം പ്രേക്ഷകരായിരുന്നു അമ്മാവനും ഞാനും. Errol Flynn, Gary Cooper, Douglas Fairbanks, Johny Weismuller തുടങ്ങിയവർ തകർത്തഭിനയിച്ച ഹോളിവുഡ് ക്ലാസിക്കുകളായിരുന്നു അവ. ഇംഗ്ളീഷ് സംഭാഷണം മനസിലാകാത്തവർക്കും സുഗമമായി മനസിലാകുന്ന തരത്തിലായിരുന്നു അവയുടെ ചിത്രീകരണം. നല്ല സിനിമയുടെ ആസ്വാദകൻ എന്ന നിലയ്ക്ക് ആർട്ട്ഫിലിം എന്ന ലേബലിൽ ഇവിടെയിറങ്ങുന്ന സിനിമകൾ എനിക്ക് ഇന്നേവരെ ആസ്വദിക്കാനായിട്ടില്ല. ഇത്തരത്തിൽ സീത 'പ്രകൃതിയാണ്' എന്നൊക്കെ അവകാശപ്പെടുന്ന സംവിധായകന്റെ സിനിമകൾ എന്നെ ബോറടിപ്പിച്ചു.

തെന്നിന്ത്യയിലെ സിനിമാ പാട്ടുകളുടെ റിക്കാർഡിംഗ് പ്രക്രിയ വളരെ ശോചനീയമാണ്. മ്യൂസിക്കിൽ കൃത്രിമത്വം കലർത്തരുതെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഓർക്കസ്ട്ര താളഭംഗമില്ലാതെയും ശ്രുതിസൗന്ദര്യത്തോടെയും ഒരു

www.malankaralibrary.com



**മദ്രാസിലെ സ്റ്റുഡിയോയിലെ മ്യൂസിഷ്യന്മാർക്ക് പാട്ട് നന്നാവണമെന്നും ആത്മാർത്ഥമായി ജോലി ചെയ്യണമെന്നും ഇല്ലായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇത് വെറുമൊരു നിത്യതൊഴിൽ അഭ്യാസം മാത്രം.**



*ന്യൂയോർക്കിലെ ടൈംസ് സ്ക്വെയറിലെ ഒരു സ്റ്റുഡിയോയിൽ ദ് ഗേൾ ഫ്രം ഇന്ത്യ എന്ന ചിത്രത്തിന്റെ റിക്കോർഡിംഗ് വേളയിൽ*

കുടുംബം പോലെ പ്രവർത്തിക്കണമെന്നാണ് എന്റെ ആഗ്രഹം. എന്നാൽ പലപ്പോഴും മ്യൂസിഷ്യന്മാരുടെ അലംഭാവവും ഉഴപ്പും റിക്കാർഡിംഗിനെ മോശമായി ബാധിച്ചിട്ടുണ്ട്. എന്റെ സിനിമാ പാട്ടുകളുടെ റെക്കോർഡിംഗ് വേളയിൽ ഉണ്ടായ ഇത്തരം അനുഭവങ്ങൾ തികച്ചും വേദനാജനകമായിരുന്നു. നല്ലൊരു പാട്ട് ഒരുക്കണമെന്ന് തീവ്രമായി ആഗ്രഹിക്കുമ്പോളും മ്യൂസിഷ്യന്മാരിൽ നിന്ന് വേണ്ടത്ര ആത്മാർത്ഥ സഹകരണം ലഭിച്ചിരുന്നില്ല. ഏതു സാധാരണക്കാരനും മൂളാൻ പറ്റുന്നതാകണം എന്റെ പാട്ട്. എന്റെ കോമ്പോസിഷനുകൾ വോക്കൽ ജിംനാസ്റ്റിക് കൊണ്ട് കേൾവിക്കാരെ ഭ്രമിപ്പിക്കണമെന്ന ചിന്ത എനിക്കില്ല. അത്തരം നല്ല പാട്ടുകൾ ഉണ്ടാകുവാൻ മ്യൂസിഷ്യന്മാരുടെ സഹകരണം അത്യന്താപേക്ഷിതമാണ്.

മദ്രാസിലെ സ്റ്റുഡിയോയിലെ മ്യൂസിഷ്യന്മാർക്ക് പാട്ട് നന്നാവണമെന്നും ആത്മാർത്ഥമായി ജോലി ചെയ്യണമെന്നും ഇല്ലായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇത് വെറുമൊരു നിത്യതൊഴിൽ അഭ്യാസം മാത്രം. ഇവരെ ഹാൻഡിൽ ചെയ്യാനാണ് ഏറ്റവും ബുദ്ധിമുട്ട്. റിക്കോർഡിംഗ് ഡേറ്റ് തീരുമാനിച്ചു കഴിഞ്ഞാൽ ഞാൻ തയ്യാറെടുപ്പുകൾ തുടങ്ങും. തലേ ആഴ്ച മുതൽ തന്നെ പേപ്പറിൽ ഓരോ ഇൻസ്ട്രുമെന്റിനും വേണ്ട നൊട്ടേഷനുകൾ രേഖപ്പെടുത്തി തുടങ്ങും. റിക്കോർഡിംഗ് ദിവസം രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെയാണ് കോൾ ഷീറ്റ്. ഈ സമയപരിധിക്കുള്ളിൽ റിക്കോർഡിംഗ് പൂർത്തിയാക്കി ഒരു ഹിറ്റ് ഉണ്ടാക്കിയിരിക്കണം.

ഞാൻ രാവിലെ എട്ട് മണിയോടെ സ്റ്റുഡിയോയിലെത്തും. അപ്പോളവിടെ തൂത്തുവാരുന്ന ഒരു സ്ത്രീ മാത്രമേ സാധാരണ ഉണ്ടാകൂ. കുറച്ചുനേരം കഴിയുമ്പോൾ ഒരാൾ വന്ന് എക്യുപ്മെന്റ്സ് തൂത്തുതുടച്ച് വയ്ക്കും. തുടർന്ന് സൗണ്ട്എൻജിനീയറും സഹായികളും വരും. ഇവരൊക്കെ എത്തിച്ചേർന്നാലും മ്യൂസിഷ്യൻസ് വരാൻ പിന്നെയും വൈകും. ഒരു മണിക്കുള്ളിൽ പാട്ട് തീർക്കണമല്ലോ എന്നോർത്ത് ഞാൻ ടെൻഷനിലാകും. 9.45 ഒക്കെയാകുമ്പോളേക്കും ആങ്ങിയും തൂങ്ങിയും മ്യൂസിഷ്യന്മാർ വന്നു തുടങ്ങും. അന്ന് ചെയ്യേണ്ട സംഗീതത്തെപ്പറ്റി ഒരക്ഷരം ഉരിയാടാതെ ഉടനവർ ബ്രേക്ക്ഫാസ്റ്റ് കഴിക്കാൻ പോകും. തിരിച്ചെത്തുമ്പോൾ പത്തുമണിയാകും. ഇതോടെ എന്റെ മനസ് മടുക്കും.

റെക്കോർഡ് ചെയ്യാൻ പോകുന്ന പാട്ടിനെക്കുറിച്ച് ഒരു ധാരണയും ഒട്ടുമിക്ക മ്യൂസിഷ്യന്മാർക്കും ഉണ്ടാകില്ല. അല്ല, അവർ അതിന് ശ്രമിക്കാറില്ല എന്നതാണ് സത്യം. ബ്രേക്ക് ഫാസ്റ്റ് കഴിച്ചെത്തിയാൽ പിന്നെ അവർ പരസ്പരം ലോകകാര്യങ്ങൾ സംസാരിച്ചു തുടങ്ങും. വായിക്കാൻ പോകുന്ന പീസുകളുടെ ടെക്നിക്കൽ ഡിഫിക്കൽറ്റീസോ, ക്ളിഷ്ടതയോ മനസിലാക്കി സ്വയം വായിച്ച് നോക്കാനൊന്നും ഇവർ തയാറായിരുന്നില്ല. എന്നാൽ സംഗീതത്തോട് ആത്മാർത്ഥതയുള്ളവരും തൊഴിലിനോട് കൂറു പുലർത്തുന്നവരുമായ ചില മ്യൂസിഷ്യന്മാരും മദ്രാസിലുണ്ടായിരുന്നു. രാജുഅണ്ണ, സഞ്ജീവി എന്നിവരുടെ മുഖങ്ങൾ ഞാൻ ഓർക്കുന്നു.

ഉഴപ്പന്മാരായ മ്യൂസിഷ്യന്മാരോട് ഗുസ്തിപിടിച്ച് പരിശീലനം നടത്തിക്കൊണ്ടിരിക്കുമ്പോൾ പിന്നണി ഗായകരെത്തും. (ഗാനരചയിതാവ് അവർക്ക് പാട്ടെഴുതി നൽകും. യേശുദാസ് അത് വേണ്ട എന്നുപറഞ്ഞ് സ്വന്തമായി പാട്ടെഴുതിയെടുക്കും. എഴുതുമ്പോൾ തന്നെ പാട്ടിലെ വാക്കുകളും ഭാവങ്ങളും പൂർണമായും ഉൾക്കൊള്ളാനാകുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. വരികളിലെ ഹ്രസ്വം, ദീർഘം എന്നിവ തമ്മിലുള്ള വ്യത്യാസം ഇതോടെ മനസിലാക്കാനാകും. വേണ്ടിവന്നാൽ സംഗീതത്തിൽ ചെറിയ മാറ്റങ്ങളും വരുത്താനാകും). ഉടൻ ഉപകരണ വിദഗ്ധരെ വിട്ട് പിന്നണിഗായകരെ പാട്ട് പഠിപ്പിക്കാൻ തുടങ്ങും. ഇതിന് അരമുക്കാൽ മണിക്കൂർ എടുക്കും.

ഇത്തരമൊരു സന്ദർഭത്തിൽ നടന്നൊരു സംഭവം മനസിലെത്തുന്നു. 'മഞ്ഞിൽ വിരിഞ്ഞ പൂക്കളി'ലെ 'മഞ്ചാടിക്കുന്നിൽ...' എന്ന പാട്ട് പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ പാട്ടെഴുതിയ ബിച്ചു തിരുമല ആദ്യവരി വെറുതെ പാടിക്കൊടുത്തു. യേശുദാസിന് അത് ഇഷ്ടപ്പെട്ടില്ല. മ്യൂസിക് ഡയറക്ടർ പാട്ട് പഠിപ്പിച്ചാൽ മതി. ഗാനരചയിതാവ് ഞങ്ങളുടെ ഉച്ചാരണം ശ്രദ്ധിച്ചാൽ പോരേ, എന്തിനാണ് പാട്ട് പാടിത്തരുന്നതെന്ന് അദ്ദേഹം ചോദിച്ചു. അന്ന് വാണിജയറാം ആ പാട്ടിലെ അവരുടെ ഭാഗം മൂന്നു മിനിറ്റിനുള്ളിൽ പഠിച്ചെടുത്തു. യേശുദാസാകട്ടെ പാട്ട് പഠിക്കാൻ 25 മിനിറ്റോളമെടുത്തിരുന്നെന്ന് ഞാനോർക്കുന്നു. നോർത്തിന്ത്യൻ ശൈലിയിലുള്ള എന്റെ ട്യൂണിനോട് നീതി പുലർത്താനുള്ള ശ്രമം കൊണ്ടായിരുന്നിരിക്കണം അത്.

പാട്ട് പഠിപ്പിച്ചുകഴിഞ്ഞാൽ മുഴുവൻ ഓർക്കസ്ട്രയെയും വിളിച്ച് ഒന്നിച്ചിരുത്തി ഇൻട്രോഡക്ടറി മ്യൂസിക് മുതൽ അവസാന താളവട്ടം വരെ റിഹേഴ്സൽ ചെയ്യും. പാട്ടിന്റെ മുഴുവൻ ചിത്രം എല്ലാവർക്കും മനസിലാക്കാനുള്ള ഒരു ട്രയലാണിത്. പിന്നീട് ഏവരും മൈക്കുകളുള്ള അവരവരുടെ മുറികളിലേക്ക് പോകും. സൗണ്ട് എൻജിനീയർ എല്ലാ ഇൻസ്ട്രുമെന്റ്സിന്റെയും ടോൺ സ്പീക്കറിൽ കൂടി കേട്ട് പരിശോധിക്കും. ഉദാഹരണത്തിന് വയലിൻ വായിക്കുമ്പോൾ ഡള്ളായാണ് ശബ്ദം പുറപ്പെടുന്നതെങ്കിൽ ഷാർപ്പാക്കാൻ മിക്സർ വഴി അറ്റന്യുയേറ്റ് ചെയ്യണം. ഇങ്ങനെ എല്ലാ ഇൻസ്ട്രുമെന്റും ചെയ്തു കഴിയുന്നതോടെ റിക്കോർഡിംഗ് തുടങ്ങുകയായി. അപ്പോഴേക്കും മണി പന്ത്രണ്ടാകും.

പാട്ട് പാടാൻ തുടങ്ങുന്നതോടെ പിഴവുകളും തുടങ്ങും. നേരത്തെ

www.malankaralibrary.com


യേശുദാസ്


വാണിജയറാം


ഇളയരാജ


ബിച്ചുതിരുമല

കളിച്ചുചിരിച്ച് അലംഭാവത്തോടെ നടന്ന മ്യൂസിഷ്യന്മാരാകും തെറ്റുകൾ വരുത്തുന്നത്. ആദ്യവരികൾ പാടിത്തുടങ്ങുന്നതോടെ തബലക്കാരന്റെ മടിക്കുത്തിലെ മൂക്കുപൊടിയുടെ ഡെപ്പിയാകും താഴെവീഴുന്നത്, അല്ലെങ്കിൽ ക്ളാർനെറ്റിൽ നിന്ന് വായനക്കാരന്റെ തുപ്പൽ കൂടുതൽ പുറത്തെത്തും. മൃദംഗത്തിന്റെ ഇടംതലയ്ക്ക് കൂടുതൽ ഡെപ്ത്തുകിട്ടാനായ് ഒട്ടിക്കുന്ന പപ്പടം മൃദംഗ വിദ്വാൻ കൊണ്ടുവരാൻ മറന്നെന്നിരിക്കും, ഗിറ്റാറുകാരന്റെ കൈ മൈക്കിൽ മുട്ടിയെന്നിരിക്കും.... ഇങ്ങനെ നൂറുനൂറു പിഴവുകളും പാട്ടിനൊപ്പം തുടങ്ങും. വേണ്ട തയാറെടുപ്പുകളും ജാഗ്രതയും നേരത്തെ സ്വീകരിച്ചിരുന്നെങ്കിൽ തെറ്റുകൾ ഒഴിവാക്കാനാകുമായിരുന്നു.

ഇനി പാട്ടു തുടങ്ങിയാലോ, ആദ്യ പല്ലവിയിൽ തന്നെ ഗായികയുടെയോ, ഗായകന്റെയോ തൊണ്ടയിടറും. അല്ലെങ്കിൽ ശ്രുതി മോശമാകും. ഒരു തരത്തിൽ തെറ്റില്ലാതെ പാടി തീരുന്നതോടെ ഞാൻ ടേക്ക് വൺ ഓവർ എന്ന് പറയും. തുടർന്ന് ടേക്ക് ടൂ ആരംഭിക്കും. ഇതിലും ചെറിയ പിഴവുകൾ വരും. ഏതെങ്കിലും ലൈൻ വീക്ക് ആയാൽ പാട്ട് മുഴുവൻ ഒന്നുകൂടി എടുക്കും. അന്നത്തെ ടെക്നോളജി അത്തരത്തിലുള്ളതായിരുന്നു. വല്യ തെറ്റുകൾ ഒന്നും വന്നില്ലെങ്കിൽ ടേക്ക് ടൂ ഓവർ പറയും. ടേക്ക് ത്രീ എടുക്കാൻ നിർദ്ദേശം കൊടുക്കുമ്പോളേക്കും സമയം രണ്ടുമണിയോടടുക്കും. ഇതോടെ ഞാൻ സമ്മർദ്ദത്തിലാകും. പാട്ട് ഹിറ്റാക്കണമെന്നും പെർഫെക്ടാക്കണമെന്നുമുള്ള ആഗ്രഹം നടക്കുന്നില്ലല്ലോ എന്നോർക്കുമ്പോൾ സങ്കടവുമേറും. പൂർണ്ണമായും പെർഫെക്ട് ആയില്ലെങ്കിലും ഒടുവിൽ ടേക്ക് ഫോർ ഒ. കെ പറയാൻ നിർബന്ധിതനാകും. ഇങ്ങനെ പുറത്തിറങ്ങിയ ചില പാട്ടുകളുമാണ് പിന്നീട് വൻഹിറ്റായി ജനം അംഗീകരിച്ചിട്ടുള്ളത്. ഇന്നും ഈ അവസ്ഥ വിട്ടുമാറിയിട്ടില്ല.

ഓർക്കസ്ട്രയിലെ മ്യൂസീഷ്യന്മാർ കൂറുപുലർത്തിയിരുന്നെങ്കിൽ പല പാട്ടുകളും കൂടുതൽ മെച്ചപ്പെടുത്താമായിരുന്നെന്ന് ഞാൻ ചിന്തിച്ചിട്ടുണ്ട്. സംഗീത സംവിധായകരിൽ ഇളയരാജയ്ക്ക് സ്റ്റുഡിയോയിൽ നല്ല കമാൻഡിംഗ് പവർ ഉണ്ട്. മ്യൂസിഷ്യന്മാരുടെ സകല കളികളും ഇളയരാജയ്ക്ക് അറിയാം. ഗ്രേറ്റ് മ്യൂസിക്കൽ ജീനിയസായി അംഗീകരിക്കുന്നതിനാലും എല്ലാ ദിവസവും ജോലി തരുന്ന ആൾ എന്ന നിലയിലും എല്ലാവരും അദ്ദേഹത്തിന്റെ കീഴിൽ അനുസരണയോടെ നിൽക്കും. എന്നാൽ കൃത്യനിഷ്ഠയെക്കുറിച്ച് മ്യൂസിഷ്യന്മാരോട് ഞാൻ പറഞ്ഞാൽ ഭൂരിഭാഗം പേരും അത് ചെവിക്കൊള്ളില്ല. ഇക്കാരണത്താൽ പലരെയും ഞാൻ സ്റ്റുഡിയോയിൽ നിന്ന് പറഞ്ഞുവിട്ടിട്ടുമുണ്ട്. എന്നാൽ അവർ എന്നോട് പരിഭവപ്പെടാതെ ആദരവ് പുലർത്തിയത് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അമേരിക്കയിൽ നിന്ന് കിട്ടിയ ട്രെയ്നിംഗ് കൊണ്ടാകാം അങ്ങനെ ചെയ്യേണ്ടിവന്നതെന്ന് ഒരുപക്ഷേ അവർ മനസിലാക്കിയിരിക്കണം. എല്ലാ മ്യൂസിഷ്യന്മാരും സമയത്ത് എത്തണമെന്ന് ഞാൻ നിഷ്കർഷിച്ചിരുന്നു. ഒരു ദിവസം ഇന്നത്തെ മ്യൂസിക് ഡയറക്ടർ ആയ വിദ്യാസാഗർ എന്റെയൊരു പാട്ടിന് സൈലോഫോൺ വായിക്കാൻ താമസിച്ചു വന്നു. ഇനിയും താമസിച്ച് വന്നാൽ പ്രശ്നമാകുമെന്ന് ഞാൻ താക്കീത് കൊടുത്തു. അടുത്ത ദിവസം റെക്സ് മാസ്റ്ററിനൊപ്പം 10 മിനിറ്റ് നേരത്തെയെത്തി സീറ്റിലിരുന്നു. ഞാൻ സമയത്ത് എത്തുകില്ലെന്ന് കരുതി അവർ സന്തോഷിച്ചു. പക്ഷെ 9 മണിക്ക് 30 സെക്കന്റ് മുമ്പ് ഞാൻ സ്റ്റുഡിയോയിലെത്തി. പിന്നീട് റെക്സ് എന്നോടു പറഞ്ഞു; 'ഞാൻ താമസിച്ചേ എത്തുകയുള്ളുവെന്ന വിദ്യാസാഗറിന്റെ പ്രതീക്ഷയാണ് അന്ന് ഉടഞ്ഞുപോയതെ'ന്ന്.

മദ്രാസിലേക്ക് റെക്കോർഡിംഗിനെത്തുമ്പോൾ വീട്ടിൽ നിന്ന് മാറി നിൽക്കേണ്ട വിഷമം ഞാനനുഭവിച്ചിരുന്നു. സുഹൃത്തുക്കളുണ്ടായിരുന്നെങ്കിലും നാട്ടിലെ കുരുന്നുകളായ പെൺമക്കളെക്കുറിച്ചുള്ള ഓർമ്മ എന്റെ മനസിൽ സങ്കടം നിറച്ചു. പൊന്നോമനകളുടെ കൊഞ്ചൽ കേൾക്കാനോ, ചിരി കാണാനോ എനിക്കാവുന്നില്ലല്ലോ എന്നതായിരുന്നു എന്നിലെ പിതാവിന്റെ സങ്കടം. ജോളിയായിരുന്നു നാട്ടിൽ അവരുടെ കാര്യങ്ങൾ നോക്കിയിരുന്നത്. ജോലിത്തിരക്ക് കഴിഞ്ഞാൽ ഞാൻ കേരളത്തിലേക്ക് പായും. റിക്കോർഡിംഗിനായി വീണ്ടും കുട്ടികളെ പിരിഞ്ഞ് മടങ്ങുമ്പോൾ മനസ് വിങ്ങും. ഒടുവിൽ കുടുംബത്തെ മദ്രാസിലേക്ക് കൊണ്ടു പോകണമെന്ന് ജോളി എന്നോട് ആവശ്യപ്പെട്ടു. അങ്ങനെ എന്റെ നൊമ്പരങ്ങൾക്ക് ശമനമായി. SFM

smartfamily09@gmail.com

**മഞ്ഞിൽ വിരിഞ്ഞ പൂക്കളിലെ മഞ്ചാടിക്കുന്നിൽ... എന്ന പാട്ട് പഠിപ്പിക്കാൻ ഞാൻ തുടങ്ങിയപ്പോൾ പാട്ടെഴുതിയ ബിച്ചു തിരുമല ആദ്യവരി വെറുതെ പാടിക്കൊടുത്തു. യേശുദാസിന് അത് ഇഷ്ടപ്പെട്ടില്ല. മ്യൂസിക് ഡയറക്ടർ പാട്ട് പഠിപ്പിച്ചാൽ മതി. ഗാനരചയിതാവ് ഞങ്ങളുടെ ഉച്ചാരണം ശ്രദ്ധിച്ചാൽ പോരേ, എന്തിനാണ് പാട്ട് പാടിത്തരുന്നതെന്ന് അദ്ദേഹം ചോദിച്ചു. അന്ന് വാണിജയറാം ആ പാട്ടിലെ അവരുടെ ഭാഗം മൂന്നു മിനിറ്റിനുള്ളിൽ പഠിച്ചെടുത്തു. യേശുദാസാകട്ടെ പാട്ട് പഠിക്കാൻ 25 മിനിറ്റോളമെടുത്തിരുന്നെന്ന് ഞാനോർക്കുന്നു.**


*മൂന്നാമത്തെ മകൾ ഡാലിയായോടൊപ്പം*

www.malankaralibrary.com



മലയാളത്തിലെ ആദ്യത്തെ
ഇൻട്രാക്ടീവ് നോവൽ

# 10 ഫേസ് ബുക്ക്

**നവീൻ ലോപ്പസ്സിന്റെ പോസ്റ്റുകൾ**
ലോകത്ത് ഏറ്റവും മനോഹരമായ സംഗീതം ബ്രായുടെ ഹുക്ക് അഴിക്കുമ്പോൾ കേൾക്കുന്ന സ്വരമാണ്. ഇത് എന്നോട് പറഞ്ഞത് അരവിന്ദ് ആണ്. ഇരുപത്തഞ്ച് വർഷമായി ഇന്ത്യൻ സിനിമയുടെ ഭാഗമായവൻ. അദ്ദേഹത്തെക്കുറിച്ച് എനിക്ക് തോന്നിയത് ഇങ്ങനെയാണ്. മനുഷ്യരെ സൃഷ്ടിക്കുന്ന ബ്രഹ്മാവ് രൂപനിർമാണത്തിനുശേഷം ഒരുവന്റെ നെറുകയിൽ സ്വർണ്ണ എഴുത്താണിയാൽ എഴുതുമത്രെ. എഴുതുന്ന ആണിമുനയുടെ വ്യാസമാണൊരുവന്റെ ബുദ്ധി. അരവിന്ദന്റെ നെറുകയിൽ സ്വർണ്ണക്കട്ടിയാലാണ് ബ്രഹ്മാവെഴുതിയത്. അത്രമാത്രം ഈശ്വരകടാക്ഷവും ചൈതന്യവും അയാൾക്കുണ്ട്.

മുമ്പൊരിക്കൽ ചിദംബരത്ത് ഷൂട്ടിംഗ് ഉണ്ടായപ്പോൾ ഞങ്ങൾ വൈത്തീശ്വരത്ത് ഏടെടുക്കുവാൻ പോയിരുന്നു. ഏടെടുക്കുക എന്ന് പറഞ്ഞാൽ എന്താണെന്ന് അറിയമല്ലോ... ഭൂതകാലത്തിന്റെ , ജന്മജന്മാന്തരങ്ങൾക്കപ്പുറത്തേക്കുള്ള ഒരു പരക്കെ തിരച്ചിൽ. കുലം, പാരമ്പര്യം, ആത്മാവിന്റെ, ജീവന്റെ, ശരീരത്തിന്റെ പിന്നിട്ട അനന്തമായ യാത്രാപഥം. സഞ്ചാരവഴികളിലെ താത്കാലിക ഇടത്താവളങ്ങളിലെ കാത്തിരിപ്പിന്റെ നാൾ വഴികൾ കണ്ടുപിടിക്കുന്ന, അതറിയുന്ന വായനയിലൂടെ തെളിഞ്ഞുവരുന്ന ഒരു മഹാകാലത്തിന്റെ കണക്കെടുപ്പ്. അന്നവിടെകണ്ട ഒരു സ്വാമി അരവിന്ദനെ ചൂണ്ടി ഇങ്ങനെ പറഞ്ഞു: ഇവൻ യാരെന്ന് തെരിയുമാ... നീങ്കയെല്ലാം ഇവന്ക്ക് പിന്നാടിതാൻ നടക്കവേണ്ടും... ഇവ ന്ക്ക് കുടൈ സൂട് വ്ത് യാരെന്ന് പാക്കട്ടും....ഇവന്ക്ക് ഇനിയും എത്തനയോ പേർ പിന്നാടി സുറ്റിവരവേണ്ടും... ഇവൻ അമ്പിയോടെ പക്കത്ത് ഒക്കാരവേണ്ടിയവൻ. ഇവൻ അരസൻ കുലം. അത് താൻ ഇന്നേക്കും ഇവൻ...ചേരചോളപാണ്ഡ്യ കുലത്തോടെ വാരിശ്...അത് എതെന്ന് പാർക്കവേണ്ടാം...അത് എല്ലാം താൻ... ഇന്നും അവൻ അരശൻ താൻ... നിക്കറയിടം അവൻ എല്ലൈ ഇല്ലാമിടം...

ഇരുപത്തഞ്ച് വർഷം സിനിമ അവനെകൊണ്ടുചെന്നെത്തിക്കാത്തയിടമില്ല എന്നത് ഒരു മനുഷ്യന്റെ ഭാഗ്യം. അവനെ പ്രാപിക്കാൻ ആഗ്രഹിക്കാത്ത ഉടലില്ല. ഒരുവന് ഈശ്വരൻ നൽകുന്ന ഭാഗ്യത്തിന്റെ കണക്കെടുക്കുവാൻ ഞാനാളല്ല. അവനെന്റെ സുഹൃത്തെന്നത് എന്റെ സ്വകാര്യമായ അഭിമാനം. സിനിമയെന്ന കലാരൂപത്തിനുവേണ്ടി ജീവിതത്തിന്റെ മുഴുവൻ സമയവും ചെലവഴിക്കുന്ന ഒരാൾ. എല്ലാമനുഷ്യരോടും വളരെ ഹൃദയപൂർവ്വം ഇടപെടുകയും ഒരു നിശ്ചിത അകലം പാലിക്കുകയും ചെയ്യുന്നവൻ. അവന്റെ വാക്കുകൾക്ക്, ആഹ്വാനങ്ങൾക്ക് കാതോർക്കുന്നവർ. മനുഷ്യന്റെ സങ്കടങ്ങളറിഞ്ഞ് സാന്ത്വനിപ്പിക്കുന്നവൻ. ഇന്നത്തെകാലത്ത് ഒരു സാധാരണമനുഷ്യൻ ഒരു പ്രദേശത്തിന്റെ രാജാവിനെപ്പോലെ പ്രജകളുടെ പാലനം നടത്തുന്നത് അവന്റെ ദിനചര്യകളിൽ വ്യക്തം. ഒരേസമയം മനുഷ്യനും ദൈവവുമായുള്ള മായക്കാഴ്ചകളിൽ തിളങ്ങുന്നവൻ.

അരവിന്ദനും ഞാനുമുള്ള സൗഹൃദത്തിന്റെ കഥയല്ലിത്. പക്ഷെ ഏതൊരു മലയാളിയുടെയും സ്വകാര്യമായ ഒരഹങ്കാരത്തിന്റെ ഐക്കൺ . ലോകത്തിന്റെ ഏതുമൂലയിലായാലും അരവിന്ദനെക്കുറിച്ചറിയാത്ത



**MADHUPAL**
kmadhupal@gmail.com
madhupalk@gmail.com
**094471 81881**

www.malankaralibrary.com

അല്ലെങ്കിലെപ്പോഴെങ്കിലുമൊരിക്കൽ ആ നാമമുരുവിടാത്ത മനുഷ്യരുണ്ടാവില്ല എന്നുപറഞ്ഞാൽ അതിത്തിരി കടുപ്പമായേക്കാം. എന്നാൽ സത്യമതാണ്. അർബുദമെന്ന മഹാവ്യാധിയാലുലയുന്ന അനവധി ശരീരങ്ങളുടെ താങ്ങും തണലുമായി ഈ കൊച്ചുകേരളത്തിൽ അവനുണ്ട്. അവർക്കുവേണ്ടി ജീവിക്കുന്ന ആതുരാലയങ്ങൾ അവനുണ്ട്. അവന്റെ നന്മയുടെ പ്രകാശമേൽക്കാത്തവർ വിരളം.

ആ അരവിന്ദനെയാണ് ഇന്നലെ മുതൽ കാണാതായത്. ഞങ്ങൾ കുറച്ചുപേർക്ക് മാത്രം അറിയുന്ന ഒരു രഹസ്യമാണിത്. എങ്കിലും ഈ രഹസ്യം എനിക്കങ്ങനെ മനസ്സിൽ സൂക്ഷിക്കാനാവത്തതുകൊണ്ടാണ് ഞാൻ ഈ കുറിപ്പെഴുതുന്നത്.

പരസ്പരമറിയുന്ന ഞങ്ങളുടെ സ്വകാര്യഭാഷണങ്ങളിൽ അരവിന്ദ തിരോധാനമുണ്ട്. എന്താണ് സംഭവിച്ചതെന്ന് മാത്രം ആർക്കും ഒരു പിടിയുമില്ല.

ഞങ്ങളുടെ അറിവിലുള്ളത്: പൊള്ളാച്ചിക്കടുത്ത് ഏലത്തോട്ടത്തിലേക്കുള്ള യാത്രമദ്ധ്യേ ഒരു വഴിയോരചായക്കടയിൽ നിന്നും കട്ടൻ ചായകുടിച്ച് ഡ്രൈവറെ മാറ്റി നിർത്തി ഇനി സ്വയം ഓടിക്കാമെന്ന് പറഞ്ഞ് സീറ്റിൽ കയറിയിരുന്ന് ആളുകൾ കയറുന്നതിനുമുമ്പെ ആരോടും ഒന്നും പറയാതെ വാഹനം ഓടിച്ച് പോയി. കാത്തിരുന്ന കൂടെയുള്ളവർ ഒരുപാട് സമയം കഴിഞ്ഞിട്ടും കാണാതായപ്പോൾ പോലീസിൽ അറിവ് കൊടുക്കുന്നു. അരവിന്ദ് മിസ്സിംഗ്.

ഇത് ഞാനിവിടെ കുറിച്ചതിനൊരു കാര്യമുണ്ട്. അയാളോട് ഞാനൊരു കഥപറഞ്ഞിരുന്നു. ഒരുപാട് ഉയരങ്ങൾ കീഴടക്കുകയും ആളുകളുടെയിടയിൽ സജീവസാന്നിദ്ധ്യമാവുകയും ചെയ്ത ഒരു മനുഷ്യനെ ഒരു നാൾ കാണാതാവുന്ന ഒരു കഥ. അത് എന്നോട് തിരക്കഥയാക്കുവാനും അതിൽ സ്വന്തം അനുഭവങ്ങൾ കൂടി ചേർക്കാനാവുമെന്ന് പറയുകയും ചെയ്തിരുന്നു. ഈ കഥ ഞാനിനി എഴുതണമോ, സിനിമയാക്കണമോ എന്നറിയാനുള്ള ഒരഭിപ്രായത്തിനാണ് ഈ കുറിപ്പ്. അവൻ തിരിച്ചുവരു മെന്ന് വിശ്വസിക്കുന്ന ഒരുവന്റെ അശാന്തമായ മനസ്സിന്റെ വിങ്ങലാണിത്.

comments

**അരവിന്ദ് കമ്യൂൺ**: പ്രിയപ്പെട്ട സാർ, ആ കഥ എഴുതണം; അത് തിരശ്ശീലയിലെത്തിക്കാനായി അരവിന്ദ് സാർ വരും.

**ശൈലജ**: അരവിന്ദ് എങ്ങും പോയിട്ടില്ല.ഒരൊളിച്ചുകളിയിലേർപ്പെട്ടിരിക്കുകയാണ്. അവൻ വരും.




**നിരുപമ**: അരവിന്ദിന്റെ യാത്രകൾ പലപ്പോഴും സ്വകാര്യമായ ഒരു രതിയാണ്.

**ആലീസ്**: ഇന്നലെയും ഞാനയാളെ പ്രാപിച്ചിട്ടുണ്ട്; സ്വപ്നത്തിൽ. അതുകൊണ്ട് തന്നെ അയാൾക്ക് എങ്ങും പോകുവാനാവില്ല. ഓരോ സുരതവും ഇനിയുള്ള ആനന്ദത്തിനുവേണ്ടിയാണെന്നാണ് അയാൾ പറയാറുള്ളത്.

**സിദ്ധാർത്ഥ്**: നവീൻ ആ മനുഷ്യൻ നമ്മുടെയിടയിൽ തന്നെയുണ്ട്. അറബിക്കഥകളിലെ റഷീദ്മാരെപ്പോലെ വേഷപ്രച്ഛന്നനായി മനുഷ്യന്റെ സങ്കടങ്ങളറിയാനായ് വന്നവൻ.

**സിബിഡേവിഡ്**: അരവിന്ദ് ദൈവമാണ്. അവനില്ലായിരുന്നെങ്കിൽ ഞാനുണ്ടാവുമായിരുന്നില്ല. അവന്റെ പ്രകാശത്തിൽ വളർന്ന ഒരു സസ്യമാകുന്നു, ഞാൻ.

**ടിൻ ടിൻ**: അരവിന്ദ് എന്ന പറയുന്നയാൾ പേരും പ്രശസ്തിയുമുണ്ടാക്കാനായി സ്വയം കെട്ടിചമച്ച ഒരു കഥയല്ല ഇതെന്ന് നിങ്ങൾക്ക് പറയുവാനാവുമോ..? ആതുരശുശ്രൂഷ എന്ന പേരിൽ അയാൾ കോടിക്കണക്കിന്റെ കള്ളക്കളികൾ നടത്തുന്നവനാണെന്ന് പറഞ്ഞു കേട്ടു. അപ്പോൾ എന്തോ രഹസ്യ ഇടപാടിന്റെ ഭാഗമായുള്ള ഒരൊളിച്ചുകളിയാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സമ്പാദിച്ചുകൂട്ടുന്നത് മറ്റുള്ളവർക്കു വേണ്ടി ചിലവഴിക്കുക എന്നുള്ളത് നികുതിവെട്ടിപ്പിന്റെ തന്ത്രമാണ്. ഇയാളെപോലുള്ളവരെ മഹാന്മാരാക്കുന്നത് നിങ്ങളെപ്പോലുള്ള ഇലനക്കുന്നവരാണ്.

**നവീൻ ലോപ്പസ്സ്**: പ്രിയപ്പെട്ടവരെ, ഒരു മനുഷ്യൻ വരുന്നതും പോകുന്നതും ആളുകൾ അറിയുന്നുവെങ്കിൽ അത് ചിലർക്ക് മാത്രം കൈവരുന്ന ഭാഗ്യമാകുന്നു. പ്രശസ്ത സംഗീതഞ്ജൻ ശ്രീ ഏ.ആർ. റഹ്മാൻ ഒരഭിമുഖത്തിൽ

**പറഞ്ഞു**: you are born without anything, but you die with your name. so , that name must not be a word, it must be a history അതുകൊണ്ട് അരവിന്ദ്

www.malankaralibrary.com

എന്ന കലാകാരനെ എനിക്ക് കണ്ടെത്തിയേ പറ്റൂ. അതിന് ഞാൻ ഒരു ശ്രമം നടത്തുന്നു എന്നു മാത്രം. അയാളങ്ങനെ രഹസ്യമായി മുങ്ങുന്നവനോ, അല്ലെങ്കിൽ ജീവിതത്തെ ഒരു തമാശകാണിക്കലായി കരുതുന്നവനോ അല്ലാത്തതുകൊണ്ടാണെന്റെ പേടി. അരവിന്ദ് വെറും ഒരു പേരല്ല; അത് ചലച്ചിത്രത്തിന്റെ ചരിത്രമാണ്. ആ ചരിത്രപുസ്തകത്തിൽ അപൂർണ്ണമായ ഒരടയാളപെടുത്തലാകരുത് എന്നതിന്റെ യാത്രയാണിത്. പ്രിയപെട്ടവരെ കൂടെയുണ്ടാകണമേ......മനസ്സ് സ്നേഹത്തിന്റേതുമാത്രമാകട്ടെ, മറ്റെല്ലാം ഒരു സുനാമിയിലവസാനിക്കട്ടെ...

വീണാസുകുമാരൻ എഴുതിയ ചുവരെഴുത്തുകൾ

ഓർമകളിൽ പ്രധാനം ജനിച്ച ദിവസമാണെന്ന് എന്നോട് പറഞ്ഞത് അമ്മയാണ്. അമ്മക്ക് എല്ലാ പിറന്നാളിനും അച്ഛൻ സമ്മാനം നൽകുമായിരുന്നു. അതിനുവേണ്ടിയുള്ള അമ്മയുടെ കാത്തിരിപ്പിനെക്കുറിച്ച് അമ്മ എനിക്കൊരുപാട് കത്തുകൾ എഴുതിയിട്ടുണ്ട്; പിറന്നാൾ നക്ഷത്രങ്ങൾ വരുന്ന ദിവസങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ചും.

ജനിച്ച നക്ഷത്രം ഞായറാഴ്ചയാണെങ്കിൽ, വിദേശവാസം, തിങ്കളിൽ മൃഷ്ടാന്നഭോജനം, ചൊവ്വയിൽ അസുഖം, ബുധനാണെങ്കിൽ വിദ്യാലാഭം, വ്യാഴത്തിൽ വസ്ത്രവും, വെള്ളിയിൽ സൗഭാഗ്യവും, ശനിയിൽ മാതാപിതാക്കൾക്ക് ദോഷവും സംഭവിക്കുമത്രെ.

എന്റെ പിറന്നാളുകൾ വെള്ളിയാഴ്ചകളിൽ വരണമെന്ന് ഞാൻ പ്രാർത്ഥിക്കാറുണ്ട്. എന്റെ സൗഭാഗ്യം ഭർത്താവിനെ ഒഴിവായിക്കിട്ടണമെന്ന ആഗ്രഹമേയുള്ളു. അയാളൊരിക്കലും എന്റെ സ്വപ്നങ്ങളിൽ ഉള്ളയാളല്ല.

അമ്മക്ക് കിട്ടിയ പിറന്നാൾ സമ്മാനങ്ങൾ ഞാൻ വളർന്ന് വലുതായപ്പോൾ എനിക്ക് തന്നു. വലിയ കാര്യങ്ങളൊന്നുമല്ല, ഒരു പട്ടു സാരി, നൂൽ വണ്ണത്തിലുള്ള ഒരു മണിമാല, ഗുരുവായൂരപ്പന്റെ ഒരു ലോക്കറ്റ്, ചിലതൊക്കെ നഷ്ടപ്പെട്ടുപോയെന്ന് അമ്മ പറഞ്ഞു. അല്ലെങ്കിലും എല്ലാ സമ്മാനങ്ങളും സ്ഥായിയായി നിലനിൽക്കുന്നതല്ലല്ലോ. അങ്ങനെയാവണമെങ്കിൽ താജ്മഹൽ പണിയേണ്ടി വരും. ഞാൻ താജ്മഹൽ കണ്ടിട്ടില്ല. പക്ഷെ മരിക്കുന്നതിനുമുമ്പ് എന്റെ ഭർത്താവിനെ അടക്കം ചെയ്യാൻ ഞാൻ ഒരു താജ്മഹൽ പണിയും.

സുകുവേട്ടൻ മരിച്ചുകിടക്കുന്നത് ഞാൻ ഒരുപാട് തവണ മനസ്സിൽ വിഭാവനം ചെയ്തിട്ടുണ്ട്. പുരാണങ്ങളിൽ ഭർത്താവിനെ കൊല്ലുന്ന കഥാപാത്രങ്ങൾ ഉണ്ടോ സാർ....? ഞാനങ്ങനെ പുസ്തക പുഴുവൊന്നുമല്ലല്ലോ... പത്രങ്ങളിൽ ഒരുപാട് കൊലപാതകങ്ങൾ കാണാറുണ്ട്. അവയിൽ പലതും ഭർത്താവിനെ കൊന്ന ഭാര്യമാരുടെ കഥകളുമാണ്. വിഷം കൊടുത്തും മയക്കുമരുന്ന് കൊടുത്ത് ഉറക്കത്തിൽ കെട്ടിത്തൂക്കിയും മടവാളുകൊണ്ട് വെട്ടിക്കൊന്നും ഓടിക്കുന്ന വണ്ടിയുടെ ബ്രേക്ക് നശിപ്പിച്ചും കൊലപാതകത്തിന്റെ പുതുവഴികൾ തേടുന്ന അസുലഭമായ കഥകളുടെ വാർത്തകൾ.

സാർ, പോളി പി. സക്കറിയ ഒരു കഥയായിത്തീർന്നുവല്ലേ.....? സത്യം അതാണ് സാർ. മനുഷ്യന്മാർ മരിക്കും. ചിലർ മരിക്കുമ്പോൾ ദുഃഖാചരണം ഉണ്ടാകും. ചിലരുടെ ദേഹം ആരോരുമറിയാതെ പെരുവഴിയിൽ നിന്നും ശ്മശാനത്തിലെ ചിതയിലെരിയും. അങ്ങനെയൊരു ജീവൻ ജീവിച്ചുവെന്ന് ആരും ഓർക്കുകപോലുമില്ല. എന്റെ ഇച്ചായനും അവസാനം ചുരുക്കം ചിലരുടെ മനസ്സിൽ മാത്രം ഇന്നും ജീവിക്കുന്നു. ഒരുപാട് പേരെ ചോദ്യം ചെയ്തും കുറെപേരെ അറസ്റ്റ് ചെയ്തും ചിലരെ ശിക്ഷിച്ചും

ഒരു സ്ത്രീ പ്രസവിക്കുന്നു എന്നതിലല്ല ഒരു പുരുഷനെ അറിയുന്നത്. അവളുടെ ശരീരത്തെ ഒരു പൂവ് വിരിയുന്നതുപോലെ തുറക്കുമ്പോഴാണ്.

യഥാർത്ഥമായതെന്തോ അതറിയാതെ ഒരു മരണം മാത്രം സ്ഥിരീകരിച്ചു. കേസു നടത്താം; അതിന്റെ സത്യങ്ങൾ കണ്ടെത്താം. ഇപ്പോൾ ഇച്ചായനും ആഗ്രഹമില്ല.

ഇച്ചായനെ ഇന്ന് ആരും ഓർക്കാറുകൂടിയില്ല. ഇന്ന് എന്റെ ഇച്ചായന്റെ ജന്മദിനമായിരുന്നു. ശരീരമില്ലാതായിട്ട് ഒരുവർഷവും മൂന്നു ദിവസവും. മരണം കൊണ്ട് ഒരു പിറന്നാൾ മറന്നുപോയി. ബർത്ത്ഡേ ആഘോഷത്തിന്റെ ലഹരിയിലെപ്പോഴൊ എന്റെ ഇച്ചായൻ ഇഹലോകവാസം വെടിഞ്ഞു. പക്ഷെ ഇച്ചായൻ ഇവിടം വിട്ടുപോയി എന്നു കരുതാൻ ഞാനാളല്ല.

നമ്മൾ മരിച്ചാൽ ആരുടെ മനസ്സിൽ നാം ജീവിക്കും? മക്കളുണ്ടായിരുന്നേൽ അവർ വളർന്ന് വലുതാകുന്നതുവരെ അവരുടെ പപ്പ ഉണ്ടായിരുന്നേലെന്നു കരുതും. കാരണം നമ്മൾ എന്തെങ്കിലും പ്രശ്നത്തിൽ ചെന്നു പെടുമ്പോൾ ആദ്യം ഓർക്കുന്നത് അച്ഛന്റെ മുഖമാണ്. സഹായം ചോദിക്കുന്നതും അച്ഛനോടാണ്. പിന്നെ ആരും അത്ര പ്രാധാന്യം തരില്ല. സങ്കടത്തോടെ ഓർക്കുന്നത് അമ്മയാണ്. നമ്മളുപയോഗിച്ച ഓരോ വസ്തു കാണുമ്പോഴും അതെടുത്ത് ഓർത്തോർത്ത് കരയും. അമ്മ മരിക്കുന്നതുവരെ അതുണ്ടാവും. അതുകൂടി കഴിഞ്ഞാൽ നമ്മൾ ജീവിച്ചുവെന്നതിന് തെളിവ് ചില്ലിട്ട പടങ്ങൾ മാത്രം . കാലം കുറെ കഴിയുമ്പോൾ അതും ചിതലരിച്ച് അങ്ങനെ മറവികളുടെ ബ്ലാക് ഹോളിൽ വിലയം പ്രാപിക്കും. അതുകൊണ്ടാണ് തമിഴൻ പറയുന്നത് : ഒരു വാരിശില്ലാന പോനാൽ വാഴ്‌വേയില്ലൈ.... മനുഷ്യൻ ജീവിക്കുന്നത് മറ്റുള്ളവരുടെ മനസ്സിലാണ്. പിന്നെ ചിലരുണ്ടാവും; അത് ഇഷ്ടം തോന്നി കൂടെ ശയിച്ചവർ. നമ്മളുടെ പ്രവർത്തനം അവരെ ആനന്ദ സാഗരത്തിലാറാടിച്ചുവെങ്കിൽ അവരൊരിക്കലും നമ്മളെ മറക്കില്ല. അവരുടെ മരണം വരെ.

എല്ലാ രാത്രികളിലും ഇപ്പോൾ ഇച്ചായൻ എന്റെയരികിൽ ഉറങ്ങാറുണ്ട്. അതൊരു സുഖമാണ്. അരൂപിയായ ജീവൻ എന്റെ ഓരോ അണുവിലും പടർന്നു കയറുന്നതിന്റെ സുഖം. ഇച്ചായൻ വരാറാവുന്ന നേരം എനിക്കറിയാം. അതാവുമ്പോഴേക്കും ഞാൻ ബാത്ത് റൂമിൽ കയറും. ഓരോ വസ്ത്രവും അഴിച്ചുകളഞ്ഞ് ഷവറിന്റെ കീഴിൽ വെള്ളത്തിന്റെ സൂചിമുനയേറ്റ് പാതിതോർത്തി ഒരു അയഞ്ഞ പാന്റ്സും വലിയ ഒരു ടീഷർട്ടുമിട്ട് കട്ടിലിൽ വന്നിരിക്കും. ഒരു കാറ്റു വീശുന്ന നേരം കൊണ്ട് ഇച്ചായന്റെ സാമീപ്യം ഞാനറിയും. എന്റെ നനവുള്ള വിരലുകളിലാണാദ്യം തൊടുന്നത്. ജീവിതത്തിലാദ്യമായി ഒരു പുരുഷന്റെ സ്പർശനമേറ്റ അനുഭവമാണത്. സുകുവേട്ടന്റെ രണ്ടു കുഞ്ഞുങ്ങളെ പ്രസവിച്ചു എന്നത് ഞാൻ മറന്നുപോവും. എന്റെ ജീവിതത്തിലെ ആദ്യപുരുഷൻ ഇച്ചായനാണ്.

ഒരു സ്ത്രീ പ്രസവിക്കുന്നു എന്നതിലല്ല ഒരു പുരുഷനെ അറിയുന്നത്. അവളുടെ ശരീരത്തെ ഒരു പൂവ് വിരിയുന്നതുപോലെ തുറക്കുമ്പോഴാണ്. മൂളിപ്പറന്ന വണ്ട് വിടർന്ന താമരയിലെ തേൻ നുകർന്ന് മയങ്ങിയിരിക്കുന്നതുപോലെ അവൻ അവളുടെയരികെ അവന്റെ കൈകളിൽ താങ്ങി നെഞ്ചിൽ ചേർത്ത് ആകാശത്ത് മേഘങ്ങളിൽ ശയിക്കും. അന്നേരം താമരയിതളുകൾ വണ്ടിനെ മൂടും.

ഇച്ചായൻ എന്നെ വിരലിലൂടെ ആകാശത്തേക്കുയർത്തും. എന്റെ നനഞ്ഞ രോമങ്ങളിൽ തീ പടർത്തും. ഓരോ സ്പർശത്തിലൂടെയും ഞാൻ കത്തുന്ന ഒരു തീപന്തമാവും. എന്റെ ടീഷർട്ടിന്റെയുള്ളിലേക്ക് ഞാൻ പോലുമറിയാത്ത ഒരു നിമിഷത്തിൽ നൂണ്ടുകയറും . എന്റെ പൊക്കിളിൽ

www.malankaralibrary.com



ഇച്ചായന്റെ ഷേവ് ചെയ്തിട്ട് മൂന്നു നാളായ കവിളുരസും; ചുണ്ടും നാവും ചേർത്തുമ്മ വക്കും. എന്റെ ശരീരത്തിൽ മണൽ വാരിയിട്ടതു പോലെ, എന്റെ ഓരോ രോമകൂപവും ആകാശത്തെ പുണരാൻ വെമ്പും.

സെക്സ് ഒരു പാപമല്ല സാർ. ഏതൊരു മനുഷ്യനും കൃത്യമായ ചര്യകളിലൂടെ ആചരിച്ചാൽ പവിത്രമായ ഒരു മലകയറ്റമാകുന്നു. എല്ലാ പാപവും കഴുകികളയുന്ന ഒരു പുണ്യസ്നാനം.

പ്രിയപ്പെട്ട സാർ ഞാൻ മരണത്തെ തൊട്ടിട്ടുണ്ട്. അതും ഒരർത്ഥത്തിൽ രതിയാണ്. ആ രതിയിലേർപ്പെട്ടപ്പോൾ ഞാൻ വല്ലാതെ കൊതിച്ചുപോയി; ഇതവസാനിക്കാതിരുന്നെങ്കിലെന്ന്.....

എന്റെ രക്തധമനികൾ വീർത്തു പൊട്ടാറായ ഒരു ബലൂൺ പോലെയായത് കണ്ടറിഞ്ഞ ഒരു ഡോക്ടർ പറഞ്ഞു: വീണാ എന്തു വന്നാലും ഫെയ്സ് ചെയ്യണം. ഒരുപാടവയവങ്ങളിലൂടെ യാത്ര ചെയ്ത് വേണം ജീവിതം തീരാൻ..... അന്നേരം ഞാൻ ചോദിച്ചു, ഡോക്റ്റർ ഞാൻ മരിക്കാൻ പോവുകയാണോ...? അയാൾ ഒന്ന് ചിരിച്ചു. അതൊരു ചിരി തന്നെയായിരുന്നു. അതു പോലൊരു ചിരി ഞാൻ പിന്നീടൊരിക്കലും എവിടെയും കണ്ടിട്ടില്ല.

ഞാൻ മരിക്കാൻ കിടന്നു. എന്റെ ഭർത്താവ് എനിക്ക് ചിക്കൻ ബിരിയാണി വാങ്ങിത്തന്നു. ഇനിയൊരിക്കലും വേണ്ടി വരില്ലല്ലോ എന്ന ആശ്വാസത്തോടെ. ഭാര്യമാരെ സ്നേഹിക്കുന്നവർക്ക് അവരുടെ മരണം നിന്നനിൽപ്പിൽ ഇല്ലാതാക്കാമെന്ന് എന്റെ അച്ഛൻ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ സുകുവേട്ടന് ഞാൻ എന്തായിരുന്നു എന്നെനിക്കറിയില്ല. ഒന്നറിയാം; ഞാൻ അയാളുടെ രണ്ടു കുഞ്ഞുങ്ങളുടെ അമ്മയാണ്. എങ്കിലും ആ പരിഗണനയൊന്നും കിട്ടിയിട്ടില്ലെങ്കിലും അയാൾ എനിക്ക് ആദ്യമായും അവസാനമായും ചിക്കൻ ബിരിയാണി വാങ്ങിത്തന്നു. അതും കഴിച്ച് ഞാൻ മരണത്തെ പുൽകാനായി മലർന്നു കിടന്നു.

മരണം എന്റെ കാൽ വിരലിൽ ഉമ്മ വച്ച് ഉമ്മ വച്ച് പതുക്കെ പതുക്കെ മുകളിലേക്ക് കയറുന്നത് ഞാൻ സ്വപ്നം കണ്ടു. എന്റെ ശരീരത്തിലെ ഓരോ അവയവത്തിലൂടെയും ഉമ്മ വച്ച് എന്റെ കാതിനരികിലേക്ക് നീങ്ങുമ്പോൾ, എന്റെ പേര് ആരോ വിളിക്കുന്നത് കേട്ട് ഞാൻ കണ്ണു തുറന്നു. അത് ഡോക്റ്ററായിരുന്നു. അയാൾ പറഞ്ഞു: വീണാ ഡോണ്ട് വറി യൂ ആർ പെർഫക്റ്റ്ലി ഓൾ റൈറ്റ്.....

വീണ്ടുമെന്നെങ്കിലും മരണവുമായി ഒരു സുരതത്തിന് കളമൊരുക്കിയിട്ട് എന്റെ സ്വപ്നം അയാൾ മുറിച്ചുകളഞ്ഞു. ആർക്കും വേണ്ട എന്ന തോന്നൽ ഈയിടെയായി വല്ലാതെ ഉണ്ടായപ്പോൾ ഒരു മരണം കൊണ്ട് എല്ലാം അവസാനിപ്പിക്കാമെന്ന് തീരുമാനിച്ചു.

ആത്മഹത്യ ചെയ്യാൻ ഒരു പെണ്ണിന് ഏറ്റവുമെളുപ്പം അടുക്കളയിൽ ഗ്യാസ് തുറന്നിട്ട് തീകൊടുക്കുന്നതാണ്. പക്ഷെ ഒരു ഗ്യാസ് പൊട്ടിത്തെറിക്കുമ്പോൾ ചിലപ്പോൾ അയൽപക്കത്തെയും ബാധിച്ചാലോ എന്ന് ഭയപ്പെട്ട് അതു മാറ്റി വച്ചു. പിന്നെയുള്ളത് ഫാനിന്റെ കൊളുത്തിൽ കയർ കെട്ടിയിട്ട് തൂങ്ങിയാടുന്നതാണ്. പക്ഷെ അതൊരു വൃത്തികെട്ട മരണമാണ്. വിഷം കുടിക്കുവാൻ എനിക്ക് പേടിയാണ്. എത്രതന്നെ മദ്യപിച്ചാലും വിഷം ചേർത്തടിക്കുവാൻ എനിക്കാവില്ല. സ്വാഭാവികമായ ഒരു മരണത്തിലൂടെ ഞാൻ അവസാനിക്കും എന്നു കരുതിയത് ഒരു നിമിഷം കൊണ്ടുണ്ടാതായതാണ്. എല്ലാം തീരുമാനിക്കാനും ആഗ്രഹിക്കാനുമേ എനിക്ക് പറ്റുന്നുള്ളു. ഒന്നും നടപ്പിലാക്കാൻ കഴിയുന്നില്ല.അതിനുള്ള ധൈര്യവും എനിക്കില്ല. ആ മരണം സംഭവിച്ചില്ലായിരുന്നുവെങ്കിൽ ഞാനിപ്പോൾ എന്റെ ഇച്ചായന്റെയൊപ്പം, എന്റെ അരുണിന്റെയൊപ്പം മേഘങ്ങൾക്കിടയിലൂടെ ഒളിച്ചേ കണ്ടേ കളിച്ചേനെ.... ദൈവം ഒരു ദുഷ്ടനാ, നമ്മുടെ എല്ലാ ആഗ്രഹങ്ങളും നടത്തിതരാത്ത നമ്മളെ വല്ലാതെ കൊതിപ്പിക്കുന്ന ഒരു ദുഷ്ടൻ.

നവീൻ ലോപ്പസിന് വന്ന ഒരു ഇ-മെയിൽ(അയച്ചവരുടെ മേൽവിലാസം ഇല്ലാതെ)

പരിശുദ്ധനായ ഒരു മനുഷ്യൻ ഒരിക്കൽ പറഞ്ഞു; പ്രിയപ്പെട്ടവരെ, പരദൂഷണം കാറ്റത്തിട്ട തൂവൽ പോലെയാണ്. ഒരു നാൾ നമ്മൾ കുറെ തൂവൽ വഴിയരികിൽ വിതറിയാൽ നല്ല കാറ്റുള്ള സമയമാണെങ്കിൽ അവ മുഴുവനും പെറുക്കിമാറ്റാനാവില്ല. ഏതെങ്കിലുമൊക്കെ ചിലയിടങ്ങളിൽ നമുക്ക് എടുത്ത് മാറ്റാനാവാത്ത രീതിയിൽ അവ പറ്റിപിടിച്ചുകിടക്കും. അതുകൊണ്ട് അത്രയോ പ്രിയപ്പെട്ടവരെ നിങ്ങൾ ഊഹങ്ങളെ വർജ്ജിക്കുക. ചില ഊഹങ്ങൾ കുറ്റകരമാണ്. നിങ്ങൾ പരസ്പരം രഹസ്യങ്ങൾ പറയുന്നത്. പരദൂഷണം പറയുന്നത്. മരിച്ച നിങ്ങളുടെ സഹോദരന്റെ ശവം തിന്നാൻ നിങ്ങൾ ഇഷ്ടപ്പെടുമോ...? ഇല്ല. ആയതിനാൽ നിങ്ങൾ നിങ്ങളെ കരുതുന്ന ദൈവത്തിനെ സൂക്ഷിക്കുക. നിശ്ചയം അവൻ നിങ്ങളുടെ പാപങ്ങൾ പൊറുക്കും. നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കും. അവൻ അങ്ങേയറ്റം കാരുണ്യവാനാണ്.

**********

നിരന്തരമായി നിങ്ങളിങ്ങനെ കുറെ കഥകൾ, അതും സ്വസ്ഥമായി ജീവിക്കുന്ന മനുഷ്യരെക്കുറിച്ച് എഴുതുന്നതാണ് ഞങ്ങൾ അറിയുന്നത്. ദൈവം നല്ലവനാണ്, കാരുണ്യവാനാണ് എന്നൊക്കെ പറയും. മരിച്ചവരെക്കുറിച്ചൊ, ജീവിക്കുന്നവരെക്കുറിച്ചൊ ഇനി എഴുതുകയോ, പറയുകയോ ചെയ്താൽ അത് ഞങ്ങളറിയുന്ന പക്ഷം നിങ്ങളുടെ ശരീരത്തിൽ ജീവനുണ്ടാവുകയില്ല എന്ന് ഓർമിപ്പിക്കുവാനാണ് ഈ കത്ത്. ഈ ഭീഷണിയെ നിങ്ങൾ ഒഴിവാക്കിയാൽ ഉണ്ടാവുന്ന ഭവിഷ്യത്തിനെക്കുറിച്ചോർത്ത് ഞങ്ങൾ എന്തു പറയാൻ.... ഹാ കഷ്ടം......... ഞങ്ങൾ ദൈവത്തെ സ്നേഹിക്കുന്നതുപോലെ തന്നെ ഞങ്ങളെയും സ്നേഹിക്കുന്നു. ഞങ്ങളെ മാത്രം.

ഈ കത്ത് ഉന്നതാധികാരികളെ കാണിക്കുകയോ അറിയിക്കുകയോ ചെയ്താൽ പുതിയ ഒരു പ്രഭാതം കാണാൻ നിങ്ങളുടെ പ്രിയപ്പെട്ടവനാവുകയില്ലഎന്നോർമ്മിപ്പിച്ചു കൊണ്ട് തത്കാലം വിട.... SFM

smartfamily09@gmail.com

www.malankaralibrary.com


Photo - Jijo Mannar

# ബ്രെയ്സ്ഡ് ഫിഷ്



**Rino John**
Executive Chef

Zurich International
Manjoor P.O
Kuruppanthara
Kottayam
Ph no. 04829-244324,244600
www.hotelzurichindia.com

**ചേരുവകൾ:**

നെയ്മീൻ - 150 ഗ്രാം
കോൺഫ്ളവർ - 2 സ്പൂൺ
സവാള - 2 എണ്ണം
സെലറി - 1 എണ്ണം
വെളുത്തുള്ളി
ചതച്ചത് - 1 സ്പൂൺ
ഇഞ്ചി ചതച്ചത് - 1 സ്പൂൺ
പച്ചമുളക് - 3 എണ്ണം
ഉപ്പ്
വെള്ള കുരുമുളക് പൊടി
ചുവന്ന മുളക് പേസ്റ്റ്
തക്കാളി സോസ്
സ്പിങ്ങ് ഒണിയൻ
അജിനാമോട്ടോ
മുട്ട
സോയ സോസ്

**തയ്യാറാക്കുന്ന വിധം**

നെയ്മീൻ ഒരേ വലുപ്പത്തിൽ 5 കഷ്ണങ്ങളാക്കി മുറിക്കുക. അതിനുശേഷം ഉപ്പ്, വെള്ള കുരുമുളക് പൊടി, ചുവന്ന മുളക് പേസ്റ്റ്, അജിനാമോട്ടോ, മുട്ടയുടെ പകുതി, കോൺഫ്ളവർ എന്നിവ പാകത്തിനു വെള്ളം ചേർത്തു കുഴച്ച് നെയ്മീൻ കഷ്ണങ്ങൾ ഇതിലേക്കിട്ട് നന്നായി യോജിപ്പിച്ച് വയ്ക്കുക. അഞ്ച് മിനിറ്റിനു ശേഷം റീഫൈൻഡ് ഓയിലിൽ മീൻ നന്നായി വറുത്തെടുക്കുക.

സവാള, ഇഞ്ചി, വെളുത്തുള്ളി, പച്ചമുളക്, സെലറി എന്നിവ നന്നായി അരിഞ്ഞ് വെക്കുക. 2 സ്പൂൺ ഓയിലിൽ അരിഞ്ഞു വെച്ച ചേരുവകൾ ഇട്ട് മൂപ്പിക്കുക. അതിലേക്ക് ചുവന്നമുളക്പേസ്റ്റും തക്കാളിസോസും ഉപ്പും കുരുമുളക് പൊടിയും സോയാസോസും പാകത്തിന് ചേർത്തിളക്കി വറുത്തു വെച്ച മീൻ കഷ്ണങ്ങൾ അതിലേക്കിട്ട് ബ്രെയ്സ് ചെയ്തെടുക്കുക.

www.malankaralibrary.com



# തന്തൂരി ചിക്കൻ

**ചേരുവകൾ:** തന്തൂരി മസാല

കോഴി - 1
തൈര് - 1 കപ്പ്
ഇഞ്ചി വെളുത്തുള്ളി
അരച്ചത് - 10 ഗ്രാം
ഉലുവ ഇല പൊടിച്ചത് - 10 ഗ്രാം
ബാൾക്ക് സാൾട്ട് - ആവശ്യത്തിന്
ഉപ്പ് - ആവശ്യത്തിന്
കടുകെണ്ണ - 10 ഗ്രാം
ചാട്ട് മസാല - 10 ഗ്രാം
ഗരം മസാല - 10 ഗ്രാം
ജീരകം പൊടിച്ചത് - 10 ഗ്രാം
പെരുംജീരകം പൊടിച്ചത് - 10 ഗ്രാം
ഏലക്കപ്പൊടി - 10 ഗ്രാം

**തയ്യാറാക്കുന്ന വിധം**

കോഴി വൃത്തിയാക്കി അതിൽ ഉപ്പ്, വെളുത്തുള്ളി, ഇഞ്ചി, നാരങ്ങാ നീര് എന്നിവ പുരട്ടി പത്തു മിനിറ്റ് മാറ്റി വെക്കുക. അതിനു ശേഷം തന്തൂരി മസാല കോഴിയുടെ എല്ലാ വശങ്ങളിലും പുരട്ടുക.

ഈ മിശ്രിതം കോഴിയുടെ വശങ്ങളിൽ നന്നായി പുരട്ടിയതിനു ശേഷം കോഴിയെ കമ്പിയിൽ കോർത്ത് ഓവനിൽ വെയ്ക്കുക. കോഴി നന്നായി വെന്ത ശേഷം പുതിയിന ചട്നിയുടെ കൂടെ വിളമ്പാനെടുക്കാം.

**പുതിയിന ചട്നി**

പുതിയിന ഇല
മല്ലിയില
തൈര്
നാരങ്ങാനീര്
കടലപ്പരിപ്പ്
ഇഞ്ചി
പച്ചമുളക്
വെളുത്തുള്ളി
ഉപ്പ്

ഈ ചേരുവകൾ അരച്ചുചേർത്ത മിശ്രിതമാണ് പുതിയിന ചട്നി.



# കരിമീൻ ഫ്രൈ

**ചേരുവകൾ:**

കരിമീൻ - 1 എണ്ണം
മുളകുപൊടി - 25 ഗ്രാം
മഞ്ഞൾപൊടി - ഒരു നുള്ള്
ഇഞ്ചി വെളുത്തുള്ളി
അരച്ചത് - ഒരു സ്പൂൺ
കുരുമുളക് പൊടി - 10 ഗ്രാം
നാരങ്ങാനീര് - പകുതിനാരങ്ങ
ഉപ്പ് - ആവശ്യത്തിന്
വെളിച്ചെണ്ണ - ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം**

കരിമീൻ വൃത്തിയാക്കിയതിനു ശേഷം അതിൽ നാരങ്ങാനീരും ഉപ്പും ചേർത്ത് പത്തു മിനിറ്റ് മാരിനേറ്റ് ചെയ്യുക. മുകളിൽ കൊടുത്തിട്ടുള്ള ബാക്കി ചേരുവകൾ ചേർത്ത മിശ്രിതം കരിമീനിൽ പുരട്ടുക. വെളിച്ചെണ്ണ ചൂടായതിനു ശേഷം കരിമീൻ പൊരിച്ചെടുക്കാം.

www.malankaralibrary.com





# സമുദ്രി ടകാ ടക്ക്

**ചേരുവകൾ:**
1 ചെമ്മീൻ - 30 ഗ്രാം
2 കഷ്ണം മീൻ - 60 ഗ്രാം
1 കഷ്ണം കൂന്തൾ- 20 ഗ്രാം
ഇഞ്ചി
പച്ചമുളക്
വെളുത്തുള്ളി
ഉപ്പ്

**തയ്യാറാക്കുന്ന വിധം**

ഒരു കഷ്ണം ചെമ്മീൻ, രണ്ടു കഷ്ണം മീൻ, ഒരു കഷ്ണം കൂന്തൾ എന്നിവ നന്നായി വൃത്തിയാക്കി അതിൽ ഇഞ്ചി, പച്ചമുളക്, വെളുത്തുള്ളി, ഉപ്പ് എന്നിവ പുരട്ടി പത്തുമിനിറ്റ് മാറ്റി വെക്കുക. അതിനു ശേഷം ഇതിലേക്കുള്ള മസാല ഉണ്ടാക്കണം.

**മസാല കൂട്ട്**
കടലമാവ് - 10 ഗ്രാം
തൈര് - 10 ഗ്രാം
ഏലക്കപ്പൊടി - 10 ഗ്രാം
ചാട്ട് മസാല - 10 ഗ്രാം
കടുക് - 10 ഗ്രാം
എള്ള് - 10 ഗ്രാം
ഇഞ്ചി വെളുത്തുള്ളി
അരച്ചത് - 10 ഗ്രാം
നെയ്യ് - 10 ഗ്രാം
കശുവണ്ടി പേസ്റ്റ് - 10 ഗ്രാം
ഉപ്പ് (ആവശ്യത്തിന്)

ഇവ നന്നായി യോജിപ്പിച്ച് കഷ്ണങ്ങളിൽ പുരട്ടിയ ശേഷം തന്തൂരി അടുപ്പിൽ വെച്ച് വേവിച്ച് ഉപയോഗിക്കാവുന്നതാണ്. സമുദ്രി ടകാ ടക്ക് റെഡി.



# വെസ്റ്റ് ലേക്ക് ചിക്കൻ സൂപ്പ്

**ചേരുവകൾ:**
ചിക്കൻ - 50 ഗ്രാം
ചിക്കൻ സ്റ്റോക്ക് - 1 കപ്പ്
മല്ലിയില - 1 സ്പൂൺ
സോയാസോസ് - 1 സ്പൂൺ
ചില്ലിസോസ് - 1 സ്പൂൺ
മുട്ട - 1 എണ്ണം
കോൺഫ്ളവർ (പാകത്തിന്)

**തയ്യാറാക്കുന്ന വിധം**

ഇറച്ചി ചെറിയ കഷ്ണങ്ങളാക്കി മുറിക്കുക. മുട്ട ബീറ്റ് ചെയ്ത് മാറ്റി വെക്കണം. പാനിൽ ഒരു കപ്പ് ചിക്കൻ സ്റ്റോക് ഒഴിച്ച് അരിഞ്ഞുവെച്ച ഇറച്ചിയിട്ട് നന്നായി തിളപ്പിക്കുക. അതിലേക്ക് ചില്ലിസോസ്, സോയാസോസ്, മല്ലിയില, ഉപ്പ് എന്നിവ പാകത്തിനു ചേർത്ത് കോൺഫ്ളവർ ഉപയോഗിച്ച് കട്ടി വരുത്തിയതിനു ശേഷം ബീറ്റ് ചെയ്തുവെച്ച മുട്ട ഇതിൽ ചേർത്തിളക്കുക.

പഴുത്ത പച്ചമുളക് ചെറുതായി അരിഞ്ഞ് മുകളിൽ വിതറി സേർവ് ചെയ്യാം.

www.malankaralibrary.com



# ചൈനീസ് ഡീപ്പ് ഫ്രൈഡ് ചിക്കൻ

**ചേരുവകൾ:**

ചിക്കൻ - 250 ഗ്രാം
സോയാസോസ് - 3 സ്പൂൺ
വെള്ള കുരുമുളക്
പൊടി - 3 സ്പൂൺ
സെലറി - 1 എണ്ണം
വെളിച്ചെണ്ണ - 1/2 സഴ

**തയ്യാറാക്കുന്ന വിധം**

ചിക്കൻ ആറ് കഷ്ണങ്ങളാക്കി മുറിച്ച് സോയാസോസ്, ഉപ്പ്, വെള്ള കുരുമുളക് പൊടി, സെലറി എന്നിവ വെള്ളത്തിൽ വേവിച്ചെടുക്കുക. അതിനുശേഷം വേവിച്ച ചിക്കനിൽ സോയസോസും കുരുമുളക് പൊടിയും ചേർത്ത് യോജിപ്പിക്കുക. വെളിച്ചെണ്ണ ചൂടാക്കി നല്ല ഡീപ്പ് ഫ്രൈ ചെയ്തെടുത്ത് ഉപയോഗിക്കാം.




www.malankaralibrary.com




# സുന്ദരമായ നഖങ്ങൾക്ക്...

ധാരാളം വെള്ളം കുടിക്കുക എന്നതാണ് നഖസംരക്ഷണത്തിന്റെ ആദ്യപടി. വിറ്റാമിൻ, പ്രോട്ടീൻ തുടങ്ങിയ ധാതുക്കളുടെ അഭാവം മൂലം നഖങ്ങൾ കറുപ്പു നിറമാകുന്നതിനും, വളഞ്ഞു പോകുന്നതിനും സാധ്യതയുണ്ട്. ഹൈഡ്രോക്ലോറിക് ആസിഡിന്റെ കുറവുമൂലവും നഖങ്ങൾ പൊട്ടിപ്പോയെന്ന് വരാം. നഖത്തിനു ചുറ്റും ചുവപ്പു നിറം കാണുന്നത് കൊഴുപ്പിന്റെ അമിത ഉപയോഗം കൊണ്ടാണ്. ആരോഗ്യമുള്ള ഡയറ്റിനെ ആശ്രയിച്ചാണ് നഖത്തിന്റെ സൗന്ദര്യവും.

മടി പിടിച്ചിരിക്കുന്ന ഒരൊഴിവു ദിവസത്തെ നിങ്ങൾക്കുപയോഗപ്പെടുത്താം. എല്ലാവർക്കും സ്വന്തമായി ചെയ്യാവുന്ന ചെറിയൊരു ശുചിത്വമാണ് നഖസംരക്ഷണം. ശുചിത്വമുള്ള നഖങ്ങൾ നല്ല ആരോഗ്യത്തെ പ്രതിനിധാനം ചെയ്യുന്നു. വൃത്തിയുള്ള നഖങ്ങളും കൈകാലുകളും ഒരു വ്യക്തിയുടെ അടിസ്ഥാന സ്വഭാവത്തെ ചൂണ്ടിക്കാട്ടുന്നതാണ്. മുതിർന്നവർക്കു മാത്രമല്ല, കുട്ടികളുടെ നഖസംരക്ഷണവും ശ്രദ്ധിക്കേണ്ടതാണ്. ദിവസവും പലതരം കളികളിലേർപ്പെടുന്നവരാണ് കുട്ടികൾ. നാലു വയസ്സുള്ള മകനെ ദിവസവും കുളിപ്പിക്കുകയും ഭക്ഷണം കൊടുക്കുകയും ചെയ്യുന്നതോടൊപ്പം അവന്റെ കൈകാലുകളുടെ ശുചിത്വവും നഖങ്ങളും വൃത്തിയാക്കി സൂക്ഷിക്കേണ്ടതും അത്യാവശ്യമാണ്.

## നഖസംരക്ഷണത്തിന് പ്രകൃതിവഴികൾ

ധാരാളം വെള്ളം കുടിക്കുക എന്നതാണ് നഖസംരക്ഷണത്തിന്റെ ആദ്യപടി. വിറ്റാമിൻ, പ്രോട്ടീൻ തുടങ്ങിയ ധാതുക്കളുടെ അഭാവം മൂലം നഖങ്ങൾ കറുപ്പു നിറമാകുന്നതിനും, വളഞ്ഞു പോകുന്നതിനും സാധ്യതയുണ്ട്. അതിനാൽ ഭക്ഷണത്തിൽ അത്തരം പോഷകങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. ഹൈഡ്രോക്ലോറിക് ആസിഡിന്റെ കുറവുമൂലവും നഖങ്ങൾ പൊട്ടിപ്പോയെന്ന് വരാം. നഖത്തിനു ചുറ്റും ചുവപ്പു നിറം കാണുന്നത് കൊഴുപ്പിന്റെ അമിത ഉപയോഗം കൊണ്ടാണ്. എണ്ണയുള്ള ആഹാരവസ്തുക്കൾ കഴിവതും ഒഴിവാക്കുന്നതാണ് ഉത്തമം. ആരോഗ്യമുള്ള ഡയറ്റിനെ ആശ്രയിച്ചാണ് നഖത്തിന്റെ സൗന്ദര്യവും നിലനിൽക്കുന്നത്.

## പോളിഷുകൾ ഉപയോഗിക്കുമ്പോൾ

നഖത്തിൽ പോളിഷ് ഇടുന്നതിനു മുമ്പ് തന്നെ ഒരു ടോപ്കോട്ട് ഇടുന്നത് നഖത്തിന്റെ തിളക്കം വർദ്ധിപ്പിക്കും. ഉപയോഗം കഴിഞ്ഞാൽ പോളിഷ് ഫ്രിഡ്ജിൽ വെക്കുന്നത് അതിന്റെ സ്മൂത്തനിംഗ് നിലനിർത്താൻ സഹായിക്കും. പെട്ടെന്ന് ഉണങ്ങുന്നതരം നെയിൽ പോളിഷുകൾ ഉപ

www.malankaralibrary.com

യോഗിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പോളിഷ് ഇട്ടതിനുശേഷം അതുണങ്ങുന്നതുവരെ ഒന്നും ചെയ്യാതിരിക്കാൻ നോക്കണം.

### നഖം പൊട്ടിപ്പോകുന്നത് തടയാൻ

നഖം വൃത്തിയായും ഉണക്കിയും വേണം സൂക്ഷിക്കാൻ. എന്തെങ്കിലും വസ്തുക്കൾ കുത്തിത്തുറക്കാനോ, ചുരണ്ടാനോ നഖമുപയോഗിക്കുന്നത് നിർത്തണം. ഭക്ഷണത്തിൽ കാൽസ്യത്തിന്റെ അളവ് വർദ്ധിപ്പിക്കുക. വസ്ത്രങ്ങൾ കഴുകുമ്പോഴും ചെടി വെക്കുമ്പോഴും മറ്റെന്തെങ്കിലും കെമിക്കലുമായി ഇടപെടേണ്ടി വരുമ്പോഴും കൈയ്യുറ ഉപയോഗിക്കാൻ ശ്രദ്ധിക്കണം. നഖങ്ങൾ അധിക കാലം നീണ്ടു നിൽക്കുന്നതിന് ഫ്രഞ്ച് മാനിക്യൂർ ചെയ്യുന്നത് ഗുണം ചെയ്യും. മാസത്തിൽ രണ്ട് പ്രാവശ്യമെങ്കിലും മാനിക്യൂർ ചെയ്യുന്നത് വഴി വർഷം മുഴുവനും സുന്ദരമായ നഖം നിലനിർത്താൻ സാധിക്കും.

### നെയിൽ ഡിസൈൻസ്

വസ്ത്രങ്ങളിലും മറ്റു ഫാഷൻ രംഗത്തും ട്രെന്റുകൾ മാറി വരുന്നതു പോലെതന്നെ നഖങ്ങളിലും വ്യത്യസ്ത ഡിസൈനുകൾ ഇന്ന് നിലവിലുണ്ട്. അത്തരത്തിലുള്ള പുതിയ ട്രെന്റി നെയിൽ ഡിസൈനുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

#### ഷോർട്ട് ആന്റ് മെറ്റാലിക്

മെറ്റാലിക് നഖങ്ങൾക്കാണ് ഇപ്പോൾ ആകർഷകത്വം കൂടുതൽ. ട്രെന്റി ലുക്ക് നൽകുന്ന അത്തരം നഖങ്ങൾ പാർട്ടികളിൽ ശ്രദ്ധ നേടുന്നു. നഖങ്ങൾ ട്രിം ചെയ്ത് ചെറുതാക്കി മെറ്റാലിക് ലുക്ക് കിട്ടുന്നതരം പോളിഷുകൾ ഇടുന്നതാണ് ഇത്. സിൽവർ, പച്ച, നീല, കറുപ്പ് എന്നീ നിറങ്ങളെല്ലാം മെറ്റാലിക്കിൽ പെടുന്നവയാണ്.

#### ഫ്രഞ്ച് മാനിക്യൂർ

ഫെമിനിൻ ലുക്കിനു വേണ്ടിയുള്ളതാണ് ഈ സ്റ്റൈൽ. ഇളം നിറത്തിൽ കാണുന്ന വിരൽത്തുമ്പ് സ്വിംസ്യൂട്ടിനും മറ്റു ചില പാർട്ടികളിലും ശോഭിക്കും. ഫ്രഞ്ച് മാനിക്യൂർ കിറ്റുകൾ കടകളിൽ ലഭ്യമാണ്. അതിൽ വെള്ളയും, ഏതെങ്കിലും ഇളം നിറത്തിലുള്ള പോളിഷും, ടോപ്പ്കോട്ടും, കത്രികയും, മാനിക്യൂർ സ്റ്റിക്കും ഉണ്ടാകും.

#### പാസ്റ്റൽ നെയിൽ ആർട്ട്

സ്റ്റൈലിൽ നിന്ന് ഒരിക്കലും വിട്ടു പോകാത്തതാണ് പാസ്റ്റൽ നിറങ്ങൾ. ലാവന്റർ, ഇളം പിങ്ക്, പീച്ച്, റോസ് എന്നിവയാണ് പാസ്റ്റൽ നിറങ്ങൾ. ആകർഷണത്തിനു വേണ്ടി തിളക്കമുള്ളതോ ഗ്ലോസിയോ ടോപ്പ്കോട്ടും പോളിഷിനു മുകളിൽ പുരട്ടാം.

#### ട്രെഡീഷണൽ നെയിൽ ഡിസൈൻ

സ്കിൻ ടോണും, നഖത്തിന്റെ ഷെയ്പ്പും, ഡ്രസ്സിന്റെ നിറവും അനുസരിച്ച് മാറാവുന്നതാണ് ഇത്തരം പോളിഷുകൾ. പിങ്കും, ചുവപ്പുമാണ് ആളുകൾ സാധാരണയായി ഉപയോഗിക്കുന്ന നിറങ്ങൾ. ഏതു തരം ഡിസൈൻ ആയാലും ആരോഗ്യമുള്ള നഖത്തിനാണ് പ്രാധാന്യം.

### ഹാന്റ് സ്പാ

ജോലി ചെയ്ത് ക്ഷീണിച്ച കൈകൾക്ക് ഹാന്റ് സ്പാ ഒരു ആശ്വാസമാണ്. നിങ്ങൾക്ക് വീട്ടിൽ തന്നെ തയ്യാറാക്കാൻ കഴിയുന്ന സ്പാ കൊണ്ട് കൈകൾ മസാജ് ചെയ്യുന്ന രീതിയാണിത്. ഹാന്റ് സ്പാ ചെയ്യുന്നതു വഴി നിങ്ങളുടെ കൈകൾക്ക് കൂടുതൽ മൃദുത്വവും തിളക്കവും ലഭിക്കും.

#### ഹാന്റ് സ്പാ ട്രീറ്റ്മെന്റ്

രണ്ട് കപ്പ് വെള്ളവും ഒരു കപ്പ് പാലും ഒന്നിച്ച് ചൂടാക്കുക. ചെറുതീയ്യിൽ പത്തു മിനിറ്റ് നേരം വെക്കണം. പാൽ പിരിയാതിരിക്കാൻ ഇടയ്ക്ക് ഇളക്കി കൊടുക്കണം.

അടുപ്പിൽ നിന്ന് ഇറക്കിയ ശേഷം ഒരു സ്പൂൺ ഒലിവ് ഓയിലും ഒരു നുള്ള് കറുവപ്പട്ടയും ചേർത്തിളക്കുക. മിശ്രിതം തണുക്കാനായി മാറ്റി വെക്കണം. ഒരു പാത്രത്തിൽ നാല് സ്പൂൺ ഉപ്പും പാകത്തിന് ഒലിവ് ഓയിലും ചേർത്ത് പേസ്റ്റ് രൂപത്തിലാക്കി വെക്കുക.

പാൽ മിശ്രിതം കൊണ്ട് കൈകൾ കഴുകുക. ഇത് പതിനഞ്ച് മിനിറ്റ് ആവർത്തിക്കണം. കുറച്ചു കഴിഞ്ഞാൽ കൈകൾ മിനുസമുള്ളതായി കാണപ്പെടും. അതിനുശേഷം തയ്യാറാക്കി വെച്ച പേസ്റ്റ് ഉപയോഗിച്ച് കൈകൾ മസാജ് ചെയ്യണം. വിരലുകൾക്കിടയിലും ആകത്തക്ക വിധം ശ്രദ്ധിച്ച് വേണം ചെയ്യാൻ. വീണ്ടും പാലിൽ കൈ കഴുകി ഉണക്കുക.

ഇതിനുശേഷം നെയിൽ കട്ടർ ഉപയോഗിച്ച് നഖം വെട്ടുകയോ ഷെയ്പ്പാക്കുകയോ ചെയ്യാം. നഖങ്ങൾക്കിരുവശവുമുള്ള കട്ടിയുള്ള പ്രതലവും ഉരച്ച് മൃദുവാക്കണം. കൈ ഉണങ്ങിക്കഴിഞ്ഞാൽ മോയിസ്ചറൈസറോ ക്രീമോ പുരട്ടാം. ആഴ്ചയിൽ ഒന്നോ രണ്ടോ തവണ ഹാന്റ് സ്പാ ചെയ്യുന്നത് കൈകൾക്കും, ചർമ്മത്തിനും, നഖങ്ങൾക്കും നല്ലതാണ്


വിവരങ്ങൾ കടപ്പാട്:

**Vinitha R**

Dream Diva Herbal Beauty Clinic,
Manimala Road,
Edappally PO, Kochi-24
Tel: 0484 2102097




## ഫ്രഞ്ച് മാനിക്യൂർ ചെയ്യുന്നതെങ്ങിനെ?



ചെറിയ കഷ്ണം പഞ്ഞിയിൽ നെയിൽ പോളിഷ് റിമൂവർ എടുത്ത് നഖം വൃത്തിയാക്കുക. ചൂടുവെള്ളത്തിൽ അൽപനേരം കൈ മുക്കി വെക്കുക. ചെറിയ സ്റ്റിക് കൊണ്ട് നഖത്തിന്റെ അടി ഭാഗം ചുരണ്ടി വൃത്തിയാക്കണം. നെയിൽ ക്ലിപ്പറോ കത്രികയോ ഉപയോഗിച്ച് നഖം ഒരുപോലെ ഷെയ്പ്പാക്കുക. നഖത്തിന്റെ തുമ്പിന് ബലം കിട്ടാനായി വെള്ള പോളിഷ് നഖത്തിന്റെ അറ്റത്ത് സൂക്ഷിച്ചു പുരട്ടുക. പോളിഷ്ന്റെ മൃദുത്വമനുസരിച്ച് ഒന്നോ രണ്ടോ കോട്ട് ഇട്ട് ഉണങ്ങാനുവദിക്കാം.

ഏതെങ്കിലും ഇളം നിറത്തിലുള്ള പോളിഷ് മുഴുവൻ നഖവും മൂടുന്നതരത്തിൽ ഇടണം. രണ്ട് കോട്ട് ഇട്ട് നന്നായി ഉണങ്ങാൻ വയ്ക്കുക. എല്ലാ കോട്ടും ഉണങ്ങിയതിനു ശേഷം മാനിക്യൂറിന്റെ സുരക്ഷക്കായി ഒരു ടോപ്പ് കോട്ടും കൂടി പുരട്ടിയാൽ മതി. ഫ്രഞ്ച് മാനിക്യൂർ അധികം നീണ്ടു നിൽക്കാനായി ഒന്നിടവിട്ട് ഒരു ടോപ്പ്കോട്ട് അടിക്കുന്നതും നല്ലതാണ്.

www.malankaralibrary.com





# ഓർക്കിഡ് സുന്ദരിമാർ

**പെട്ടെന്ന് വാടിപ്പോകാത്ത പലവർണ്ണങ്ങളിലുള്ള ഓർക്കിഡ് പൂക്കൾകൊണ്ട് വീട്ടുമുറ്റത്തിന് ഭംഗിപകരാം. ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് ഇടനാഴികളിലും സ്വീകരണ മുറികളിലും ഓർക്കിഡുകൾ വളർത്തി വർണാഭമാക്കാം. കൃഷി ചെയ്യാൻ സ്ഥലമുണ്ടെങ്കിൽ കീശനിറയെ കാശും കൊണ്ടുതരും ഓർക്കിഡുകൾ. അലങ്കാര പുഷ്പങ്ങളിലെ മുൻനിരക്കാരായ ഓർക്കിഡുകളെക്കുറിച്ച് അറിയേണ്ടതെല്ലാം...**

വി. ശ്രീകുമാർ

കേട്ടറിവുള്ളൊരു പുരാണകഥ പറയാം...ദേവലോകത്ത് അപ്സരസുകളുടെ മത്സരം നടക്കുകയാണ്. സുന്ദരിയെ കണ്ടെത്താനുള്ള മത്സരമല്ല. പിന്നെയോ, അപ്സരസുകൾ ആവശ്യപ്പെടുമ്പോൾ വിശ്വബ്രഹ്മാവ് എന്ത് സുന്ദരപുഷ്പം നിർമ്മിച്ച് കൊടുക്കും എന്നതായിരുന്നത്രേ ആ മത്സരം. ശംഖുപുഷ്പത്തെക്കാൾ മനോഹരമായ സുന്ദരപുഷ്പം വേണമെന്ന് ഒരു അപ്സരസ് ആവശ്യപ്പെട്ടു. അപ്പോൾ ബ്രഹ്മാവ് ഒരു പ്രേമപുഷ്പം സമ്മാനിച്ചു. ആ പുഷ്പമാണ്- കപോത പുഷ്പം (dove orchid). ഓർക്കിഡുകളുടെ പിറവിക്കു പിന്നിലെ കഥയിതാണ്. കഥയെന്തായാലും കേരളത്തിലെ ഇളംചൂട് കാറ്റും അന്തരീക്ഷ ഈർപ്പവും ഓർക്കിഡ് കൃഷിക്ക് അനുയോജ്യമാണ്. കേരളത്തിലെ അലങ്കാര പൂക്കൃഷിയിൽ ഈ ചെടി മുൻനിരയിലാകാനുള്ള കാരണവും ഇതാണ്. ഏറെനാൾ കേട് കൂടാതെയിരിക്കുന്നതിനാൽ ബൊക്കെ നിർമ്മാണം, പുഷ്പാലങ്കാരം എന്നിവയ്ക്ക് ഇവ കൂടുതലായി ഉപയോഗിക്കുന്നു. അതിനാൽ അലങ്കാരപുഷ്പ വിപണിയിൽ 'മേജർ' പദവിയാണ് ഓർക്കിഡിനുള്ളത്. ലോകത്തിലെമ്പാടുമായി 'ഓർക്കിഡേസി' സസ്യകുടുംബത്തിൽ 40,000 ത്തോളം അംഗങ്ങളുണ്ട്. വീടിന് മുറ്റം ഇല്ലാത്തവർക്കും, ഫ്ളാറ്റുകളിൽ വസിക്കുന്നവർക്കും സ്വീകരണ മുറികളിൽ ഓർക്കിഡ് വളർത്താം. അന്തരീക്ഷത്തിൽ നിന്ന് വേരുകൾ വഴി വെള്ളവും പോഷകങ്ങളും വലിച്ചെടുത്തു വളരുന്ന ഓർക്കിഡുകളാണ് കൂടുതലും ഈ രീതിയിൽ വളർത്തുന്നത്. മണ്ണിൽ വേരാഴ്ത്തി വളരുന്ന ഇനങ്ങൾ ഏറെയുണ്ട്. ഒറ്റക്കൊമ്പായി മുകളിലേക്ക് വളരുന്ന ഇനം ഓർക്കിഡ് മോണോപോഡിയൻസെന്നും , ചുവട്ടിൽ നിന്ന് അനേകം ചിമ്പുകളോടെ മുകളിലേക്ക് വളരുന്നവ സിംപോഡിയൻസെന്നും അറിയപ്പെടുന്നു. ഡെൻഡ്രോബിയം, ഫലനോപ്സിസ്, ഓൺസീഡായം, അരാക്ക്നിസ്, കാറ്റ്ലിയ, ഏരീഡ്സ് തുടങ്ങിയവയാണ് കേരളത്തിൽ വ്യാപകമായുള്ള ഇനങ്ങൾ.

## പേരുകൾക്കെത്ര നിറപ്പകിട്ട്..

ലേഡീസ് സ്ളിപ്പർ ഓർക്കിഡ്, ഡാൻസിംഗ് ഗേൾ, സ്പൈ

www.malankaralibrary.com









ഡർ ഓർക്കിഡ്, ബജൂവാൻഡ്, ഹോളിക്രോസ് ഓർക്കിഡ്, ടൈഗർ ഓർക്കിഡ്, ബട്ടർഫ്ളൈ ഓർക്കിഡ്, മങ്കി ഓർക്കിഡ്, ഡവ് ഓർക്കിഡ്, ജ്യൂവൽ ഓർക്കിഡ് തുടങ്ങി പേരിൽ പോലും സൗന്ദര്യമുണ്ട് ഓർക്കിഡുകൾക്ക്.

**ഡെൻഡ്രോബിയം**

അലങ്കാര പുഷ്പം എന്ന നിലയ്ക്ക് ഉപയോഗിക്കാൻ പറ്റിയ ഈ വിഭാഗത്തിൽ ആയിരക്കണക്കിന് ഇനങ്ങളാണുള്ളത്. നീണ്ട പൂത്തണ്ടിൽ നിരവധി പൂക്കൾ ഉണ്ടാകുന്നവയും തണ്ടിൽ ഒന്നും രണ്ടും പൂക്കൾ ഉണ്ടാകുന്നതുമാണ് ഇതിന്റെ സവിശേഷത.

**ഫലനോപ്സിസ്**

നിശാ ശലഭങ്ങളോട് രൂപ സാദൃശ്യമുള്ളതിനാലാണ് ഇവയ്ക്ക് ഈ പേര് വന്നത്. ചട്ടികളിലോ തൊണ്ടുകളിലോ ഇവ വളർത്താം. പൊക്കം കുറവാണിതിന്. ഫലനോപ്സിസ് പമീല, ഫലനോപ്സീസ് വയലേഷ്യ, ഫലനോപ്സിസ് സാൻഡറാന തുടങ്ങിയവ അഴകേറിയ പ്രമുഖ ഇനങ്ങളാണ്. മരക്കരിയും കരിക്കഷ്ണങ്ങളും വെള്ളം വാർന്ന് പോകുന്ന ചട്ടിയിൽ നിറച്ചാണ് ഫലനോപ്സിസ് വളർത്തുന്നത്.

**ഓൺസീഡിയം**

നൃത്തം ചെയ്യുന്ന പെൺകുട്ടിയുടെ രൂപത്തെ ഓർമ്മിപ്പിക്കുന്ന ഓൺസീഡിയം ഓർക്കിഡ് സാൻഡിംഗ് ഗേൾ എന്നും അറിയപ്പെടുന്നു. തടിച്ചു പരന്ന ചുവടുഭാഗവും ചെറിയ ഇലകളുമാണ് ഇതിനുള്ളത്. കീടങ്ങൾ ബാധിക്കാത്ത ഈ ഇനങ്ങൾ ഏതു കാലാവസ്ഥയിലും വളരും.

**അരാക്ക് നിസ്**

ചിലന്തിയുടെ രൂപമുള്ള പൂക്കളാണ് അരാക്ക് നിസ് ഓർക്കിഡിന്റേത്. സ്പൈഡർ ഓർക്കിഡും ഇതേ ഇനത്തിൽപ്പെടുന്നു.സൂര്യപ്രകാശമുള്ള അന്തരീക്ഷത്തിൽ കമ്പുകൾകൊണ്ട് താങ്ങ് നൽകിയാൽ ഉയരത്തിൽ വളർന്ന് ധാരാളം പൂക്കൾ നൽകും. റെഡ്ഡ് റിബൺ, യെല്ലോ റിബൺ എന്നിങ്ങനെ രണ്ടിനങ്ങൾ കൂടി ഈയിനത്തിൽ ഉൾപ്പെടുന്നു. ചുവപ്പ്, മഞ്ഞ നിറങ്ങളിൽ പൂക്കളിൽ വരകൾ കാണുന്നതിനാലാണ് ഈ പേര് വരാൻ കാരണം.

**വാൻഡ**

മാവുകളിലും മരങ്ങളിലും പറ്റിപ്പിടിച്ച് വളരുന്ന ഇനമാണിത്. സ്ട്രാപ്പ് ലീഫ്സ് വാൻഡ ടെറേറ്റ് വാൻഡ എന്നിങ്ങനെ രണ്ടിനങ്ങൾ ഈ കുടുംബത്തിലുണ്ട്. ഇതിൽപ്പെടുന്ന ജോൺ ക്ളബ്, വൈറ്റ് ഫോം, റൂബി പ്രിൻസ്, ജോസഫിൻ വാൻബ്രെറോ തുടങ്ങിയവ വാണിജ്യപ്രാധാന്യമേറിയ ഇനങ്ങളാണ്.

**കാറ്റ്ലിയ**

ചെറിയ ചെടികളാണെങ്കിലും വലിയ പൂക്കൾ ഇവയിലുണ്ടാകും. കെട്ടിത്തൂക്കി 60 ശതമാനം സൂര്യപ്രകാശം ലഭ്യമാക്കിയാൽ നല്ല നിറങ്ങളിൽ ഇവ വളരും.

**സങ്കരഇനങ്ങൾ**

മൊക്കാറ, സ്വപ്നാറ, കഗ്വാരാ, ചിനാര എന്നീ ഇനങ്ങൾക്ക് നല്ല ആവശ്യക്കാരുണ്ട്. നേരിയ നിറവിത്യാസങ്ങൾ മുതൽ വർണ്ണക്കുട പോലെയുള്ളവയും സങ്കരണത്തിലൂടെ ഉണ്ടാക്കാം.

## നടേണ്ടതെങ്ങനെ?

തണ്ട് മുറിച്ച് (വേരുകളോടെയുള്ള) നട്ടാണ് മോണോപോഡിയൻ ഇനങ്ങൾ നടുന്നത്. കിഴങ്ങോടെയുള്ള തൈ നട്ടാണ് സിംപോഡിയൻ ഓർക്കിഡുകൾ വളർത്തുക. ടിഷ്യൂകൾച്ചർ ചെയ്ത ഇനങ്ങളും നിലവിൽ ലഭ്യമാണ്.

## വളപ്രയോഗം

വിപണിയിൽ 10:10:10, 17:17:17 തുടങ്ങിയ രാസവള മിശ്രിതങ്ങൾ കിട്ടും. ഒരു ലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം കലക്കി നേർപ്പിച്ചാണ് പ്രയോഗിക്കേണ്ടത്.
ഒരു ലിറ്റർ ഗോമൂത്രം 20 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് ചെടിച്ചുവട്ടിൽ ഇടയ്ക്കിടെ തളിക്കണം. ചാണക സ്ളറിയും തളിക്കുന്നത് വളർച്ചയ്ക്ക് ഉത്തമമാണ്.
മൂന്നുമാസം കൂടുമ്പോൾ (പ്രത്യേകിച്ച് മഴക്കാലത്ത്) കോഴിക്കാട്ടം നനച്ച് ഇടണം. ഓർക്കിഡ് വേഗം പൂവിടാൻ വൈറ്റമിൻ ബി ഗുളികകൾ മൂന്ന് മില്ലിഗ്രാം വീതം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം.

## കൃഷിചെയ്യണോ, ധനസഹായമുണ്ട്

പുഷ്പകൃഷി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിത ഗൃഹങ്ങൾ, തണൽ വലകൾ കൊണ്ടുള്ള ഷെഡ്ഡുകൾ എന്നിവ നിർമ്മിക്കാൻ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ കേരള ഘടകം ധനസഹായം നൽകുന്നുണ്ട്. ഹൈടെക് ഗ്രീൻഹൗസ് നിർമ്മിക്കാൻ ചതുരശ്രമീറ്ററിന് 325 രൂപ നൽകുന്നുണ്ട്. പരമാവധി ആയിരം ചതുരശ്ര മീറ്ററിലാകണം ഗ്രീൻഹൗസ് നിർമ്മിക്കേണ്ടത്. സാധാരണ ഹരിതഗൃഹം നിർമ്മിക്കാൻ ചതുരശ്രമീറ്ററിനു 125 രൂപയാണ് നൽകുന്നത്. തണൽ വലകൾക്ക് 20,000 രൂപ വരെ ധനസഹായം നൽകും. ചതുരശ്രമീറ്ററിന് ഏഴ് രൂപ വീതമാണ് ധനസഹായം.

വിവരങ്ങൾക്ക് ഡയൽചെയ്യൂ...
എറണാകുളം 0484-2422224, തൃശ്ശൂർ- 0487- 2333297, പാലക്കാട്- 0491- 2505075, കണ്ണൂർ 0497- 2706154, കാസർഗോഡ് 0499- 425346, കോഴിക്കോട് 0495- 2370897, ഇടുക്കി- 0486-2222428, കോട്ടയം 0481- 2562263, പത്തനംതിട്ട 0468- 2222597, കൊല്ലം 0474- 2795082, തിരുവനന്തപുരം 0471- 2733334, വയനാട് 0493- 6202506, മലപ്പുറം 0483- 2734916, ആലപ്പുഴ 0477- 2251403 എന്നീ നമ്പറുകളിൽ ബന്ധപ്പെട്ടാൽ കൂടുതൽ വിവരങ്ങളറിയാം.

www.malankaralibrary.com



# ഒരു ഗ്രാം തങ്കത്തിൽ പൊതിഞ്ഞ ആഭരണങ്ങൾ



കുന്തൻ വർക്ക് ചെയ്ത മാല



Photo Nias Marikar

നാഗപടം സെറ്റ്





www.malankaralibrary.com

ആഭരണങ്ങൾ മലയാളിക്കെന്നും പ്രിയങ്കരമാണ്. കല്യാണങ്ങൾക്കെന്ന പോലെ തന്നെ പാർട്ടികൾക്കും ഓഫീസ് വെയറായും ആഭരണങ്ങൾ ഉപയോഗിക്കുന്നവരാണ് ഇന്ന് ഒട്ടുമിക്ക ആളുകളും. ഏത് ഫാഷൻ ആയാലും സ്വർണ്ണാഭരണങ്ങൾക്ക് എന്നും ആവശ്യമേറുകയാണ്. വിവാഹങ്ങൾക്കും ഒരു ഗ്രാം തങ്കാഭരണങ്ങൾ ഉപയോഗിക്കുന്നവർ ഏറെയാണ്. വടക്കേ ഇന്ത്യയിൽ വർഷങ്ങൾക്കു മുമ്പേതന്നെ ഒരു ഗ്രാം ആഭരണങ്ങൾ പ്രചാരത്തിലുണ്ട്. വിവാഹങ്ങൾക്കു മാത്രമല്ല, ബോളിവുഡ് സിനിമകളിലും, സീരിയലുകളിലും ഇത്തരം ആഭരണങ്ങളാണ് ഉപയോഗിച്ചിരുന്നത്.

ആന്റിക്, ടെമ്പിൾ, ട്രെഡീഷണൽ, ജയ്പൂർ, വൈറ്റ് ഗോൾഡ്, കുന്ദൻ വർക്ക് എന്നീ ഡിസൈൻ ആഭരണങ്ങൾ സ്ത്രീകളെ കൂടുതൽ ആകർഷിക്കുന്നു. സിർക്കോൺ, അമേരിക്കൻ ഡൈമൺറ്, റൂബി, പേൾ, റോഡിയം തുടങ്ങിയ വിലപിടിപ്പുള്ള സെമി പ്രഷ്യസ് കല്ലുകളാണ് ഒരു ഗ്രാം ഗോൾഡിൽ പതിക്കുന്നത്. തുച്ഛമായ വിലയിൽ ലൈഫ് ലോങ്ങ് ഗ്യാരണ്ടിയോടെ ഇത്തരം ആഭരണങ്ങൾ ഒരു ഗ്രാമിൽ ലഭിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. കാശിമാല, മുല്ലമുട്ടുമാല, നാഗപടം, മാങ്ങാമാല എന്നിവയെല്ലാം മാല, കമ്മൽ, വള എന്നിവയടങ്ങിയ സെറ്റായും ലഭിക്കുന്നു.





ഏന്റിക് കളക്ഷൻ









മോഡേൺ വൈറ്റ് ഗോൾഡ്

കടപ്പാട്:

Parakkat Jewels
Woodlands Jn,
M. G. Road,
Ernakulam



ട്രെഡീഷണൽ ആഭരണങ്ങൾ





www.malankaralibrary.com





## വി.എം. ഗിരിജ

കവയത്രി, 1961 ൽ വി. എം. വാസുദേവൻ ഭട്ടതിരിപ്പാടിന്റെയും ഗൗരിയുടെയും മകളായി ഷൊർണ്ണൂരിൽ ജനിച്ചു. പട്ടാമ്പി ഗവ. കോളേജിൽ നിന്ന് മലയാളത്തിൽ ഒന്നാംറാങ്കോടെ എം. എ പാസായി. 1983 മുതൽ ആകാശവാണി തൃശൂർ നിലയത്തിലും 1989 മുതൽ കൊച്ചി നിലയത്തിലും പ്രോഗ്രാം അനൗൺസറായി പ്രവർത്തിച്ചു വരുന്നു. പതിനഞ്ചാം വയസുമുതൽ കവിതകൾ എഴുതുന്നു. പ്രണയം ഒരു ആൽബം, ജീവജലം, പാവയൂണ് എന്നീ കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ എന്ന സമാഹാരം ഉടൻ പുറത്തിറങ്ങും. ഭർത്താവ്: സി. ആർ. നീലകണ്ഠൻ. മക്കൾ: ആർദ്ര(ജെ. എൻ. യുവിലെ എം. ഫിൽ വിദ്യാർത്ഥി), ആർച്ച(ഡൽഹി യൂണിവേഴ്സിറ്റി വിദ്യാർത്ഥി)


വായിച്ചതിൽ വെച്ച് ഇഷ്ടപ്പെട്ട പുസ്തകത്തെക്കുറിച്ച് എഴുത്തുകാരി വി.എം. ഗിരിജ

# പാവങ്ങൾ

വിക്ടർ യൂഗോയുടെ പാവങ്ങൾ മലയാളഗദ്യത്തെ പരിപോഷിപ്പിച്ചത് വികാരവിചാരങ്ങളെ രണ്ടു തരം ആഴത്തിൽ അടയാളപ്പെടുത്തിയതിനാലാണ്. പത്താം ക്ലാസ്സ് പരീക്ഷയൊഴിവിൽ അത് വായിച്ചപ്പോഴുണ്ടായ അത്ഭുതാഹ്ലാദങ്ങൾ ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നത് ക്ലാസിക്കുകളുടെ ഗരിമ കാരണമാവാം...

ഡിയിലെ മെത്രാനും ഴാങ് വാൽ ഴാങ്ങും കണ്ടുമുട്ടുന്ന രംഗം മനുഷ്യമഹത്വത്തെ സാക്ഷ്യപ്പെടുത്തുന്നു. ജയിൽപ്പുള്ളിയായതുകൊണ്ട് എവിടേയും അഭയം കിട്ടാതെ അലഞ്ഞുതിരിഞ്ഞ് മെത്രാനെ കാണാൻ വരുന്ന ഴാങ്ങിനോട് ''എനിക്കറിയാം നിങ്ങളുടെ പേർ സഹോദരൻ എന്നാണ്'' എന്ന് മെത്രാൻ പറയുന്നത് വീണ്ടും വീണ്ടും എത്ര തവണ വായിച്ചാലും ഞാൻ കോരിത്തരിക്കാറുണ്ട്. ഡിയിലെ മെത്രാൻ കാലം ചെയ്തപ്പോൾ എം പട്ടണത്തിലെ മേയർ ആയിരുന്ന മദലിയൻ എന്ന പേരിൽ അന്ന് അറിയപ്പെട്ട ഴാങ് ദീക്ഷയെടുത്തത് എന്നെ അത്ഭുതപ്പെടുത്തിയില്ല; പക്ഷേ ആ പേജ് വീണ്ടും വായിക്കുമ്പോൾ സൂര്യനുദിക്കും പോലെ തോന്നി.

തെനാർദിയർ സ്ത്രീയുടെ ആവശ്യപ്രകാരം നിറഞ്ഞ ഇരുട്ടിൽ കൊസെത്ത് എന്ന വാനമ്പാടിപ്പക്ഷി ഒറ്റക്ക് വെള്ളമെടുക്കാൻ പോവുമ്പോൾ അവളുടെ പേടിച്ചരണ്ട കാൽ വെപ്പുകൾ, നിശ്വാസം, ദൂരെ തിളങ്ങുന്ന നക്ഷത്രം, പെട്ടെന്ന് വെള്ളത്തൊട്ടിയുടെ കനംകൊണ്ട് പൊട്ടാറായ അവളുടെ കൈയ്ക്ക് ആശ്വാസം നൽകി; ഒരു ഉറപ്പുള്ള





കൈ അത് ചുമക്കുന്നത്.. ഇതെല്ലാം കണ്ണടച്ചാലും കാണാം. കൊസെത്തിന് അയാൾ, ഫാദർ മദലിയൻ, വിലപ്പെട്ട ഒരു പാവക്കുട്ടിയെ സമ്മാനിച്ചപ്പോൾ അത് തൊട്ടാൽ അതിൽ നിന്ന് തീപ്പൊരി പാറ്റി ഇടിമിന്നൽ പുറപ്പെടും എന്നവൾ പേടിച്ചു. കൊസെത്തും ഴാങ് എന്ന മദലിയനും തമ്മിൽ ഉണ്ടാകുന്ന പിതൃപുത്രീ ബന്ധം ഇതിലെ ഒരു അലിവരുവിയാണ്. സിസ്റ്റർ സിബ്ലീസിന്റെ ഒരേ ഒരു നുണ, താൻ തണ്ടുവലിശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുറ്റവാളിയാണെന്ന് കോടതിയിൽ മേയർ മദലിയൻ ഏറ്റ് പറയുന്ന രംഗം... പാവങ്ങളിലെ ഏതു രംഗവും വൈകാരികാഘാതം നൽകി മനുഷ്യമനസ്സിന്റെ നന്മയിലേക്കുള്ള സാധ്യതകളെ കാണിച്ചുതരും. അതുകൊണ്ട് ഈ നൂറ്റാണ്ടിൽ ഏറ്റവും കൂടുതൽ വായിക്കപ്പെടേണ്ട കൃതി ഇതാണെന്ന് ഞാൻ കരുതുന്നു.

ചരിത്രപരമായ വിശകലനം, ചർച്ച എന്നിവ അത്യാവശ്യമല്ല എന്നുള്ളവർക്ക് അത്തരം അദ്ധ്യായങ്ങൾ മാറ്റിയും വായിക്കാം. നാലാപ്പാട്ട് നാരായണ മേനോന്റെ മൊഴിമാറ്റം മാത്രമേ ഞാൻ വായിച്ചിട്ടുള്ളൂ. അത് ഏത് മലയാളിയും വായിച്ചിരിക്കേണ്ടതാണ്. ദാരിദ്ര്യം, സ്ത്രീകൾക്ക് വിശപ്പു മൂലമുണ്ടാകുന്ന മാനഹാനി, കുട്ടികൾക്ക് അറിവില്ലായ്മയാൽ നേരിടുന്ന വളർച്ചക്കേട് ഇവ മനുഷ്യസമൂഹത്തിൽ ഉള്ളിടത്തോളം കാലം ഈ ഗ്രന്ഥം പ്രസക്തമാണെന്ന് യൂഗോ പറയുന്നത് ശരിയാണ്. എന്നും പ്രസക്തം ഇത്.

ചരിത്രം നിർമ്മിച്ച കണ്ണീർ, ചോര, ഹിംസ, കൊതി, യുദ്ധം, മൂല്യം എന്ന് കരുതുന്ന മനുഷ്യവിരുദ്ധ നിയമങ്ങൾ കൂടെ സ്നേഹവും നന്മയും. അതാണ് പാവങ്ങൾ. നന്മ സാധ്യമാണെന്ന് ഉറപ്പിച്ച് പറയുന്ന ഒരു കൃതി. SFM

smartfamily09@gmail.com

www.malankaralibrary.com




## മൃഗങ്ങളുടെ സിനിമാ ഷൂട്ടിംഗ്

സിപ്പി പള്ളിപ്പുറം


കുട്ടികളുടെ ലോകം മൃഗങ്ങളും പക്ഷികളുമൊക്കെ നിറഞ്ഞതാണ്. ആ ലോകത്തിലെ രസകരമായ കഥകൾ നിറഞ്ഞതാണ് ഈ സമാഹാരം. കുട്ടികൾക്ക് പ്രിയങ്കരനായ സിപ്പി പള്ളിപ്പുറം കൊച്ചുകൂട്ടുകാരെ കഥകൾകൊണ്ട് കാട്ടിനുള്ളിലേക്ക് കൂട്ടിക്കൊണ്ടുപോകുകയാണ്. മൃഗങ്ങളുടെ സിനിമാ ഷൂട്ടിംഗും പക്ഷികളുടെ ഫാഷൻപരേഡും കുറുക്കൻ മാസ്റ്ററുടെ ഗുരുകുലവും കൗശലന്റെ മന്ത്രിസഭയും കുട്ടികൾക്ക് രസംപകരും.

മാതൃഭൂമി ബാലസാഹിത്യമാല
വില– 50 രൂപ

## തേയ

രാധാകൃഷ്ണൻ കുമരനല്ലൂർ

പ്രകൃതിയും കാഴ്ചകളും സാധാരണ മനുഷ്യരുമാണ് ഈ കവിതകളുടെ പ്രിയപ്പെട്ടവർ.





ചുറ്റിനും പരന്നു കിടക്കുന്ന പച്ചപ്പിനെ നിഷ്ക്കളങ്കമായി കൈപിടിച്ച് കവിതയിലേക്ക് കൊണ്ടുവരികയാണ് കവി രാധാകൃഷ്ണൻ കുമരനല്ലൂർ. പ്രസാദവും വിഷാദവും മുറ്റിയ ഏകാകിതയുടെ ശ്രുതിയുണർത്തുന്ന 52 കവിതകളുടെ സമാഹാരം.

പായൽ ബുക്സ്, കണ്ണൂർ
വില– 40 രൂപ

## വള

ബാലാമണിയമ്മ

കുട്ടികളുടെ മനസിലേക്ക് ഭാവനയുടെ വെളിച്ചം പകരുന്ന കുട്ടിക്കഥകളുടെ സമാഹാരം. അലിവും സഹാനുഭൂതിയും സ്നേഹവും കനിവും അത്യാഗ്രഹവുമെല്ലാം വിഷയമാകുന്ന ഈ കഥകൾ കുട്ടികളെ ഭാവനയുടെ ആകാശത്തേക്ക് കൈപിടിച്ചു കൊണ്ടുപോകും. കവയിത്രി ബാലാമണിയമ്മ എഴുതിയ ദേവിയുടെ വള, കൂട്ടുകാർ, ഭൂമിയിൽ വലിയവൻ, നീതിപീഠം, മുത്ത്, കനിറ്റ് ഫെർസ്റ്റൻ, വെള്ളിത്തളിക തുടങ്ങി ശ്രദ്ധേയമായ ഏഴു കഥകൾ.




വില– 30 രൂപ
മാതൃഭൂമി ബാലസാഹിത്യമാല

## ഒരു പൂമ്പൊടി കൊണ്ടും ഒരു പൂക്കാലം കൊണ്ടും

വി. ജയദേവ്




ആപ്പിൾ ബുക്സ്, പാലക്കാട്
വില– 90 രൂപ

പ്രണയത്തെക്കുറിച്ചുള്ള എല്ലാ റൊമാന്റിസത്തേയും തിരസ്ക്കരിച്ച് നവകാല്പനിക ഇമേജിലൂടെ പഴയ പ്രണയ പാഠങ്ങളെ ഡിലീറ്റുചെയ്യുന്ന നൂറോളം പ്രണയകവിതകൾ. പൂക്കാലമായി മാത്രമല്ല, മോർച്ചറി വരാന്തയിലെ മേൽവിലാസമില്ലാത്ത ജഡമായും കരിമ്പനച്ചോട്ടിലെ ചുണ്ണാമ്പുചോദിക്കുന്ന യക്ഷിയായും പ്രണയം വി. ജയദേവിന്റെ കവിതകളിൽ വേഷംപകരുന്നുവെന്ന് അവതാരികയിൽ കെ. ആർ. മീര. ജീവിതവും പ്രണയവും സങ്കടങ്ങളും ഇഴപിരിയുന്ന ശീർഷകമില്ലാത്ത പ്രണയകവിതകളുടെ സമാഹാരം.

## ചോരയുടെ ജനാല

ഹരിആനന്ദ കുമാർ

പുതുഭാവുകത്വത്തോട് ചേർന്നു നിൽക്കുന്ന കവിതകളടങ്ങിയ ഹരി ആനന്ദകുമാറിന്റെ ആദ്യസമാഹാരം. നാം നേരിടുന്ന ജീവിതം, അതിന്റെ രാഷ്ട്രീയം എന്തെന്ന ചോദ്യങ്ങളാണ് ഈ കവിതകൾ ഉയർത്തുന്നത്. ഭാഷയിലും പ്രമേയങ്ങളിലും വ്യതിരിക്തമായ വഴിവെട്ടുന്ന ഞാഞ്ഞൂളിന്, ദോശ, ഉറുമ്പുകൾ, അമ്മിഞ്ഞക്കിണർ തുടങ്ങി ശ്രദ്ധേയമായ 38 കവിതകൾ. പഠനം: വിജു നായരങ്ങാടി




പായൽ ബുക്സ്, കണ്ണൂർ
വില– 40 രൂപ

www.malankaralibrary.com



# പയ്യൻസ്



ജയസൂര്യ നായകനാകുന്ന പുതിയ ചിത്രമാണ് പയ്യൻസ്. പച്ചമരത്തണലിനു ശേഷം ലിയോ തദേവൂസ് സംവിധാനം ചെയ്യുന്ന ചിത്രമാണിത്. അങ്ങാടിത്തെരു എന്ന തമിഴ്ചിത്രത്തിലൂടെ ശ്രദ്ധേയയായ അഞ്ജലിയാണ് നായിക. അഞ്ജലിയുടെ ആദ്യ മലയാള ചിത്രമാണിത്.

ജയസൂര്യയുടെ മാതാപിതാക്കളായി ലാലും രോഹിണിയും അഭിനയിക്കുന്നു. ശ്രീനിവാസൻ നായകനായ പച്ചമരത്തണൽ കഴിഞ്ഞ് രണ്ടുവർഷത്തിനു ശേഷമാണ് സംവിധായകൻ ലിയോ തദേവൂസ് പയ്യൻസ് ഒരുക്കുന്നത്.

# ദി ത്രില്ലർ

പ്രമാണിക്കുശേഷം ഉണ്ണികൃഷ്ണൻ. ബി. തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് ദി ത്രില്ലർ. പൊലീസ് ഓഫീസറായ നിരഞ്ജൻ എന്ന മുഖ്യ കഥാപാത്രത്തെ പൃഥിരാജ് അവതരിപ്പിക്കുന്നു. കുറ്റാന്വേഷണവും പ്രണയവും സംഗീതവും വിഷയങ്ങളാകുന്ന ചിത്രത്തിൽ സിദ്ദിഖ്, ലാലു അലക്സ്, വിജയരാഘവൻ, പുതുമുഖം പ്രജൻ, റിയാസ് ഖാൻ, സമ്പത്ത്, പൂനം കൗൾ, മല്ലികാ കപൂർ തുടങ്ങിയവരും പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നു. ആനന്ദഭൈരവിയുടെ ബാനറിൽ സാബുചെറിയാനാണ് ചിത്രം നിർമ്മിക്കുന്നത്. സത്യസന്ധനും ധീരനുമായ ഒരു പൊലീസ് ഓഫീസറാണ് നിരഞ്ജൻ. ദുരൂഹ സാഹചര്യത്തിൽ സൈമൺ പാലത്തിങ്കൽ കൊല്ലപ്പെടുന്നതിനെ തുടർന്നുണ്ടാകുന്ന സംഭവങ്ങളാണ് സിനിമയുടെ ഇതിവൃത്തം. കേസന്വേഷണ ചുമതല നിരഞ്ജനെ ഏല്പ്പിക്കുന്നു. കുറ്റമറ്റ രീതിയിൽ കേസന്വേഷണം നടത്തുന്ന നിരഞ്ജൻ നേരിടുന്ന സംഘർഷങ്ങളാണ് ത്രില്ലറിലൂടെ ആവിഷ്ക്കരിക്കുന്നത്.



# സർക്കാർ കോളനി

നർമ്മത്തിന് പ്രാധാന്യം നൽകി ജയകൃഷ്ണ വി. എസ് സംവിധാനം ചെയ്യുന്ന ചിത്രമാണ് സർക്കാർ കോളനി. സർക്കാർ ജീവനക്കാർ താമസിക്കുന്ന ഒരു കോളനിയിലെ വിശേഷങ്ങളാണ് സിനിമ ദൃശ്യവത്ക്കരിക്കുന്നത്. അമൃതാ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആർ. രാജീവ് തമ്പി(ലണ്ടൻ) നിർമ്മിക്കുന്ന ഈ ചിത്രത്തിൽ മുകേഷ്, ജഗദീഷ്, സുരാജ് വെഞ്ഞാറമ്മൂട്, അശോകൻ, ജഗതിശ്രീകുമാർ, ജാഫർ ഇടുക്കി, കോട്ടയം നസീർ, ഇന്ദ്രൻസ്, സാജൻ പള്ളുരുത്തി, അഡ്വ. ചന്ദ്രശേഖരൻ, കൊച്ചുപ്രേമൻ, ദേവയാനി, സോന നായർ, സീമ ജി നായർ, സോണിയ തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. കഥ, തിരക്കഥ, സംഭാഷണം വി. സി. അശോക്. സാലുജോർജ് ഛായാഗ്രഹണം നിർവ്വഹിക്കുന്നു. ബിച്ചു തിരുമല, രാജീവ് ആലുങ്കൽ എന്നിവരുടെ വരികൾക്ക് ഈണം പകർന്നിരിക്കുന്നത് എം. ജി. ശ്രീകുമാറാണ്.



# വീരപുത്രൻ

ചരിത്രപുരുഷനായ മുഹമ്മദ് അബ്ദു റഹ്മാന്റെ ജീവിതകഥ അഭ്രപാളിയിലെത്തുന്നു. ബ്രിട്ടീഷുകാരെ നാടുകടത്താൻ ശക്തമായ പോരാട്ടം നടത്തിയ ചരിത്രപുരുഷന്റെ ജീവിതകഥ പി.ടി. കുഞ്ഞുമുഹമ്മദാണ് വീരപുത്രൻ എന്ന പേരിൽ സിനിമയാക്കുന്നത്. പൃഥിരാജാണ് അബ്ദു റഹ്മാനായി വേഷമിടുന്നത്. 1921 നവംബർ 23ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനം മുതൽ 1945 ഏപ്രിൽ 23ന് മരണമടയുന്നതു വരെയുള്ള അദ്ദേഹത്തിന്റെ സംഭവബഹുലമായ ജീവിതമാണ് സിനിമയാക്കുന്നത്. പയ്യന്നൂർ ഉപ്പ് സത്യാഗ്രഹം, മലബാർ കലാപം തുടങ്ങിയ ചരിത്രസംഭവങ്ങളും ചിത്രത്തിലുണ്ട്. ഇ. എം. എസിന്റെ ചെറുമകൻ സുജിത് ഇ. എം. എസായും വൈക്കം മുഹമ്മദ് ബഷീറിന്റെ മകൻ അനീസ് മുഹമ്മദ് ബഷീറായും അഭിനയിക്കുന്നു. റൊമാൻസ്, ആക്ഷൻ. സസ്പെൻസ്, ഹാസ്യം തുടങ്ങിയ കൊമേഴ്സ്യൽ സിനിമകളുടെ ചേരുവകളെല്ലാം വീരപുത്രനിലുണ്ട്. എൻ. പി. മുഹമ്മദിന്റേതാണ് കഥ. പി. ടി. കുഞ്ഞുമുഹമ്മദുതന്നെയാണ് തിരക്കഥയും സംഭാഷണവും നിർവ്വഹിച്ചിരിക്കുന്നത്. റഫീഖ് അഹമ്മദിന്റെ ഗാനങ്ങൾക്ക് രമേഷ് നാരായണനാണ് സംഗീതം നിർവ്വഹിച്ചിരിക്കുന്നത്. ക്യാമറ– എം. ജി. രാധാകൃഷ്ണൻ, എഡിറ്റിംഗ്– ഡോൺ മാക്സ്, ചമയം– പട്ടണം റഷീദ്, വസ്ത്രാലങ്കാരം– ഇന്ദ്രൻസ്, ജയൻ എന്നിവർ നിർവ്വഹിച്ചിരിക്കുന്നു. ഐ. ടി. എൽ പ്രൊഡക്ഷൻസിന്റെ ബാനറിൽ സിദ്ദിഖ് മങ്കര നിർമ്മിക്കുന്ന വീരപുത്രന്റെ ചിത്രീകരണം നവംബറിൽ ആരംഭിക്കും.

www.malankaralibrary.com





# വിധികർത്താവായി സുധാചന്ദ്രൻ

ഇന്ത്യൻ സിനിമ-ടെലിവിഷൻ രംഗത്ത് ശ്രദ്ധേയമായ മുദ്ര പതിപ്പിച്ച വ്യക്തിയാണ് സുധാചന്ദ്രൻ. മൂന്ന് വയസ്സു മുതൽ നൃത്തത്തെ ജീവിതത്തോടൊപ്പം ചേർത്തുപിടിച്ച് വീട്ടുകാർക്കും അധ്യാപകർക്കും മുന്നിൽ ഒരത്ഭുത മായിരുന്നു സുധാചന്ദ്രൻ. എട്ടാമത്തെ വയസ്സു മുതൽ അരങ്ങിൽ നൃത്തച്ചുവടുകൾ അവതരിപ്പിക്കാൻ ആരംഭിച്ചു. ഭരതനാട്യമാണ് സുധയുടെ പ്രധാന ഐറ്റം. 1981 ൽ ഒരപകടത്തിൽ കാല് നഷ്ടപ്പെട്ടു വെങ്കിലും, സ്വന്തമായ ഇച്ഛാശക്തി യിലൂടെ ആത്മവിശ്വാസം വീണ്ടെടുത്ത ഇവർ മറ്റുള്ളവർക്കും ഒരു മാതൃകയാണ്.

നർത്തകി എന്നതിനു പുറമെ അഭനേത്രി എന്ന നില യിലും ശോഭിക്കാൻ സുധാചന്ദ്രന് കഴിഞ്ഞു. ഹിന്ദി, തെലുങ്ക്, തമിഴ് സിനിമകളിലായി സുധാചന്ദ്രൻ തന്റെ അഭിനയം കാഴ്ച വെച്ചിട്ടുണ്ട്. സ്റ്റാർ പ്ലസ്, സീ. ടി. വി, സോണി, ഡി. ഡി. മെട്റൊ തുടങ്ങി ഒട്ടനവധി സീരി യലുകളിലും അഭിനയിച്ചു വരുന്നു. പല ഹിന്ദി റിയാലിറ്റി ഡാൻസ് ഷോകളിൽ വിധികർത്താവായും സുധ പ്രേക്ഷകർക്കു മുന്നിൽ എത്തിയിട്ടുണ്ട്. അമൃതയിലെ സൂപ്പർ ഡാൻസർ ജൂനിയറിന്റെ വിധികർത്താവായി സുധാചന്ദ്രൻ മലയാളത്തിലും എത്തുന്നുണ്ട്.

# സൂപ്പർ ഡാൻസർ ജൂനിയർ 2

ഡാൻസിൽ മഴവില്ല് വിരിയിക്കാൻ ഡാൻസിന് വേണ്ടി മാത്രമുള്ള റിയാലിറ്റി ഷോ സൂപ്പർ ഡാൻസർ ജൂനിയർ വീണ്ടുമെത്തുന്നു. കുട്ടികളുടെ വൈവിധ്യമാർന്ന നൃത്താഭിരുചി പ്രോത്സാഹിപ്പിക്കാനും അവരെ പ്രകാശിപ്പിക്കാനും അമൃതാ ടി.വി ഒരുക്കുന്ന സൂപ്പർ ഡാൻസർ ജൂനിയർ 2വിൽ 10-14 വയസ്സ് വരെ പ്രായമുള്ള കൊച്ചു പ്രതിഭകളാണ് മത്സരിക്കുന്നത്. കേരളത്തിലെ മൂന്ന് പ്രധാന ജില്ലകളിൽ ഓഡിഷിൻ നടത്തിയാണ് ഈ 16 അനുഗൃഹീത രായ കുട്ടികളെ അമൃതാ ടി.വി കണ്ടെത്തിയത്.

സൂപ്പർ ഡാൻസർ ജൂനിയറിന്റെ ആദ്യ സീസണിൽ മത്സരിച്ച കുരുന്നു പ്രതിഭകളിൽ നിന്നും നയന, നവനീത്, ശ്രദ്ധ തുടങ്ങിയ കുട്ടികളെ ടെലിവിഷൻ സീരിയലുകളിലും, വെള്ളിത്തിരയിലും എത്തിക്കാൻ അമൃത ടി.വിക്ക് കഴിഞ്ഞു. ആ വിജയപാത പിന്തുടരാൻ ഈ സീസണിൽ വ്യത്യസ്തമായ നിയമങ്ങളും, റൗണ്ടുകളും ആവിഷ്ക്കരിച്ചിട്ടുണ്ട്. സൂപ്പർ ഡാൻസർ ജൂനിയറിലെ നൃത്തച്ചുവടുകളെ വിലയിരുത്താൻ ഇത്തവണ കലാമാസ്റ്റർക്കൊപ്പം, മലയാളത്തിലും, തമിഴിലും, ബോളിവുഡിലും നൃത്തത്തിലൂടെയും അഭിനയത്തിലൂടെയും ലോക പ്രേക്ഷകരെ വിസ്മയിപ്പിച്ച സുധാചന്ദ്രനും ജഡ്ജായി എത്തുന്നു. ഇവർക്കൊപ്പം ഡാൻസ് മാസ്റ്റർ പ്രസന്നയും പ്രശസ്ത സിനിമതാരങ്ങളും കുരുന്നു പ്രതിഭകളുടെ മിന്നുന്ന നൃത്ത പ്രകടനങ്ങൾ കാണാൻ എത്തുന്നു. സൂപ്പർ ഡാൻസർ ജൂനിയർ തിങ്കൾ മുതൽ വെള്ളി വരെ രാത്രി 8 മണിക്കാണ് സംപ്രേഷണം ചെയ്യുന്നത്.



www.malankaralibrary.com



# വായനക്കാരുടെ പേജ്

smartfamily09@gmail.com

## എക്സ്ട്രാ കരിക്കുലർ ആക്റ്റിവിറ്റീസ്



കുട്ടികളെ പാഠ്യേതര രംഗങ്ങളിലും ഓൾറൗണ്ടറാക്കി വളർത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ സാധിച്ചത് സ്മാർട്ട് ഫാമിലിയുടെ സെപ്റ്റംബർ ലക്കത്തെ കവർ സ്റ്റോറിയിലൂടെയാണ്. കുട്ടികളെ പുസ്തക പുഴുവാക്കി ഉയർന്ന മാർക്ക് നേടാൻ നിർബന്ധിക്കുകയാണ് ഇന്ന് എല്ലാവരും ചെയ്യുന്നത്. പെട്ടെന്ന് ജോലിയും ഉയർന്ന ശമ്പളവുമാണ് ലക്ഷ്യം.

പക്ഷെ ഏത് മേഖലയിലായാലും ജീവിതവിജയം നേടണമെങ്കിൽ എക്സ്ട്രാ കരിക്കുലർ ആക്റ്റിവിറ്റീസ് കൂടിയേ തീരൂ. അതുകൊണ്ട് കുട്ടികളിലെ അത്തരം കഴിവുകളും താൽപ്പര്യങ്ങളും കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ മാതാപിതാക്കളും അധ്യാപകരും ഒരുപോലെ ശ്രമിക്കേണ്ടത് അത്യാവശ്യമാണ്. സ്മാർട്ടഫാമിലിയുടെ കവർസ്റ്റോറി അതുകൊണ്ടുതന്നെ വളരേയേറെ പ്രയോജനപ്പെട്ടു.

നേട്ടങ്ങളിലേക്ക് തേരുതെളിച്ച് എന്ന മേഘ്നയുടെ കഥ മാതൃകയായി കൊടുത്തതും വളരെ നന്നായി.

**പ്രസാദ് പി,**
പന്നിയേടത്ത് ഹൗസ്,
മുളങ്കുന്നതുകാവ് പി. ഒ,
തൃശ്ശൂർ.

## സ്പോർട്ട്സ് ഫാമിലി



ഹഡിൽസ് ചാമ്പ്യൻമാരുടെ ഫാമിലി രസകരമായിരുന്നു. സ്പോർട്ട്സിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ജോസഫ് എബ്രഹാമിന്റേയും സ്മിത ജോസഫിന്റേയും ജീവിതം വിജയങ്ങൾ കീഴടക്കുന്നതിൽ സന്തോഷമുണ്ട്. അർജ്ജുന അവാർഡ് ജേതാവു കൂടിയായ ജോസഫിന് അഭിനന്ദനങ്ങൾ. അത്‌ലറ്റിൽ മുന്നേറിക്കൊണ്ടിരിക്കുന്ന കോട്ടയത്തെ ആ കൊച്ചു കുടുംബത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**അരുൺ കെ. എം,**
പന്നിശ്ശേരി

## സ്മാർട്ട് ജപ്പാൻ



സ്മാർട്ട് ഫാമിലിയിലെ ഇത്തവണത്തെ സ്മാർട്ട് ജേർണി ശരിക്കും ഒരു ഗുണപാഠം തന്നെയായിരുന്നു. കഠിനാദ്ധ്വാനത്തിന്റെ നാടായ ജപ്പാനിലെ ഹുക്കുവോക്ക നഗരം എനിക്ക് ഒരു പുതിയ അറിവാണ്. ജപ്പാൻകാരുടെ അനുഷ്ഠാനങ്ങളും രീതികളും തികച്ചും വ്യത്യസ്തമാണ്. ഇന്ത്യയെ പ്രതിനിധീകരിച്ച് അവിടെ പോകാനും അവരുമൊത്ത് താമസിച്ച് കാര്യങ്ങൾ കണ്ടുമനസ്സിലാക്കാനും സാധിച്ച അനീറ്റയും തോബിത്തും ഭാഗ്യവാൻമാരാണ്. അവർക്ക് എല്ലാ നൻമകളും നേരുന്നു.

ജീൻ ജൊജൊ,
മുംബൈ.

## സ്റ്റാർ ദേവി

ഒന്നിലധികം കഴിവുകളുള്ള ഒരുപാട് ആളുകൾ നമുക്കിടയിലുണ്ട്. അത്തരത്തിലുള്ള ഒരാളാണ് ദേവി ചന്ദ്രശേഖർ എന്ന് വ്യക്തം. സ്വന്തം കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ കഴിയുന്നതിലാണ് കഴിവ്. അവതാരകയായും ഗായികയായും അധ്യാപികയായും ദേവി മറ്റുള്ളവർക്കു മാതൃകയാണ്. ദേവിയുടെ വളർച്ചയ്ക്ക് അവരുടെ മാതാപിതാക്കളും ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. സാധാരണക്കാരിൽ നിന്ന് ഇങ്ങനെയുള്ള പ്രതിഭകളെ കണ്ടെത്തി ഉയർത്തിക്കാട്ടുന്നതിൽ വളരെ സന്തോഷം. ഇനിയും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

അപർണ്ണ കിഷോർ
ഹൈദ്രാബാദ്.

www.malankaralibrary.com

# നാദിർഷയും കുടുംബവും



പൊട്ടിച്ചിരിയുടെ മാലപ്പടക്കവുമായി മലയാളികളുടെ ഇടയിലേക്ക് കടന്നു വന്ന നാദിർഷയെ ആരും മറക്കുകയില്ല. മിമിക്രി, സിനിമ, ടെലിവിഷൻ രംഗത്തെ തന്റെ നിറസാന്നിദ്ധ്യം കൊണ്ട് പ്രേക്ഷക ലക്ഷങ്ങളുടെ മനസ്സ് കീഴടക്കാൻ നാദിർഷയ്ക്ക് സാധിച്ചതിൽ അത്ഭുതമില്ല. സംഗീതപ്രേമികളായ അമ്മാവൻമാരുടെ ശിക്ഷണത്തിൽ നിന്ന് പഠിച്ച പാഠങ്ങൾ മിമിക്രിയിലും പാരഡിഗാനങ്ങളിലുമായി പകർന്ന് ഹാസ്യത്തിന് ഒരു പുത്തനുണർവ് പകരാനും അദ്ദേഹത്തിന് കഴിഞ്ഞു.

കഷ്ടപ്പെട്ട് ജീവിതത്തിൽ വിജയം കൈവരിച്ച ഒരാളെന്ന നിലയ്ക്ക് നാദിർഷയോട് ബഹുമാനമുണ്ട്. തിരക്കുകൾക്കിടയിൽ പെട്ടിരുന്ന നാദിർഷയെ കുറേ നാളുകൾക്ക് ശേഷമാണ് വീണ്ടും ഒരു മാസികയിൽ കാണുന്നത്. അതിന് അവസരമൊരുക്കിയ സ്മാർട്ട് ഫാമിലിക്ക് നന്ദി.

സസ്നീം ജലീൽ,
യു. എ. ഇ

## സ്മാർട്ട് ഫാമിലി മുന്നോട്ട്

അഭിനന്ദനങ്ങൾ - സ്മാർട്ട് ഫാമിലി എന്ന പേരിൽ പേരന്റിംഗ് മാസിക പുറത്തിറക്കാൻ കാണിച്ച ദീർഘവീക്ഷണത്തിനും മനുഷ്യ നൻമയെ ലക്ഷ്യം വെച്ചുള്ള ദർശനങ്ങൾക്കും... വിദേശത്തു നിന്നും പേരന്റിംഗ് മാഗസിൻ വരുത്താൻ ഉദ്ദേശിച്ചിരുന്ന സമയത്താണ് യാദൃശ്ചികമായി സ്മാർട്ട് ഫാമിലി കാണാൻ ഇടവന്നത്. ഇഷ്ടപ്പെട്ടു; കഴിയുന്ന പോലെ മറ്റുള്ളവരോട് അതേപ്പറ്റി പറയുന്നുണ്ട്. ഒരു ചെറിയ നിർദ്ദേശം കൂടി വെക്കാനുണ്ട്. പേരന്റിംഗ് സംബന്ധിച്ച കുറച്ചു പേജുകൾ കൂടി ഉൾപ്പെടുത്തണം. പേരന്റിംഗ് ഗൈഡുകൾ വായിച്ചു തീർക്കാനോ ക്ലാസുകൾ കേൾക്കാനോ ഇന്ന് ആർക്കും സമയമില്ല. സ്മാർട്ട് ഫാമിലി അതിന് ഒരു പരിഹാരമാകണം.

വിവാഹ സമ്മാനമായി മാസിക സബ്സ്ക്രൈബ് ചെയ്തു കൊടുക്കാൻ താൽപര്യമുണ്ട്. അതുകൊണ്ടാണ് ഈ നിർദ്ദേശം വെച്ചത്. വിജയം നേരുന്നതിനൊപ്പം മൂല്യങ്ങളിൽ അടിയുറച്ച ഒരു സമൂഹത്തെ വാർത്തെടുക്കാൻ സ്മാർട്ട് ഫാമിലിക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഷാജി,
തലശ്ശേരി.



# അഴക്



ബോബി ജോസ്

ഒത്തിരി ആകുലതകളുള്ള നമ്മുടെ ജീവിതത്തിൽ സ്വന്തം 'അപ്പിയറൻസ്' എന്നൊരു കല്ലിൽ തട്ടി പരിഭ്രമിക്കാത്ത ആരുമില്ലെന്നു തോന്നുന്നു. വിശേഷിച്ചും ബാല്യ കൗമാരങ്ങളിൽ. നിരന്തരം കത്തുകൾ എഴുതിക്കൊണ്ടിരുന്ന ഒരു കൊച്ചു മകളെ നേരിട്ടുകാണാനുള്ള ആഗ്രഹം പറഞ്ഞപ്പോൾ എന്നെക്കണ്ടാൽ നിങ്ങൾക്കെന്നോടുള്ള മുഴുവൻ മതിപ്പും ഇല്ലാതെയാകും എന്നുപറഞ്ഞ് അവൾ ഒഴിഞ്ഞുമാറി. അവളുടെ കുറ്റമല്ല, മറിച്ച് എന്റെ പിഴ, എന്റെ പിഴ, നമ്മുടെ വലിയ പിഴ. അവൾക്കുള്ള മുക്തിമാർഗ്ഗം ഗുരുക്കൻമാർ ഇങ്ങനെ വിശദീകരിക്കും, ഒരു പൂവ് പൊട്ടിയ ഒരു മഷിക്കുപ്പിയിൽ വച്ചാലും ചളുങ്ങിയ ഒരു പൗഡർ ടിന്നിൽ വച്ചാലും അതൊക്കെ പൂപ്പാത്രമായി മാറുന്നതുപോലെ ഉള്ളിലൊരു പൂവുണ്ടാവുകയാണ് പ്രധാനം.

അകപ്പൊരുളിന്റെ സുഗന്ധമാണ് സൗന്ദര്യം. അത്തരമൊന്നിന്റെ അഭാവത്തിൽ എത്ര പെട്ടെന്നാണ് ഒരോരുത്തരുടേയും പൂച്ച് പുറത്താവുന്നത്. പകൽ അഴകുകൊണ്ട് രാജസദസ്സിനെ ഭ്രമിപ്പിച്ച നർത്തകിമാർ അതേ കൂത്തമ്പലത്തിൽ തളർന്നുറങ്ങുമ്പോൾ അതിലൂടെ കടന്നുപോകേണ്ടി വന്ന സിദ്ധാർത്ഥൻ പ്രസാദമില്ലാത്ത അവരുടെ ഉറക്കം കണ്ടു. അതയാളുടെ ജീവിത നിരാസത്തെ ത്വരിതപ്പെടുത്തി. പകലത്തെ സൗന്ദര്യം അന്തിയോളം ഒരാൾക്ക് കൂട്ടുപോകാത്തതെന്തുകൊണ്ട്? ശരീരത്തിൽ ചോരുന്ന പ്രസാദം ആത്മാവിലേററുവാങ്ങിയ ചില വയോധികരെ ഒന്നു നമിച്ചോട്ടെ.

ഒരാളെ വലയം ചെയ്തു നില്ക്കുന്ന പ്രകാശമാണ് സൗന്ദര്യമെന്നു തോന്നുന്നു. ക്രിസ്തു സൂര്യനെപ്പോലെ പ്രകാശിച്ചു എന്നും, സൂര്യനെ വസ്ത്രമായി ധരിച്ച ഒരു സ്ത്രീയെ ഞാൻ കണ്ടുവെന്നുമൊക്കെ വേദത്തിൽ വായിക്കുന്നത് ഇതിന്റെ പശ്ചാത്തലത്തിൽ വായിച്ചെടുക്കാവുന്നതാണ്.

സൗഹൃദം, നന്മ, വാത്സല്യം, കരുണ തുടങ്ങിയവയുടെ ചുരുളുകൾ അഴിച്ചെടുക്കാൻ ശ്രമിക്കുന്നവരെ കാത്ത് പ്രകാശത്തിന്റെ ദേവദൂതർ നിൽക്കുന്നുണ്ട്. എന്ത് കൊടിയ ദുരനുഭവങ്ങളിലും അത്തരം മനുഷ്യരുടെ മിഴികൾ തിളങ്ങുന്നത് കണ്ടിട്ടില്ലേ. കണ്ണാണവരുടെ വിളക്ക്. പഴയകാല തടിവീടുകളിലെ ചില്ലുജാലകങ്ങളിലെ വർണ്ണങ്ങൾ പോലെ. ആരോ ഒരു വിളക്ക് ഉള്ളിൽ തെളിച്ചുവച്ചിട്ടുണ്ടാവണം.

ക്രമങ്ങളെ കണ്ടെത്തുകയും നിലനിർത്തുകയും ചെയ്യുകയുമാണ് അഴകിന്റെ വഴിയെന്ന് കരുതിയ യവനപാരമ്പര്യത്തിലധിഷ്ഠിതമാണ് ഇപ്പോഴും നമ്മുടെ സൗന്ദര്യസങ്കല്പങ്ങൾ. ഗാർഡനിംഗിലൊക്കെ സംഭവിക്കുന്നതുപോലെ എന്തൊരു ജ്യാമിതിയ കൃത്യതയോടുകൂടിയാണ് ഓരോ ചെടികൾ നടുന്നത്. എന്നാൽ, പ്രകൃതിപോലും നമ്മുടെ അത്തരം സങ്കല്പങ്ങളെ നിരാകരിച്ചേക്കാം. ഭൂമിയിലേക്ക് വച്ചേററവും സൗന്ദര്യമുള്ള ചില കാര്യങ്ങളെ ശ്രദ്ധിക്കുക. കടൽ, കിഴക്കൻമലകൾ, ആകാശം – എത്ര കണ്ടാലും മടുക്കാത്ത ചില കാഴ്ചകൾ. ഒരു തിരമാലയ്ക്ക് മറെറാന്നിനോടോ, ഒരു കുന്നിന് മറെറാരു കുന്നിനോടോ, ഒരു മേഘത്തിന് മറെറാരു മേഘത്തിനോടോ എന്ത് പൊരുത്തം? എന്നിട്ടും അവയൊക്കെ നമ്മുടെ ഉള്ളടരുകളെ പ്രശാന്തമാക്കുന്നില്ലേ? നിരതെററിയ പല്ലുപോലെ, ഒററനുണക്കുഴിപോലെ കൗതുകവും വാത്സല്യവും ഉണർത്തുന്ന കാഴ്ചകൾ.

നിത്യചൈതന്യയതിയോട് വിദേശിയായ ഒരു പത്രപ്രവർത്തകൻ പറഞ്ഞതുപോലെ ഡൽഹിതൊട്ട് കോവളം വരെ നിങ്ങളുടെ നിരത്തുകളിലെ സിനിമാപരസ്യങ്ങൾ ശ്രദ്ധിക്കുകയായിരുന്നു ഞാൻ. എല്ലാവരും ഒരേപോലെ – തക്കാളിപോലെ ചുവന്ന്, ഐസിലിട്ട മത്സ്യങ്ങളുടേതുപോലെ നിർജീവമായ മിഴികളോട് കൂടി... ഇവരാണോ നിങ്ങളുടെ സുന്ദരൻമാരും സുന്ദരിമാരും?

പിന്നെ? ഗുരുജി ആരാഞ്ഞു. അപ്പോളയാൾ മീൻകുട്ടയും ശിരസ്സിൽ വെച്ച് പോകുന്ന ഒരു സ്ത്രീയെ കാണിച്ചുകൊടുത്തു. വിരിഞ്ഞ നെററിയും തെല്ലുയർന്ന പല്ലുകളുമായി ആത്മവിശ്വാസത്തോടെ നടന്നുപോകുന്ന ഒരു സ്ത്രീ. നോക്കൂ, ആ വ്യതിരക്തതയും ആത്മവിശ്വാസവുമാണ് ശരിക്കുള്ള സൗന്ദര്യമെന്നു തോന്നുന്നു... വലിപ്പമുള്ളവയിൽ കുറേക്കൂടി സൗന്ദര്യമുണ്ടെന്ന വിചാരവും എങ്ങനെയോ നമ്മിൽ രൂപപ്പെട്ടിട്ടുണ്ട്. വലിയ തെരുവുകൾ, വലിയ വീടുകൾ, വലിയ ദേവാലയങ്ങൾ അങ്ങനെയങ്ങനെ... ക്രിസ്തു ചെറുതുകളുടെ ചന്തം കാണാൻ ഭൂമിയെ പരിശീലിപ്പിച്ചു. ചെറിയവർക്കുള്ള വാഴ്ത്തായിരുന്നുവോ അവന്റെ ജീവിതം പോലും.

Incident at awl creek എന്ന ചിത്രത്തിൽ കഴുമരത്തിലേറാൻ പോകുന്നയാൾ ചെറുപ്രാണികളുടെ ചലനം കണ്ട് കൗതുകപ്പെടുന്നതു കാണുക. കുയിലിന്റെ പാട്ടു മാത്രമല്ല, കൂമന്റെ കുറുകലും സംഗീതമായി മാറുന്ന ചില നേരമുണ്ട്.

എല്ലാത്തിലും അഴക് കണ്ടെത്തണമെങ്കിൽ സ്വന്തം പ്രാപഞ്ചിക അവബോധത്തെ കുറെക്കൂടി ബലപ്പെടുത്തേണ്ടതുണ്ട്. ഈ പ്രപഞ്ചത്തെത്തന്നെ ക്രിസ്തുവിന്റെ ഭാഷയിൽ ഒരു വിശാലമായ ആലയായി വെളിപ്പെട്ടു കിട്ടിയവർക്ക് അത് സാദ്ധ്യമാണ്. ഗുരുജി, എന്താണ് അങ്ങയെ ഇത്രയും സന്തുഷ്ടനാക്കുന്നതെന്ന ചോദ്യത്തിന് എന്താണെന്നെ സന്തോഷവാനാക്കാത്തതെന്ന മറുചോദ്യം കൊണ്ടു നേരിടുന്ന സെൻമാസ്റ്ററിനറിയാം അഴകിന്റെ പൊരുൾ. എന്തിനോടുമുള്ള ഹൃദയബന്ധത്തിന്റെ അദൃശ്യ പൊൻനൂൽ അവരുടെ കൈകളിലുണ്ടല്ലോ.

ഗ്രാമീണമായൊരു വിചാരം ഇതിനോട് ചേർന്നു നില്ക്കുന്നുണ്ട് – കാക്കയുടെ പൊൻകുഞ്ഞ്! എന്തും എന്റേതാണെന്ന് വെളിപ്പെട്ടുകിട്ടുന്നതോടുകൂടി അതിന് അളവില്ലാത്ത ലാവണ്യം ഉണ്ടാകുന്നു. അങ്ങനെയാണ് ലക്ഷക്കണക്കിന് സുന്ദരികൾ പൂച്ചനടത്തത്തിലേർപ്പെടുന്ന ഭൂമിയിൽ വല്ലാതെ മെല്ലിച്ചു പോയ, കണ്ണിനു താഴെ കറുപ്പ് പരന്ന, കമലാദാസിന്റെ ഭാഷയിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടി ഓടി കോലാട് പോലെയായിത്തീർന്ന നിങ്ങളുടെ സ്ത്രീയോളം ചന്തമുള്ള ഒരാളില്ലെന്ന് കണ്ണ് നിറഞ്ഞ് നിങ്ങളോർമ്മിക്കുന്നത്. നിങ്ങളുടെ പുഴുപ്പല്ലൻ കുഞ്ഞിനെ നോക്കൂ. അവന്റെ ചിരിയോളം നല്ലൊരു ചിരി, ദൈവമേ.

കാലാതീതമായ ഒരു സൗന്ദര്യത്തെ തേടിത്തുടങ്ങുന്നിടത്താണ് ഒരാളുടെ യഥാർത്ഥമായ ആന്തരിക ജീവിതം ആരംഭിക്കുന്നതെന്നു തോന്നുന്നു. സൗന്ദര്യംകൊണ്ട് തന്നെ ഭ്രമിപ്പിച്ച ഒരു സ്ത്രീയുടെ കുഴിമാടത്തിൽ അവളുടെ ശേഷിപ്പുകൾ കാണേണ്ടി വന്ന കൊച്ചു നിക്കോസിന്റെ ജീവിതം വഴിമാറിത്തുടങ്ങിയതായി റിപ്പോർട്ട് ടു ഗ്രീക്കോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരാൾ അവശേഷിപ്പിക്കുന്ന നന്മയാണ് അയാളുടെ ശരിക്കുള്ള സൗന്ദര്യമെന്നു തോന്നുന്നു. രണ്ട് സ്ത്രീകൾക്ക് സംഭവിച്ചതതാണ്. ഒരാൾ സൗന്ദര്യം കൊണ്ട് ലോകത്തെ വിസ്മയിപ്പിച്ചവൾ. മറ്റൊരാൾ ഒരു വൃദ്ധ, വിണ്ടു കീറിയ വയലുപോലെ വരണ്ട ഒരാൾ. അടുത്തടുത്ത് ദിവസങ്ങളിലാണ് അവർ മരിച്ചത്. ആ വയോധികയുടെ ഓർമ്മകൾക്കുപോലും സുഗന്ധമാണ്. അതെ, മദർ തെരേസയെക്കുറിച്ചാണ് പറഞ്ഞുവരുന്നത്.... SFM

smartfamily09@gmail.com

www.malankaralibrary.com


Trade Enquiries Solicited Ph no - 9447179380

Feel the Real Taste of Kerala ..!

മഞ്ഞുപോലെ നിർമ്മലം

സ്നേഹംപോലെ പരിശുദ്ധം

Silverdrop ®

ROSTED & MICRO FILTERED COCONUT OIL

PURE COCONUT OIL



COCONUT OIL
IS A HEALTHY PRODUCT

MFD BY:

SILVER OIL MILLS

EDAPPATTA P.O. EP 3/ 131 B
MELATTUR-679326
MALAPPURAM. KERALA
e mail.silveroilmills@gmail.com.

Approved by: Khadi & Village industries Commission (Govt. of India) Coconut Development Board (Govt. of India)

A KHADI PRODUCT

AN ISO 9001-2008 CERTIFIED COMPANY

www.malankaralibrary.com

October 2010 / Smart Family RNI NO. KERMAL / 2008 / 27648. Postal Reg. No. EKM / 675 / 2008-2010
Licence No. KL/CR/EKM/WPP-01/2008-2010 Licenced to Post Without Pre-payment




Printed, Published and Edited by Jacob Chacko, Owned by Jacob Chacko. Published from Kalpaka Bungalow, Perumanoor P O, Kochi 682 015. Eranakulam Dt. and Printed at Repro India Ltd. Navi Mumbai. Editor: Jacob Chacko